# സമഗ്ര വികസന രേഖ

## കാഞ്ഞിരപ്പുഴ ഗ്രാമ പഞ്ചായത്ത്



2

102-6



# കാഞ്ഞിരപ്പുഴ ഗ്രാമ പഞ്ചായത്ത്

# സമഗ്രവികസനരേഖ

പദ്ധതി 99 ജനകീയപദ്ധതി

അധികാരം ജനങ്ങളിലേക്ക്

## ജനകീയ ആസൂത്രണസമിതി

## കാഞ്ഞിരപ്പുഴ

“സ്വന്തം രാജ്യത്തിന്റെ
നിർമ്മിതിയിൽ തങ്ങൾക്കും
ഫലപ്രദമായൊരു പങ്കുണ്ടെന്ന്
പരമദരിദ്രനുപോലും
അനുഭവപ്പെടുന്നൊരു ഭാരതം,
എല്ലാ സമുദായങ്ങളും
പരിപൂർണ്ണ രഞ്ജിപ്പിൽ
കഴിയുന്നൊരു ഭാരതം
കെട്ടിപ്പടുക്കുന്നതിനു വേണ്ടി
ഞാൻ പ്രവർത്തിക്കും”



" ജനകീയാസൂത്രണ പരിപാടിയെ തുടർന്നു
രൂപം കൊള്ളുന്ന കേരളത്തിൻെറ 9–ാം പദ്ധതി
ഇതേവരെ ഉണ്ടായതിൽ വെച്ച്
നാട്ടിൻപുറങ്ങളിലും പട്ടണപ്രദേശങ്ങളിലുമുള്ള
സാധാരണക്കാരുടെ ആവശ്യങ്ങൾ
നിറവേറ്റാൻ സഹായിരിക്കും."

ശ്രീ ഇ. എം. എസ്
അദ്ധ്യക്ഷൻഉന്നതതല മാർഗ
നിർദ്ദേശക സമിതി

ശ്രീ എ. കെ. ആൻറണി
ബഹു. പ്രതിപക്ഷ നേതാവ്

ഡോ. ഐ. എസ്. ഗുലാത്തി
വൈസ് ചെയർമാൻ
സംസ്ഥാന ആസൂത്രണ ബാർഡ്



ഇ. കെ. നായനാർ
ബഹു. മുഖ്യമന്ത്രി

ശ്രീ ബേബിജോൺ
ബഹു. ജലസേചന മന്ത്രി

ശ്രീ പാലൊളി മുഹമ്മദ് കുട്ടി
ബഹു. തദ്ദേശ സ്വയംഭരണ
വകുപ്പ് മന്ത്രി

അധികാര വികേന്ദ്രണം
അതിൻെറ എല്ലാ അർത്ഥത്തിലും
വ്യാപ്തിയിലും നടപ്പാക്കാൻ
ഈ ഗവ. പ്രതിജ്ഞാബദ്ധമാണ്....

ഇ. കെ. നായനാർ

# ഭരണസമിതി അംഗങ്ങൾ



കെ. ചന്ദ്രൻ
പ്രസിഡൻറ്



കെ. പ്രേമചന്ദ്രികാമണി
വൈസ് പ്രസിഡൻറ്



എം. സി. അബ്ദുള്ള
സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ



ടി. ഹംസ



കെ. വി. രാമകൃഷ്ണൻ



കെ. മുഹമ്മദലി



ആസ്യമമ്മുമാസ്റ്റർ



റെജി ജോസ്



തങ്കമണി



എം. ടി ജോസഫ്



ടി. ജനാർദ്ദനൻ നായർ




| | |
|---|---|
| 1 | വിയ്യകുർശ്ശി |
| 2 | ചിറക്കൽപടി |
| 3 | കുമ്പളംചോല |
| 4 | കല്ലംമല |
| 5 | പൂഞ്ചോല |
| 6 | കാഞ്ഞിരം |
| 7 | ഇരുമ്പകച്ചോല |
| 8 | കാഞ്ഞിരപ്പുഴ |
| 9 | മുണ്ടകുന്ന് |
| 10 | ഇയ്യമ്പലം |
| 11 | തൃക്കാളൂർ |
| | ഒഴിവ്, വനപ്രദേശം |

# ജില്ലാതല പരിശീലകർ

1. കെ. ഗോപാലകൃഷ്ണൻ
2. കെ. എ പ്രഭാകരൻ നായർ
3. എം. വി. കൃഷ്ണൻ മാസ്റ്റർ
4. എം. ടി. കലാധരൻ
5. എം മുഹമ്മദ് കുട്ടി
6. പി. മമ്മു മാസ്റ്റർ
7. ജോണി വടയാറ്റുകുഴി
8. കെ. ചിന്നകുട്ടൻ
9. ജയപ്രകാശ് നെടുങ്ങാടി.
10 സെയ്ത് മുഹമ്മദ് റാവുത്തർ.

**വികസനരേഖ**
**സാങ്കേതികസഹായികൾ**

ഡോ. കെ.പി ജോർജ്ജ്
കെ.പി. നാരായണൻ, റിട്ടേ. ബി.ഡി.ഒ

# പഠനപര്യടന യാത്രികർ

1. എം.ടി. ജോസഫ് കെ. ആർ. പി
2. കെ. ഗോപാലകൃഷ്ണൻ ഡി. ആർ. പി
3. എം. വി കൃഷ്ണൻ മാസ്റ്റർ
4. എം. ടി. കാലാധരൻ
5. ഡി. ജോയി (കൃഷിഭവൻ)
6. കൃഷ്ണദാസ് (കൃഷിഭവൻ)
7. സെയ്ത്മുഹമ്മദ് റാവുത്തർ ഡി. ആർ. പി
8. കെ. എ. പ്രഭാകരൻ നായർ ഡി. ആർ. പി
9. പി. മമ്മുമാസ്റ്റർ ഡി. ആർ. പി
10. ജോണി വടയാറ്റുകുഴി ഡി. ആർ. പി
11. ജോസ് പി. തോമസ് എൽ. ആർ. പി
12. പി. ജി. ഭാസി മാസ്റ്റർ ഡെ. എച്ച്. എം പൊറ്റശ്ശേരി
13. ജോൺസൺ. വില്ലേജ് ഓഫീസർ
14. കെ. ചിന്നകുട്ടൻ. ഡി. ആർ. പി

# കാരണവചർച്ച

1. എ. കുഞ്ഞുകുട്ടൻ
2. വി. എം. കുഞ്ഞിവാപ്പു
3. പി. കേശവൻനായർ
4. മാർക്കശ്ശേരി കുഞ്ഞുണ്ണിനായർ
5. മാവറയിൽ വർക്കി
6. നാരായണൻ ചങ്ങലീരി
7. കെ. ഗോപാലൻകുട്ടിനായർ
8. ശേഖരൻനായർ വല്ലീല്ലത്ത്
9. ടി. അച്ചുതൻനായർ
10. ഗോപാലൻനായർ

പത്രാധിപസമിതി

എം.വി, കൃഷ്ണൻ മാസ്റ്റർ
എം.ടി കലാധരൻ
പി.ജി ഭാസിമാസ്റ്റർ
എൻ. തങ്കപ്പൻ മാസ്റ്റർ

ലേ ഔട്ട്

*എം.ടി.കലാധരൻ*

ടൈപ്പ്സെറ്റിങ്ങ്

എൻ. ജി. എം ഡി. ടി. പി സെൻറർ

മണ്ണാർക്കാട്

ചിത്രം

ഷാബ് സ്റ്റുഡിയോ
കാഞ്ഞിരം
(മണ്ണാമട വെള്ളച്ചാട്ടം W.S)

12

# സമർപ്പണം

അർഹതപ്പെട്ടതെല്ലാം നഷ്ടപ്പെടുമ്പോഴും
അതൊന്നുമറിയാതെ,
ഒന്നുംഒരിക്കലും സംഭവിക്കില്ലെന്നു വിചാരിച്ച്
ജനിച്ചുപോയതിനാൽ ജീവിച്ചുപോകുന്ന
സഹോദരീസഹോദരന്മാർക്ക്,
അവരുടെ കുഞ്ഞുമക്കൾക്കുവേണ്ടി
സാദരം സമർപ്പിക്കുന്നു.

# പ്രവേശകം

എല്ലാ രംഗത്തും നമ്മൾ പരാശ്രിതരാണെന്ന അവസ്ഥ അഭിമാനകരമല്ല. വികാസ പ്രവർത്തനങ്ങളെ സംബന്ധിച്ച പ്രശ്നങ്ങളാണ് പരാശ്രിതത്വത്തിന് വഴിവെച്ചത്. പ്രതിസന്ധികളിൽ നിന്ന് മോചിപ്പിക്കപ്പെട്ട ചലനാത്മകമായ ജീവിതക്രമത്തിന് വേണ്ടത് ജനകീയമായ വികാസപരിപാടിയാണ്. അല്ലെങ്കിൽ അതുവരെ ഉണ്ടായ നേട്ടങ്ങളെകൂടി നിഷ്പ്രഭമാക്കുന്ന തിരിച്ചടികൾ സംഭവിക്കും. അതിലൊന്നാണ് അസമമായവളർച്ച. ആ തിരിച്ചറിവിന്റെ ചൈതന്യധാരയാണ് ജനകീയാസൂത്രണപരിപാടിയുടെ ഊർജ്ജസ്രോതസ്സ്. സാക്ഷരതാപ്രസ്ഥാനത്തിന്റെ അനുഭവത്തിൽ നിന്നും രൂപം കൊണ്ട് തികച്ചും ജനകീയമായ പ്രവർത്തനപരിപാടിയാണിത്. ആസൂത്രണത്തിലും കർമ്മരംഗത്തും കൈവന്ന പുതിയ ദിശാബോധമാണ് ഇതിന്റെ ലക്ഷ്യം. അതുകൊണ്ട് ഒരു സംസ്ഥാനസർക്കാറിന്റെ ഉത്തരവാദിത്വം മാത്രമല്ല, നമ്മൾജീവിക്കുന്ന കാലഘട്ടത്തിന്റെ വിട്ടുവീഴ്ചയില്ലാത്ത ഉത്തരവാദിത്വവും ആവശ്യമാണ്. സമഗ്രവികസനപരിപാടിയിൽ എല്ലാജനങ്ങളും പ്രവർത്തകരും ഗുണഭോക്താക്കളും ചരിത്രവിധാക്കളായിമാറുന്ന ഒരു അപൂർവ്വസംരംഭത്തിന് ഇവിടെ തുടക്കം കുറിക്കുന്നു. കേരളത്തിലെ ഏതൊരു പ്രദേശത്തോടൊപ്പവും കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ ജനങ്ങളും ഈ രംഗത്തേക്ക് വന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ അടുത്തകാലത്തുണ്ടായ പ്രശ്നങ്ങൾ മൂലം ജനകീയാസൂത്രണരംഗത്തും പ്രവർത്തനവേഗം പോരെന്ന് ഞങ്ങൾക്ക് വേദനയോടെ അഭിപ്രായപ്പെടാതിരിക്കാൻ നിവൃത്തിയില്ല. ഇനിയുള്ള നാളുകളിൽ വിഭാഗീയ പരിഗണനകൾ മാറ്റിവച്ച് ഒറ്റമനസ്സോടെ ഭാവിപ്രവർത്തനങ്ങൾ മുന്നോട്ട് നയിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികളും സംവിധാനവും ജനങ്ങളും അനിവാര്യമായ കടമ ഏറ്റെടുത്തുനടത്തുവാൻ സദാസന്നദ്ധരാകേണ്ടതാണ്. സർവ്വരംഗത്തും സ്വയം പരിശോധനയും തിരുത്തലും അർപ്പണസന്നദ്ധതയും പ്രതീക്ഷിക്കുന്നു. വികസനപ്രവർത്തനത്തിന് കേരളം രൂപം കൊടുക്കുന്ന ഈ നവീനമാതൃകയിൽ എവർക്കും പങ്കാളികളാകാൻ സാധിക്കട്ടെ.

പൊറ്റശ്ശേരി

15.12.1996

അഭിവാദനങ്ങളോടെ

ജനകീയാസൂത്രണസമിതി

# താളുകളിലൂടെ..........

ആമുഖം
സാമൂഹികസാംസ്കാരികചരിത്രം
ഭൂപ്രകൃതിയും വിഭവങ്ങളും

## വികസനമേഖലകൾ

1. കൃഷി. ജലസേചനം
2. മൽസ്യമേഖല
3. മൃഗപരിപാലനം
4. വിദ്യാഭ്യാസം
5. ആരോഗ്യം
6. കുടിവെള്ളം
7. പരിസരശുചിത്വം
8. പരിസ്ഥിതി
9. വനം
10. വ്യവസായം
11. റോഡുകൾ
12. ഊർജ്ജം
13. പാർപ്പിടം
14. പട്ടികജാതി പട്ടികവർഗ്ഗം
15. സംസ്കാരം
16. വനിത
17. സഹകരണമേഖല
18. വിഭവസമാഹരണം.

# ആമുഖം

കേരളത്തിലെ ഏതു പ്രദേശവും പോലെ പൂർവ്വചരിത്രം ഒളിഞ്ഞും തെളിഞ്ഞും കിടക്കുന്ന ഒരു പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. മദിരാശി സംസ്ഥാനത്തിൻെറ പഴയമലബാർജില്ലയിലാണ് ഈ പ്രദേശം ഉൾപ്പെട്ടിരുന്നത്. മണ്ണാർക്കാട് താലൂക്കിലെ പ്രകൃതിരമണീയമായ മലയോരപ്രദേശങ്ങളും തോട്ടങ്ങളും താഴ്വരകളും ഉൾകൊള്ളുന്ന ഈ പ്രദേശം കാഞ്ഞിരപ്പുഴ പഞ്ചായത്തെന്ന് അറിയപ്പെടുന്നു. പ്രധാനമായും പൊറ്റശ്ശേരി നമ്പർ ഒന്ന്, നമ്പർ രണ്ട് എന്നീ വില്ലേജുകളും അഗളി പഞ്ചായത്തിലെ കള്ളമല, തച്ചംപാറ പഞ്ചായത്തിലെ പാലക്കയം, മണ്ണാർക്കാട് പഞ്ചായത്തിലെ തെങ്കര വാർഡിൻെറ ഏതാനും ഭാഗങ്ങളും ഈ പഞ്ചായത്തി ലാണ് ഉൾപ്പെടുന്നത്. ഇത് പാലക്കയം അൺസർവ്വേയിൽ ഉദ്ദേശം 7000 ഏക്കറും, കള്ളമല വില്ലേജിൽ ഉദ്ദേശം 500 ഏക്കറിലധികവും കരമടക്കുന്നപ്രദേശം ഈ പഞ്ചായത്തിലാണെങ്കിലും അടിസ്ഥാനനികുതിയുടെ വിഹിതം മറ്റ് പഞ്ചായത്തു കൾക്കാണ് ലഭിക്കുന്നത്.

1991 ലെ കാനേഷുമാരി കണക്കനുസരിച്ച് 26,492 പേരാണ് ഈ പഞ്ചായത്തിൽ അധിവസിക്കുന്നത്. ഇതിൽ 12,847 പുരുഷൻമാരും 13,605 സ്ത്രീകളുമാണ്. ഏതാ ണ്ട് 58.44 സ്ക്വയർ കിലോമീറ്റർ വിസ്തൃതിയുള്ള ഈ പഞ്ചായത്തിൽ പുരുഷൻ മാരെക്കാൾ സ്ത്രീകൾ കൂടുതലാണെന്ന് പറയാം. ഇത് സംസ്ഥാന ജനസംഖ്യ നിലവാരത്തിൽ കൂടുതലാണ്. ഈ പഞ്ചായത്തിൽ 11 (പതിനൊന്ന്) വാർഡുകൾ ഉണ്ട്. ഇതിൽ 3,4,7,8 വാർഡുകൾ വനിതകൾക്കും 9 -ാം വാർഡ് പട്ടികജാതി പട്ടികവർഗ്ഗസംവരണവാർഡായും, മറ്റുള്ളവ ജനറൽ വാർഡായുംകിടക്കുന്നു.

1960 ൽ പൊറ്റശ്ശേരിപഞ്ചായത്ത് രൂപീകൃതമായി. എന്നാൽ 1981 ൽ അതിൻെറ പേര് കാഞ്ഞിരപ്പുഴ എന്ന് പുനർനാമകരണം ചെയ്യുകയുണ്ടായി. ആദ്യത്തെ പൊറ്റശ്ശേരി പ ഞ്ചായത്തിൽ എട്ടുവാർഡുകളാണ് ഉണ്ടായിരുന്നത് ശ്രീ. നാരാ യണൻനായർ പ്രസിഡണ്ടും, ശ്രീ. എം. എസ്. ഉണ്ണി പിച്ചളമുണ്ട, ശ്രീ. പി. നാണു തൃക്കാളൂർ, ശ്രീ. കോടൻകാടൻമുഹമ്മദ് മുണ്ടക്കുന്ന്, ശ്രീ. കെ. മാധവൻ കല്ലംമല, ശ്രീ.കെ.വെളുത്തിര, കല്ലംകുളം, ശ്രീ.ഹംസ വിയ്യക്കുറുശ്ശി, ശ്രീ. വേലാമി പുളിക്കൽ എന്നിവർ ഭരണസമിതി അംഗങ്ങളായിരുന്നു. ഈ ഭരണസമിതിയാണ് പഞ്ചായത്തിലെ ആദ്യത്തെ ജനാധികാരസഭ. ഇവർ 16 വർഷമാണ് പഞ്ചായത്ത് ഭരിച്ചത്. 1960 ൽ രൂപീകൃതമായ പൊറ്റശ്ശേരി പഞ്ചായത്തിൽ ഇന്നത്തെ തച്ചംപാറ പഞ്ചായത്തിലെ ഒരു വാർഡായ മുതുകുറുശ്ശിയും ഈ പഞ്ചായത്തിൻെറ ഭാമായിരുന്നു. എന്നാൽ പിൽകാലത്ത് തച്ചംപാറ പഞ്ചായത്ത് രൂപവൽക്കരിക്കപ്പെട്ടപ്പോൾ കാഞ്ഞിരപ്പുഴയുടെ തെക്കുവശത്തുകിടക്കുന്ന മുതുക്കുറുശ്ശി ആ പഞ്ചായത്തിനോട് കൂട്ടിച്ചേർത്തു.

8 കി.മ.PWD റോഡും 8 കി.മി KPIP റോഡും, 17.567കി.മി കച്ചറോഡും, 37,.30 കി.മി പക്ക റോഡും 15.6 കി.മി റോഡുകളുമുള്ള ഈ പഞ്ചായത്തിലെ 3 മുതൽ 9 കൂടിയ വാർഡുകൾ മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിൻെറ കാഞ്ഞിരപ്പുഴ ഡിവിഷനിലും, 1, 2, 11 വാർഡുകൾ കാരാക്കുറുശ്ശി ഡിവിഷനിലുമാണ്. റവന്യൂഭരണ സംവിധാനത്തിൻെറ ഭാഗമായി പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിലാണ് ഈ പഞ്ചായത്ത്.

പാലക്കാട് പാർലമെൻററി നിയോജകമണ്ഡലത്തിലുൾപ്പെട്ട മണ്ണാർക്കാട്

അസംബ്ലി നിയോജകമണ്ഡലവുമാണ്. കാഞ്ഞിരപ്പുഴ പഞ്ചായത്ത് പ്രസിഡണ്ട് കെ. ചന്ദ്രനും, വൈ. പ്രസിഡണ്ട് കെ. പ്രേമചന്ദ്രികാമണിയുമാണ്.

പഞ്ചായത്തതിർത്തികൾ വടക്ക് മണ്ണാർക്കാട് പഞ്ചായത്തിലെ 20ം വാർഡും അഗളി പഞ്ചായത്തും, തെക്ക് കാരാകുർശ്ശി, തച്ചംപാറപഞ്ചായത്തുകളും, പടിഞ്ഞാറ് മണ്ണാർക്കാട് പഞ്ചായത്തും നെല്ലിപ്പുഴയും കിഴക്ക് തച്ചംപാറ പഞ്ചായത്തും പാലക്കയം വില്ലജുമാണ്.

ഈ പഞ്ചായത്തിലെ വൻകിട ജലസേചനപദ്ധതിയായ കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ടിൻെറ ഭാഗമായ ആപ്പീസുകളും രണ്ട് വില്ലേജ്ആപ്പീസുകളും (പെറ്റശ്ശേരി (1,11) ഒരു പഞ്ചായത്ത് ആപ്പീസും ഒരു വില്ലേജ് എക്സ്റ്റൻഷൻ ആപ്പീസും, ഒരു കൃഷിആപ്പീസുമാണ് പ്രവർത്തിക്കുന്നത്.

വികസന പ്രവർത്തനങ്ങൾ പദ്ധതികളായി നടപ്പാക്കിയിരുന്നുവെങ്കിലും, നേരിട്ടുള്ള ജനപങ്കാളിത്തം ഉണ്ടാകാത്തതുകൊണ്ടും ഓരോപ്രദേശത്തിൻെറയും ഭൂപ്രകൃതിക്കും ജനകീയാവശ്യത്തിനും അനുസൃതമായി താഴെതട്ടിൽ നിന്ന് ജനകീയപങ്കാളിത്തത്തോടെ പദ്ധതികൾ ആസൂത്രണം ചെയ്യാത്തതുകൊണ്ടും അതിൻെറ ഗുണഫലം സാധാരണക്കാരന് കിട്ടിയില്ല. ജനപങ്കാളിത്തം കുറഞ്ഞതുകൊണ്ടുതന്നെ വികസന കാര്യത്തിൽ പഞ്ചായത്ത് പുറകിലാണ്. 1991 ലെ സാക്ഷരതാ പ്രവർത്തനത്തിലൂടെ ജനകീയ ആസൂത്രണ പ്രസ്ഥാനവും ഏറെ വിജയിപ്പിക്കാൻ കഴിയുമെന്ന് കാഞ്ഞിരപ്പുഴ പഞ്ചായത്ത് തെളിയിച്ചിട്ടുണ്ട്. ജനപങ്കാളിത്തം ഉറപ്പാക്കുന്നതിൻെറ ഭാഗമായിനടന്ന വിശേഷാൽഗ്രാമസഭകളിൽ വിവിധ വാർഡുകളിൽ നിന്നായി 2300 പേർ ആവേശകരമായ പ്രതികരണം ഉളവാക്കികൊണ്ട് ജനകീയ ആസൂത്രണപ്രസ്ഥാനത്തിൻെറ അണിയക്കാരും അമരക്കാരുമാവാൻ മുന്നോട്ടുവന്നുവെന്നത് എടുത്തുപറയേണ്ടതാണ്. എല്ലാവാർഡുകളിലും നടന്ന 12 ഗ്രൂപ്പുകളിലെ സജീവമായ ചർച്ചയും നിർദ്ദേശങ്ങളും ഗ്രാമസഭാറിപ്പോർട്ടുകളിൽ ഉയർന്നുവന്നിട്ടുണ്ട്.

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ സുഗമമായ നടത്തിപ്പിനും പഞ്ചായത്ത് ഭരണസമിതിയെ സഹായിക്കുന്നതിനും വേണ്ടി ജില്ലാ ആസൂത്രണസമിതി. സംഘടിപ്പിച്ച ജില്ലാതല പരിശീലനകളരിയിൽ മൊത്തം 10 പേരാണ് പങ്കെടുത്തത്. 1996 സെപ്. മാസം 9,10,11, തിയ്യതികളിൽ ജില്ലാപരിശീലനം കഴിഞ്ഞെങ്കിലും സെപ്ത 13 ന് തന്നെ ജനകീയ ആസുത്രണപ്രസ്ഥാനത്തിൻെറ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിക്കാനായി. പഞ്ചായത്തിലെ ആദ്യഗ്രാമസഭ 22.8.96 ന് നടന്നു. ഇതിൽ 144 പുരുഷൻമാരും, 1 സ്ത്രീയും അടക്കം ആകെ 145 പേരാണ് പങ്കെടുത്തത്, ഗ്രാമസഭയിൽ ഗ്രൂപ്പ് ചർച്ചകൾക്ക് നേതൃത്വം നൽകുന്നതിനും, ജനകീയ ആസുത്രണ പ്രസ്ഥാനത്തിൻെറ അലയൊലികൾ സാധാരണക്കാരിലേക്ക് എത്തിക്കുന്നതിനും വേണ്ടി ജൂൺ 15 ാം തിയതി മുഴുവൻ വാർഡുകളിൽനിന്നുമായി 110പേർക്ക് പഞ്ചായത്തിൻെറ സാംസ്കാരികപ്രവർത്തനങ്ങളുടെ ഈറ്റില്ലമായ പൊറ്റശേരി ഗവ.ഹൈസ്ക്കൂളിൽ വച്ച് പരിശീലനം നടത്തുകയുണ്ടായി. 12. 10.96 ന് നടന്ന അവസാന ഗ്രാമസഭയോടെ ജനകീയാസൂത്രണത്തിൻെറ ഒന്നാം ഘട്ടം പൂർത്തിയായി. ഇതിൻെറ വിജയത്തിനുവേണ്ടി ഈരംഗത്ത് 151 വളണ്ടിയർമാർ 25 ദിവസങ്ങളിലായി 317 മനുഷ്യദിനങ്ങൾ സംഭാവനചെയ്തിട്ടുണ്ട്.

കക്ഷി രാഷ്ട്രീയത്തിനതീതമായി ഒരു വികസന കാഴ്ചപ്പാട് പഞ്ചായത്തിൽ

ഒരുക്കൂട്ടിയെടുക്കാൻ ഏറെ സമയം എടുക്കേണ്ടിവന്നുവെന്നതും ശ്രദ്ധേയമായ ഒന്നാണ്. തുടർന്നുള്ളപ്രവർത്തനം സഹവർത്തിത്വത്തോടെ ഏറ്റെടുത്തുനടത്തുന്നതിന് ഇന്ന് എല്ലാവരും മുന്നിലുണ്ട്. ഇതിൽ സ്ത്രീ, ഉദ്യോഗസ്ഥ പങ്കാളിത്തം ഏറെവേദനാജനകമായിരുന്നു. എല്ലാഗ്രാമസഭകളിലും 12 വിഷയങ്ങളെ 5 ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പിനും LRP മാരുടെ നേതൃത്ത്വതിൽ ക്രീയാത്മകമായ ചർച്ചകളിലൂടെയും, നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് ഗ്രാമസഭാ റിപ്പോർട്ട് ക്രോഡീകരിച്ചിട്ടുള്ളത്. വികസന സെമിനാറിൽ പങ്കെടുക്കുന്നതിനായി കക്ഷി രാഷ്ട്രീയത്തിനതീതമായി എല്ലാഗ്രൂപ്പിൽനിന്നും രണ്ട് പേരെവീതം തെരഞ്ഞെടു തതിട്ടുണ്ട്. ഇതിലും വനിതാപങ്കാളിത്തം കുറഞ്ഞിട്ടുണ്ട്.

രണ്ടാം ഘട്ടപ്രവർത്തനത്തിൻെറ മുന്നോടിയായി സെക്കന്ററി ഡാറ്റാ ശേഖരിക്കുന്നതിനു വേണ്ടിയുള്ള ശ്രമകരമായ ജോലി LRP മാർ തന്നെ ഏറ്റെടുത്തു. DRP മാരുടെ നേതൃത്ത്വത്തിൽ വിവിധ ആപ്പീസുകളിലായി നടന്ന ഈ ശ്രമകരമായ ജോലിക്ക് ഏറെ മനുഷ്യാധ്വാനം ഉപയോഗപെടേണ്ടതായിരുന്നു. എന്നാൽ രണ്ടോ, മൂന്നോ, DRP മാരുടെ പ്രവർത്തനം മാത്രമേ ഇതിൽ മുഴുവൻസമയവും ഉപയോഗപ്പെടുത്താനായിട്ടുള്ളു. സെക്കൻെററിഡാറ്റാ ശേഖരണം വിലയിരുത്തിയതിൻെറ ഭാഗമായി വികസന റിപ്പോർട്ട് വേണ്ടവണ്ണം പൂർത്തിയാക്കാൻ ഉപകരിക്കുമെന്ന് ബോധ്യപ്പെട്ടതിൻെറ വെളിച്ചത്തിൽ പഞ്ചായത്ത് ജനകീയാസൂത്രണസമിതി തനതായ പ്രൈമറി ഡാറ്റാ ഫോറം, PDF 1, PDF 2 അച്ചടിച്ച് വാർഡ് മെംബർമാരുടെ നേതൃത്ത്വത്തിൽ വിശദമായ സർവ്വേ നടത്തി ഒരു പരിധിവരെ സ്ഥിതി വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. ഈ പ്രവർത്തനം തീരുമാനിച്ച പ്രകാരം ചിട്ടപ്പെടുത്തിനടത്താൻ അൽപം കാലതാമസം നേരിട്ടു ഇതിലെ കൈവശകൃഷിഭുമിയുടെ വിസ്തീർണ്ണം എന്ന കോളം മിക്കവാർഡുകളിലും അപൂർണ്ണമാണ്.

തുടർന്ന് രണ്ടാംഘട്ട പരിശീലനം 1996 ഒക്ടോബർ 25,26,27തിയതികളിൽ നടന്നു. ഇതിൽ പഴയ 8 DRPമാരും, പുതിയ 2 പേരും കൂടി 10 പേർ പരിശീലനത്തിൽ പങ്കെടുത്തു. ശേഷം 9.11.96 ന് പൊറ്റശ്ശേരി ഗവ. ഹൈസ്ക്കൂളിൽ നടന്ന പഞ്ചായത്തു ശില്പശാല ജനകീയാസുത്രണപ്രസ്ഥാനത്തിൻെറസുവർണ്ണരഥം നയിക്കാനുള്ള അമരക്കാരുടെ പങ്കാളിത്തം കുറഞ്ഞത് അവശേഷിക്കുന്നവരുടെ കർത്തവ്യം ഏറെ ഭാരിച്ചതാക്കി.

സമൂഹത്തിൻെറ പ്രശ്നങ്ങളെ ഏറ്റെടുത്തുകൊണ്ട് ജീവിതത്തിൻെറ സങ്കീർണതകളിൽനിന്നും സടകുടഞ്ഞെഴുന്നേറ്റ് കഴിഞ്ഞകാലവികസന, രാഷ്ട്രീയ, സാംസ്കാരിക പാന്ഥാവിൽ ഒരിത്തിരികൂടി തെളിമയുള്ള കൈത്തിരിനാളം പോലെ തെളിക്കുമെന്നും, ജീവിക്കുന്ന കാലഘട്ടത്തിൻെറ കൽച്ചുമരുകളിൽ തങ്ങളുടെ കാൽപാദങ്ങൾ പതിപ്പിച്ചുകൊണ്ട് ചരിത്രത്തിൻെറ വർത്തമാനകാല പത്മവ്യൂഹം ഭേദിക്കാൻ സംഘടിത രാഷ്ട്രീയ പ്രസ്ഥാനത്തിൻെറ തിളങ്ങുന്ന പാരമ്പര്യവും മൺമറിഞ്ഞതും ജീവിച്ചിരിക്കുന്നതുമായ മഹാരഥൻമാരുടെ സിരകളിൽനിന്ന് ആർത്തലച്ചെത്തിയ മജ്ജയും മാംസവും ഒരു ജ്വലിക്കുന്നതീപ്പന്തമായി ഏറ്റുവാങ്ങികൊണ്ട് കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിൻെറജനാധികാരവികസനരേഖ ഒരു ചരിത്രസംഭവമാക്കിമാറ്റാനുള്ള സംഘടിത പ്രവർത്തനത്തിൽ നമുക്കിന്നുതന്നെ പങ്കാളികളാവാൻ പ്രതിഞ്ജ ചെയ്യാം...

# സാമൂഹ്യ സാംസ്കാരിക ചരിത്രപശ്ചാത്തലം

ചരിത്രത്തിൻെറ ആദ്യകാലഘട്ടത്തിൽ തന്നെ ദ്രവിഡസംസ്കാരമുള്ള ഒരുവിഭാഗ് ജനങ്ങൾ ഈ പ്രദേശത്ത് ഉണ്ടായിരുന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു. ഇവിടങ്ങളിൽ കാണപ്പെട്ട നന്നങ്ങാടികൾ ഗുഹകൾ എന്നില ഇതനുപോൽബലകമായി ദർശിക്കേണ്ടിയിരിക്കുന്നു. തുടർന്ന് ഒരു കാലഘട്ടത്തിൽ ഈ ജനവിഭാഗം പാലായനം ചെയ്യുകയോനാമാവശേഷമാവുകയോ ചെയ്തിരിക്കാം . സുസ്ഥിരമായ ഒരു ഭരണക്രമം നിലവിലില്ലാ ഒരു കാലത്തിൻെറയും ചരിത്രത്തിൻെറയും ഗതിവിഗതികൾക്കോപ്പം ആ സഹജീവികൾക്ക് ഉയരാനായിട്ടില്ലാത്തതോ അതിനുകാരണമാണ് നിത്യഹരിതവനത്തിൻെറ കാലാവസ്ഥയാണ് ഇവിടുത്തെ ഭൂരിഭാഗം പ്രദേശങ്ങളിലും ഉണ്ടായിരുന്നതെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. ആര്യവൽക്കരണത്തിൻെറ ഭാഗമായി ആദ്യമനിവാസികൾ ഘോരവനാന്തരങ്ങളിലേക്ക്. പിൻവാങ്ങിയതായും തുടർന്നുണ്ടായ ജനതതി പലകാര്യങ്ങക്കായി പുനരധിവസിക്കപ്പെട്ടതായി കണക്കാക്കേണ്ടിയിരിക്കുന്നു.

ആറങ്ങോട്ട് സ്വരൂപത്ത് വള്ളുവകോനാതിരിയുടെ ഭരണത്തിലായിരുന്ന വള്ളുവനാട് വല്ലഭക്ഷോണി രാജ്യത്തിലെ അട്ടപ്പാടി താഴ്വരയിൽപ്പെട്ട ഭൂവിഭാഗമാണ് കാഞ്ഞിരപ്പുഴയെന്ന് പുനർനാമകരണം ചെയ്യപ്പെട്ട പൊറ്റശ്ശേരി. തുടർന്ന് ഒരു കാലത്ത് തെക്കേമലബാറിൻെറ ഭൂരിഭാഗത്തും പരമാധികാരം പുലർത്തിയിരുന്ന വള്ളുവനാട്ടുരാജാവിൽനിന്നും സാമൂതിരി തിരുനാവായ പിടിച്ചടക്കുകയും മാമാങ്കത്തിൻെറ അദ്ധ്യക്ഷപദവി വള്ളുവകോനാതിരിയിൽനിന്നും പിടിച്ചെടുക്കുകയും ചെയ്തശേഷം, ഒറ്റപ്പാലം താലൂക്കിൻെറ എതാനും ഭാഗവും അട്ടപ്പാടി താഴ്വരയും മാത്രമേ വള്ളുവനാടു രാജാവിൻെറ അധീനതയിലുണ്ടായിരുന്നുള്ളു. ടിപ്പുവിൻെറ ആക്രമണം ഉണ്ടായപ്പോൾ രാജാവ് തിരുവിതാംകൂറിൽ അഭയം പ്രാപിച്ചുവെന്നും, ബ്രിട്ടീഷുകാർ മലബാർപ്രദേശങ്ങൾ ടിപ്പുവിൽനിന്ന് ഒഴിച്ചെടുത്തപ്പോൾ വള്ളുവനാട്ടു രാജാവ് ബ്രിട്ടീഷ് ഈസ്റ്റ്ന്ത്യാകമ്പനിയുമായി ഒരു കരാറിലേർപ്പെട്ട് അടിതൂൺ പറ്റിയെന്നും ചരിത്രപുസ്തകങ്ങളിൽ കാണുന്നു. 1800 മെയ് 21ാംതിയതി മലബാർജില്ല ബ്രിട്ടീഷ്ഭരണത്തിൻ കീഴിലുള്ള മദിരാശിപ്രവിശ്യയുടെഭാഗമായി തീരുകയും ചെയ്തു. ചിറക്കൽ, കോട്ടയം, കുറുമ്പ്രനാട്, ഏറനാട്, വള്ളുവനാട്, പാലക്കാട് എന്നിങ്ങനെ മലബാറിലെ ആറ് താലൂക്കുകളിൽ ഒന്നായ വള്ളുവനാട് 1956നവംബർ ഒന്നാം തിയ്യതി ഭാഷാസംസ്ഥാന രൂപികരണം വരെ അതേപേരിൽ നിലകൊണ്ടു. മദിരാശി സംസ്ഥാനത്തിലെ മലബാർജില്ലയിൽപ്പെട്ട വള്ളുവനാട് താലൂക്കിലെ പൊറ്റശ്ശേരി അംശം ക്രമേണ പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിൽ പെട്ട പൊറ്റശ്ശേരി വില്ലേജായിമാറി. (പൊറ്റശ്ശേരി ഒന്നും രണ്ടും വില്ലേജുകളും, പാലക്കയം, കള്ളമല വില്ലേജുകളിലെ എതാനും ഭാഗവും ചേർന്നതാണ് ഇന്നത്തെ കാഞ്ഞിരപ്പുഴ പഞ്ചായത്ത്.

ഈ പ്രദേശങ്ങൾ മങ്കടകോവിലകം മണ്ണാർക്കാട് മൂപ്പിൽനായര്, പുലാപ്പറ്റകുതിരവട്ടത്ത്നായര് എന്നീ മൂന്ന് ജന്മിമാരുടെ അധീനതയിലായിരുന്നു. ഇവരെ കൂടാതെ പിൽക്കാലത്ത് ഇന്നത്തെ പതനൊന്നാം വാർഡിലെ തൃക്കാളുരിലെ എതാനും ഭാഗങ്ങൾ പുറയനൂർ ദേവസ്വം ജന്മവുമായിരുന്നു. രണ്ടാം വാർഡിൽ ഒളപ്പ കാടംപ്പറ്റ എന്നീ ജന്മിമാരും ഇടക്കാലത്തുണ്ടായതായി അറിയുന്നു. മലകളാലും

കാർഷിക ദ്രവീഡിയൻ സംസ്കാരമാണ് ഇവിടെനിലനിന്നിരുന്നതും, നിലനില്ക്കുന്നതും ഈ വിഭാഗത്തിൻെറ പ്രാങ് ബോധത്തിൻെറ വേര് നാടിൻെറ മറ്റുപലഭാഗങ്ങളിലേക്കും, കേരളത്തിൻെറ അതിർത്തിക്കപ്പുറത്തും അന്വേഷിക്കേണ്ടിവരും. പിൻകാലത്ത് 1940കളിൽ തിരുവിതാംകൂറിൽ നിന്നും കാർഷികാവശ്യങ്ങൾക്കായി ഭൂമിയുടെ ലഭ്യതകണക്കിലെടുത്ത് ക്രിസ്തീയസുദായക്കാരും ഈ പ്രദേശങ്ങളിൽ സ്ഥിരതാമസക്കാരായി എത്തിചേർന്നു. പിന്നീട് കാഞ്ഞിരപ്പുഴ അണക്കെട്ടുനിർമ്മാണപ്രവർത്തനത്തിനായി ഇവിടെ എത്തിചേർന്ന തമിഴ്വംശജരായ പലരും ഇവിടം സ്ഥിരതാമസമാക്കിയിട്ടുണ്ട്. അങ്ങനെ വിവിധ ജനവിഭാഗങ്ങൾ തമ്മിലുള്ള കൊണ്ടുകൊടുക്കലിലൂടെ രൂപപ്പെട്ട സംസ്ക്കാരമാണിവിടെ നിലനില്ക്കുന്നത്.

## ദേശീയപ്രസ്ഥാനത്തിന്റെ സ്വാധീനം

ഈ നൂറ്റാണ്ടിന്റെ പ്രാരംഭകാലത്ത് അലയടിച്ച ദേശീയ പ്രസ്ഥാനത്തിൻെറ ഭാഗമായ ഖിലാഫത്തിൻെറ നേരിയ സ്പർശനം ഈ പ്രദേശങ്ങളിലുണ്ടായിട്ടുണ്ട് അരിപ്പനാഴിയിലെ പഴക്കം ചെന്ന മുസ്ലീം ദേവാലയത്തിന്റെ ചുമരുകളിൽ വെടിയുണ്ടയേറ്റ പാടുകൾ ദൃശ്യമാണ്, തന്നെയുമല്ല ഈ പ്രദേശത്തിന് ഖിലാഫത്ത് പ്രസ്ഥാനത്തിന് നേതത്വം നൽകിയിരുന്ന കുമരംപുത്തൂർ സീതിക്കോയ തങ്ങൾ കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ വെള്ളത്തോട് കളത്തിൽ ശ്രീ കുട്ടപ്പണിക്കരുടെ ആതിഥ്യത്തിൽ താമസിച്ചിരുന്നതായി കാരണവ ചർചകളിൽ നിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്.

ബ്രിട്ടീഷ് മലബാറിന്റെ ഭാഗമായ പൊറ്റശ്ശേരി പ്രദേശത്ത് കർഷകപ്രസ്ഥാനത്തിന്റെ സ്വാധീനമാണ് വേരോടിവളർന്നത്. കുടിയാൻമാരായ കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും ജീവിതത്തിൽ ഇത് ഗുണകരമായ മാറ്റം വരുത്തി. കൂലികൂടുതലിനുവേണ്ടി ഉടമയോട് മത്സരിച്ച് പണിയെടുത്ത് കൂലിയ്ക്കുള്ള വിലപേശൽ സംഘടിതമായി നടന്നിട്ടുണ്ട് 1940 കളിൽ സംഘടിത തൊഴിലാളി വർഗ്ഗം മൂന്ന് നാരയം നെല്ല്കൂലി മൂന്നരനാരായമാക്കിമാറ്റാൻകർഷകസംഘത്തിൻെറ നേതൃത്വത്തിൽസമരം ചെയ്ത്അവകാശം നേടിയെടുത്തിട്ടുണ്ടെന്ന് അനുഭവസ്ഥർ പറയുന്നു.ഇന്നത്തെ കേരളത്തിൻെറ രൂപകല്പനയ്ക്ക് നിദാനമായ പ്രക്ഷോപങ്ങളിൽ ഈ പ്രദേശത്തുള്ളവരും തങ്ങളുടെ സംഭാവനകൾ നല്കിയിട്ടുണ്ട് എന്നാൽ അക്കാലത്ത് രൂപം കൊണ്ട വായനശാലാ പ്രസ്ഥാനം കലാസമിതികൾ എന്നിവയ്ക്ക് ഇവിടെ വേരോട്ടം മുണ്ടായില്ല. നേതൃത്വനിരയിൽ വിദ്യസമ്പന്നരുടെ അഭാവവും നിരക്ഷരതയും ആയിരിക്കാം ഇതിൻെറ പ്രധാനകാരണം. കേരളസംസ്ഥാന രൂപികരണവും ഇന്ത്യയിൽതന്നെ ആദ്യവും ചരിത്രപ്രധാനവുമായ ഭൂപരിഷ്കരണ നിയമവും മൂലം സാമൂഹിക സാമ്പത്തിക, സാംസ്കാരികമാറ്റത്തിന് കാരണമായി. അങ്ങനെ വർത്തമാനമായി.

## സാമൂഹ്യാചാരങ്ങൾ, സംസ്കാരവും

കാലഘട്ടങ്ങൾക്കുമുമ്പ് നിലനിന്നുപോന്നിരുന്ന ആചാരനുഷ്ഠാനങ്ങളും വിശ്വസങ്ങളും ഉൾകെള്ളുന്ന ജീവിതക്രമം തന്നെയാണ് സംസ്കാരം. ഇവിടുത്തെ ജനവിഭാഗങ്ങളിൽ ഭൂരിഭാഗവും ഹിന്ദുസമുദായത്തിൽ പെട്ടവരായിരുന്നു. പിന്നീട് ക്രസ്ത്യൻ, മുസ്ലിം, സമുദായത്തിൽപെട്ടവർ അധിനിവേശിക്കുകയുമാണ് ഉണ്ടായത്.

നദികളാലും ചുറ്റപ്പെട്ടുകിടക്കുന്ന ഇന്നത്തെ കാഞ്ഞിരപ്പുഴ പഞ്ചായത്തിൽപ്പെട്ട മുഴുവൻ പ്രദേശങ്ങളും പൊറ്റശ്ശേരിയെന്നപേരിലാണ് അറിയപ്പെട്ടിരുന്നത്. വള്ളുവനാട്ടിലെ പതിനെട്ടരചേരികളിൽ അരചേരി (ശേഖരിക്കൽ ?) യാണ് ഇതെന്നും പറയപ്പെടുന്നു.

ചിലപ്രത്യേകതരം സസ്യങ്ങളും, വൃക്ഷങ്ങളും, ധാതുക്കളും മൃഗങ്ങളും ഈ പ്രദേശത്തെ സുലഭമായി ലഭിച്ചിരിന്നുവെന്ന് താഴെകാണുന്നചിലസ്ഥലനാമങ്ങൾ സൂചിപ്പിക്കുന്നു. കാട്ട് ഇഞ്ചി സുലഭമായിലഭിച്ചിരുന്ന ഇഞ്ചികുന്ന്, കാട്ടുവെറ്റില ധാരാളംകണ്ടുവന്നിരുന്ന വെറ്റിലചോല, ഈറ്റവർഗ്ഗത്തിൽപെട്ട ഉള്ളുപൊള്ളയായ കൊറണ സമൃദ്ധിയായി കണ്ടുവന്നിരുന്ന കൊരണക്കുന്ന്. കാട്ടുചോലകൾ കളംകളം പൊഴിക്കുന്ന പ്രകൃതിമനോഹരമായ പൂഞ്ചോല, ഇരുമ്പകവൃക്ഷങ്ങളും കാട്ടരുവികളുമുള്ള ഇരുമ്പകച്ചോല, എന്നിവ ഈ പഞ്ചായത്തിലാണ്. കാട്ടാനകളുടെ ആവാസകേന്ദ്രമായ ആനക്കരണവും, നരികൾ സുലഭമായി വിഹരിച്ചിരുന്ന നരിയംകോടും അരിച്ചാൽനാഴി പൊന്നുകിട്ടിയിരുന്ന അരിപ്പനാഴിയും, പിച്ചളയോ സമാനലോഹങ്ങളോ, ഖനനം ചെയ്തിരുന്ന പിച്ചളമുണ്ടയും അതിനുദാഹരണങ്ങളാണ്. പുളിമരങ്ങൾ സുലഭമായിയുണ്ടായിരുന്ന പുളിക്കൽ പട്ടരുടെ പ്രദേശമായ (ഭട്ടി) പട്ടിമണ്ണും, രായിൻ എന്നയാളുടെ ആവാസകേന്ദ്രമായിരുന്ന രായിൻതുരുത്തിയും കാലന്തരത്തിൽ നാമകരണം ചെയ്യപ്പെട്ട പ്രദേശങ്ങളാണെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. ഇതിൽ പുളിക്കൽ, പട്ടിമണ്ണ്, എന്നിപ്രദേശങ്ങൾ കാഞ്ഞിരപ്പുഴ അണക്കെട്ടിന്റെ ജലസംഭരണിയിൽ ആണ്ടുപോയി. പുളിക്കൽഎന്നപേരിൽ കാഞ്ഞിരപ്പുഴ ഗവ. യു. പി സ്ക്കൂൾ മാത്രം നിലനില്ക്കുന്നുണ്ട്.

ഒരു കാലഘട്ടത്തിൽ കാഞ്ഞിരപ്പുഴ പഞ്ചായത്തിന്റെ മുഴുവൻപ്രദേശത്തിനും പൊറ്റശ്ശേരി എന്നാണ് പറഞ്ഞുവന്നിരുന്നത്. മഴയെ മത്രം ആശ്രയിച്ച് കൃഷിചെയ്തിരുന്ന പൊറ്റയായ ഭാഗം (ചേരി) പൊറ്റശേരിയായതുമാകണം. എന്നാൽ ഇന്നു ഇവിടുത്തെ ഹൈസ്ക്കൂൾ നില്ക്കുന്നഭാഗം മാത്രമേ ആ പേരിൽ അറിയപ്പെടുന്നുള്ളു.

കാട്ടാറുകളും കാട്ടുവിഭവങ്ങളും സുലഭമായിരുന്ന ഫലഭൂയിഷ്ഠമായ ഈ മലമ്പ്രദേശത്ത് ഒരോ തൊഴിലാവിശ്യത്തിന് വ്യത്യസ്തജനവിഭാഗങ്ങൾ കുടിയേറിപാർത്തത് സ്വാഭാവികമാണ്. ഏലം, ഏലവങ്ങം, പന്തക്കട്ട, ചീനിക്ക, എന്നിവശേഖരിച്ചു വ്യാപാരം നടത്താൻ ചെട്ടിയാൻമാരും പൊന്നരിക്കൽ, മുളവെട്ടൽ എന്നീ ജോലികൾക്കായി മുസ്ലീംങ്ങളും കുടിയേറിയിട്ടുണ്ടാകാം. ഇരുമ്പയിർ ഉരുക്കി ഇരുമ്പ് വേർതിരിച്ചെടുക്കാൻ മപ്പാട്ടുകരയിൽനിന്നും ഇവിടെ കുടിയേറിപാർത്തവരാണ് ആലയ്ക്കൽ കുടുംബക്കാർ എന്നും പറയപ്പെടുന്നു.

ജന്മിത്വത്തിന്റെ മദ്ധ്യവർത്തികളായ കാണക്കുടിയാൻസമ്പ്രദായം രൂപം കൊള്ളുകയും ജന്മി നാടുവാഴികളുടെ സാമുദായികവും കാർഷികവും ആചാരപരവുമായ ആവശ്യങ്ങൾ നിർവഹിക്കാനായി വിവിധ ജനവിഭാഗങ്ങളിൽപ്പെട്ട ആളുകളെയും കൊണ്ടുവന്നിരിക്കണം. യുദ്ധം മുതലായ ആവശ്യങ്ങൾക്കായി മറ്റുപ്രദേശങ്ങളിൽ നിന്ന് ഭരണാധികാരികൾ കൊണ്ടുവന്ന ചില ജനവിഭാഗങ്ങൾ പാലക്കാട് ഭാഗത്ത് അധിവസിച്ചിരുന്നു. അവർക്ക് പിൽക്കാലങ്ങളിൽ ജീവസന്ധാ രണത്തിനായി വിവിധ ഭാഗങ്ങളിലേക്ക് മാറി താമസിക്കേണ്ടതായി വന്നിട്ടുണ്ട്. അതിലുൾപ്പെട്ട ഈഴവ, വടുകസമുദായക്കാർ ഈ പഞ്ചായത്തിൽനിരവധിയാണ്.

എന്നാൽ ബ്രാഹ്മണ ക്ഷത്രിയസംസ്ക്കാരങ്ങളുടെ സ്പർശം പോലുമില്ലാത്ത

മതക്കാർ വളരെവൈകിയാണ് വിദ്യാലയങ്ങളിൽ ചേർന്ന് തുടങ്ങിയതെന്ന് രേഖകളിൽ കാണുന്നു. പൊറ്റശ്ശേരി ഈസ്റ്റ ലേബർസ്ക്കുളിലെ അദ്ധ്യാപകരും ജീവനക്കാരും ഹരിജനങ്ങളായിരുന്നുവെന്നത് ശ്രദ്ധേയമാണ്.

പിൽക്കാലത്ത് മലബാർ ഡിസ്ട്രിക്റ്റ് ബോർഡിൻെറ പ്രവർത്തനഫലമായി പൊശ്ശേരി എലിമെൻററിസ്ക്കൂൾ, വിയ്യക്കുറുശ്ശി എലിമെൻററിസ്ക്കൂൾ, തൃക്കളൂർ, പൊറ്റശ്ശേരി ഈസ്റ്റ ലേബർസ്ക്കൂൾ എന്നിവ ബോർഡ് എലിമെൻററി സ്ക്കൂളുകളായി . ഡിസ്ടിക്റ്റ ബേർഡിൻെറകാലത്തുതന്നെയാണ് പൊറ്റശ്ശേരി എൽപിസ്ക്കൂൾ യൂ പി സ്ക്കൂളായി ഉയർത്തപ്പെട്ടത്. പെറ്റശ്ശേരിയുടെ വിദ്യാഭ്യാസചരിത്രത്തിൽ ഒരു നാഴികകല്ലായ ഈ പ്രവർത്തനങ്ങൾക്ക് പരേതരായ ശ്രീ. എം. തെയ്യുണ്ണി, ശ്രീ. നരിയം കോട് സെയ്താലി, ശ്രീ. പാലക്കൽ മായൻ എന്നിവരും ശ്രീ മഠത്തിൽ ശ്രീധരൻ നായർ, എ. കുഞ്ഞുക്കുട്ടൻ തുടങ്ങിയവരുടെയും ആശ്രാന്ത പരിശ്രമവും മലബാർ ഡിസ്റ്റ്ട്രിക്റ്റ് ബോർഡ് പ്രസിഡണ്ട് ശ്രീ. പി.ഡി ഭാസ്ക്കര പണിക്കരുടെ അത്യൂത്സാഹവും ശ്രദ്ധേയമാണ്. തുടർന്ന് നാട്ടുകാരുടെ സഹകരണ ത്തോടെ ക്ലാസ് തുടങ്ങുന്നതിനുവേണ്ടി രണ്ടുമുറികളുള്ള കെട്ടിടം നിർമ്മിച്ച് നൽകുകയും ചെയ്തുവെന്ന് കാരണവചർച്ചയിൽഅറിഞ്ഞു. വിദ്യാഭ്യാസം ഒരു അത്യാവശ്യഘടകമായി അക്കാലത്ത് ജനങ്ങൾകണ്ടിരുന്നില്ല അന്ന് കൂടുതൽ പഠിക്കുന്നതിന് 8 കിലോമീറ്റർ ദൂരം നടന്ന് പോയി മണ്ണാർക്കാട് കെ.ടി.എം സ്ക്കൂളിലും തച്ചമ്പാറ ദേശബന്ധുസ്ക്കുളിലും എത്തണമായിരുന്നു.

കേരളസംസ്ഥാന രൂപികരണത്തിൻെറയും ഭുപരിഷ്കരണത്തിൻെറയും ഫലമായി സാമൂഹിക, സാമ്പത്തിക, സാംസ്കാരിക രംഗത്തുണ്ടായമാറ്റത്തിൻെറ ഫലമായാണ് വിദ്യാഭ്യാസം ആവിശ്യഘടകമാണെന്ന് തോന്നിതുടങ്ങിയത്. ഇന്ന് പഞ്ചായത്തിൽ 90% പേരും കേവല സാക്ഷരരാണെന്നാണ് ഓദ്യോഗിക കണക്ക് എന്നാൽ പഞ്ചായത്ത് ആസൂത്രണസമിതി നടത്തിയ സർവ്വെപ്രകാരം 55% ആളുകൾക്ക് സാർവ്വത്രിക വിദ്യാഭ്യാസവും 12% ആളുകൾ കേവലസാക്ഷരരും 5% ആളുകൾസാങ്കേതികവൈദഗ്ധ്യമുള്ളവരും 10% ആളുകൾ മറ്റുഉയർന്ന വിദ്യാഭ്യാസമുള്ളവരും 9% പേർ നിരക്ഷരരും ആണ്. സാമൂഹികരംഗത്ത് ചലനങ്ങൾ ഉണ്ടായിട്ടുകൂടി 11 വർഷങ്ങൾക്കു ശേഷമാണ് പൊറ്റശ്ശേരി യു.പി. സ്ക്കൂളിനെ ഹൈസ്ക്കൂളാക്കി ഉയർത്തിയത്. അന്നും യു. പി സ്ക്കൂൾ ആയ കാലത്ത് പ്രവർത്തിച്ചകരങ്ങളുൾപ്പെട്ട പലരും ചേർന്ന വെൽഫെയർകമ്മിറ്റിയാണ് സ്ക്കുളിന് സ്വന്തമായി സ്ഥലവും മുന്ന് മുറികളുള്ള കെട്ടിടവും വാങ്ങിച്ച് കൊടുത്തത്.

തുർന്ന് 1969ന് ശേഷം കാഞ്ഞിരപ്പുഴഅണകെട്ടിൻെറ നിർമ്മാണ പ്രവർത്ത നവുമായിബന്ധപ്പെട്ട് ഇവിടെ ഉദ്യാഗസംബന്ധമായി എത്തിപ്പെട്ട അഭ്യസ്ഥവിദ്യരുടെ മക്കളും തൻനാട്ടുകാരുടെ മക്കളുമാണ് പഠിച്ചിരുന്നത്. എന്നാൽ ഇതിനനുസൃതമായി പുളിക്കൽ എൽ.പി. സ്ക്കൂളൊഴികെ പഞ്ചായത്തിലെ മറ്റ് ആദ്യകാലവിദ്യാ ലയങ്ങൾക്കൊന്നും തന്നെ ഇത്തരത്തിലുള്ള പുരോഗതി ഇതുവരെയും ഉണ്ടായിട്ടില്ല.

പിൽക്കാലത്ത്തുടങ്ങിയ എച്ച്,എഫ്.സി,യു,പി,എസ് ൻെറ പ്രവർത്തനം കൊണ്ട് വിദ്യാഭ്യാസരംഗത്ത് ഗുണപരമായ മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.

## വസ്ത്രം

ഈ നൂറ്റാണ്ടിൻെറ ആരംഭകാലത്ത് ഭൂരിപക്ഷം വരുന്ന ഹിന്ദുസ്ത്രീകളും, അർദ്ധനഗ്നകളായിരുന്നു. പുരുഷൻമാരുടെയും വസ്ത്രധാരണം മുട്ടിനുതാഴെവരെ

സംഘടതമതസ്ഥരായ മുസ്ലീം, ക്രസ്ത്യൻ വിഭാഗക്കാരുടെ ആചാരനുഷ്ഠാനങ്ങളും വിശ്വസങ്ങളും എതാണ്ട് പഴയ മട്ടിൽതെന്നെ തുടർന്നു. പോരുന്നു. എന്നാൽ കാലമാറ്റത്തിൽ ഹിന്ദുമതാചാരങ്ങളിൽ സാരമായ മാറ്റം കാണുന്നുണ്ട്. ആ ആചാരങ്ങൾ ലോപിക്കുവാൻ കാരണം പിന്നീട് വന്നകേരളത്തിൻെറ സാമ്പത്തിക സാമൂഹിക മാറ്റത്തിൻെറ പശ്ചാത്തലമാകാം.

## ഭൂവുടമസ്ഥതയും ചരിത്രവും

നൂറ്റാണ്ടിൻെറ ആരംഭകാലഘട്ടത്തിൽ സാധാരണക്കാർ ഭൂമി കൈവശം വച്ചിരുന്നുവെങ്കിലും ആരും ഭുവുടമകളായിരുന്നില്ല. എന്നാൻ സംഘടിത പ്രസ്ഥാനങ്ങളുടെയും കർഷകപ്രസ്ഥാനത്തിൻെറയും, 1957 ൽ ശ്രീ. ഇ.എം.എസ് നമ്പൂരിപ്പാടിൻെറ നേതൃത്വത്തിൽ രൂപം കൊണ്ട ഗവൺമെൻറിൻെറ, കർഷകരോടും കർഷകതൊഴിലാളികളോടും, കൃഷിഭൂമയേ കുറിച്ചുമുള്ള കാഴ്ചപാടിൻെറ ഭാഗമായി ക്കൊണ്ടുവന്ന ഭൂനിയമവും, തുടർന്ന് ഇന്ന്വരെ നിലനിന്ന സർക്കാരുകളുടെ സമീപനവും മൂലം ഇന്ന് അൺസർവ്വേ പ്രദേശത്ത് താമസിക്കുന്നവരൊഴികെ പഞ്ചായത്തിലെ ഭൂമി കൈവശമുള്ളവരൊക്കെയും ഭൂവുടമകളാണ്. പഞ്ചായത്ത് ആസൂത്രണസമിതി നടത്തിയ സർവ്വേപ്രകാരം പഞ്ചായത്തിൽ പത്തു സെൻ്റ് ഭൂമിയുള്ളവർ 32% പേരും 1ഏക്കറിനുതാഴെ ഭൂമിയുള്ളവർ58% പേരും 1 ഏക്കറിനുമുകളിൽ കൈവശമുള്ളവർ 10% പേരുമുണ്ടെന്ന് കണ്ടെത്താനായിട്ടുണ്ട്. എന്നാൽ കൃഷിഭൂമി വിസ്തീർണ്ണംകൃത്യമായിതിട്ടപ്പെടുത്താനായില്ല. എന്നാൽ ഭൂമിയുടെ ഭൂമിയുടെ ആദ്യവകാശിയായിരുന്ന ആദിവാസികൾക്ക് ഇവിടെയും ഒരു സെൻറുഭുമിപോലും സ്വന്തമായിട്ടില്ലാത്ത ദുരവസ്ഥ ഇന്നും നിലനിലനിൽക്കുന്നു. ഈശ്വരമണ്ണ്,പാമ്പൻതോട്, വെറ്റിലചോല, വെള്ളതോട് തുടങ്ങിയ പ്രദേശങ്ങളിൽ താമസിക്കുന്ന ആദിവാസികൾ വനം വകുപ്പിൻെറ അധീനതയിലുള്ള ഭൂപ്രദേശത്ത് കാർഷികാദായം പോലും അദ്ധ്വാനിച്ചതിന് ലഭിക്കാത്ത അവസ്ഥയിൽ കൂടിലുകൾ കെട്ടി താമസിച്ചുവരുന്നവരാണ് വേദനാജനകമായ ഈഅവസ്ഥ പരിഹരിക്കപ്പെടേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും, സാദ്ധ്യതകളും അന്യത്ര ചർച്ചചെയ്യപ്പെടുന്നുണ്ട്.

## വിദ്യാഭ്യാസം

1902ൽ മുമ്പ് തന്നെ പൊറ്റശ്ശേരി പ്രദേശത്ത് ഒരുപ്രാഥമിക വിദ്യാലയം പ്രവർത്തിച്ചിരുന്നു. അത് പെൺ പള്ളിക്കൂടമായിരുന്നു. അതാണ് ഇന്നത്തെ പൊറ്റശ്ശേരി ഗവ ഹൈസ്ക്കുൾ തുടർന്ന് വിയ്യക്കുറുശ്ശിയിലെ എലിമെൻററി സ്ക്കൂൾ, തൃക്കള്ളുരിലെ മാപ്പിള എലിമെൻററി സ്ക്കൂൾ, പൊറ്റശ്ശേരി ലേബർ സ്ക്കുൾ, എന്നിവ ആദ്യകാല വിദ്യാലയങ്ങളായിരുന്നു. എന്നാൽ 1956 കാലഘട്ടത്തിൽ പൂളിക്കൽ എകാദ്യാപകവിദ്യാലയവും, അടുത്തകാലത്തായി തൃക്കള്ളൂർപഞ്ചായത്ത് മാപ്പിള എൽ പി സ്ക്കുളും മുണ്ടകുന്ന് ഹോളിഫാമിലി യു.പി സ്ക്കൂളും, ഇരുമ്പകച്ചോല നിർമ്മല യു. പി. സ്ക്കൂൾ എന്നിവയും ആരംഭിച്ചു. ഇന്ന് എൽ.പി, യു.പി, എച്ച്. എസ്. ഉൾപ്പെടെ 8 വിദ്യാലയങ്ങൾ പഞ്ചായത്തിലുണ്ട്.

പണ്ടുകാലത്ത് വിദ്യാർത്ഥികളെ കിട്ടാനില്ലാതിരുന്ന അവസ്ഥയും കുട്ടികളെ അദ്യാപകർ പിടിച്ചുകൊണ്ടുവന്ന് പഠിപ്പിച്ചിരുന്നതായും കാരണവ ചർച്ചയിൽ നിന്ന് അറിയാനായി. ക്രസ്ത്യൻസമുദായക്കാരുടെ വരവിന് മുൻമ്പ് ഹൈന്ദവേതര

മാത്രമായിരുന്ന തോർത്തുമുണ്ടുകളായിരുന്നു. അതിന് അഞ്ചരകാൽ തോർത്ത് എന്നുപറഞ്ഞിരുന്നു. ശരീരം മറച്ചിരുന്ന വിശേഷാൽ അവസരങ്ങളിൽ വേഷ്ടിയും തോർത്തുമാണ് ഉപയോഗിച്ചിരുന്നത്. 1942 കാലത്ത് രണ്ടാം ലോകമഹായുദ്ധശേഷം ഉണ്ടായക്ഷാമം മൂലം പ്രത്യേകിച്ച് തുണിത്തരങ്ങൾക്ക് വളരെയധികം ദൗർലഭ്യവും ഉണ്ടായിരുന്നു. അക്കാലങ്ങളിൽ കൈത്തറിമുണ്ടുകളാണ് പ്രചാരത്തിലുണ്ടായിരുന്നത്. 1950കളിൽ സ്ത്രീകളിൽ മാറുമറക്കാൻ കുപ്പായം റൗക്ക, ജംബർ എന്നിവ ഉപയോഗിക്കാൻ തുടങ്ങി അങ്ങനെ ക്രമേണ ഇന്നത്തേതിലേക്കെത്തി.

## ഗതാഗതം

ഇന്നത്തെ ചിറക്കൽപ്പടി കാഞ്ഞിരപ്പുഴ റോഡ് പഴയകാലത്ത് വണ്ടിവഴിയായിരുന്നു സാധനങ്ങൾ കയറ്റാനും ഇറക്കാനും മാത്രമാണ് അതുപയോഗിച്ചിരുന്നത് യാത്രകൾക്ക് കുറുക്കുവഴികളുമാണ് ഉപയോഗിച്ചിരുന്നത്. പിന്നീട് വളരെ കാലങ്ങൾക്ക് ശേഷമാണ് വണ്ടിവഴി റോഡായി രൂപാന്തരപ്പെട്ടത്. ആദ്യമായി ഈ പ്രദേശത്ത് മോട്ടോർവാഹനം കൊണ്ടുവന്നത് കെ. എം. മാത്യു ആണെന്ന് കാരണവർ ചർച്ചയിൽ അറിയാൻ കഴിഞ്ഞു. തുടർന്ന് 1960 ൽ ഡാമിന്റെ ആവിർഭാവത്തോടെയാണ് പഞ്ചായത്തിൽ ഗതാഗതരംഗത്ത് ഒരു കുതിച്ചുചാട്ടം ഉണ്ടായത്.

## പാർപ്പിടം

ഈ നൂറ്റാണ്ടിൻെറ ആദ്യത്തിൽ ഭൂരിപക്ഷം വീടുകളും വൃത്തവും കോണും ,ചതുരവുമില്ലാത്ത ശിൽപതന്ത്രം എത്തിനോക്കാത്ത കൊച്ചുകൊച്ചു മൺചുമരുള്ള കുടിലുകളായിരുന്നു. ആശാരി പണിത ഓട്ടുപുരകൾ അപൂർവ്വമായാണുണ്ടായിരുന്നത്. എന്നാൽ ഇന്ന് സ്ഥിതിമാറിയിട്ടുണ്ട്. വാസയോഗ്യമായ വീടുകൾ എന്നതിലുപരി പണത്തിൻെറ പ്രൗഢിപ്രകടിപ്പിക്കുന്ന സൗധങ്ങൾ ധാരാളമായി വന്നുകൊണ്ടിരിക്കുന്നു.

''എനിക്കുരസമത്യാസന്നോദയ
വികാരവിപ്ലവദൃശ്യങ്ങൾ
അഗാധഹൃദയഹ്രദമഥനോത്ഥിത
സൗന്ദര്യപ്രതിഭാസങ്ങൾ'

# 1 കൃഷിയും ജലസേചനവും

കാഞ്ഞിരപ്പുഴ പഞ്ചായത്ത് മലകളും നീർമറി പ്രദേശങ്ങളായ മലഞ്ചെരുവുകളും കുന്നിൻ പുറങ്ങളും സമതലങ്ങളും ഇടകലർന്ന് വൈവിധ്യമാർന്ന ഭൂപ്രകൃതിയുള്ള ഒരു മലയോരഗ്രാമമാണ് ഈവൈവിധ്യം പഞ്ചായത്തിലെ കൃഷിരീതികളിലും പ്രകടമാണ്. മലഞ്ചെരുവുകളിൽ റബ്ബറും, കുരുമുളകും, കുന്നിൻപുറങ്ങളിൽ തെങ്ങ് മാവ്, പ്ലാവ്, തുടങ്ങിയവയും, സമതലങ്ങിളിലും നെല്ല്, വാഴ, കവുങ്ങ് മുതലായവയും കൃഷിചെയ്തുവരുന്നു. റബ്ബറും, തെങ്ങും, സമതലപ്രദേശങ്ങളിലും, വ്യാപിച്ചുതുടങ്ങിയിട്ടുണ്ട്. ഇടവിളയായി ഇഞ്ചി, ചേന, ചേമ്പ്, കാച്ചിൽ എന്നിവയും വിവിധ പ്രദേശങ്ങളിൽ മരച്ചീനിയും സുലഭമായി കൃഷിചെയ്യുന്നു. പഴയകാലത്ത് ജനങ്ങളുടെ മുഖ്യഉപജീവനമാർഗ്ഗം നെൽ കൃഷിമാത്രമായിരുന്നു.

പഞ്ചായത്തിലെ 7ാം വാർഡിൽപ്പെട്ട ഇരുമ്പകച്ചോലയുടെ ഭുരിഭാഗം പ്രദേശങ്ങളും 5ാം വാർഡിലെ പൂഞ്ചോലയുടെ ഏതാനും ഭാഗവും 1,2 വാർഡുകളിൽ വ്യാപിച്ചു കിടക്കുന്നു. കാർഷികയോഗ്യമായ നൊട്ടമലയും സമുദ്രനിരപ്പിൽനിന്നും 130 മീറ്ററിലധികം ഉയരത്തിൽസ്ഥിതിചെയ്യുന്നു. രായംതിരുത്തികുന്ന്, മുണ്ടക്കുന്ന് അക്കിയാം പാടം കുന്ന്, തോടുകുഴികുന്ന്, കെണ്ടക്കാമല, ചെമ്പ്രംകുന്ന് എന്നി പ്രദേശങ്ങൾ പൊക്കം കൂടിയ കുന്നിൻപ്രദേശങ്ങളാണ്. മലകളുടെയും, കുന്നുകളുടെയും ഇടയ്ക്കുള്ള സമതലങ്ങൾ നെൽപാടങ്ങളാണ്. പഞ്ചായത്തിൻെറ പടിഞ്ഞാറു ഭാഗത്തു കൂടി ഒഴുകുന്ന നെല്ലിപ്പുഴയും തെക്കുഭാഗത്തുകൂടിയൊഴുകുന്ന കാഞ്ഞിരപ്പുഴയും, വടക്കും കിഴക്കും ഭാഗങ്ങളിൽ നെടുനീളത്തിൽകിടക്കുന്ന മലനിരകളും, പഞ്ചായത്തിനെ മറ്റുപ്രദേശങ്ങളിൽനിന്നും വേർതിരിക്കുന്നു. നിരവധി കാട്ടുചോലകളെ വഹിച്ചുകൊണ്ട് പടിഞ്ഞാറോട്ടൊഴുകുന്ന പൂഞ്ചോലപുഴയും പാമ്പൻതോടുപുഴയും, നെല്ലിപ്പുഴയുടെ കൈവഴികളാണ്. ഇവയെല്ലാം ഭാരതപ്പുഴയുടെ പോഷകനദിയായ കുന്തിപ്പുഴയിൽ ചെന്നുചേരുന്നു.

സമതലങ്ങളിലും കുന്നിൽ പുറങ്ങളിലും താമസിക്കുന്നവരുടെ കൈവശഭൂമിയുടെ വിസ്തീർണ്ണം 5 സെൻറ്റ് മുതൽ ഒരു ഹെക്ടർവരെയാണ്. അപുർവ്വം ചിലർക്ക് 3 ഹെക്ടർ കാണുന്നുണ്ട്.

മുൻകാലങ്ങളിൽ സമതലപ്രദേശങ്ങളിലെ നെൽകൃഷിയിലാണ് ജനങ്ങൾ കൂടുതൽ ശ്രദ്ധപതിപ്പിച്ചിരുന്നത്. അത്തരം നെൽപ്പാടങ്ങൾ മങ്കടകോവിലകം, പുലാപ്പറ്റകുതിരവട്ടത്തുനായർ തുടങ്ങിയ ജന്മിനാടുവാഴികളുടെ അധീനതയിലായിരുന്നു. ജന്മിമാരുടെ കിഴീൽ കാണക്കുടിയാൻ വെറുമ്പാട്ട കുടിയാൻ എന്നി രണ്ടുവിഭാഗം നിലനിന്നിരുന്നു. കർഷകർക്കിടയിലെ ഇടത്തട്ടുക്കാരനായിരുന്ന കാണക്കുടിയാൻ ജന്മിയ്ക്ക് നൽകിയിരുന്നതുച്ചരമായ തുകയെ മിച്ചവാരം എന്നാണ് പറഞ്ഞു വന്നത്. കാണക്കാരൻ കയറ്റുപാട്ടം നിശ്ചയിച്ച് കൃഷിഭൂമി പാട്ടകുടിയാന് എൽപ്പിക്കുന്ന സമ്പ്രദായമാണ് നിലനിന്നിരുന്നത്. പാട്ടകുടിയാന് കൈവശഭൂമിയിൽ കൃഷിയിറക്കുന്നതിൽ കവിഞ്ഞ ഒരധികാരവും ഉണ്ടായിരുന്നില്ല. നിശ്ചിതപാട്ടത്തിൻെറ 10 ന് 6 കന്നികൊയ്ത്ത് കഴിഞ്ഞും ബാക്കി 10 ന് 4 മകരകൊയ്ത്തുകഴിഞ്ഞും കാണക്കാരനൊ, ജന്മിക്കോ, അവരുടെ കളങ്ങളിൽ എത്തിച്ചുകെടുക്കണമായിരുന്നു. കളങ്ങളിൽ എത്തിയ പാട്ടനെല്ല് രണ്ടും മൂന്നും ദിവസം കൈവശകുടിയാൻെറ ചെലവിൽ അവിടെ വച്ച് ഉണക്കിച്ചേറി പത്തിനൊന്ന് ഉണക്കും ചേർത്ത്

ജന്മിയുടെപാട്ടപ്പറയ്ക്ക് ( പാട്ടപ്പറനിലവിലുള്ള പറയേക്കാൾ ഒരുനാരായമെങ്കിലും കൂടുതൽകൊള്ളുന്നവയായിരിക്കും) അളന്ന് പത്തായത്തിൽ ഇട്ടു കൊടുക്കണമായിരുന്നു. പാട്ടക്കോടതി വന്നതുമുതൽ കൊടുത്ത പാട്ടത്തിന് മുറി ( രശീതി ) കൊടുക്കണമെന്നവ്യവസ്ഥ പലരും പാലിച്ചിരുന്നില്ല.

കീടരോഗബാധകളെ അതിജീവിക്കാൻ കെല്പ്പുള്ള ആര്യൻ, കഴമ,ചിറ്റ്യാനി, തവളക്കണ്ണൻ, ജീരകചമ്പാൻ, ചെറിയവട്ടൻ, വലിയവട്ടൻ എന്നീ വിത്തിനങ്ങളാണ് മുൻകാലങ്ങളിൽപ്രചാരത്തിലുണ്ടായിരുന്നത്. പറമ്പു കൃഷിക്കുപറ്റിയ മോടൻ നെൽ വിത്തും നിലവിലുണ്ടായിരുന്നു. മുണ്ടകൻ കൊയ്ത്തുകഴിഞ്ഞാൽ ചാമ, എള്ള്, മുതിര, ഉഴുന്ന് മുതലായവ നെൽപ്പാടങ്ങളിൽ കൃഷിചെയ്തു പോന്നിരുന്നു. അത്തരം ഇടവിളകളാണ് വാസ്തവത്തിൽ കർഷകരെ നിലനിർത്തിയിരുന്നത്.

ദാരിദ്ര്യം കൊടികുത്തിവാണിരുന്ന പഞ്ഞമാസങ്ങളിൽ മലമ്പ്രദേശങ്ങളിലെ ആദിവാസികൾ പ്രത്യേകിച്ചും. നാട്ടിൻപുറങ്ങളിലെ പാവപ്പെട്ട കർഷകരും കർഷക തൊഴിലാളികളും കാടുകളിൽസുലഭമായികണ്ടുവന്നിരുന്ന ചണ്ണ, ചാവൽ, നൂറ്റ എന്നീ കിഴങ്ങുവർഗ്ഗങ്ങളും ചൂണ്ടപ്പന കുടപ്പന, കാട്ടുതെങ്ങ് ഇവയുടെ തടിയിലെ ചോറിൽനിന്ന് ലഭിക്കുന്ന നൂറും ആഹാരത്തിനുപയോഗിച്ചിരുന്നു. ചുരുക്കം പ്രദേശ ങ്ങളിൽ കട്ടുള്ള ഒരുതരം മരിച്ചീനി അപൂർവ്വമായി കൃഷിചെയ്തിരുന്നു. മരച്ചീനി വിളവെടുപ്പിന് ഒരുവർഷം വേണമായിരുന്നു. പലർക്കും ഛർദ്ദിയും അത്തരം മരച്ചീനി ഭക്ഷിച്ചാൽ ഉണ്ടാകുമായിരുന്നെങ്കിലും കള്ളകർക്കിടകത്തെ മറികടക്കാൻ അതുഭക്ഷിച്ചു പോന്നിരുന്നു. മഴയെമാത്രം ആശ്രയിച്ചുകൊണ്ടാണ് കൃഷിയിറ ക്കിയിരുന്നത് തോടുകളിൽ ചിറകെട്ടി ചാലുകൾ വഴി ജലസേചനം നടത്തി പോന്നിരുന്നു. മിക്കവയലുകളിലും കണ്ടുവന്നിരുന്ന തലക്കുളങ്ങളിൽ കയറ്റുകൊട്ട (ചുണ്ടപ്പനയുടെ പോളകൊണ്ട് ഒരുപ്രത്യേകരീതിയിൽ കോട്ടി പാന്തകം കരിമ്പനപട്ടയുടെ തണ്ടിൻെറ ഉൾവശത്തുള്ള തൊലി കൊണ്ട് തുന്നി ച്ചേർക്കുന്നത്) ഏത്തകൊട്ടകൊണ്ട് തേകിയും വെള്ളം നനച്ചിരുന്നു.

ചാണകവും, ചവറും, മാത്രമാണ് മുൻകാലങ്ങളിൽ വളത്തിനുപയോഗിച്ചു പോന്നിരുന്നത്.ഓരോ വയലുകൾക്കും പച്ചിലവളശേഖരണത്തിനും, ഞാറ്റടി തയ്യാറാ ക്കാനും പ്രത്യേകം സ്ഥലങ്ങൾ ഉണ്ടായിരുന്നു.

കുടപ്പുഴുവും ചാഴിയും, മാത്രമായിരുന്നു. പ്രധാനമായും നെൽച്ചെടികളെ ആക്രമിച്ചിരുന്നത്. കുടപ്പുഴുവിനെ നിയന്ത്രിക്കാൻ ഒടുകു മരത്തിൻെറ ഇലയും കക്കയും (ചുണ്ണാമ്പും) വെള്ളം ചാടിക്കുന്ന കഴായയിൽ ഇടുകയും ചാഴിയെ വീശിപ്പിടിച്ചുനശിപ്പിക്കുകയും, ചാഴിക്കുവിലക്കൽ എന്നമന്ത്രവാദചികിക്തസയും പ്രചാര ത്തലുണ്ടായിരുന്നു.

കൃഷിഭൂമിയിലും പുരയിടങ്ങളിലും ഉണ്ടായിരുന്ന ഫലവൃക്ഷങ്ങളെല്ലാം ജന്മിയുടെ സ്വത്തായിരുന്നു. അവയെ മുതുചമയങ്ങൾ എന്നാണ് പറഞ്ഞുവന്നി രുന്നത്. കുടികിടപ്പവകാശം സ്ഥിരമല്ലാതിരുന്നതിനാൽ ഫലവൃക്ഷങ്ങൾ വെച്ചു പിടിപ്പിക്കുന്നതിൽ കർഷകർക്ക് താൽപര്യം കുറവായിരുന്നു.

1950 തുകളുടെ ആരംഭമുതൽ തെക്കൻതിരുവിതാംകൂറിൽനിന്നും ക്രിസ്തീയസമുദായക്കാരും മറ്റും ഈ പഞ്ചായത്തിലെ വിവിധമേഖലയിൽകുടിയേറി പാർക്കാൻതുടങ്ങി. അതോടുകൂടി ഈ പ്രദേശത്തെകൃഷി രീതികളിൽ സമൂലമായ പരിവർത്തനമുണ്ടായി. കൊടുത്തപാട്ടത്തിന് രശീതിവാങ്ങണമെന്ന കർഷകരുടെ വാശിയും കാർഷികരംഗത്തെ മാറ്റത്തിന് കാരണമായിട്ടുണ്ട്.

ആ കാലഘട്ടത്തിൽ റബ്ബർ കൃഷി ആരംഭിച്ചുതുടങ്ങി. എന്നാൽ ഇഞ്ചിക്കുന്നുഭാഗത്ത് അതിനുമുൻപ് ഒരുസായ്പിൻെറവകയായി സതേൺ പ്ലാൻേറഷൻ എന്നപേരിൽ റബ്ബർതോട്ടമുണ്ടായിരുന്നതായി അനുഭവസ്ഥർപറയുന്നുണ്ട്. തിരുവിതാംകൂറിൽനിന്നും കൂടിയേറിപാർത്ത കർഷകർ മലംപ്രദേശങ്ങളിൽ കുരുമുളകും വൻതോതിൽ കൃഷിചെയ്യാൻ ആരംഭിച്ചു. പഴയനാടൻകുരുമുളക് വള്ളിക്കുപകരം ഉൽപാദനക്ഷമതകൂടിയ ചേട്ടൻവള്ളി പ്രചാരത്തിൽ വന്നു. തെങ്ങ് കൃഷി വ്യാപകമായത് വർഷങ്ങൾക്കുശേഷമാണ്.

1957 ശേഷം ഭൂപരിഷ്കരണനിയമം നടപ്പിലാവുകയും കൈവശഭൂമിയുടെ ഉടമാവകാശം കർഷകനുകൈവരികയും ചെയ്തതോടുകൂടി കർഷികരംഗത്ത് വീണ്ടും മാറ്റങ്ങളുണ്ടായി. നിത്യഹരിതവനങ്ങൾ റബർതോട്ടങ്ങളായും സമതലങ്ങളിലേ ഏതാനും ഭാഗം തെങ്ങിൻതോപ്പുകളും, കവുങ്ങിൻ തോപ്പുകളുമായും രൂപാന്തരപ്പെട്ടു. ജനസംഖ്യാവർദ്ധനവിനനുസരിച്ച് കുടുംബങ്ങളുടെ എണ്ണം വർദ്ധിക്കുകയും ഭൂമിതുണ്ടുവൽക്കരിക്കപ്പെടുകയും ചെയ്തു. ഭൂവുടമകളിൽപലരും കൃഷിഭൂമി കളിൽ പണിയെടുക്കാത്തവരായിമാറി. നെൽകൃഷിസ്ഥലത്തിൻെറ വിസ്തൃതികുറഞ്ഞതുകാരണം കർഷകതൊഴിലാളികൾ മിക്കവരും മറ്റു ജോലികൾ തേടിപ്പോകാൻ നിർബന്ധിതരായി. നെൽകൃഷിക്ക് തൊഴിലാളികളെ കിട്ടാത്ത അവസ്ഥസംജാതമായിരിക്കുന്നു.

ജൈവവനങ്ങളുടെ ദൗർല്ലഭ്യവും, അശാസ്ത്രീയ രാസവള പ്രയോഗവും മൂലം മണ്ണിൻെറ ഘടനയിൽമാറ്റം വരികയും നെല്ല് ഉത്പാദനരംഗത്ത് ഉത്പാദനം കുറയുകയും കീടരോഗബാധവർദ്ധിക്കുകയും ചെയ്തതുമൂലം കാർഷിക മേഖലഭീഷിണിനേരിടുകയാണ് അമിതമായി പരിചരണം ആവിശ്യമില്ലാത്ത നെല്ലൊഴികെയുള്ള കൃഷിരീതികളിലേക്ക് കർഷകർ മാറിതുടങ്ങിയിരിക്കുന്നു. പുരയിടങ്ങളിൽ തെങ്ങൊഴി കെയുള്ള ഫലവൃക്ഷങ്ങൾ നാമാവശേഷമായികൊണ്ടിരിക്കുന്നു. ജൈവവേലികളുടെ സ്ഥാനത്ത് കരിങ്കൽ മതിലുകൾ ഉയരാൻ തുടങ്ങി.

**പഞ്ചായത്തിൽ നിലവിലുള്ള ഭൂവിനിയോഗം പട്ടിക 1 ൽ ചേർക്കുന്നു.**

| നമ്പർ | വിളയുടെ പേര് | വിസ്തീർണ്ണം | |
|---|---|---|---|
| 1. | നെല്ല് | 400 ഹെക്ടർ | |
| 2. | തെങ്ങ് | 790 | |
| 3. | റബ്ബർ | 1875 | |
| 4. | കശുമാവ് | 20 | |
| 5 | വാഴ | 600 | |
| 6. | കവുങ്ങ് | 202 | |
| 7. | മറ്റുള്ളവ | 211 | |

(അവലംഭം കൃഷിഭവൻ രേഖ.)

## മണ്ണിൻെറ തരം

സമതലങ്ങളിലെ വയലുകളിൽമണൽകലർന്ന എക്കലും കുന്നിൻപുറങ്ങളിൽ ചരൽ കലർന്നമണ്ണും വെട്ടുപാറയും മലപ്രദേശങ്ങളിൽ ഉരുളൻകല്ലുകൾകലർന്ന പശിമരാശി മണ്ണും കാണപ്പെടുന്നു.

നെൽകൃഷി

| | | |
|---|---|---|
| ഒന്നാം വിള | 400 | ഹെക് |
| രണ്ടാം വിള | 400 | ഹെക് |
| മൂന്നാം വിള | 325 | ഹെക് |

നെൽകൃഷിക്ക് നാടൻ വിത്തിനങ്ങൾ ഉപയോഗിക്കുന്നസമ്പ്രദായം ഇല്ലെന്നു തന്നെപറയാം എന്നാൽ ഇരുമ്പകചോലയിലെ ഒരു കർഷകൻ പഴയവിത്തിനങ്ങൾ രാസവളമോ, കീടനാശിനിയോ ഉപയോഗിക്കാതെ കൃഷിചെയ്യാൻ ഈ അടുത്ത കാലത്തായി ശ്രമമാരംഭിച്ചിട്ടുണ്ട്.

കൃഷിഭവൻമുഖാന്തരം വിതരണം ചെയ്യുന്ന അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങളാണ് മിക്കകർഷകരും ഉപയോഗിക്കുന്നത്. ത്രിവേണി, മട്ടത്രിവേണി, കൈരളി, ഐശ്വര്യ, കാഞ്ചന, ജ്യോതി, ഉണ്ടമസൂരി, എന്നി ഇനങ്ങളാണ് അവയിൽ പ്രധാനം. ഒരോ നെൽവിത്തിൻെറയും ഉൽപാദനക്ഷമതയും പഞ്ചായത്തിൽ ലഭിക്കുന്ന ശരാശരി ഉൽപാദനവും പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

പട്ടിക 2

| നമ്പർ | നെൽവിത്തിൻെറപേര് | ഉൽപാദനക്ഷമത | ഉല്പാദനം |
|---|---|---|---|
| 1. | ത്രിവേണി | | |
| 2. | മട്ടത്രിവേണി | | |
| 3. | കൈരളി | | |
| 4. | ഐശ്വര്യ | | |
| 5. | കാഞ്ചന | | |
| 6. | ജ്യോതി | | |

ഈ പഞ്ചായത്തിൽ തെങ്ങുകൃഷിയിൽ തെങ്ങൊന്നിന് ശരാശരി 70 തേങ്ങയാണ് ഉൽപാദിപ്പിക്കുന്നത്. റബ്ബർഹെക്ടറിന് 1225 കിലോഗ്രാം ഉല്പാദിപ്പിക്കുന്നുണ്ട്.

പ ഞ്ചായത്തിലെ കൃഷിയിടങ്ങളിൽ കഴിഞ്ഞ 5 വർഷങ്ങളിൽ ഉപയോഗിച്ച രാസവളങ്ങളുടെ ഏകദേശം കണക്ക് താഴെ കൊടുക്കുന്നു.

| | വളത്തിന്റെ പേര് | | | | | | |
|---|---|---|---|---|---|---|---|
| | ഫാക്ടം ഫോസ് ( മെട്രിക് ടൺ) | യൂറിയ | പെട്ടാഷ് | കോംപ്ലക്സ് 17 17 17 | 18 18 | അമോണിയ | ാസൾഫേറ്റ് സൾഫേറ്റ |
| 91-92 | 125 | 98 | 85 | 30 | 8 | 1 | |
| 91-93 | 120 | 100 | 90 | 32 | 10 | 1.500 | |
| 93-94 | 148 | 115 | 105 | 45 | 15 | 2 | |
| 94-95 | 170 | 130 | 120 | 60 | 20 | 3 | |
| 9596 | 1750 | 130 | 126 | 65 | 28 | 4 | |

## കീടനാശിനികൾ

| കൊല്ലം | എക്കാലക്സ്കി.ജി | മൈസമക്രോൺ | ഹിനോസാൻ | ബി എച്ച് സി | ഫുരഡാൻ |
|---|---|---|---|---|---|
| 95 96 | 60 | 65 | 17.500 | 4130 | 2130 |

സഹകരണ മേഖലയിൽ ഒന്നും സ്വകാര്യമോഖലയിൽ 4 ഉം രാസവളവും കീടനാശീനികളും വിതരണംനടത്തുന്ന സ്ഥാപനങ്ങൾ ഈപഞ്ചായത്തിലുണ്ട് മേൽകാണിച്ച കണക്കുകൾ വളരെ കൃത്യമല്ല.

പഞ്ചായത്തിലെ പ്രതീശീർഷകീടനാശിനികളുടെ ഉപഭോഗം വർഷത്തിൽ 0.290 ഗ്രാം ആണെന്ന് ലഭ്യമായ കണക്കുകൾ കാണിക്കുന്നു.

അശാസ്ത്രീയമായ കീടനാശിനിപ്രയോഗം വ്യാപകമായിതീർന്നിട്ടുണ്ട്. കീടരോഗബാധ ഇല്ലെങ്കിൽപോലും കീടനാശിനി തെളിക്കുന്നസമ്പ്രദായം കർഷകർ അനുവർത്തിക്കുന്നു. ഏത്തവാഴ കൃഷി വ്യാപകമായതോടെ ഫുരഡാൻ, തൈമറ്റ് തുടങ്ങിയ തരിരൂപത്തിലുള്ള മാരകവിഷങ്ങൾ വൻ തോതിൽ ഉപയോഗിക്കുന്നു.

## പഞ്ചായത്തിൽ നിലവിലുള്ളപാടശേഖരസമിതിൾ

| നമ്പർ | പാടശേഖരത്തിന്റെ പേര് | വിസ്തീർണ്ണം |
|---|---|---|
| 1. | കാളയംകോട് | |
| 2. | ചിറക്കൽപടി | |
| 3. | അരിമ്പ്ര | |
| 4. | വാണിയംപാറ | |
| 5. | പാങ്ങോട് കുറ്റിയംപാടം | |
| 6. | കോവിലകത്തുംപടി | |
| 7. | അക്കിയംപാടം | |
| 8. | കാഞ്ഞിരപ്പുഴ | |

പഞ്ചായത്തിലെ 7,11 വാർഡുകളിൽ ഭുരിഭാഗം കർഷകരും ഒരു പാടശേഖരത്തിലും ഉൾപ്പെടുന്നില്ല. ഈ പഞ്ചായത്തിൽ ഒരു കേരവികസനസമിതി രൂപികരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട് 390 പേർ അതിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട്.

## ജലസേചനം

കൃഷിയിടങ്ങളിലെ കുളങ്ങളും തോടുകളും മറ്റും മുൻകാലങ്ങളിൽ ജന്മിമാരുടെ സംരക്ഷണയിലായിരുന്നു. കാലാകാലങ്ങളിൽഅറ്റകുറ്റപ്പണികൾ നടത്തിജലസേചന സൗകര്യം ഉണ്ടാക്കി കൊടുക്കുന്നചുമതല അവരിൽ നിക്ഷിപതമായിരുന്നു. കർഷകർ ഭൂവുടമളായതോടുകൂടി അത്തരം ജലസേചനസ്രോതസ്സുകൾ സംരക്ഷിക്കപ്പെടാത്ത ഒരവസ്ഥസംജാതമായിട്ടുണ്ട്.

മൈനർ ഇറിഗേഷൻെറ കീഴിലുള്ള പൂഞ്ചോലതടയണ ഈപഞ്ചായത്തിലാണ്. 70 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താൻ അതിലൂടെ കഴിയുന്നുണ്ട്.

കൂടാതെ കാഞ്ഞീരപ്പുഴ ജലസേചനപദ്ധതിയുടെ വലതുകനാലിലൂടെ ഹെക്ടർസ്ഥലത്ത് ഈ പഞ്ചായത്തിൽ ജലസേചനസൗകര്യമുണ്ട്. കാഞ്ഞീരപ്പുഴ അണക്കെട്ടിനെക്കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ജലസംഭരണശേഷി | 70.82 |
| നിലവിലുള്ളത് | 56.86 |
| വാട്ടർസെപ്രഡ് ഏരിയ | 465 ഹെക്ടർ |
| കാച്ച്മെൻറ് ഏരിയ | 70. സ്ക്വയർ കി.മി |
| പ്രതീക്ഷിക്കുന്ന വർഷപാതം | 130 |
| സമുദ്രനിരപ്പിൽനിന്നുള്ള ഉയരം | 100.28 മീ |
| ഇടതു കനാൽ ലവൽ | 70.40 |
| വലതുകനാൽ ലെവൽ | 82.29 |
| ഇടതുകനാൽനീളം | 66 കി.മീ |
| വലതുകനാൽ | നീളം 9.36 കി.മീ |
| ഇടതുആയകെട്ട് | 8188 ഹെക്ടർ |
| വലത് ആയകെട്ട് | 1525 |
| ഇപ്പോൾ ജലസേചനം നടത്തുന്നത് | 4200 |

1961 ൽ 3 കോടിരൂപയുടെ എസ്റ്റിമേറ്റോടുകൂടി ആരംഭിച്ച ഈപദ്ധതിക്ക് 95 96 സാമ്പത്തിക വർഷാവസാനം 82 കോടി രൂപാചെലവഴിച്ചിട്ടുണ്ട്. അണക്കെട്ട് ഭാഗികമായി കമ്മീഷൻചെയ്തിട്ടുണ്ട്.

ഡാമിലെക്കുള്ള മണ്ണൊലിപ്പുതടയാൻ സ്വീകരിച്ച മാർഗ്ഗം തൃപ്തികരമാണെന്നു പറഞ്ഞൂകൂടാ വെറ്റിലച്ചോല, ഇരുമ്പകച്ചോല ഭാഗത്തുനിന്ന് കാട്ടുചോലകൾ വഴി ഒഴുകിയെത്തുന്ന മണ്ണൊലിപ്പു തടയാൻ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടി യിരിക്കുന്നു.

## വർഷപാതം

| കൊല്ലം | ജനു | ഫെ | മാ | ഏപ്രി | മെയ് | ജൂ | ജൂല | ആഗ | സെ | ഒക് | നവം | ഡി |
|---|---|---|---|---|---|---|---|---|---|---|---|---|
| 92 | - | - | - | 85.60 | 244.60 | 957.60 | 818.50 | 456.40 | 389.60 | 214 | 280.00 | - |
| 93. | - | 95 | 35 | 44.60 | 242..00 | 375 | 598.80 | 281.20 | 125.00 | 735 | 167.00 | 28.00 |
| 94 | 16 | 14 | 2 | 307 | 42..00 | 842 | 1225.00 | 227.00 | 182.00 | 714 | 194.00 | - |
| 95 | - | - | - | 205 | 357.00 | 496 | 749.00 | 618.00 | 279.00 | 322 | 239.00 | - |
| 96 | - | - | 16 | 289 | 64.00 | 539 | 527.50 | 216.00 | 572.00 | 528 | .. | - |

ജലസേചനത്തിനായി ഉയോഗിക്കുന്ന കുളങ്ങളൊന്നും ഇന്നുനിലവിലില്ല. മുൻകാലങ്ങളിൽ ജലസേചനത്തിനായിഉപയോഗിച്ചിരുന്ന മിക്കകുളങ്ങളും ഇപ്പോൾ വേനൽക്കാലത്ത് വരണ്ടു പോകുന്നവയാണ്.

## കുളങ്ങൾ

| വാർഡ് | കുളത്തിൻെറ പേര് |
|---|---|
| 1. | ഓർപ്പാടംകുളം, നൊട്ടമലകുളം |
| 2. | മലയാംതൊടിക്കുളം, കുറ്റിക്കാട് കുളം, അമ്പാഴക്കോട് കുളം വലിയകുളം, |
| 3. | കുബളംച്ചോല പുത്തൻകുളം, അരിപ്ര തുറവുകുഴി |
| 6. | പുത്തൻചിറ, പുല്ലിക്കുളം കൊക്കൻചിറ,തെങ്ങിൻചിറ |
| 7. | നറുക്കുംചോലക്കുളം |
| 8. | അരിപ്പനാഴിചിറ |
| 9. | കുട്ടപ്പണിക്കരുടെ സ്വകാര്യകുളം |
| 10. | തച്ചംകോട് കുളം, മുണ്ടക്കയം, കുപ്പാകുറുശ്ശികുളം, കോവിലകത്തുംപ്പടി അമ്പലക്കുളം |
| 11. | കണ്ടൻചാത്തൻ കുളം, പൊട്ടക്കുളം. |

അടുത്ത കാലത്തായി പമ്പുസെറ്റുകൾ ഉപയോഗിച്ച് പറമ്പുകളിൽ ജലസേചനം നടത്താൻ തുടങ്ങിയിട്ടുണ്ട് 64 വൈദ്യുതി പമ്പുസെറ്റുകളും 40 ഓളം ഡീസൽ മണ്ണെണ്ണ പമ്പുസെറ്റുകളും പഞ്ചായത്തിലുണ്ട്.

## ഉല്പന്നങ്ങളുടെ വിപണനം

കാർഷികോല്പന്നങ്ങൾ വിപണനം ചെയ്യാൻ പഞ്ചായത്തിൽ മാർക്കറ്റിംഗ് സൊസൈറ്റികൾ പ്രവർത്തിക്കുന്നില്ല. ഇരുമ്പകചോല, തൃക്കളൂർ, പള്ളിപ്പടി, പൂഞ്ചോല

എന്നിവിടങ്ങളിൽ റബ്ബർ ഉൽപാദകസംഘങ്ങളുണ്ടങ്കിലും റബ്ബർ ശേഖരിക്കുന്നില്ല. പള്ളിപ്പടി RPS ൽ അടുത്തകാലത്തായി റബ്ബർകറശേഖരിക്കാൻ തുടങ്ങിയിട്ടുണ്ട്. റബ്ബർ കുരുമുളക്, ഇഞ്ചി, മഞ്ഞൾ, അടക്ക എന്നിവ കാഞ്ഞിരത്തും ചിറക്കൽപ്പടിയിലുമുള്ള സ്വകാര്യവ്യക്തികൾ നടത്തുന്ന മലഞ്ചരക്കു വ്യാപാരക്കടകളിൽ വിപണനം നടത്തുന്നു. യഥാർത്ഥ വില കർഷകനു കിട്ടാത്ത അവ്സ്ഥയുണ്ട്.

നെല്ല്, തേങ്ങ എന്നിവ ചില്ലറ കച്ചവടക്കാർ വീടുകളിൽ ചെന്ന് വ്യാപാരം നടത്തികയറ്റി കൊണ്ടുപോകുന്നു. മറ്റൊരുല്പന്നമായ മാങ്ങ മൊത്തത്തിൽ കച്ചവടം ചെയ്യുന്ന പതിവാണ്.

പൊറ്റശ്ശേരി സർവ്വീസ് സഹകരണ ബാങ്കിൻെറ ആഭിമുഖ്യത്തിൽ കശുവണ്ടി സംഭരണ കേന്ദ്രങ്ങൾ വിളവെടുപ്പുകാലത്ത് പ്രവർത്തിച്ചുവരുന്നുണ്ട്.

## സേവന വേതനവ്യവസ്ഥകൾ

| നമ്പർ | തൊഴിലിൻെറ പേര് | കൂലി നിരക്ക് | | |
|---|---|---|---|---|
| | | ആൺ | പെൺ | |
| 1. | ഉഴവ് (ഒരു ജോഡി) | 150 | | |
| 2. | കിളക്കൽ | 75 | 50 | |
| 3. | ഞാറുനടൽ | | 50 | |
| 4. | കളപറി | | 50 | |
| 5. | കൊയ്ത്ത് മെതി | ഒരുപറനെല്ല് | | |
| 6. | തേങ്ങയിടൽ | 2 രൂപ തെങ്ങൊന്നിന് | | |
| 7. | റബ്ബർ ടാപ്പിങ്ങ് | 75 | | |

പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കൂലിനിരക്കിൽ ചില്ലറ വ്യത്യാസങ്ങൾ കണ്ടുവരുന്നുണ്ട്.

## നടപ്പു പദ്ധതികൾ. കൃഷിഭവൻ

1. സമഗ്ര ധാന്യ വികസനപദ്ധതി. സംയോജിത കീടനിയന്ത്രണത്തിൽ കർഷകന് പരിശീലനം തൽകുക, ഫീൽഡ് ഡമോൺസ്ട്രേഷൻ നടത്തുന്നവരിൽ പഞ്ചായത്തിൽ ഒരാൾക്ക് 2000 രൂപാധനസഹായം.
2. മിനികിറ്റ് പദ്ധതി 2 കിലൊ, നെൽ വിത്ത് 2 രൂപയ്ക്ക് വിതരണം ചെയ്യും.
3. ഉൽപാദന ബോണസ്സ് ഒരു പൂവിന് ഹെക്ടറൊന്നിന് 250രൂപ കർഷകർക്ക് വിതരണം ചെയ്യും
4. പ്രധാനമന്ത്രിയുടെപ്രത്യേക പദ്ധതി പ്രകാരമുള്ള നെൽകൃഷി വികസനം ബണ്ടുകെട്ടുക, നീർച്ചാൽനിർമ്മിക്കുക, പമ്പുസെറ്റ് സ്ഥാപിക്കുക എന്നീ പ്രവർത്തനങ്ങൾക്ക് 75 ശതമാനം സബ്സിഡിലഭിക്കും.
5. തെങ്ങുകൃഷിക്ക് കിണറും പമ്പുസെറ്റും 2500 രൂപാ സബ്സിഡിലഭിക്കും.
6. പട്ടിക ജാതിക്കാർക്ക് ജലസേചന കിണർനിർമ്മിക്കാൻ 10,000 രൂപ സബ്സിഡി.
7. കേരവികസനസമിതികൾക്ക് കൊപ്രസംസ്കരണശാല സ്ഥാപിക്കാൻ 25000

രൂപ ധനസഹായം ലഭിക്കും.

8. കമുങ്ങ് കൃഷിക്ക് മാഹാളി രോഗത്തിനെതിരെമരുന്നു തെളിക്കാൻ ഹെക്ടറിന് 400 രൂപാ സബ്സിഡിലഭിക്കും.
9. റോക്കർ സ്പ്രയർ വാങ്ങാൻ 900 രൂ സബ്സിഡികിട്ടും
10. സുഗന്ധവിള വികസന പദ്ധതി പ്രകാരം ഒരു ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷിചെയ്യുന്ന കർഷകന് ആദ്യവർഷം 5000 രൂപയും രണ്ടാം വർഷം 3000 രൂപയും 3ാം വർഷം 2000 രൂപയും സഹായം ലഭിക്കും.
11. സൗജന്യമായി കുരുമുളകുകൊടിയും 3 വർഷം ഹെക്ടറിന് 1500 രൂപാനിരക്കിൽ സബ്സിഡിയും ലഭിക്കുന്ന പദ്ധതിയും നിലവിലുണ്ട്.
12. 25 സെൻറ് സ്ഥലത്ത് ഇഞ്ചി കൃഷിപ്രദർശനതോട്ടം നിർമ്മിക്കുന്നവർക്ക് 1200 രൂപാ സബ്സിഡിലഭിക്കും.
13. കശുമാവ് കൃഷിക്ക് ഹെക്ടറൊന്നിന് 160 തൈകൾ സൗജന്യമായി നല്കുകയും കൃഷിചെലവിന് തൈഒന്നിന് 3 രൂപ സബ്സിഡി നൽകുകയും ചെയ്യും.

കൂടാതെ ബയോഗ്യാസ് പ്ലാൻറ്റും കണികജലസേചനം എന്നിവയ്ക്കും സബ്സിഡി ലഭ്യമാണ്.

കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്ന കുരുമുളകുകൊടി, കശുമാവിൻ തൈ എന്നിവ 75 ശതമാനവും കൂമ്പെടുക്കാതെ നില്ക്കുന്നു. കൃഷിവകുപ്പിൻെറ നേരിട്ടുള്ള നിരീക്ഷണമില്ലാതെ നഴ്സറികളിലെ തൈകൾ വിതരണം ചെയ്യുന്നത് ഗുണകരമല്ല.

വിത്തുകളും തൈകളും യഥാസമയം വിതരണത്തിനെത്താത്ത അവസ്ഥ നിലവിലുണ്ട്. വിതരണത്തിനെത്തുന്ന നെൽവിത്തുകളിൽ നിർബന്ധമായും കാലാവധി അവസാനിക്കുന്ന തീയതി രേഖപ്പെടുത്താൻ സംവിധാനമുണ്ടാകണം. കാലാവധികഴിഞ്ഞ നെൽവിത്തുകൾ കൃഷിഭവനകളിൽ കെട്ടികിടക്കുന്നത് ഒഴിവാക്കണം.

## വിശേഷാൽ ഗ്രാമസഭയിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ

1. കർഷക തൊഴിലാളികളുടെ ദൗർലഭ്യം.
2. കൃഷിഭൂമി മറ്റുകൃഷികൾക്കുപയോഗിക്കുന്നതു തടയണം
3. മണ്ണു പരിശോധനയ്ക്ക് വേണ്ടസംവിധാനമില്ല.
4. പാടശേഖരസമിതികളുടെ പ്രവർത്തനം തൃപ്തികരമല്ല.
5. കാർഷികവായ്പയുടെ പലിശനിരക്ക് കുറയ്ക്കണം
6. ഉല്പന്നങ്ങൾ വിറ്റഴിക്കാൻ വിപണിയില്ല.
7. കാർഷികോല്പന്നങ്ങൾക്ക്ന്യായമായ വിലലഭിക്കുന്നില്ല.
8. രാസവളം, കീടനാശിനി വില കുറയ്ക്കണം
9. കൃഷിഭവനകളുടെ പ്രവർത്തനം കൃഷിയിടങ്ങളിൽചെന്ന് കൃഷിക്കാരുമായുള്ള നിരന്തസമ്പർക്കത്തിനും നിർദ്ദേശത്തിനും അനുസരിച്ചല്ല.
10. കാർഷിക യന്ത്രാപകരണങ്ങൾ ലഭ്യമല്ല.
12. കർഷകർക്ക് പെൻഷൻനൽകാൻ ഏർപ്പാടുണ്ടാകണം
13. കർഷകസെമിനാറുകൾ പര്യാപ്തമല്ല.
14. ഉൽപാദനബോണസ്സ് വർദ്ധിപ്പിക്കണം
15. വിളകളുടെനഷ്ടപരിഹാരത്തുക ശാസ്ത്രീയമായി പരിഷ്കരിക്കണം.

16. ജൈവവളപ്രയോഗം പ്രോത്സാഹിപ്പിക്കണം.
17. ഫാം റോഡുകൾ നിർമ്മിക്കാൻ നടപടിവേണം.
18. തെങ്ങിൻതോട്ടങ്ങളിൽ ഇടവിളയായി പൈനാപ്പിൾ കൃഷിക്ക് പ്രോത്സാഹനം നൽകണം.
19. ഇരുമ്പകചോലഭാഗത്തെമണ്ണൊലിപ്പുതടയാൻ നടപടി വേണം.
20. റബ്ബർ കൃഷിക്കുനൽകിവരുന്ന സബ്സിഡിതുക വർദ്ധിപ്പിക്കണം
21. മണ്ണുപരിശോധനയ്ക്ക് വാർഡുതലത്തിൽ 10 പേർക്കുവീതം പരിശീലനം നൽകണം.
22 പുല്ലിക്കുളം പാടത്തെ മഴവെള്ളപാച്ചലിൽനിന്ന് രക്ഷിക്കണം
23. തെങ്ങിനും കവുങ്ങിനും റബ്ബറിനുള്ളതുപോലെ പ്രത്യേകം ബോർഡ് ഉണ്ടാക്കണം.
24. കെണ്ടക്കാമലയിലും പാങ്ങോട്മലയിലും ഔഷധസസ്യതോട്ടംനിർമ്മിക്കണം.
25. പാടശേഖരസമിതികൾ നിലവിലില്ലാത്തിടത്ത് പുതിയവരൂപീകരിക്കണം.
26. കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി സൗജന്യമാക്കണം.
27. കാർഷികോല്പന്നങ്ങൾ വിറ്റഴിക്കാൻ സംഭരണകേന്ദ്രങ്ങൾ ഏർപ്പെടുത്തണം.

## പാർശ്വഭിത്തി കെട്ടേണ്ടതോടുകൾ

| വാർഡ് | നമ്പർ | തോടിൻെറ പേര് |
|---|---|---|
| 1 | 1 | നരിയംകോടുഭാഗത്ത് നെല്ലിപ്പുഴയുടെ പാർശ്വം |
| | 2 | കാളേങ്ങോട് കിഴക്കുഭാഗം തോട് |
| | 3 | വെടക്കുറശ്ശിഭാഗത്ത് മലഞ്ചെരുവിലെ തോട് |
| | 4 | നോട്ടമല കരുവാരചോല ചീളിപ്പാടംതോട് |
| 11 | 1 | കാളേങ്ങോട്ടുപാടം തോട് |
| | 2 | കുറ്റിക്കട് പാടം തോട് |
| | 3 | മലയാംതൊടിപാടം തോട് |
| | 4 | അമ്പാഴക്കോട് മേലെപ്പാടം തോട് |
| 3 | 5 | കിണറത്ത് മേൽഭാഗം കനാലിൽനിന്നുവരുന്ന തോട് |
| 4 | | പൂഞ്ചോലപ്പുഴയുടെ പാർശ്വം |
| 5 | | |
| 6 | | പുല്ലിപ്പാടം തോട് |
| 7 | 1 | ഇരുമ്പകച്ചോലഭാഗത്ത് റോഡുവന്നതുമൂലം നീർകെട്ടുണ്ടാക്കുന്ന തോട് |
| 8 | 1 | അരിപ്പനാഴിതോടിൻെറ കെട്ടിയത് കഴിച്ചു ബാക്കിസ്ഥലം |
| | 2 | വെറ്റിലപ്പാടം തോട് |
| | 3 | കുണ്ടം തരിശുതോട് |
| 9 | 1 | കൂനൽതോട് കിഴക്ക് |
| | 2 | (പടിഞ്ഞാറ്) |
| | 3 | മൂന്നുംകുടിയ നടുതോട് |

| | | |
|---|---|---|
| 10. | 1 | കുന്നത്തുപാടം അക്കിയംപാടം തോട് |
| | 2 | വെള്ളക്കമ്പാടി ഇയ്യമ്പലം,കല്ലാംകുഴി തോട് |
| 10 | 1 | കല്ലാംകുഴി കിണ്ടിയം പാറതോട് |

| സംരക്ഷിക്കേണ്ട കുളങ്ങൾ | | |
|---|---|---|
| 2 | 1 | കുറ്റിക്കാട് പാടംകുളം |
| | 2 | മലയാംതൊടി ബ്ലോക്കുകുളം |
| | 3 | മുതുപാറൻപാടത്തെ രണ്ടുകുളം |
| | 4 | പുല്ലാനിക്കുടിൽപാടത്ത രണ്ടുകുളം |
| 3 | 5 | പുത്തൻകുളം |
| 4 | 1 | തെങ്ങിൻചിറ |
| | 2 | കൊക്കാൻചിറ, കുപ്പാകുറുശ്ശി കുളം |
| 5 | 1. | തൃക്കാളൂർ തോട്ടുകുഴിക്കുളം |
| | 2 | കണ്ടൻചാത്തൻകുളം, അത്തിയംക്കാട് |

## ചെക്ക് ഡാം ആവിശ്യമുള്ള സ്ഥലങ്ങൾ

1. രണ്ടാം വാർഡിലെ കൊറ്റിയോട് ചിറക്കൽപ്പടിതോട്ടിൽ പടിഞ്ഞാറെചിറയിൽബണ്ടുകെട്ടണം
2. അഞ്ചാം വാർഡിലെ പൂഞ്ചോലപ്പുഴയിൽ മുത്തശ്ശിഭാഗത്ത് തടയണ കെട്ടണം
3 11 വാർഡിലെ കിണ്ടിയം പാറതോട്ടിൽ നിലവിലുള്ളബണ്ട് കേടുപാടുതീർത്ത് ഷട്ടർ ഇടണം
4. വെള്ളക്കമ്പാടി തോടുകുഴി തോടിൽ പൂവ്വക്കോടരുടെ വയലിനുസമീപം ഒരു തടയണ കെട്ടണം.

9 ാം വാർഡിൽ രായം തുരുത്തിപാടത്ത് രണ്ടു തോടുകൾക്ക് ഒരോ നടപ്പാലം ആവശ്യമാണ്.

പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ കർഷകർക്ക് പ്രശ്നങ്ങൾ നിരവധിയാണ് ഏല്ലാപ്രശ്നങ്ങൾക്കും ഉടനടി പരിഹാരനിർദ്ദേശം വെയ്ക്കാനും, അത് പ്രാവർത്തികമാക്കാനും, പല വിഷമങ്ങളും ഉണ്ടാകുമെങ്കിലും എല്ലപ്രശ്നങ്ങളും പരിഹരിക്കേണ്ടിയിരിക്കുന്നു.

# സാദ്ധ്യതകളും നിർദ്ദേശങ്ങളും

1.ഭുവിനിയോഗം, ഭൂസംരക്ഷണം, എന്നിവയ്ക്ക് കൃഷിഭവനിലൂടെ ഒരു പാക്കേജ് പദ്ധതിക്ക് രൂപം നൽകണം

2.ഗ്രൂപ്പ് ഫാമിങ്ങ് നിലവിലുള്ള പാടശേഖരസമിതികൾ പാടശേഖരത്തിലെ മുഴുവൻ കർഷകരെയും പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചാക്ലാസുകൾ സംഘടിപ്പിക്കണം. ഒരോ പാടങ്ങളിലേക്കും, ഒരോ വിളയ്ക്കും അനുയോജ്യമായ അത്യൽപാദനശേഷിയുള്ള വിത്തിനിങ്ങൾ കണ്ടെത്തുകയും കലർപ്പില്ലാത്തവിത്തുകൾ അതാതു പാടുശേഖരത്തിൽ ഉത്പാദിപ്പിക്കാൻ മുൻകയ്യെടുക്കുകയും കൂട്ടായ കീടനിയന്ത്രണമാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യണം.ഇത്തരം കൂട്ടായ്മ കൃഷിചിലവ് ഒരു പരിധിവരെ കുറയ്ക്കാൻകഴിയുമെന്ന ബോധം വളർത്തണം.

3.അശാസ്ത്രീയമായ രാസവള പ്രയോഗംമൂലം മണ്ണിൻെറഘടനയിൽമാറ്റം സംഭവിച്ചിട്ടുണ്ട് അതുപരിഹരിക്കാൻ പഞ്ചായത്തിലെ കൃഷിഭവൻ കേന്ദ്രമായി മണ്ണുപരിശോധനനടത്തി വളപ്രയോഗം ശുപാർശചെയ്യാനും സംവിധാനമുണ്ടാക്കണം.

4.പഞ്ചായത്തിനകത്ത് റോഡുകളുടെയും കനാലുകളുടെയും ഇരുവശവും വനം വകുപ്പിൻെറ കീഴിലുള്ള ഒഴിഞ്ഞപ്രദേശങ്ങളുടെയും ബന്ധപ്പെട്ടവകുപ്പുകളുടെ സഹകരണത്തോടെ കർഷകർ മുൻകയ്യെടുത്ത് ശീമക്കൊന്ന, പൊഗാമിയ തുടങ്ങിയ പച്ചിലമരങ്ങൾ വളർത്താൻസദ്ധ്യതയുണ്ട്. പച്ചിലവളത്തിൻെറ കുറവു പരിഹരിക്കാൻ ഒരുപരിധിവരെ അതുകൊണ്ടു സാധിക്കും. രണ്ടാം വർഷം മുതൽ മുറിച്ചെടുക്കാവുന്നതുമാണ്. മുണ്ടകൻ കൊയ്ത്ത് കഴിഞ്ഞ് ഒഴിഞ്ഞ് കിടക്കുന്ന വയലുകളിൽ പുതുവർഷാരംഭത്തോടെ ഒന്നാം വിളയിറക്കുന്നതിനു മുൻമ്പ് 40 45 ദിവസം കൊണ്ട് വയലുകളിൽ ഉഴുതു ചേർക്കാവുന്ന ഡെയിഞ്ച, കൊഴിഞ്ഞിൽ, പയർ , എന്നിവ വിതച്ച് ജൈവവളത്തിൻെറ അഭാവം പരിഹരിക്കാമെന്ന് കർഷകരെ ബോധ്യപ്പെടുത്താൻ പാടശേഖര സമതികൾ മുൻകയ്യെടുക്കണം. എല്ലാതരം അവശിഷ്ടപദാർത്ഥങ്ങളും ഉപയോഗിച്ച് ബയോഗ്യാസ്പ്ലാൻറ് നിർമ്മിക്കാനുള്ള സാങ്കേതികസഹായം കർഷകർക്കുലഭ്യമാക്കുകയും അതുവഴി നല്ല ജൈവവളവും പാചകത്തിനാവിശ്യമായ ഗ്യാസും ലഭിക്കുമെന്നതിനുപരി പരിസരമലിനീകരണം ഒഴിവാക്കാമെന്ന് ബോദ്ധ്യപ്പെടുത്താൻകഴിയണം

5.കർഷക തൊഴിലാളികളുടെ കുറവുനികത്താൻ കാർഷികാവൃത്തിയിൽതാത്പര്യമുള്ള അദ്ധ്വാനതൽപരരായ ആളുകളെ സംഘടിപ്പിച്ച് പഞ്ചായത്തിൽ രജിസ്റ്റർചെയ്യാൻ ഏർപ്പാടുണ്ടാക്കണം അത്തരം സംഘങ്ങളുടെ നേതൃത്വം പഞ്ചായത്ത് എറ്റെടുക്കുകയും കൂലി നിജപ്പെടുത്തുകയും ചെയ്യണം. തൊഴിലാളി ക്ഷാമം അനുഭവപ്പെടുന്നവർക്ക് തൊഴിൽസംഘംമുഖേന ആളുകളെ അയച്ചുകൊടുക്കുകയും നിശ്ചയകൂലിയിൽനിന്ന് ഒരു തുക സംഘം തന്നെ ശേഖരിച്ച് തൊഴിലാളിയുടെ പ്രോവിഡണ്ട്ഫണ്ട്, ബോണസ്സ്, പെൻഷൻ, എന്നിവയ്ക്കായിമാറ്റിവയ്ക്കുകയും വേണം. നിയതമായ കുലിനിരക്കും സംഘത്തിൻെറ ഉത്തവാദിത്വവും ഉള്ളതുകൊണ്ട് തൊഴിലുടമയ്ക്കും ഇത് സ്വാഗതാർഹമാവും, പണിയുടെ ഗുണമേന്മയും ഉത്തരവാദിത്തവും കൂടു

മെന്നതിലുപരി തൊഴിലിൻേറയും തൊഴിലാളിയുടേയും അന്തസ്സ് ഉയരുകയും ചെയ്യും. ഇത് പഠന വിധേയമാക്കി നടപ്പാക്കാവുന്നതാണ്.

6 കൃഷിഭൂമിയുടെ വിസ്തൃതികുറയുകയും വീടുകളിൽകുടുംബങ്ങളുടെ എണ്ണം വർദ്ധിക്കുകയും ചെയ്യുന്നതുകൊണ്ട് ചെറുകിടകർഷകർ വാർദ്ധക്യത്തിൽ ദുരിതമനുഭവിക്കുന്നവരാണ്. അത്തരം കർഷകർക്ക് പെൻഷൻ ലഭിക്കാൻ പദ്ധതി ആവിഷ്കരിക്കണം. തൊഴിൽ നികുതി പിരിച്ചെടുക്കണം.

7. കാർഷികോല്പന്നങ്ങൾക്ക് ന്യായവിലകിട്ടുന്നുവെന്നുറപ്പാക്കാൻ പഞ്ചായത്തിൽ മാർക്കറ്റിങ്ങ് സൊസൈറ്റി രൂപികരിക്കുകയോ സിവിൽസപ്ലൈസ് കോർപ്പറേഷൻെറ സംഭരണകേന്ദ്രം തുടങ്ങുകയോ ചെയ്യണം.

8. കൊയ്ത്തുയന്ത്രം, മെതിയന്ത്രം,തുടങ്ങിയവ പാടശേഖരസമിതി മുഖേന ലഭ്യമാക്കണം.

9. പാടശേഖരസമിതികൾ നിലവിലില്ലാത്ത പ്രദേശങ്ങളിൽ അവരൂപീകരിക്കണം.

10. കാർഷികവായ്പക്കുള്ള പലിശനിരക്ക് കുറക്കുകയും വായ്പതുക കാലാനുസൃതമായി വർദ്ധിപ്പിക്കുകയും വേണം.

11. ഉൽപാദന ബോണസ്സ് ഹെക്ടറിന് 1000 രൂപയായിവർദ്ധിപ്പിക്കണം.

12. വിയ്യക്കുറുശ്ശി ഭാഗത്തുകൂടി പോകുന്ന കാഞ്ഞിരപ്പുഴ സബ്കനാലിൻെറ ഇരുവശങ്ങളും , അടിഭാഗവും നീർവാർച്ച ഉണ്ടാകാത്തവിധം സംരക്ഷിക്കണം. കനാലിന് ഇരുവശങ്ങളിലുമുള്ള വയലുകളെ നീർകെട്ടിൽനിന്നും രക്ഷിക്കാനും കനാൽ ജലം പാഴായി പോകുന്നതു തടയാനും അത് സഹായിക്കും.

13. കാഞ്ഞിരപ്പുഴ വലതുകനാലിലൂടെ എക്കാലത്തും വെള്ളം ഒഴുകിക്കൊണ്ടിരിക്കുന്നുണ്ട്. കനാലിൻെറഷട്ടർപ്രവർത്തനം കാര്യക്ഷമമാക്കണം.

14. 6ാം വാർഡിലെ തരിശിപ്പാടത്ത് വർഷകാലങ്ങളിൽ മങ്കടമലയിൽ നിന്നും ഒഴുകിയെത്തുന്ന വെള്ളം കാഞ്ഞിരപ്പുഴ വലതുകനാലിൽ പതിക്കുന്നു. അത് ശാശ്വതമായി പരിഹരിക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടിയുണ്ടാക്കണം. അതിന് നല്ല ജനപങ്കാളിത്തം ലഭ്യവുമാണ്.

15. കൃഷിയിടങ്ങളിലേക്ക് ജനപങ്കാളിത്തോടെ ഫാം റോഡുകൾ നിർമ്മിക്കണം.

16. വിള ഇൻഷൂറൻസ് വ്യാപകമാക്കുകയും എക്കാലത്തും വിളനാശം സംഭവിക്കില്ല എന്നതുകൊണ്ട്പ്രീമിയതുകകുറയ്ക്കുകയും വേണം.

17. മലയോരപ്രദേശളിലെ കാർഷികവിളകളെ കാട്ടുമൃഗങ്ങളുടെ ആക്രമണത്തിൻനിന്നു രക്ഷിക്കാൻ സൗരവൈദ്യുത കമ്പിവേലി നിർമ്മിക്കാനാവശ്യമായ സോളാർ പാനൽ മലേയോര കർഷന് സബ്സിഡിയോടുകൂടി ലഭ്യമാക്കണം.

18. കെണ്ടക്കാമല പാങ്ങോടുമല എന്നിവടങ്ങളിൽ ഔഷധസസ്യതോട്ടങ്ങൾ നിർമ്മിക്കാൻ സാദ്ധ്യതയുണ്ട് നിരവധി പേർക്ക് തൊഴിലവസരം സൃഷ്ടിക്കാൻ അതുവഴി സാധിക്കും.

19. മുന്നാം വിളയിറക്കാൻ സാദ്ധ്യതയില്ലാത്ത 6 ാം വാർഡിലെ തരിശുപാടത്തും.

പഞ്ചായത്തിലെ വിവിധപ്രദേശങ്ങളിലെ അത്തരം വയലുകളിലും പച്ചക്കറികൃഷികൾക്ക് സാദ്ധ്യതയുണ്ട് താൽപര്യമുള്ളകർഷകർക്ക് വയ്പാ സൗകര്യവും ജലസേചനസൗകര്യവും ലഭ്യമാക്കി പ്രോത്സാഹിപ്പിക്കണം.

20 ജലസത്രോസ്സുകളും സംഭരണികളുമായ പാടശേഖരങ്ങളിലെ ചെറുതും വലുതുമായ ഏല്ലാ കുളങ്ങളും കർഷകരുടെ ശ്രമദാനംവഴിയും പഞ്ചായത്തിൻെറ സാമ്പത്തികസഹായത്തോടെയും സംരക്ഷിക്കണം.

21. മൈനർ ഇറിഗേഷൻെറ കീഴിലുള്ള പൂഞ്ചോല, ആനമൂളി, പാമ്പൻതോട്, കനാലുകൾ ഒരോ വർഷവും, നികന്നു പോകുന്നത് തടയാൻ ശാശ്വതപരിഹാരം കാണുകയും ഗുണഭോക്താക്കൾക്കു മുഴുവൻ ജലലഭ്യതഉറപ്പാക്കുകയും ചെയ്യണം. ഇത് പൂർണ്ണജനപങ്കാളിത്തത്തോടെ നടപ്പാക്കാവുന്നതാണ്.

22. വെറ്റിലചോല, ഇരുമ്പകചോല, പൂഞ്ചോലപ്രദേശങ്ങളിൽ മണ്ണൊലിപ്പും, മലയിടിച്ചിലും രൂക്ഷമായ സ്ഥലങ്ങളിൽ പശ്ചിമഘട്ട വികസന പദ്ധതിയുടെ ഭാഗമായി നീർമറിസ്ഥലങ്ങൾ പൂർണ്ണമായും ബണ്ടുകെട്ടി സംരക്ഷിക്കണം. വനമേഖലയിൽ കാട്ടുചോലകളുടെ ഇരുപാർശ്വങ്ങളിലും ഓട, മുള എന്നിവ വച്ചുപിടിപ്പിക്കുകയും, വനവൽക്കരണം പൂർണ്ണമാക്കുകയും വേണം.

23. നെൽപ്പാടങ്ങൾക്ക് ഭീഷിണിയാകുന്ന വയലുകളിലെ തോടുകൾക്ക് ഘട്ടം ഘട്ടമായി പാർശ്വഭിത്തികൾകെട്ടിവയലുകൾ സുരക്ഷിതമാക്കണം

24. കാഞ്ഞിരപ്പുഴ വലതുകനാലിൽ നിന്നും ഫീൽഡ്ബൂത്തികൾ നിർമ്മിക്കാൻ നടപടി വേണം, നിലവിലുള്ളവ സംരക്ഷിക്കണം കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ കാർഷികപുരോഗതി ലക്ഷ്യം വെച്ചു കൊണ്ടു സാദ്ധ്യതക്കനുസരിച്ച് നിർദ്ദേശങ്ങളാണ് ഇവിടെ പ്രതിപാദിച്ചിട്ടുള്ളത്. ജനപങ്കാളിത്തത്തോടുകൂടി ആസുത്രണപ്രക്രിയആരംഭിച്ചാൽ കാർഷികരംഗത്ത് വൻപുരോഗതി കൈവരിക്കാനാകുമെന്നതിൽ രണ്ടു പക്ഷമില്ല.

# 2 മൽസ്യമേഖല

കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ ജനസംഖ്യയിൽ 97% പേരും മാംസ്യാഹാരം ഉപയോഗിക്കുന്നവരാണ്. മൽസ്യമേഖലയുടെ പ്രാഥമിക ഘടകങ്ങൾ ജലസമ്പത്തും മൽസ്യസമ്പത്തും മനുഷ്യവിഭവവുമാണ് അടിയന്തരമായ സംരക്ഷണവും ശ്രദ്ധയും ഇടപെടലും അനിവാര്യമായ നദികളും തോടുകളും കുളങ്ങളും ജലസംഭരണിയും കനാലും പാടശേഖരങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്.

മൽസ്യമേഖലയിലെ വികസനപ്രവർത്തനങ്ങൾ പ്രധാനമായ മറ്റുമേഖലകളെ കൂടി ഉൾപ്പെടുത്തകൊണ്ടായിരിക്കണം. മത്സ്യകൃഷി എന്നീ മേഖലകളിലെ ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രിതമായ പദ്ധതികൾ ആവിഷ്കരിക്കപ്പെട്ടെങ്കിലെ ഈ രംഗത്തെ സമഗ്രവികസനം സാധ്യമാക്കാൻ കഴിയൂ.

നമുക്ക് താരതമ്യേന വിലകുറഞ്ഞ മാംസ്യവസ്തുക്കൾ യഥേഷ്ടം ലഭിക്കുന്നത് മൽസ്യമേഖലയിൽ നിന്നാണ്. നമ്മുടെ പ്രതിശീർഷമാംസ്യ ഉപഭോഗത്തിൻെറ 70%വും ലഭിക്കുന്നത് മൽസ്യത്തിലൂടെയാണെന്നിരിക്കെ നമ്മുടെ പഞ്ചായത്തിന്റെ മൽസ്യ കൃഷിയോ മൽസ്യവ്യസായമോ തെഴിലാക്കിയ ആരും തന്നെ ഇല്ല എന്നതാണ് വസ്തുത എന്നാൽ എതാണ്ട് 100 പേർ ഈ പഞ്ചായത്തിൽ മൽസ്യവിപണന രംഗത്തും ഒരു നാമമാത്രവും ചെറുതായ മൽസ്യവിപണന കോന്ദ്രവും കൂടി പഞ്ചായത്തിൻെറ ആഭ്യന്തരമാംസ ഉപഭോഗത്തിന് പരിഹാരം കണ്ടെത്തുന്നു. പഞ്ചായത്തിൻെറ മാംസ്യഉപഭോഗത്തിൻെറ വ്യക്തമായ കണക്ക് അന്യത്ര ചർച്ചചെയ്യപ്പടുന്നുണ്ട്.

## നമ്മുടെ ജലാശയങ്ങൾ

26 കി. മി. പുഴയോരവും 70.82 ച.കി.മി. വിസ്തൃതിവരുന്ന കാഞ്ഞിരപ്പുഴ ജലസംഭരണിയും മലമ്പ്രദേശത്തെ പർവതനിരകൾക്കിടയിലായി സ്ഥിതിചെയ്യുന്ന വിസ്തൃതവും ശുദ്ധജല ലഭ്യതയുള്ളതുമായ ഭൂപ്രദേശവും ഉൾപ്പെടുന്നതാണ് പഞ്ചായത്തിൻെറ ജലസമ്പത്ത്. ഇതിനും പുറമേ വേണ്ടത്ര ശ്രദ്ധയും ഗൗരവവും ഇല്ലാത്തതുകൊണ്ട് നഷ്ടപ്പെട്ടതും നഷ്ടപ്പട്ടുകൊണ്ടിരിക്കുന്നതുമായ ധാരാളം കുളങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്.

## ഉത്പാദന വിപണനമേഖലകൾ

പഞ്ചായത്തിൽ ശാസ്ത്രീയമായ രീതിയിൽ മൽസ്യം വളർത്തുന്നതും വിപണനം നടത്തുന്നതും കാഞ്ഞിരപ്പുഴ റിസർവോയർ ഫിഷറീസ് സഹകരണസംഘമാണ് 1989 ൽ രൂപീകൃതമായ ഈ സംഘത്തിൻെറ പ്രവർത്തനം മെച്ചപ്പെട്ടതാണെന്ന്. പറയാൻവയ്യ പഞ്ചായത്തിൽ ഈ തൊഴിലിൽ എർപ്പെട്ടുകഴിയുന്ന 40 പേർ മാത്രമാണുള്ളത്.

എന്നാൽ പഞ്ചയാത്തു ആഭ്യന്തര ഉപഭോഗത്തിൽ ആവശ്യമായ മൽസ്യം റ്റ് ജില്ലകളിൽനിന്നും സംസ്ഥാനത്തുനിന്നും പ്രധാനമൽസ്യം മറ്റ് ജില്ലകളിൽനിന്നും സംസ്ഥാനത്തുനിന്നും പ്രധാനമൽസ്യംവാണജ്യകേന്ദ്രമായ മണ്ണാർക്കാട് എത്തിയ ശേഷം കുറഞ്ഞതോതിൽ മൽസ്യംവാങ്ങി വിപണനം നടത്തുന്ന 100 പേരും പഞ്ചായത്തിൽ ഉണ്ട്.365 ദിവസവും മൽസ്യവിപണനവും ഉപഭോഗവും നടക്കുന്ന ഈ പഞ്ചായത്തിൽ ശാസ്ത്രീയമായി രീതിയിൽ ആസൂത്രിതമായി ജലകൃഷിആരംഭിക്കാൻ പഞ്ചായത്തിൻെര ആഭ്യന്തരഉപഭോഗത്തിനുവേണ്ട മത്സ്യം

ഉത്പദിപ്പിപിക്കുന്നതിനും അതുവഴി സാമ്പത്തിക ചോർച്ച ഒഴിവാക്കാനും കഴിയും. കഴിഞ്ഞ ഒരു വർഷക്കാലം പഞ്ചായത്തിലെ മൽസ്യ ഉപഭോഗത്തിൻെറയും വിപണനത്തിന്റെയും കണക്ക് താഴെ ചേർക്കുന്നു.

| | അയല | മത്തി | പുഴമീൻ | അയല | മറ്റ് മീനുകൾ |
|---|---|---|---|---|---|
| ജനുവരി | 1500 | 900 | | | |
| ഫെബ്ര | | | 500 | | |
| മാർച്ച് | | | 400 | | |
| എപ്രിൽ | | | 450 | | |
| മെയ് | | | 600 | | |
| ജൂൺ | 150 | 200 | 700 | | |
| ജൂലായ് | 250 | 100 | 700 | | |
| ആഗസ്റ്റ് | 1100 | 600 | | 1200 | 600 |
| സെപ് | 1100 | 600 | | 1200 | 600 |
| ഒക്ടോ | 1100 | 600 | | 1200 | 500 |
| നവംബ | 1200 | 600 | | 1200 | 600 |
| ഡിസം | 1800 | 900 | | | |
| | 8200 | 4500 | 3350 | 4800 | 2300 |

12 മാസങ്ങളായി 8200 കിലോ അയലയ്ക്ക് 4500 കിലോ മത്തിയും ൽ3350 കിലൊ പുഴ മീനുകളും ഉപയോഗക്കുന്നു. അയല, മത്തി എന്നിവയുടെ സീസൺ ആഗസ്റ്റ്, സെപ്ത, ഓക്ടോ, നവംബർ എന്നീ മാസങ്ങളാണം ഈ കാലത്ത് അയലയ്ക്കും, മത്തിയ്ക്കും കിലോക്ക് 10 കയാണ് വില, കടൽ മീൻ കിട്ടാത്ത ജൂൺ, ജൂലൈ മാസങ്ങളിലാണ് എറ്റവും കൂടതൽ പുഴമീൻ ഉപയോഗിക്കുന്നത്. പാലക്കാട്, ,തുതാ, പെരിന്തൽമണ്ണ മൈസൂർഡാം എന്നിവിടങ്ങളിൽ നിന്നാണ് ഇത് വരുന്നത്. ഒരു വർഷത്തെ മാംസ്യഉപയോഗത്തിനായി രൂപയാണ് വ്യക്തമായ ആസൂത്രണവും സ്വയം പര്യാപ്തതയും ഇല്ലാത്തതുകാരണം നമ്മുടെ പഞ്ചായത്തിന് നഷ്ടപ്പെടുന്നത്.

## ആസുത്രണം എങ്ങിനെ ?

1. പഞ്ചായത്തിൽ നശിച്ചതും നശിച്ചുകൊണ്ടിരിക്കുന്നതുമായ കുളങ്ങൾ സ്രക്ഷിക്കുകയും, സ്വകാര്യകുളങ്ങളെ പൊതുകുളങ്ങളായി എറ്റെടക്കുകയോ, പാട്ടത്തിന് പഞ്ചായത്ത് ഏറ്റെടുക്കുകയോ ചെയ്യണം.
2. പഞ്ചായത്തിൻേറ കാലാവസ്ഥയ്ക്കും സാഹചര്യത്തിനും അനുഗതമായ നല്ലയിനം ബ്രീഡുകളെ സംഭരിക്കുകയോ, ഉല്പാദിപ്പിക്കുകയോ ചെയ്യുക.
3. ഈ പ്രവർത്തനത്തിന് നേതൃത്വം നല്കുന്നതിന് കാഞ്ഞിരപ്പുഴ ഫിഷറീസ് സംഘത്തെ ചുമതലപ്പെടുത്തുകയും ജീവനക്കാർക്കും മത്സ്യതെഴിലാളികൾക്കും ഇതിനെക്കുറിച്ച് വേണ്ടത്ര വിജ്ഞാനം പകർന്നുകൊടുക്കുകയും ചെയ്യുക.
4. മത്സ്യം വളർത്തലിൽ താല്പര്യവും തയ്യാറുമുള്ള തൊഴിലില്ലാത്ത ചെറുപ്പക്കാരെ ഒരോ പ്രദേശത്തും ഗ്രുപ്പുകളാക്കി പഞ്ചയത്തിൽ റജിസ്റ്റർചെയ്യിക്കുക.

5. ഒരോഗ്രൂപ്പിനും, പദ്ധതി ആരംഭത്തിൽതന്നെ മത്സ്യകൃഷി, മത്സ്യവ്യവസായം എന്നിവയെപ്പറ്റി പഠനക്ലാസുകൾ നല്കുകയും. ഒമ്പതാം പദ്ധതിയിൽ തുകവകയിരുത്തികൊണ്ട് ഒരോഗ്രൂപ്പിനും മൽസ്യകൃഷിക്ക് അനുയോജ്യമാം വിധം ഗ്രൂപ്പ്കളുടെ മനഷ്യാധ്വാനം സമാഹരിച്ചുകൊണ്ട് മാതൃകാശുദ്ധജലമത്സ്യ വളർത്തു കുളമാക്കിമാറ്റുക.

6. ഈ കുളങ്ങളെ വിത്യസ്ഥഭാഗങ്ങളാക്കിതിരിച്ചുകൊണ്ട് ഏറെ ശ്രദ്ധയും പരിചരണവും ആവിശ്യമുള്ള അലങ്കാരമത്സ്യങ്ങളെയും മറ്റ ശുദ്ധജല മത്സ്യങ്ങളെയും വളർത്താൻ വേണ്ട കുഞ്ഞുങ്ങളെ നല്കുക.

7. ഇത്തരം പദ്ധതിക്കാവിശ്യമായ തുക ഓരോഗ്രൂപ്പിനും തുല്യഉത്തരവാദിത്വത്തിൽ ഉപാദിരഹിത മൂലധനമായി നല്കുക.

8. ഇങ്ങനെ ഉത്പാദിപ്പിക്കപ്പെടുന്ന അലങ്കാരമത്സ്യം വിപണനസൗകാര്യാർത്ഥവും നല്ലയിനം ബ്രീഡുകളെ ഉല്പാദിപ്പിക്കുന്നതിനും സൂക്ഷിക്കുന്നതിനുമായി കാഞ്ഞിരപ്പുഴ റിസർവോയർ പരിസരത്ത് ഒരുനവീന ഫിഷ്അക്വറിയം നിർമ്മിക്കുക.

## ജലകൃഷിയുടെ ആവശ്യകത

ജലവിഭവങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് അതിരുകടന്ന വിഭവചൂഷണമോ മൽസ്യബന്ധനമോ ഒരിക്കലും അഭികാമ്യമല്ല. എന്നാൽ ശാസ്ത്രീയമായ രീതികളനുസരിച്ച് കൃഷി ചെയ്ത് ഇവയുടെ ഉത്പാദനത്തിനും വർദ്ധനത്തിനും നമുക്ക് സ്വീകരിക്കാവുന്ന മാർഗ്ഗം ജലകൃഷിതന്നെയാണ്.

ജലകൃഷിയെകുറിച്ച് വ്യക്തമായ ധാരണകൾ സാധാരണക്കാരനില്ലാത്തതുകൊണ്ട് ഈ മേഖലയിലേക്ക് ആളുകൾ കടന്നു വരുന്നില്ലെന്നത് ശ്രദ്ധേയമാണ്. പഞ്ചായത്തിന്റെ ഭൂപ്രകൃതിപരമായ പ്രത്യേകതകളും ജലാശയങ്ങളുടെ പ്രത്യേകതകളും അടിസ്ഥാനപ്പെടുത്തി പ്രധാനമായും നാലുപ്രദേശങ്ങളുമാണുള്ളത്. ഇതിൽ നമ്മുടെ പഞ്ചായത്ത് ശുദ്ധജലപ്രദേശങ്ങൾ എന്നതിലാണ് ഉൾപ്പെടുക.(Fresh water Area) ലവണാംശമില്ലാത്ത ജലത്തെയാണ് ശുദ്ധ ജലം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. നമ്മുടെ പഞ്ചായത്തിലെ മുഴുവൻജലസ്രോതസുകളും ഇത്തരത്തിൽജലകൃഷിക്കായി പ്രയോജനപ്പെടുത്താൻ കഴിയും ശുദ്ധജലമത്സ്യകൃഷിക്കുപുറമേ, കൊഞ്ച്, കക്ക, തവള, ആമവളർത്തൽ, ജലസസ്യകൃഷി എന്നിവയും നമ്മുടെ പഞ്ചായത്തിലെ ജലാശയങ്ങൾ ഉപയോഗിച്ച്,സാമ്പത്തികഭദ്രതയും തെഴിലവസരങ്ങളും സൃഷ്ടിക്കാൻ ഉതകുന്നമേഖലയാണ്. നാമതുപ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു.

ശുദ്ധജലലഭ്യതയും പ്രകൃതിദത്തജലാശയവും മനുഷ്യനിർമ്മിത ജലാശയങ്ങളുമുള്ള നമ്മുടെ പഞ്ചായത്ത് ഉൾനാടൻപഞ്ചായത്തായി വിവക്ഷിക്കപ്പെടുന്നു.

## ജലകൃഷിയുടെ സാങ്കേതികതകൾ

ജന്തുക്കളുടെയും ജലസസ്യങ്ങളുടെയും കൃഷിനടത്തുന്നതിന് ഏറെ ശ്രദ്ധയും പരിചരണവും ആവശ്യമാണ്. ശാസ്ത്രീയമായ അറിവും സാങ്കേതികവിജ്ഞാനവും ഉണ്ടങ്കിലേ ഇത് നിർവഹിക്കാൻകഴിയൂ.

ശാസ്ത്രീയമായ കൃഷിരീതികൾതന്നെ പലവിധമുണ്ട്. ഇതിൽ താഴെപറയുന്ന രണ്ടുതരം കൃഷി നമ്മുടെ പഞ്ചായത്തിൻെറ കാലാവ്സ്ഥയ്ക്കും സാധാരണക്കാരൻെറജീവിത സാഹചര്യത്തിനും അനുയോജ്യമാകും.

1. പലയിനം ജീവികളെ ഒരേ കുളത്തിൽ ഒരുമിച്ച് കൃഷിചെയ്യലാണ് ബഹുവർട്ടകൃഷിഎന്നു പറയാം.
2. മറ്റൊന്ന് കൃഷിക്കുളത്തിൽ ജീവികളെ ഒരുമിച്ച് സംഭരിക്കുകയും ഒരു നിശ്ചിത കാലയളവിന് ശേഷം പൂർണ്ണവളർച്ചയെത്തിയവയെ മാത്രം പിടിച്ചെടുത്ത ശേഷം അതേ കുളത്തിൽ മറ്റുള്ളവയോടൊപ്പം വീണ്ടും കുഞ്ഞുങ്ങളെ സംഭരിച്ച് കൃഷിതുടരുന്ന തുടർകൃഷിപരിപാടിയും.

ശരിയായ സ്ഥലം വിനിയോഗവും ഉത്പാദന വർദ്ധനവുംമാണ് ജനകീയാസൂത്രണത്തിൻെറ ഭാഗമായ ജലകൃഷിയുടെ അടിസ്ഥാനമെന്ന വികസനകാഴ്ച്ചപാടിലേക്ക് നാം ഉയരണം.

## നമുക്കനുയോജ്യമായചില മൽസ്യകൃഷികളും മാതൃകകളും

### 1. ശുദ്ധജല മൽസ്യകൃഷി.

ശുദ്ധമായ മൽസ്യകൃഷിക്കനുയോജ്യമായ ധാരാളം മൽസ്യഇനങ്ങളുണ്ട്. ഇതിൽ വളരെ വേഗം വളരുന്ന കാർപ്പ് മൽസ്യങ്ങൾ എറെ മുന്നിലാണ്. ഇന്ത്യൻമേജർ കാർപ്പുകൾ എന്നറിയപ്പടുന്ന കറ്റ്ല, രോഹിത, മൃഗല, മത്സ്യങ്ങളും വിദേശകാർപ്പുകളെന്നറിയപ്പെടുന്ന പുൽമീൻ, വെള്ളമീൻ,സിപ്രിന എന്നിവയും നമുക്കുപയോഗിക്കാൻ കഴിയും. ഇതിൽ കറ്റ്ല, മൃഗല എന്നിവ ഡാം റിസർവോയറിൽ വളർത്തുന്നുണ്ട്. ഈ ആറുതരം മൽസ്യങ്ങളെ ചേർത്തുള്ള സമ്മിശ്രകൃഷി നമുക്ക് ഏറെ ലാഭകരമാകും.

അതുപോലെ നാടൻ മൽസ്യ ഇനങ്ങളായ വരാൽ, പൂച്ചമൽസ്യങ്ങൾ, സൂപ്പർഫിഷ് എന്നറിയപ്പെടുന്ന ചെന്തിലാപ്പിയ, നമ്പൂതിരിമൽസ്യം എന്നറിയപ്പെടുന്ന ഗൗരാമി എന്നീ ഇനങ്ങളും നമുക്ക് ഏറെ ലാഭകരമാണ്.

### 2. തവളകൃഷി

കാർഷിക, ജൈവ മേഖലയിലെ കാതലായ പരിവർത്തനത്തിനുതകുന്ന തവളകൃഷിയെ പോത്സാഹിപ്പിക്കേണ്ടതും, നടപ്പാക്കേണ്ടതും **മാംസ്യാഹാരത്തിന്റെ** സ്വയംപര്യാപ്തതയിലേക്കെത്തിക്കന്നതിനോടൊപ്പം കാർഷികമേഖലയുടെ അസൂത്രിതവികസനത്തിനും അനുപേക്ഷിണീയമാണ്.

ജലകൃഷിയിൽ നാം ഏറെ പ്രധാനത്തോടെ കാണെണ്ട ഈ ജലജീവി ഇന്ന് അന്യം നിന്ന് കൊണ്ടിരിക്കുന്നു. ജലജീവികളിൽപെട്ട ഈ പച്ചതവളയും മഞ്ഞതവളയും കൃഷി ചെയ്യാൻ പ്രത്യേകകൃഷിപാടങ്ങൾ ആവശ്യവുമില്ല. തവളകളുടെ പ്രേരിത പ്രജനനത്തിനും കുഞ്ഞുങ്ങളെ വളർത്തുന്നതിനുമുള്ള ഹാച്ചറി റിയറിംഗ് സംവിധാനവുംവളർത്തുകുളങ്ങളും പഞ്ചായത്ത് തലത്തിൽ സജ്ജമാക്കേണ്ടത് ആവശ്യമാണ്.

### 3. അലങ്കാരമത്സ്യകൃഷി

അഴകും ഭംഗിയുമുള്ള അലങ്കാരമത്സ്യങ്ങളെ വളർത്തുകയും,വിപണനം നടത്തുകയും വഴി **നല്ല ആദായം നേടാൻകഴിയുമെന്ന വാസ്തവം നാം വേണ്ടത്ര** മനസ്സിലാക്കിയിട്ടില്ല. അലങ്കാരമത്സ്യങ്ങളിൽ ഗോൾഡ് ഫിഷ്, എയ്ഞ്ചൽ, മോളി, ഗൊരാമി, മിനോ, ടെട്രാ, അക്കാര, ഗപ്പി, സീബ്രാ പ്ലാറ്റി തുടങ്ങിയവയൊക്കെ നമ്മുടെ നിയന്ത്രിത സാഹചര്യങ്ങളാൽ വളർത്തിയെടുക്കാനും വിപണനം നടത്താനും കഴിയുന്നവയാണ്. ചെറുഫാമുകളുണ്ടാക്കി വർണ്ണമൽസ്യങ്ങളെ വാണിജ്യാ

ടിസ്ഥാനത്തിൽ ഉൽപാദിപ്പിക്കാം.

നമ്മുടെ പഞ്ചായത്തിന് അനുയോജ്യമായ ചില മൽസ്യകൃഷിമാതൃകകളാണ് നാട്ടിൻകുളം, മൽസ്യഗ്രാമം, മൽസ്യചിറ, മൽസ്യസംഭരണി, മൽസ്യവളപ്പുകൾ വീട്ടുകളും, സാമൂഹ്യകൃഷി ഒഴുക്കുജല മൽസ്യപദ്ധതി തുടങ്ങിയവ.

## മൽസ്യകാർഷികമേഖലയിൽ ആവിഷ്കരിക്കാവുന്ന അനുബന്ധ സംരംഭങ്ങൾ

മൽസ്യകാർഷിമേഖലയിൽ കൃഷി സംരംഭങ്ങളുടെ വിജയകരമായ നടത്തിപ്പിന് ഈ മേഖലയുമായി ബന്ധപ്പെടുത്തി മറ്റ് പല സംരംഭങ്ങളും ആരംഭിക്കുവാൻ കഴിയും ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇത് ഉപകാരപ്രദമാകും അവയിൽ ചിലത്.

### 1. മൽസ്യവിത്തുൽപാദനകേന്ദ്രങ്ങൾ (fish hatcheries)

നല്ലയിനം വളർത്തുമൽസ്യങ്ങളുടെ കുഞ്ഞുങ്ങളെ വാണിജ്യാടി സ്ഥാനത്തിൽ ഉൽപാദിപ്പിക്കുന്ന കേന്ദ്രങ്ങളാണിത്

### 2. അക്വാസ്റ്റോറുകൾ (Aqua stores)

മൽസ്യകൃഷിക്കാർക്കാവിശ്യമായ സാധനങ്ങളും സാമഗ്രഹികളും വിതരണം ചെയ്യുന്നതിന് തുടങ്ങാവുന്ന കച്ചവടസംരംഭമാണിത്. വളം,തീറ്റവിവിധയിനം കാർഷി കുക ഉപകരങ്ങൾ മലകൾതുടങ്ങി മത്സ്യകൃഷിക്കാർക്കാവിശ്യമായ സാധനങ്ങൾ ശേഖരിക്കാം.

### 3. അക്വാസർവ്വീസുകൾ ക്ലബുകൾ (Aqua service clubs)

മൽസ്യകർഷകർക്കാവശ്യമായ സാങ്കേതിക ഉപദേശം പ്രാജക്റ്റ് റിപ്പോർട്ട് ഉണ്ടാക്കൽ, സ്ഥലപരിശോധന, മണ്ണ്, വെള്ളം, തീറ്റ, എന്നിവയുടെ ഗുണപരിശോധന, മൽസ്യ രോഗ നിവാരണം തുടങ്ങിപലതും ഈ ക്ലബുകൾ മുഖേന നടപ്പാക്കാം.

### 4. ഫിഷ് ഫീഡ് യൂണിറ്റ് (Fish Feed unit )

ചെറുകിട കുടിൽ വ്യവസായ സംരംഭമായി, മൽസ്യങ്ങൾക്കാവിശ്യമായിലഭിക്കുന്ന വസ്തക്കൾ ഉപയോഗിച്ച് നിർമ്മിക്കുന്ന യുണിറ്റാണിതു കൊണ്ട് ഉദ്ദേശക്കുന്നത്. സ്ത്രീകളുടെ തൊഴിൽ സംരംഭമായും ഇതെറ്റടുക്കാം.

ഇതുപോലെ അക്വാപെറ്റ് ഷോവ്സ്, അക്വ ഇൻഡസ്ട്രീസ് തുടങ്ങിയവയം അനുബന്ധമേഖലകളായി പരിപോഷിപ്പിച്ചു കൊണ്ട് മൽസ്യരംഗത്തെ വികസനം സാധ്യമാക്കാനാവും.

# 3 മൃഗസംരക്ഷണ മേഖല

കാഞ്ഞിരപ്പുഴ പഞ്ചായത്തിൽ മൃഗസംരക്ഷണ മേഖലക്ക് ഗണ്യമായ സ്ഥാനമാണുള്ളത്. സമഗ്രമായ ആസൂത്രണതന്ത്രം ആവിഷ്കരിക്കപ്പെട്ടാൽ ഈ മേഖലയുടെ സമഗ്രവികസനത്തിനു അതുവഴി സാമ്പത്തികനേട്ടവും തൊഴിൽലഭ്യതയും വർദ്ധിപ്പിക്കുവാൻ കഴിയുമെന്നത് നിസ്തർക്കമാണ്.

കേവലം പാലുൽപ്പാദനത്തിൽ മാത്രം ഊന്നിനിന്നുകൊണ്ടുള്ള വികസനരീതിയാണ് പഞ്ചായത്തിൽ ഇതുവരെയും നിലനിന്നുപോന്നിട്ടുള്ളത്. എന്നാൽ പോഷക പ്രധാനമായ പാൽ, മുട്ട മാംസം എന്നിവയുടെ ഉത്പാദനം വ്യവസായികാവശ്യത്തിനുള്ള എല്ല്, തുകൽ ഓസീൻ, ജലാറ്റിൻ കൊഴുപ്പ്, എന്നിവയുടെ ലഭ്യത, ഔഷധവ്യവസായത്തിനുള്ള ഹോർമോൺ, വാക്സീൻ, എൻസൈമുകൾ, പരീക്ഷണശാലയിലേക്കുള്ള മൃഗങ്ങൾ എന്നിവയെല്ലാം മൃഗസംരക്ഷണ മേഖലയുടെ വികസനസാധ്യതകളാണ്.

പൊതുജനാരോഗ്യത്തെസംബന്ധിക്കുന്ന ജന്തുജന്യരോഗങ്ങളായ പേ വിഷബാധ, ബ്രുസല്ലേസിസ്, എലിപ്പനി അഥവാ ലെപ്റ്റേസ്പൈറോസിസ് എന്നിവയുടെ നിയന്ത്രണവും, നിർമാർജനവും, കൂടാതെ വെറ്ററിനറി മാംസ പരിശോധനയിലൂടെ ശുദ്ധമായ മാംസോല്പാദനം തുടങ്ങിയ പൊതുജനാരോഗ്യത്തെ സംബന്ധിക്കുന്ന സേവനങ്ങളും മൃഗസംരക്ഷണമേഖലയ്ക്ക് ചെയ്യാൻകഴിയും ജന്തുജന്യരോഗങ്ങളുടെ നിയന്ത്രണനിർമ്മാർജനരംഗത്തും ശാസ്ത്രീയമായ മാംസോല്പാദനത്തിലുടെ മാംസത്തിൽനിന്ന് പകരുവാൻ സാദ്ധ്യതയുള്ള വിവിധരോഗങ്ങൾ ഒഴിവാക്കുകവഴി പൊതുജനാരോഗ്യം സംരക്ഷിക്കുന്നകാര്യത്തിലും ഈ പഞ്ചായത്തിൽ ക്രിയാത്മകവും സമഗ്രവുമായ യാതൊരു നീക്കവും ഇതുവരെ നടത്തപ്പെട്ടിട്ടില്ല.

ഈ പഞ്ചായത്തിൽ ഉപയോഗിക്കുന്നതിനുള്ള മാംസത്തിനുള്ള മൃഗങ്ങളിൽ 60%ത്തിലധികവും അന്യസംസ്ഥാനങ്ങളിൽനിന്നാണ് വരുന്നത്. മുട്ടയുടെ കാര്യമെടുത്താൽ ഈ പഞ്ചായത്തിലെ മുഴുവൻ കമ്പോളസാധ്യതകളുംചൂഷണം ചെയ്യുന്നത് അയൽസംസ്ഥാനങ്ങളാണ്. ഇതുവഴി പഞ്ചായത്തിന് ഗണ്യമായ സാമ്പത്തികനഷ്ടം സംഭവിക്കുകയും തൊഴിൽസാദ്ധ്യതയില്ലാതാവുകയും ചെയ്യുന്നു. കാർഷിക മേഖലയ്ക്കാവിശ്യമായ ജൈവവളവും നിലമൊരുക്കുവാനും ഭാരം വലിക്കാനുമുള്ള വലിയൊരു അളവ് മൃഗശക്തിയും മൃഗസംരക്ഷണമേഖല ഈ പഞ്ചായത്തിന് സംഭാവന ചെയ്യുന്നുണ്ട്. പഞ്ചായത്തിൽ ലഭ്യമാകുന്ന ചാണകം ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിഞ്ഞാൽ അതിൽനിന്നും ലഭിക്കുന്ന ബയോഗ്യാസിലൂടെ ഈ പഞ്ചായത്തിലെ പാചകാവശ്യത്തിനും വെളിച്ചത്തിനുമുള്ള ഊർജ്ജത്തിൻെറ ഗണ്യമായ പങ്ക് സംഭാവന ചെയ്യാൻ കഴിയും ഇതുമൂലം പാചകത്തിന് വിറകിന് കൂടുതൽ ആശ്രയിക്കുന്നത് ഒഴിവാക്കുവാൻ പാവപ്പെട്ടവരുടെ വീട്ടിൽ വെളിച്ചത്തിന് വേണ്ടിയുള്ള തീരാത്ത കാത്തിരിപ്പ് ഒഴിവാക്കുവാനും സാധിക്കും.

*ഈ പഞ്ചായത്തിലെ 90% ത്തിലും മീതെ മൃഗസമ്പത്ത് സാമ്പത്തികമായി* ***പിന്നോക്കം*** *നിൽക്കുന്നവരുടെ കൈകളിലാണ്. ഈ രംഗത്തെ അദ്ധ്വാനം നിർവ്വഹിക്കുന്നത് ഏറിയപങ്കും വീട്ടമ്മമാരാണ്. ആയതുകൊണ്ട് മൃഗസംരക്ഷണമേഖലയുടെ ആശ്രിതവികസനം വഴി പഞ്ചായത്തിൻെറ ആഭ്യന്തര ഉല്പാതനം വർദ്ധിക്കുന്നതിനും, ദുർബലവിഭാഗങ്ങളുടെ നിത്യവരുമാനം ഉയർത്തുന്നതിനും, ഈ രംഗത്ത്*

പഞ്ചായത്തിന് സ്വയം പര്യാപ്തതയിലേക്ക് നീങ്ങുകവഴി സാമ്പത്തികചോർച്ച ഒഴിവാക്കുന്നതിനും യുവതിയുവാക്കൾക്ക് തൊഴിൽ ഉപതൊഴിൽ ലഭ്യതകൂട്ടുവാനും കഴിയും.

## പഞ്ചായത്തിലെ മൃഗസംരക്ഷണമേഖല

പണ്ടുമുതൽക്കേ ഈ പഞ്ചായത്ത് മൃഗസമ്പത്തിൻെറ കാര്യത്തിൽ മെച്ചപ്പെട്ടസ്ഥാനം നിലനിർത്തിപോരുന്നുണ്ട്. പക്ഷേ മുൻകാലങ്ങളിലെല്ലാം നമ്മുടെ കന്നുകാലികളുടെ ഉൽപാദനക്ഷമത കുറവായിരുന്നു. വളരെ ഏറെ പകർച്ചവ്യാധികൾ മുഖേന കഷ്ടനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പക്ഷേ കൃത്രിമ ബീജദാനത്തിൻെറയും,. പ്രതിരോധ കുത്തിവയ്പ് മുതലായ ശാസ്ത്രീയ സമീപനത്തിൻെറയും ഫലമായി പഞ്ചായത്തിലെ കന്നുകാലികളുടെ ഉൽപാദനക്ഷമത കൂട്ടുവാൻ കഴിഞ്ഞിട്ടുണ്ട്. ഉൽപാദനക്ഷമത കുറഞ്ഞനാടൻ പശുക്കളിൽ നിന്നും സങ്കരവർഗ്ഗം പശുക്കളെ ഉണ്ടാക്കിയേടുക്കുന്നതിന് കഴിഞ്ഞിടുണ്ട്. ഇപ്പോളുള്ള കാലിസമ്പത്തിൻെറ 75%വും ഉൽപാദക്ഷമതയുള്ള സങ്കരവർഗ്ഗം പശുക്കളാണ്.

പണ്ടുമുതൽക്കേ മൃസമ്പത്തിൻെറ ഏറിയ പങ്കും കൃഷിപണയ്ക്കും, ഭാരം വലിയ്ക്കുന്നതിനുമാണ് ഉപയോഗിച്ചിരുന്നത്. പാലുല്പാദനത്തിന് കറവമാടുകളും എരുമകളും ധാരാളമുണ്ടായിരുന്നു. ഈ പഞ്ചായത്തിൻെറ പഴയതലമുറയിൽപെട്ടവർ തങ്ങളുടെ കറവമാടുകളിൽനിന്ന്മൊന്തയിലും ചെറിയ പാത്രങ്ങളിലും പാൽ കറന്നെടുത്ത അനുഭവം ഇന്നും ഓർമ്മിക്കുന്നു. കുളമ്പുരോഗം കുരലടപ്പൻ എന്നീ രോഗങ്ങൾകാലാകാലമായി തങ്ങളുടെ മൃഗസമ്പത്തിനെഗണ്യമായ നഷ്ടം വരുത്തിയ അനുഭവങ്ങൾ ഇന്നും ഭീതിയോടെ ഇന്നാട്ടിലെ മുൻതലമുറക്കാർ ഓർക്കുന്നു. ആധുനിക ചികിത്സ സൗകര്യങ്ങൾ ലഭ്യമാകാതിരുന്ന അക്കാലത്ത് നാടടറിവുകളിൽ നിന്നു ലഭിച്ച വിവരങ്ങളനുസരിച്ചാണ് പശുക്കളുടെ ചികിത്സനടത്തിയിരുന്നത്. കുളമ്പുരോഗം വന്ന വ്രണങ്ങളിൽ പുളിയിലവെള്ളം ഒഴിക്കുക, ഉപ്പും ചാരവും ചേർത്ത് മുറിവുകളിൽ പുരട്ടുക, അടുപ്പിനു മുകളിലെ അട്ടക്കരിയും വെളിച്ചണ്ണയും ചേർത്ത് പുരട്ടുക മഞ്ഞളും ആര്യവേപ്പിലയും ചേർത്ത് പുരട്ടുക. തുടങ്ങിയ നാടൻചിക്തസാരീതികൾ കൂടാതെ മന്ത്രങ്ങൾ, പൂജകൾ, എന്നിവയും മൃഗങ്ങൾക്ക് രോഗം വാതിരിക്കുന്നതിന് വേണ്ടി അവലംബിച്ചുപോന്നിരുന്ന നാടൻ രീതികളാണ്. എന്നാൽ ഇവയിൽ ചില രീതികൾ ഇന്നും തുടർന്നുപോരുന്നുണ്ട്.

കഴിഞ്ഞ 20 വർഷത്തിനുള്ളിൽ ഈമേഖല കൈവരിച്ച പുരോഗതി വളരെ താൽപര്യത്തോടുകൂടിയാണ് പഴയതലമുറക്കാർ വീക്ഷിക്കുന്നത്. പണ്ടുകാലത്ത് ചെറിയ പാത്രങ്ങളിൽ പാൽ കറന്നിരുന്ന ഇവർ ഇന്ന് വലിയ ബക്കറ്റുകളിൽ ഉത്പാദന ക്ഷമതകൂടിയ സങ്കരവർഗ്ഗം പശുക്കളിൽനിന്നും പാൽകറന്നെടുക്കുന്ന സ്ഥിതി അഭിമാനത്തോടെ കാണുന്നു..

ഈ പഞ്ചായത്തിനോട് തൊട്ട് ഉരുമി കിടക്കുന്ന മണ്ണാർക്കാട് വെറ്റനറി ആശുപത്രിഉള്ളതു കൊണ്ട് ആധുനിക ചിക്തസാ സൗകര്യങ്ങൾ ഈ പഞ്ചായത്തിലുള്ളവർക്ക് തീരെ അപര്യാപ്തമെങ്കിലും ലഭിച്ചുതുടങ്ങി. കുളമ്പ് രോഗത്തിനെതിരെയുള്ള വിവിധപ്രതിരോധകുത്തി വെയ്പ്പുകൾ കാലാകാലങ്ങളിൽ കന്നുകാലികൾക്ക് നൽകിപോന്നു. ഉയർന്ന ജനുസുകളിൽപ്പെട്ട മൂരികൾ പശുക്കളുടെ വർഗ്ഗോദ്ധാരണത്തിനുള്ള ആദ്യപടിയായിരുന്നു. ക്രിതമ ബീജധാനം വഴി വർദ്ധോരണത്തിനുള്ള സാങ്കേതികവിദ്യ വളരെ ആവേശപൂർവ്വമാണ്

പഞ്ചായത്തിലുള്ളവർ സ്വീകരിച്ചത്.

ഈ പഞ്ചായത്തിൽ പശുവളർത്തൽ, ആട് വളർത്തൽ, എരുമവളർത്തൽ, അടുക്കളമുറ്റത്തെ കോഴിവളർത്തൽ എന്നീ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ നിലനിന്നുപോരുന്നുണ്ട്. പാലുൽപാദനത്തിനുവേണ്ടി പശുവളർത്തലിനുമാത്രമേ ശാസ്ത്രീയ സമീപനം ഉണ്ടാക്കിയിട്ടുള്ളു. എരുമവളർത്തൽ ക്രമേണച്ചുരുങ്ങി വന്നതായിട്ടാണ് കണ്ടുവരുന്നത്. വീടുകളിൽ നായക്കളെയും വളർത്തുന്നുണ്ട്.

## കഴിഞ്ഞ 10 മാസത്തിനുള്ളിൽ ആശുപത്രയിൽ ചികിത്സക്കെത്തിയ മൃഗങ്ങളുടെ രോഗവിവരങ്ങൾ

| രോഗങ്ങൾ | പശു | എരുമ | ആട് | കോഴി | പട്ടി |
|---|---|---|---|---|---|
| ദഹനസംബന്ധമായ | 1650 | 115 | 840 | | 125 |
| ശ്വാസകോശസംബന്ധം | 1250 | 50 | 1500 | 2250 | 45 |
| ഉപാപചയസംബന്ധം | 175 | 23 | 10 | | |
| ത്വക്രോഗങ്ങൾ | 180 | 7 | 25 | | 19 |
| ധാതു ലവണങ്ങളുടെ അഭാവം | 1000 | 40 | 250 | 175 | |
| പരാദരോഗങ്ങൾ | 1800 | 150 | 1500 | 2800 | 250 |
| പ്രത്യൂൽപാദനവ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 450 | 25 | 175 | | 21 |
| വന്ധ്യത | 125 | 10 | 50 | | 6 |
| അകിടുവീക്കം | 250 | 2 | 80 | | |
| മുടുന്തൻപനി | 350 | | | | |
| ആകെ | 7230 | 422 | 4430 | 5225 | 466 |

കാഞ്ഞിരപ്പുഴ മൃഗാശുപത്രി 1972 ൽ സ്ഥാപിതമായി

## കൃത്രിമ ബീജസങ്കലത്തെ കുറിച്ചുള്ള വിവരങ്ങൾ

| ഇനം | ആകെ | കൃത്രിമബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജധാനം നചത്തിയവ |
|---|---|---|---|
| പശു | 2266 | 1330 | 166 |
| എരുമ | 42 | 30 | |

പഞ്ചായത്തിലെ 80% കർഷകരും ആശുപത്രിയിലെ ബീജധാന സൗകര്യം പ്രയോജനപ്പെടുത്തുന്നു.

## പേവിഷബാധ പ്രതിരോധവും ചികിത്സയും

| വിവരം | പശു | ആട് | നായ |
|---|---|---|---|
| പ്രതിരോധകുത്തിവയ്പ്പ് നടത്തിയവ ചികിത്സനൽകിയവ | 63 | 12 | 25 |
| കുടിയേറ്റത്തിനുശേഷം കുത്തിവയ്പ്പ് നടത്തിയവ, ചികിത്സ നൽകിയവ | NIL | NIL | NIL |

### പഞ്ചായത്തിലെ മൃഗസംരക്ഷണസ്ഥാപനങ്ങൾ

1972 ൽ സ്ഥാപിതമായ ആശുപത്രിയിൽ ഒരു സ്ഥിരം ഡോക്ടറുണ്ട്, വിശാലമായ പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരവും നിർദ്ദേശവും നൽകുന്നതിന് കാഞ്ഞിരപ്പുഴ മൃഗാശുപത്രികൂടാതെ അംഗീകാരമുള്ള രണ്ട് ബീജധാനകോന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഒന്ന് വിയ്യകുറുശ്ശിയിലും മറ്റൊന്ന് ഇരുമ്പകചോലയിലും. ഈ രണ്ട് കേന്ദ്രങ്ങളും ക്ഷീരവ്യവസായ സഹകരണസംഘങ്ങളുടെ കൂടെയാണ്. എന്നാൽ സർക്കാർ അംഗീകാരമില്ലാത്ത ബീജധാന കേന്ദ്രം പൊറ്റശ്ശേരി ക്ഷീര സഹകരണസംഘത്തിൻെറ കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

## ആശുപത്രി ജീവനക്കാർ

| തസ്തിക | എണ്ണം |
|---|---|
| വെറ്ററിനറിസർജൻ | 1 |
| ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ | 1 |
| അറ്റൻൻെററ | 1 |
| പാർർട്ട് ടൈം സ്വീപ്പർ | 1 |

ആശുപത്രിക്ക് സ്വന്തമായി 25 സെൻെറ് സ്ഥലത്ത് കെട്ടിടമുണ്ട്. എന്നാൽ ഇപ്പോൾ ആശുപത്രി കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ടിൻെറ ക്വാർട്ടേഴ്സിൽ ആണ് പ്രവർത്തിക്കുന്നത്. സ്വന്തമായി സർക്കാർ സ്ഥലത്തുള്ള കെട്ടിടത്തിൻെറ യഥാസമയത്തുവേണ്ട അറ്റകുറ്റപണകളുടെ അഭാവവും അതിനുള്ള അധികൃതരുടെ ഭാഗത്തുനിന്നുള്ള അനാസ്ഥയും മൂലമാണ് ഈദുര്യോഗത്തിന് നിദാനം. മാത്രവുമല്ല

കാഞ്ഞീരപ്പുഴ പഞ്ചായത്തിന് ആകെയുള്ള ഈ ഒരാശുപത്രി സ്ഥിതിചെയ്യുന്നത് പഞ്ചായത്തിൻെറ ഒരു മൂലയിലാണ്.

ഇങ്ങനെ ആശുപത്രി പഞ്ചായത്തിൻെറ ഒരതിർത്തിയിലായതിനാൽ ഇപ്പോൾ നിലവിൽ ഈആശുപത്രികൊണ്ട് ഏറെ പ്രയോജനവും സൗകര്യങ്ങളും ലഭിക്കുന്നത അടുത്ത ഇ പഞ്ചായത്തിനാണ്. ഇത് ഈ ആശുപത്രിയിൽ, കുത്തിവെയ്പ്പിനും മറ്റ് ചിക്ത്സക്കുമെത്തുന്ന കന്നുകാലി കളെ കുറിച്ച് വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ നോക്കിയാൽ മനസിലാവുന്നുണ്ട്. അതിനാൽ സ്വന്തമായിട്ടുള്ള സ്ഥലത്തെ കെട്ടിടം ഉപയോഗപ്രദമാക്കി അതിലേക്കോ, അതുമല്ലെങ്കിൽ പഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും ഉപകാരപ്രദമാകുന്ന തരത്തിൽ പഞ്ചായത്തിൻെറ പ്രധാനവാണജ്യകേന്ദ്രവും സെൻെററുമായ കാഞ്ഞിരത്തേക്ക് മാറ്റുകയോ ചെയ്തെങ്കിലേ ഈ ആശുപത്രി കൊണ്ട് ഈ പഞ്ചായത്തിലുള്ളവർക്ക് ഉദ്ദേശിച്ച ഗുണം ലഭിക്കു...

മാത്രവുമല്ല ഒരാശുപത്രിക്ക് വേണ്ട പ്രാഥമിക സൗകര്യങ്ങൾ ഒന്നുംതന്നെ പഴയ സ്വന്തവും കെട്ടിടത്തിലോ, ഇപ്പോളത്തെ വാടകകെട്ടിടത്തിലോ ഇല്ല. ഓപ്പറേഷൻ തിയ്യറ്റർ,ലാബ് സൗകര്യങ്ങൾ, റഫ്രിജറേറ്റർ, മൈക്രോസ്കോപ്പ്, സ്റ്ററിലൈസർ, ഫോൺ, വാഹനം, കാർഷിക പരിശീലനഹാൾ എന്നീ സൗകര്യങ്ങൾ ആശുപത്രിയിൽ ലഭ്യമാക്കിയാൽ കർഷകർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാൻ സാധിക്കും.

ആശുപത്രിയിൽ ലഭ്യമാകുന്ന സേവനങ്ങൾ

1. കൃത്രിമ ബീജധാനം
2. വന്ധ്യതാനിവാരണം
3. പേ വിഷബാധക്കെതിരെയുള്ള കുത്തിവെയ്പ്പ്.
4. വിവിധ പദ്ധതികളുടെ നടത്തിപ്പ്
5. വിജ്ഞാന വ്യാപനം
6. രോഗങ്ങൾക്ക് ചികിത്സ
7. സർജറി
8. രോഗങ്ങൾക്കെതിരെയുള്ള കുത്തിവെയ്പ്പ്.

ഏറെ പരിമിതമായ സാഹചര്യങ്ങളും സൗകര്യങ്ങളും ഉപയോഗപ്പെടുത്തിയാണ് മേൽപറഞ്ഞ സേവനങ്ങൾ ആശുപത്രിയിൽ ലഭ്യമാകുന്നത്. ആശുപത്രിയുടെ അസൗകര്യങ്ങൾ മുഴുവനും താമസംവിനാ പരിഹരിക്കപ്പെടേണ്ടതുണ്ട്.

വിസ്തൃതികൊണ്ട് ഗണ്യമായ വലുപ്പവും, ഏറെ മൃഗസമ്പത്ത്മുള്ള ഈ പഞ്ചായത്തിൽ ഒരു വെറ്ററിനറിഡോക്ടറുടെ സേവനം അപര്യാപ്തമാണ്. ഇപ്പോൾ മുകളിൽ പറഞ്ഞ എല്ലാ സേവനങ്ങൾക്കും ഒരു വെറ്ററിനറി ഡോക്ടർമാത്രമേയുള്ളു. ഒരു ഡിസ്പെൻസറി കൂടി പഞ്ചായത്തിൽ സ്ഥാപിക്കപ്പെടുകയാണെങ്കിൽ കർഷ കർക്ക് മെച്ചപ്പെട്ടതും തക്കസമയത്തുള്ളതുമായ സേവനം കൂടുതൽലഭ്യമാക്കാൻ കഴിയും.

പഞ്ചായത്തിൽ കഴിഞ്ഞ പഞ്ചവത്സരപദ്ധതികാലത്ത്നടപ്പാക്കിയ സ്കീമുകൾ

1. വന്ധ്യതാ നിവാരണം
   കഴിഞ്ഞ 5 വർഷകാലത്തിനടക്ക് 2 ക്യാമ്പുകളാണ് നടത്തിയിട്ടുള്ളത്. ഇതിൽ മൃഗങ്ങളാണ് ഉണ്ടായത്.
2. രോഗരക്ഷാക്യാമ്പ്
   പഞ്ചായത്തിൽ കഴിഞ്ഞ പദ്ധതികാലത്ത് 5 ക്യാമ്പുകളാണ് നടത്തിയത്.
3. കോഴിവിതരണം
   280 കർഷകർക്ക് 3 മുട്ടകോഴികൾ വീതം കഴിഞ്ഞപദ്ധതകാലത്ത് വിതരണം ചെയ്തു.
4. പേ വിഷ നിർമാർജനപദ്ധതി
   112 പ്രതിരോധകുത്തിവയ്പ്പുകളാണ് നടത്തിയത്.

വന്ധ്യതമൂലം പശുക്കളിൽ 2 പ്രസവത്തിനിടയ്ക്ക് നഷ്ടപ്പെടുന്ന ഓരോ ദിവസത്തിനും കർഷകന് ഏകദേശം 30രൂപയുടെ അധികചിലവുണ്ടാകുന്നുണ്ട് ഇപ്പോൾ നിലവിലുള്ള വന്ധ്യതാനിവാരണപദ്ധതി അപര്യാപ്തമാണ്.വന്ധ്യതാനിവാരണത്തിന് സ്ഥിരം പദ്ധതിആവിഷ്കരിക്കപ്പെടേണ്ടതുണ്ട്. പഞ്ചായത്തിൽ ഒരോമാസത്തിലും മൂന്ന് ക്യാമ്പുകൾ വീതം നടത്തുന്നതിന് ബ്ലോക്കുതല വിദഗ്ധ സമിതിയെ ചുമതലപ്പടുത്തിയാൽ കർഷകനുണ്ടാകുന്ന ഭീമമായ സാമ്പത്തിക നഷ്ടം ഒഴിവാക്കാൻ സഹായകമാകും.

ഗുണനിലവാരം കുറഞ്ഞകോഴികുഞ്ഞുങ്ങളായതുകൊണ്ട് ഗണ്യമായ എണ്ണം കോഴികളും ചത്തുപോകാൻ ഇടയായിട്ടുണ്ട്. ഇവിടെ വിതരണം ചെയ്യുന്ന കോഴികളുടെ എണ്ണവും കുറവാണ്. കാലാകാലങ്ങളിൽ വാക്സിനേഷൻ നടത്താനുള്ള സംവിധാനവും ഏർപ്പെടുത്തണം.

## പാലുൽപാദന രംഗം

കാഞ്ഞിരപ്പുഴ പഞ്ചായത്തിൽ എകദേശം നാലുലക്ഷത്തിഎൺപതിനായിരം ലിറ്റർ പാലാണ് ഉത്പാദിപ്പിക്കുന്നത്. ഈ പാലിൻെറ മൂല്യം ഏകദേശം 52,80,000 രൂപയാണ്. ഉത്പാദിപ്പിക്കപ്പെടുന്ന പാലിൻെറ 44% പഞ്ചായത്തിനകത്തുതന്നെ വിറ്റഴിക്കപ്പെടുന്നു. 10 മുതൽ 20% വരെ ഉത്പാദകൻെറ വീട്ടിൽ ഉപയോഗിക്കുന്നു പാൽവിപണത്തിന് പഞ്ചായത്തിൽ സ്ഥിരസംവിധാനവുമുണ്ട് ഇരുമ്പകച്ചോല ക്ഷീരവികസനസംഘം പൊറ്റശ്ശേരി ക്ഷീരോൽപാദക സഹകരണസംഘം, വിയ്യകുറുശി ക്ഷീരോത്പാദക സഹകരണസംഘം എന്നിവയാണവ. അകിടുവീക്കം വന്ധ്യത, ഉത്പാദന രോഗങ്ങൾ എന്നിവ പാലുൽപാദന രംഗത്തെ വളർച്ചക്ക് വിഘാതങ്ങൾ ഉണ്ടാക്കുന്നുണ്ട്.

ഈ രംഗത്തെ വികസനത്തിനുവേണ്ടി മെച്ചപ്പെട്ട പാൽ വിപണന സൗകര്യം പുഷ്ടിപ്പെടുത്തുന്നതോടൊപ്പം താൽപര്യമുള്ളവർക്ക് പശുവളർത്തൽ പദ്ധതികളാവിഷ്കരിക്കുകയും അകിടുവീക്കം നിയന്ത്രിക്കുന്നതിന് ശാസ്ത്രീയമായ തൊഴുത്തുകളും, തൊഴുത്തുകളുടെ നിലം പുനർനിർമ്മിക്കുകയും ചെയ്യുക, ഉത്പാദനരോഗങ്ങൾ തടയുന്നതിനുവേണ്ടിയും മെച്ചപ്പെട്ട തീറ്റക്രമത്തെ കുറിച്ച്

കർഷകരെ പരിശീലിപ്പിക്കുന്നതിനുവേണ്ടിയും പദ്ധതികൾ ആവിഷ്കരിക്കുക, വന്ധ്യതാനിവാരണപദ്ധതികൾ ഊർജിതമായി നടപ്പാക്കുക. തീറ്റപുൽ കൃഷിചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക, എന്നീ കാര്യങ്ങൾ അടിയന്തിരമായി പരിഗണിക്കപ്പെടേണ്ടതുണ്ട്.

## മാംസോൽപാദനരംഗം

കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ 85% ത്തിൽ അധികം വരുന്നവരും മാംസം ഉപയോഗിക്കുന്നവരാണ്. ഈ പഞ്ചായത്തിൽ 10 അറവ്നടത്തുന്ന സ്ഥലങ്ങളുണ്ട്. എന്നാൽ ശാസ്ത്രീയമായി അറവുനടത്തുന്ന ഒരു അറവുശാലപോലും പഞ്ചായത്തിലില്ല. ഈ പഞ്ചായത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന മാംസം വേണ്ടത്ര ശുദ്ധമല്ല. ഇതിനുകാരണം അറവുനടത്തുന്നതിനു മുമ്പും അറവുനടത്തിയ തിനുശേഷവും മൃഗത്തെവിശദമായവെറ്ററിനറി പരിശോധനയ്ക്ക് വിധേയമാക്കാ ത്തതാണ്. ഈ പരിശോധനകൾ കൊണ്ട് രോഗംബാധിച്ച മൃഗങ്ങളെ ഒഴിവാക്കി ആരോഗ്യമുള്ള മൃഗങ്ങളെ അറവിനുവിധേയമാക്കിയതിനുശേഷം ശുദ്ധമായ മാംസം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുവാൻ സാധിക്കുന്നു. എന്നാൽ പഞ്ചായത്തിൽ ഈപരിശോധനകൾക്ക് യാതൊരുസംവിധാനവും നിലവിലില്ല. അനാരോഗ്യവും വൃത്തികെട്ടതുമായ ചുറ്റുപാടുകളിൽവച്ച് അറവുകൾനടത്തന്നതുമൂലവും വെറ്ററിനറി മാംസപരിശോധനയുടെ അഭാവവും മൂലം, ചത്തമൃഗങ്ങളുടെയും രോഗം ബാധിച്ച മൃഗങ്ങളുടെയും മാംസം വിറ്റഴിക്കപ്പെടാൻ സാധ്യതയുള്ളതു കൊണ്ട് ഇതിനെ വലിയൊരു പൊതുജനാരോഗ്യ പ്രശ്നമായി തന്നെ കാണേണ്ടിയിരിക്കുന്നു.

### പഞ്ചായത്തിൽ ഉത്പാദിപ്പിക്കുന്ന മാംസ്യത്തിൻെറ മൂല്യം

| ഇനം | പ്രതിമാസം അറക്കപ്പെടുന്നത് (No.) | പ്രതിമാസം കിട്ടുന്ന മാംസം (Kg.) | മാംസത്തിൻെറ മൂല്യം (Rs.) |
|---|---|---|---|
| പശു,മൂരി, എരുമ | 150 | 15,600 | 5,92,800 |
| ആട് | 150 | 1,850 | 5,92,800 |

പ്രതിവർഷം 0.07963 കോടി രൂപയുടെ മാംസം ഈ പഞ്ചായത്തിൽ ഉപയോഗിക്കപ്പെടുന്നു. മാംസാവശ്യത്തിനുള്ള മൃഗങ്ങൾ 90ശതമാനവും അന്യ സംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. ഇതുമൂലം പഞ്ചായത്തിനു ഈ രംഗത്തുനിന്നു മാത്രം വലിയൊരുസമ്പത്തിക ചോർച്ച ഉണ്ടാകുന്നു. മാത്രവുമല്ല അതിനോടനുബന്ധിച്ച തൊഴിൽസാധ്യതകളും നഷ്ടപ്പെടുന്നു.

വൃത്തികെട്ട സാഹചര്യങ്ങളിൽ അറവുനടത്തുന്നതുനിമിത്തം വലിയമൂല്യമുള്ള ഉപോൽപന്നങ്ങൾ സംസ്കരിക്കാനാവാതെ പാഴായിപോകുന്നു. ഈ രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുന്നതിൽ ലക്ഷ്യമാക്കിയുള്ള ആസൂത്രണതന്ത്രം ആവിഷ്കരിക്കപ്പെട്ടാൽ പഞ്ചായത്തിനുള്ള സാമ്പത്തിക ചോർച്ചഒഴിവാക്കുന്നതിനും

ഒട്ടേറെ തൊഴിൽ സദ്ധ്യതഉണ്ടാക്കുവാനും കഴിയും മാംസോൽപാദനരംഗത്തെ വികസനത്തിനുവേണ്ടി കാളക്കുട്ടികളെയും പോത്തിൻകുട്ടികളെയും ഉത്പാദിപ്പിക്കുന്നപദ്ധതികൾ ആടുവളർത്തൽ പദ്ധതി താറാവ് യൂണിറ്റ് പദ്ധതി എന്നിവ ആവിഷ്കരിക്കാവുന്നതാണ്.

മാംസോൽപാദനരംഗത്ത് ഉപഭോക്താവിനെയും ഉത്പാദകനേയും ഒരുപോലെ ചൂഷണം ചെയ്യുന്ന വലിയോരുലാഭം കൈക്കലാക്കുന്ന ഇടനിലക്കാരെ ഒഴിവാക്കുന്നതിന് മാംസോല്പാദകരുടെ ഒരു സഹകരണംസംഘം രൂപികരിക്കാവുന്നതാണ്. ഈ സഹകരണസംഘം മുഖേന അതിലെ അംഗങ്ങൾക്ക് മാംസോല്പാദനത്തിനുവേണ്ടമൃഗങ്ങളുടെ വിതരണം ധനസഹായം പരിശീലനം എന്നിവ ലഭ്യമാക്കാനാകും.

മാംസഉല്പാദനത്തിനും ഉപോൽപ്പന്ന സംസ്കരണത്തിനും സമീപപഞ്ചായത്തുകളുമായി സഹകരിച്ച് ഒരു സംസ്കരണശാല ബ്ലോക്കുകേന്ദ്രമായി സ്ഥാപിക്കാവുന്നതാണ്.

## ആടുവളർത്തൽ

പഞ്ചായത്തിൽ കുറഞ്ഞതോതിൽ ആടുവളർത്തൽ നിലവിലുണ്ട് 87ലെ സെൻസസ്പ്രകാരം 1424 ആടുകളാണ് പഞ്ചായത്തിലുണ്ടായിരുന്നത്. പക്ഷേ ആടുവളർത്തലിന് ശാസത്രീയമായ സമീപനം കർഷകർക്ക് പകർന്ന് കൊടുക്കുന്നതിനുള്ള നീക്കം ഇതുവരെ ആവിഷ്കരിക്കപ്പെട്ടിട്ടില്ല. തീറ്റ സമ്പ്രദായം വരിമരുന്ന് നൽകൽ രോഗ പ്രതിരോധം എന്നി രംഗങ്ങളിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതുണ്ട്.

ആടുകൾക്കുള്ള തീറ്റ ലഭ്യതകൂട്ടുവാൻ പ്ലാവ്, സുബാബുൾ, പ്ലാശ്, മുരുക്ക് എന്നീ വൃക്ഷങ്ങൾ ഉൽപാദകൻെറ വീട്ടുവളപ്പിലും ഒഴിഞ്ഞപ്രദേശങ്ങളിലുമായി വച്ചുപിടിപ്പിക്കേണ്ടതുണ്ട്. ഉൽപാദകർക്ക് മെച്ചപ്പെട്ട പരിശീലനം നൽകേണ്ടതും അനിവാര്യമാണ്. മാംസോൽപാദനം, സംസ്കരണം, എന്നിവയിൽ കൂട്ടായ്മയോടെയുള്ള സമീപനം ആവശ്യമാണ്.

## മൂരിക്കുട്ടിപരിപാലനം

പഞ്ചായത്തിൽ പ്രതിവർഷം എകദേശം 564 പ്രസവങ്ങൾ നടക്കുന്നുവെന്നാണ് കണക്കാക്കുന്നതാണ് ഇത്രയും പ്രസവത്തിൽ നിന്ന് എകദോശം 280 കാളക്കുട്ടികളെയാണ് 80% വും വേണ്ടത്രപരിചരണം ലഭിക്കാതെ ചത്തുപോകുകയാണ് ചെയ്യുന്നത്. അതായത് ഇത്രയും കാളകുട്ടിളാൽ നിന്ന് കിട്ടാവുന്ന മാംസം പഞ്ചായത്തിന് ഉപയോഗിക്കപ്പെടാനാകതെ നഷ്ടമാവുന്നു. ശാസ്ത്രീയമായ സമീപനം കൈക്കൊണ്ടാൽ ഈ നഷ്ടം ഇല്ലായ്മചെയ്ത് കർഷകരുടെ വരുമാനവും തൊഴിൽ സാധ്യതയും വർദ്ധിപ്പിക്കാനാവും.

## മുയൽ, ടർക്കി, കാട, എന്നിവയുടെ വളർത്തൽ

പഞ്ചായത്തിലെ മാംസാവശ്യം നിറവേറ്റുന്നതിനും സാമ്പത്തിക നേട്ടം ഉണ്ടാകുന്നതിനും മുയൽ, കാട തുടങ്ങിയവയെ ശാസ്ത്രീയമായി വളർത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കാം.

## ബ്രോയിലർ കോഴിവളർത്തൽ

പഞ്ചായത്തിൽ 1987 ലെ സെൻസസ് അനുസരിച്ച് 8885 പൂവൻകോഴികളും 9942 മുട്ടയിടുന്നവയും10,708 മുട്ടയിടാത്ത കോഴികളും ഉണ്ടെന്നാണ് കണക്ക്.

എന്നിട്ടും മാംസാവശ്യത്തിന് കോഴികളെ അന്യസംസ്ഥാനത്തുനിന്ന് കൊണ്ടു വരുന്നുണ്ട്.

ബ്രോയിലർ കോഴിവളർത്തലിൻെറ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് കോഴിക്കുഞ്ഞുങ്ങളെ ആവശ്യത്തിന് ലഭ്യമാക്കുക, ഹാച്ചറികൾ സ്ഥാപിക്കുക, വാക്സിനേഷൻ, മറ്റ് വെറ്ററിനറി സൗകര്യങ്ങൾ ലഭ്യമാക്കുക, കാർഷികപരിശീലനം നൽകുക, വിപണനസാദ്ധ്യത കണ്ടെത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കപ്പെടണം.

## മുട്ടയുൽപാദനം

1987 ലെ കണക്കനുസരിച്ച് പഞ്ചായത്തിൽ വളർത്തപ്പെടുന്നു. മുട്ടകോഴികളുടെഎണ്ണം 9942 ആണ്. ഇവയിൽ നിന്ന് കിട്ടുന്ന മുട്ട പഞ്ചായത്തിൻെറ ആഭ്യന്തര ഉപയോഗത്തിൻെറ 9% മാത്രമേ വരുന്നുള്ളു. പഞ്ചായത്തിൻെറ ഉപയോഗ ത്തിന് ആവിശ്യമായി ആഴ്ചതോറും 50,000 മുതൽ 1 ലക്ഷം വരെ കോഴിമുട്ടകൾ ഇവിടേക്ക് ഇറക്കുമതി ചെയ്യുന്നുണ്ട്. പ്രതിവർഷം എതാണ്ട് 72 ലക്ഷം രൂപ അന്യസംസ്ഥാനങ്ങൾ ഈ പഞ്ചായത്തിൽ നിന്നും മുട്ട വിപണന ത്തിലൂടെ നേടിയെടുക്കുന്നു.

മുട്ടയുൽപാദനരംഗംത്ത് സ്വയം പര്യാപ്തതകൈവരിക്കുന്നതിനും കേന്ദ്രീകൃത മാംസോല്പാദനത്തിനുമായി സ്വയംഭരണാവകാശത്തോടെ ബ്ലോക്കടിസ്ഥാനത്തിൽ പാൽശേഖരണത്തിലും വിപണനത്തിലും മറ്റുപാലു ൽപന്നങ്ങൾ ഉണ്ടാക്കുന്നതിനും കോന്ദ്രീകൃതവും ആസൂത്രിതവുമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി ലാഭത്തിൽ പ്രവർത്തിക്കുന്ന മിൽമ പോലെ മാംസോൽപാദന, മുട്ടയുല്പാദനരംഗത്ത് എഗ്മ എന്നൊരു സ്ഥാപനം രൂപികരിക്കാപ്പെട്ടാൽ ഈരംഗത്ത് സ്വയം പര്യാ പ്തതയ്ക്ക് ഒരളവുവരെ നേട്ടമുണ്ടാകും. കൂടാതെ കൂടുതൽമുട്ടകോഴികളെ വളർത്താനുള്ള പദ്ധതികൾ നടപ്പാക്കുക, മുട്ടസംഭരണത്തിനും വിപണനത്തിനും സഹകരണസംഘങ്ങൾ രൂപീകരിക്കുക. കോഴിത്തീറ്റ മിശ്രയൂണിറ്റുകൾ ബ്ലോക്കുകൾ സ്ഥാപിക്കുക, എന്നീ കാര്യങ്ങൾക്ക് പ്രത്യേക പരിഗണ നൽകേണ്ടതാണ്.

താറാവ് കൃഷിയുടെ കാര്യത്താലും മുട്ടയുൽപാദനത്തിലും നാം ഏറെ പുറകിൽ തന്നെയാണ് 87 ലെ കണക്കനുസരിച്ച് 998 ആൺതാറാവുകളും 285 പെൺതാറാവു കളുമാണ് പഞ്ചായത്തിൽ വിവിധവാർഡുകളായി വളർത്തിയിരുന്നത്.

## കാലിത്തീറ്റ ഉദ്പാദനരംഗം

കാലിത്തീറ്റ ഉദ്പാദനരംഗത്ത് പഞ്ചായത്തിൽ ശാസ്ത്രീയമായ ഒരു നീക്കം ഇതുവരെ ഉണ്ടായിട്ടില്ല. തൻമൂലം കർഷകർ അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യപ്പെടുന്ന മിശ്രിതകാലിതീറ്റയാണ് ഉപയോഗിക്കുന്നത്. തീറ്റ പുൽകൃഷി രംഗത്ത്, കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ കാച്ച്മെൻറ് ഏരിയായിലും കനാലിൻെറ ഇരുവശങ്ങളിലും മറ്റും ആത്മാർത്ഥമായ രീതിയിൽ കൃഷിചെയ്യു ന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം. കാലിതീറ്റ മിശ്രിതത്തിനാവശ്യമായ പിണ്ണാക്കും, തവിടും പഞ്ചായത്തിൽ ലഭിക്കുന്നതുകൊണ്ട് മറ്റ് പഞ്ചായത്തുകളുമായി സഹകരിച്ച് ബ്ലോക്കടിസ്ഥാനത്തിൽ സംഭരണകേന്ദ്രങ്ങളും മിശ്രിതകോന്ദ്രങ്ങളും നിർമ്മിക്കേണ്ടതാണ്. മാത്രവുമല്ല കുട്ടായ്മയിലൂടെ തീറ്റപുൽകൃഷി രംഗത്ത് അത് വ്യാപകമാകുന്നതിനും, വ്യാവസായികാടിസ്ഥാനത്തിൽ വിപണനം ചെയ്യുന്നതിനും

കഴിയും.

## ജൈവവളം

ദിവസേന ഓരോ പശുവിൽ നിന്നും എരുമയിൽനിന്നും 35മുതൽ40കിലോ വരെ ചാണകംലഭിക്കുമെന്നതിനാൽ പഞ്ചായത്തിലെ കൃഷിആവിശ്യങ്ങൾക്ക് നല്ലൊരുപങ്ക് വളം ഈ പഞ്ചായത്തിലെ മൃഗസമ്പത്തിൽനിന്നും ലഭിക്കുന്നു. ആസൂത്രിത പദ്ധതികൾവഴി ചാണകം നഷ്ടപ്പെടാതെ പഞ്ചായത്തിനു തന്നെ ഉപയുക്തമാക്കാവുന്നതാണ്.

## മൃഗശക്തി

കൃഷിരംഗത്ത് യന്ത്രവൽക്കരണം നിലവിൽവന്നിട്ടുകൂടി ഈ പഞ്ചായത്തിൽ കാളകളെയും പോത്തുകളെയും കൃഷിനിലം ഒരുകുന്നതിനായി ഉപയോഗിച്ചുവരുന്നുണ്ട്. 1987ലെ കണക്കനുസരിച്ച് 884 പോത്താണ് ഉണ്ടായിരുന്നത്.

## ബയോഗ്യാസ്

പഞ്ചായത്തിൽ നിലവിൽ 15 ബയോഗ്യാസ് പ്ലാൻറാനുള്ളത്. ഓരോ കുടുംബത്തിനും (താൽപര്യമുള്ളവർക്ക്) 2 പശുക്കളുള്ള ഡയറിയുണിറ്റ് പദ്ധതിനടപ്പിലാക്കുകയും അതോടൊപ്പം ഒരു ബയോഗ്യാസ് പ്ലാൻറ് നൽകുകയും ചെയ്താൽ നാലംഗമുള്ള ഒരുകുടുംബത്തിന് ആവിശ്യമായ പാചകവാതകം അവർക്കുതന്നെ ഉത്പാദിപ്പിക്കാവുന്നതാണ്.

## പേ വിഷബാധ നിർമ്മാർജ്ജനം

പഞ്ചായത്തിൽ വളർത്തുന്ന എല്ലാ നായ്ക്കൾക്കും നിർബന്ധമായും പ്രതിരോധ കുത്തിവെയ്പ്പ് എടുത്തിരിക്കണം. 87 ലെ കണക്കനുസരിച്ച് 126 പട്ടികൾക്കാണ് പ്രതിരോധ കുത്തിവെയ്പ്പ് നടത്തിയിരിക്കുന്നത്. ലൈസൻസ് നിർബന്ധമാക്കുക, അലഞ്ഞുനടക്കുന്നതിനുള്ള പദ്ധതി സമയോചിതമായി നടപ്പാക്കുക. പൊതുജന ബോധവൽക്കരണസെമിനാറുകളും സംഘടിപ്പിക്കണം.

## സമഗ്രകന്നുകാലി ഇൻഷൂറൻസ് പദ്ധതി

10,000 രൂപയോളം വിലപിടിക്കുന്ന കന്നുകാലികളുടെ ആകസ്മികമായ മരണം മൂലം കർഷകനുണ്ടാകുന്ന സാമ്പത്തികനഷ്ടത്തിന് പരിരക്ഷ പഞ്ചായത്തിലെ മുഴുവൻ കന്നുകാലികൾക്കും പ്രീമിയം കുറച്ചു കൊണ്ട് സമഗ്രമായ ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കേണ്ടതാണ്.

## കർഷകർക്ക്അവാർഡ്.

മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും, മറ്റ് പ്രധാനികളെയും ഉൾപ്പെടുത്തി പഞ്ചായത്തിലെ മൃഗകർഷകരുടെ പ്രവർത്തനം വിലയിരുത്തതുന്നതിന് ഒരു പ്രത്യേക സമിതിയേ രൂപികരിക്കുകയും, പഞ്ചായത്തിലെ നല്ലകർഷകർക്ക് അവരെ തെരഞ്ഞെടുത്ത് പ്രോത്സാഹനം നൽകുന്നതിനായി പഞ്ചായത്തിൻെറയും, മറ്റ് സ്പോൺസർമാരുടെയും സഹായത്തോടെ അവാർഡുകളും അംഗീകരങ്ങളും വർഷാവർഷം നടപ്പിലാക്കണം.

# 4 വിദ്യാഭ്യാസം

1. കാർഷിക ജീവിതത്തിൻെറ കുടിയിരുപ്പായകാഞ്ഞിരപ്പുഴപഞ്ചായത്തിൽ ഈ നൂറ്റാണ്ടിൻെറ ആരംഭത്തിൽ തന്നെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. മലബാർ ഡിസ്ട്രിക്ട് ബോർഡ്, കേരള സംസ്ഥാനരൂപീകരണം തുടർന്നുണ്ടായ മന്ത്രിസഭ, ഭൂപരിഷ്കരണനിയമം, തുടങ്ങിയ അനകൂല ഘടകങ്ങളും പിൽക്കാലത്ത് സംസ്ഥാനത്ത് ഒട്ടാകെ പ്രകടമായ ഗതിവിഗതികളും കാരണമാണ്. ഈ പഞ്ചായത്തിലെ വിദ്യാഭ്യാസരംഗം ഇന്നു കാണുന്നവിധത്തിൽ രൂപപ്പെട്ടത്. അതുകൊണ്ട് സംസ്ഥാനത്തെ വിദ്യാഭ്യാസരംഗം ഒട്ടാകെ നേരിടുന്ന പ്രശ്നങ്ങൾക്കും പ്രവണതകൾക്കും കാഞ്ഞിരപ്പുഴ പഞ്ചായത്തിലും പരിഹാരം തേടേണ്ടതുണ്ട്.

2.കാഞ്ഞിരപ്പുഴ പഞ്ചായത്തിൽ അഞ്ച് ലോവർ പ്രൈമറി സ്കൂളും രണ്ടു യു.പി. സ്ക്കൂളും ഒരു ഹൈസ്ക്കുളുമുൾപ്പടെ എട്ടു വിദ്യാലയങ്ങളാണ് ഉള്ളത്. ഹോളിഫാമിലി യു. പി സ്ക്കൂളിൽ മുണ്ടകുന്നിൻെറ ഭാഗമായി 1 മുതൽ 4 വരെ ക്ലാസുകളിൽ പ്രൈവറ്റ് സ്റ്റഡി നടക്കുന്നു. യാത്രാസൗകര്യകുറവും ദൂരവും കണക്കാക്കി ഒരു ലോവർ പ്രൈമറി വിദ്യാലയം തുടങ്ങേണ്ട പൂഞ്ചോലയിൽ രണ്ടു പ്രൈവറ്റ് സ്റ്റഡികേന്ദ്രങ്ങളുണ്ട്. ഇവിടെയുള്ള വിദ്യാലയസൗകര്യം ഇതാണ്.

വിദ്യാലയങ്ങളെ സംബന്ധിച്ച സ്ഥിതിവിവിരകണക്ക് താഴെ കൊടുക്കുന്നു.

| സകൂളിൻെറ പേര് | ഉടമസ്ഥത | അനുവദിച്ച തസ്ഥിക | അധ്യാപക രുടെഎണ്ണം | ഒഴിവു കൾ | കുട്ടികളുടെഎണ്ണം ആൺ | പെൺ | ആകെ |
|---|---|---|---|---|---|---|---|
| നിർമ്മല എ.എൽ.പി | എയിഡഡ് | 8 | 8 | | 126 | 148 | 274 |
| ഗവ.യു.പി.സ്കൂൾ പുളിക്കൽ | സർക്കാർ | 17<br>3 | 17<br>3 | | 290 | 325 | 615 |
| ഗവ.എൽ.പി.സ്കൂൾ പൊറ്റശ്ശേരി ഈസ്റ്റ് | സർക്കാർ | 10 | 9 | 1 | 128 | 140 | 268 |
| ഹോളിഫാമിലി യു. പി.സ്കൂൾമുണ്ടക്കുന്ന് | എയിഡഡ് | 14 | 14 | | 269 | 308 | 577 |
| ഗവ.ഹൈസ്കൂൾ പൊറ്റശ്ശേരി | സർക്കാർ | 68 | 67 | 1 | 1225 | 1249 | 2504 |
| പഞ്ചായത്ത് എ.എം എൽ.പി.സകൂൾ തൃക്കാലൂർ | സർക്കാർ | 9 | 9 | | | | |
| ഗവ.മാപ്പിള എൽ.പി. തൃക്കാലൂർ | സർക്കാർ | 7 | 6 | 1 | 71 | 66 | 137 |
| ഗവ.എൽ.പി.സ്കൂൾ വിയ്യക്കുറുശ്ശി | സർക്കാർ | 9 | 9 | | 145 | 159 | 304 |

ഭൂപ്രകൃതിയുടെ പ്രത്യേകതകണക്കാക്കി 10ം വാർഡ്. ചേലേങ്കരയിലും പുഞ്ചോല, കുറ്റിയാംപാടത്തും ഓരോ എൽ.പി സ്ക്കുളുകൾക്ക് സാദ്ധ്യതയുണ്ട്.

3. കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ എല്ലാസ്ക്കുളുകളിലും മതിയായ ഭൗതികസാഹചര്യമില്ല. സ്വകാര്യമേഖലയിലുള്ള നിർമ്മല എ. എൽ. പി. സ്കൂളും ഹോളി ഫാമിലി യു.പി. സ്കുളിലും മെച്ചപ്പെട്ട ഭൗതിക സാഹചര്യമുണ്ട്. മതിയായ കെട്ടിടമില്ലാത്തതിനാൽ ഗവ . യു.പി. സ്കൂൾ സെഷണലായാണ് നടക്കുന്നത്. ഈയിടെ മാത്രം സ്ഥിരം കെട്ടിടം കിട്ടിയ ഗവ. ഹൈസ്ക്കുൾ പൊറ്റശ്ശേരിക്കും ഒത്തിരി പരാധീനതകളുണ്ട്. മറ്റുള്ള സ്ക്കുളുകൾക്ക് അനുകൂലമായ ഒരു ഘടകവും ചൂണ്ടികാണിക്കാനില്ല. ഇരിക്കാനിടം പോലും സ്വന്തമായില്ല.

4. അദ്ധ്യാപകരക്ഷാകർത്തൃസമിതിയുടെ സഹായസഹകരണങ്ങൾ എല്ലാ വിദ്യാലയങ്ങൾക്കും എറെക്കുറെ കിട്ടുന്നുണ്ട്. എല്ലാവിദ്യാലയത്തിലും മാതൃസംഗമം നിലവിലുണ്ട്. ഗവ. സ്ക്കളുകളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിൽ അദ്ധ്യാപക രക്ഷകർത്തൃസമിതിയുടെ പങ്കാളിത്തം പ്രസ്താവ്യമാണ്. ഡസ്ക്, ബഞ്ച് തുടങ്ങിയ പഠനോപകരണങ്ങളുടെ നിർമ്മാണവും, അറ്റകുറ്റപണിയും, പി. ടി. എ യുടെ ഉത്തരവാദിത്വമായിമാറിയിരിക്കുന്നു. ഗവ. എൽ. പി. സ്ക്കൂൾ പൊറ്റശ്ശേരി വാടകകെട്ടിടത്തിലാണ്. ആ കെട്ടിടത്തിൻെറ അറ്റകുറ്റപണികളും, രണ്ടുമുറികളും ഉള്ള കെട്ടിടത്തിൻെറയും താല്ക്കാലിക ഷെഡ്ഡിൻെറയും നിർമ്മാണവും നടത്തിയത് പി.ടി.എ ആണ്. കെട്ടിടത്തിൻെറ ഉടമസ്ഥൻെറ ചിലവിൽ സ്ക്കുൾ വളപ്പിന് വേലിയും ഗെയിറ്റും പണിയിച്ചതും മറ്റാരുമല്ല പൂച്ചെടികളും മറ്റും നട്ടുവളർത്തി പരിസരം ആകർഷകമാക്കിയിട്ടുണ്ട് നിർമ്മലാ എൽ.പി. സ്ക്കുളിനും ഹോളിഫാമിലി എൽ.പി സ്ക്കുളിനും പി.ടി.എ യുടെ പ്രവർത്തനമുണ്ട്. ആ രണ്ടു സ്ക്കുളുകൾക്കും മറ്റുസസ്യാദികളും പൂന്തോട്ടവും കെണ്ടുള്ള ആകർഷകമായ സാഹചര്യം മാനേജ്മെൻറിൻെറ മേൽനോട്ടത്തിലാണ് തയ്യാറാക്കിയിരിക്കുന്നത്. പൊറ്റശ്ശേരി ഗവ. ഹൈസ്ക്കൂളിൻെറ നിലനിൽപ് തുടക്കം മുതൽ ജനങ്ങളുടെ കൈകളിലാണ്. ഓരോ ഘട്ടങ്ങളിലും പി. ടി. എ യുടെ പരിലാളനം ഏൽക്കാൻ ഈ സ്ക്കുളിന് ഭാഗ്യമുണ്ടായിട്ടുണ്ട്. ഹൈസ്ക്കൂളായതിനുശേഷം സ്ഥിരം കെട്ടിടത്തിന് വേണ്ടിയുള്ള നീണ്ട പോരാട്ടവും താല്ക്കാലിക കെട്ടിടങ്ങൾ കെട്ടിമേയുന്ന ചുമതലയും പി.ടി.എ ഏറ്റെടുത്തുനടത്തി. പുതിയ ഫർണിച്ചർ നിർമ്മിക്കുന്നതും കേടുപാടുകൾ നീക്കുന്നതും വേറാരുമല്ല. ഈ സ്ക്കുളിന് വിദ്യാഭ്യാസതല്പരരുടെ സഹായവും കാലാകാലങ്ങളിൽ കിട്ടിയിട്ടുണ്ട് കിണറും ഉച്ചഭക്ഷണത്തിനുള്ള കെട്ടിടവും നിർമ്മിച്ചത് ശ്രീ കൊററിയോട് ബാലകൃഷ്ണപണിക്കരാണ്. ഈ സ്ക്കുളിൽ നിന്നും പെൻഷൻ പറ്റിപിരിഞ്ഞപ്പോൾ ശ്രീമതി സി.കെ തങ്കമ്മാൾ ടീച്ചർ ഒരു മോട്ടർ സമ്മാനിച്ചു. തുടർന്ന് ഡോക്ടർ മാത്യു മാത്യു കിഴക്കേക്കര ടാങ്കും പൈപ്പും സ്വന്തം ചിലവിൽ സ്ഥാപിച്ചു കൊടുത്തു. ഇതിൻെറയെല്ലാം പ്രേരകശക്തി പി. ടി. എ. യാണ്. സ്റ്റേജ് നിർമ്മാണവും കളിസ്ഥലം നിരപ്പാക്കലും ഈയിടെയാണ് നടന്നത്.

5. കാഞ്ഞിരപ്പുഴ പഞ്ചായത്തിലുള്ള എല്ലാ സ്കൂളുകളിലെയും വിദ്യാഭ്യാസനിലവാരം വളരെ മെച്ചമാണെന്ന് പറയാവതല്ല. കുട്ടികളുടെ പ്രവേശനത്തിലുള്ള പ്രത്യേകതയും

ഭൗതികസാഹചര്യവും രക്ഷിതാക്കളുടെ അല്പം ഉയർന്ന സാമ്പത്താകാവസ്ഥയും കാരണം ഹോളിഫാമിലി യു.പി.സ്ക്കൂൾ ചിലകാര്യങ്ങളിൽ മെച്ചമാണെന്ന് വിലയിരുത്താം. നിലവിലുള്ള പരീക്ഷാരീതിയിലൂടെ കാണുമ്പോഴുള്ള ചിത്രമാണിത്. വിദ്യാഭ്യാസരംഗത്ത് നിലവാരതകർച്ച എന്തുകൊണ്ടെന്ന്. അന്വേഷിക്കുമ്പോൾ മറുപടിപറയേണ്ടിവരുന്നോർപലരാണ്. എതു സാമൂഹിക പ്രശ്നവും പോലെ വിദ്യാഭ്യാസരംഗത്തെ ഗതിവഗതികളും പരസ്പരം ബന്ധമുള്ള താണ്. കാലാകാലങ്ങളിലുണ്ടാകുന്ന സർക്കാറുകളുടെ നയം, ഡിപ്പാർട്ടുമെൻറിൻെറ കാര്യക്ഷമതയില്ലായ്മ, അദ്ധ്യപകരുടെഅനാസ്ഥ, നൈപുണ്യ ക്കുറവ്, രക്ഷിതാക്കളുടെ നിരക്ഷരത, സാമ്പത്തികശേഷിയില്ലായ്മ, ഇവയെല്ലാം പിന്നോക്കമെടിക്കലിൻെറ കാരണങ്ങളാണ്. ഇങ്ങനെ അന്വേഷണം ആത്മാർത്ഥമായികൊണ്ടുപോയാൽ ഈ കാലഘട്ടത്തോട് നാമെല്ലാം എറ്റുപറച്ചിൽ നടത്തേണ്ടിവരും. ഇന്നത്തെ അദ്ധ്യാപകരും ശരാശരിക്കാരാണ്. ദേശീയ പ്രസ്ഥാനത്തിൻെറ സംഭാവനയായ സേവനോത്സുകത കൈമോശം വന്നരിക്കുന്നു. മാനേജർമാർ അദ്ധ്യാപകരെ നിയമിക്കുന്നരീതിയും ഉപദ്രവകരമാണ്. സർക്കാർസ്ക്കുളിലെ ഒഴിവുള്ള തസ്തികകളിൽ തക്കസമയത്ത് നിയമനം നടക്കാറില്ല. പാഠപുസ്തകം തയ്യാറാക്കലിലെ അശാസ്ത്രിയത തിരുത്തപ്പെടണം. ഇന്നത്തെവിദ്യാഭ്യാസരീതി ജീവിതഗന്ധിയല്ല. അനുബന്ധ വ്യവസായങ്ങൾക്ക് വഴിവെക്കുന്നധനാഗമമാർഗ്ഗമോ പ്രേരകശക്തിയോ ആകുന്ന ഇംഗ്ലീഷ് ഭാഷയിൽ എല്ലാം പഠിക്കുന്നതുകൊണ്ട് മക്കളുടെ ഭാവി സുരക്ഷിതമാകുന്നു. തന്നെമറക്കുന്നകൊളോണിയൽ നുകത്തിൻെറ വിധേയത്വത്തിന് ബലിയാടുകളായി ഇളംചുണ്ടുകളെ ഉഴിഞ്ഞുവിട്ടിരിക്കുന്നു. വർഷങ്ങളായി പൊറ്റശ്ശേരി ഗവ. ഹൈസ്ക്കൂളിലെ എസ്.എസ്.എൽ.സി വിജയം 30% ത്തിൻെറ പരിസരത്തിൽ ചുറ്റുകയാണ്. ഇതേസമയം സാമ്പത്തിക ശേഷിയുള്ള രക്ഷിതാക്കളുടെ മക്കൾ നല്ല സ്ക്കൂൾ തേടി പോകുന്ന പ്രവണതയുമുണ്ട്. പത്താംതരത്തിലെ വിജയശതമാനം മാത്രം നോക്കി നല്ലത് ചീത്ത എന്നിങ്ങനെ വിലയിരുത്തന്നത് അപൂർണ്ണമാണ്. നിരക്ഷരരായ വിദ്യാർത്ഥികൾ പത്താംതരങ്ങളിലെത്താറുള്ളത് ആകസ്മികമല്ല.

6. വിദ്യാഭ്യാസരംഗത്ത് ഗുണപരമായ മാറ്റം വരണമെന്ന് കാലഘട്ടം ആഗ്രഹിക്കുന്നുണ്ട്. കാരണം വിദ്യാഭ്യാസം ഒരു സാമൂഹികപ്രക്രിയയാണ്. സമൂഹത്തിൻെറ സർവ്വതോൻമുഖമായ വളർച്ചലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പ്രതിബന്ധമായതലമുറയെ സൃഷ്ടിക്കുകയാണ് വിദ്യാഭ്യാസത്തിൻെറ എക്കാലത്തെയും ലക്ഷ്യം. വിദ്യാഭ്യാസം ഒരു വികസനപ്രവർത്തനം കൂടിയാണ്. വ്യക്തികളുടെയും പ്രദേശത്തിൻെറയും, പ്രദേശങ്ങളിലൂടെ രാജ്യത്തിൻെറയും, വികസനമാണ് വിദ്യാഭ്യാസം വഴി സാധിതമാവേണ്ടത്. ഇതെങ്ങനെ സാധിതമാകും.? ഈ ചിന്ത നമ്മുടെ പഞ്ചായത്തു നിവാസികളെയും കൊണ്ടെത്തിക്കുന്നത് ജനകീയവിദ്യാഭ്യാസനയത്തിലാണ്. അതിൻെറ ഭാഗമായി നടക്കേണ്ട ചിന്തകളും പ്രവർത്തനങ്ങളും മുൻപേനടന്നവരുടെ അനുഭവങ്ങളുടെ വെളിച്ചത്തിൽ അവതരിപ്പിക്കട്ടെ.

7. മറ്റുസംസ്ഥാനങ്ങളിലെ വിദ്യാഭ്യാസമേഖലയുമായി തട്ടിച്ചുനോക്കുമ്പോൾ കേരളം വളരെ ദൂരം മുൻപിലാണ്. അറുപതുലക്ഷത്തോളം വിദ്യാർത്ഥികളും 20 ലക്ഷത്തോളം രക്ഷിതാക്കളും 2 ലക്ഷത്തിലേറെ വരുന്ന അദ്ധ്യാപകരും ഇതിൻെറ ഭാഗമായുണ്ടെങ്കിലും സംസ്ഥാനത്തെ വിദ്യാഭ്യാസരംഗത്തെപ്പറ്റി വിമർശനം നിലവിലുണ്ട്. സംസ്ഥാന ത്തൊട്ടാകെയുള്ള നിലവാരത്തകർച്ചയെച്ചൊല്ലിയുള്ള വിമർശനം കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ വിദ്യാഭ്യാസരംഗത്തിനും ബാധകമാണ്.

ഈ പഞ്ചായത്തിൽ 2396 ആൺകുട്ടികളും 2525 പെൺകുട്ടികളും 140 അദ്ധ്യാപകരും 8 സ്ക്കൂൾളിലായുണ്ട് ഒറ്റവാർഡിൽ മാത്രമാണ് പ്രാഥമിക വിദ്യാലയമില്ലാത്തത് എന്നിട്ടും നിലവാരത്തകർച്ചയുടെ കാരണം സംസ്ഥാനാടിസ്ഥാനത്തിനുള്ളത് തന്നെയാണ്. അദ്ധ്യാപകപരിശീലനത്തിൻെറ നിലവാരമില്ലായ്മ, ശാശ്ത്രീയമായ ബോധനരീതികളുപയോഗിക്കാൻ അദ്ധ്യാപകർ കാണിക്കുന്ന വൈമുഖ്യം, അശാശസ്ത്രീയമായ മൂല്യനിർണ്ണയ സമ്പ്രദായം, മോണറ്ററിങ്ങിൻെറ അപര്യാപ്തത, പാരാഅക്കാദമിക് പ്രവർത്തനങ്ങളോടുള്ള അലംഭാവം, വീടുകളിലെ പഠനസാഹചര്യത്തിൻ്റെ പരിമിതികൾ., സാമൂഹികമായ പിന്നോക്കാവസ്ഥ, വിദ്യാഭ്യാസത്തെ സംബന്ധിച്ച് രക്ഷകർത്താക്കൾക്കിടയിലും പൊതുവെ സമൂഹത്തിലും വ്യാപിച്ചിട്ടുള്ള തെറ്റായ ധാരണകൾ, വിദ്യാഭ്യാസവും, ജീവിതവുമായുള്ള ബന്ധമില്ലായ്മ ഇതൊക്കെയാണ് കാരണങ്ങൾ. പരീക്ഷാഫലത്തിൽമാത്രം കൺനട്ടു പ്രവർത്തിക്കുന്ന സ്ക്കൂളുകൾ ശ്രദ്ധേയമായതോടെ എന്ത് എങ്ങനെ പഠിക്കണമെന്ന നിലയിലും മാറ്റം വന്നു. അതോടെയാണ്. നല്ല സ്ക്കൂൾ തേടി നഗരങ്ങിളിലേക്ക് പോകുവാൻ വിദ്യാർത്ഥികളും രക്ഷിതാക്കളും നിർബന്ധിതരായത്. സാർവ്വത്രിക വിദ്യഭ്യാസമാണ് അതിൻെറ ദുഷ്ഫലമായി തകിടം മറിഞ്ഞത്. പണമുള്ളർ പഠിച്ചാൽ മതിയെന്നവാദം അടിച്ചേല്പ്പിക്കപ്പെട്ടിരിക്കുകയാണ്. കാഞ്ഞിരപ്പുഴ പഞ്ചായത്തിലുള്ള എട്ടുസ്ക്കൂ ളുകളിൽ 6 നും മുന്നോട്ട് വരാൻകഴിയാത്ത സ്ഥിതിവിശേഷം സൃഷ്ടിക്കുന്നത്. നല്ല എൽ പി സ്ക്കുളുണ്ടായിട്ടും കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ മുണ്ടക്കുന്നിൽ ഹോളിഫാമിലിസ്ക്കൂൾ നടത്തുന്ന പ്രൈവറ്റ് സ്റ്റഡിയാണ് രക്ഷിതാക്കൾക്ക് പ്രിയംകരം. ഇവിടെ മലയാളം മീഡിയമായിട്ടും ഫീസ്കൊടുക്കണം, വിദ്യാഭ്യാസത്തെപ്പറ്റി രക്ഷിതാക്കൾക്കിടയിൽ പരന്നിട്ടുള്ളതെറ്റായ ധാരണയാണ് ഈ പ്രവണതകളുടെ നിമിത്തം. സമൂഹബന്ധിയല്ലാത്ത ഈ പോക്കിന് മാറ്റം ഉണ്ടാകണമെങ്കിൽ ജനകിയമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

8. വിദ്യാഭ്യാസരംഗത്തെപ്പറ്റിചിന്തിക്കുമ്പോൾ നമ്മുടെ സവിശേഷമായ ശ്രദ്ധപതിയേണ്ട പ്രധാനമേഖലയാണ് പ്രീ പ്രൈമറി വിദ്യാലയം. സ്ക്കൂൾ പഠനംത്വരിതപ്പെടുത്താൻ ഇത് സഹായകമാണ്. കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ എല്ലാവാർഡുകളിലും പ്രീപ്രൈമറി വിദ്യാലയങ്ങളുടെ കൂടി പ്രയോജനമുണ്ടാക്കാവുന്ന ഒരു അങ്കണവാടിയെങ്കിലുമുണ്ട്. അതിനുപുറമേ വാർഡിൽ ഒന്നെന്നകണക്കിൽ പ്രീ പ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കാൻ കഴിയും. എന്താണ് യഥാർത്ഥ വിദ്യാഭ്യാസമെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്ന സ്ഥാപനങ്ങൾകൂടിയാകണം ഇവ തുടർ സാക്ഷരതക്കും അംഗൻവാടികളിലും പ്രീ പ്രൈമറികളിലും സാദ്ധ്യതയുണ്ട്. ചുരുക്കത്തിൽ പ്രീ പ്രൈമറി, പൊതുവിദ്യാഭ്യാസം, തുടർസാക്ഷരത തുടങ്ങിയ മേഖലകളിൽ ശാസ്ത്രീയവും, ജീവിതഗന്ധിയും സമൂഹപുരോഗതിക്കുതുകുന്നതുമായ ബദൽമാതൃകകകൾ ഇവിടെയും രൂപം കൊടുക്കേണ്ടതുണ്ട്. ബദൽമാതൃകൾ ഇവിടെയും രൂപം കൊടുക്കേണ്ടതുണ്ട്. വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷിതാക്കൾ സർവ്വോപരിസമൂഹത്തിൻെറയാകെ കൂട്ടായ പരിശ്രമത്തിലൂടെ വളർത്തിയെടുക്കുന്ന മാതൃകകകൾ. കേരളത്തിലെ ഓരോ പഞ്ചായത്തിലെയും വിദ്യാഭ്യാസത്തിന് ദിശാബോധം നൽകുന്നപ്രവർത്തനം കൂടിയാണിത്.

9. എറ്റവും കൂടുതൽ സാമൂഹികമായ ഇടപെടൽ നടന്നമേഖലകളിലാണ് സവർണ്ണ സമ്പന്ന ന്യൂനപക്ഷത്തിൻെറ നിയന്ത്രണത്തിൽനിന്നും വിദ്യാഭ്യാസത്തെ മോചിപ്പി ക്കാനും അതിൻെറ ഗുണഫലങ്ങൾ ജനങ്ങളിലെത്തിക്കുവാനം കഴിഞ്ഞിരുന്നത്

ബദൽമാതൃകവഴിയാണ്. കേരളത്തിൽ മിഷനറിമാരുടെ പ്രവർത്തനം തൊട്ട് സാമൂഹികപരിഷ്ക്കർത്താക്കൾ, മലബാർ ഡിസ്ട്രിക്ട് ബോർഡ്, ഗ്രന്ഥശാല പ്രസ്ഥാനം, 57 തൊട്ടുള്ള സർക്കാരുകൾ വരെ ഈ മാനത്തിൻെറ ശക്തികളാണ് 1960 കളോടെ പ്രമറി വിദ്യാലയങ്ങളുടെ കാര്യത്തിൽ കേരളസ്ഥാനവും അതുവഴി ഓരോ പഞ്ചായത്തുകളും സ്വയംപര്യാപ്തമായി. നമ്മുടെ പഞ്ചായത്തിൻെറ അനുഭവവും വേറിട്ടല്ല.

10. എന്നാൽ മേൽച്ചൊന്ന ബദൽമാതൃക ബാഹ്യമായ ഇടപെടലാണ് നടത്തിയത്. അതുപോരാ. സ്ക്കൂളിനകത്തുനടക്കുന്ന പഠനബോധനപ്രവർത്തനങ്ങളിൽ ഇടപെടാനും ചൂണ്ടികാണിക്കാനും ചോദ്യംചെയ്യാനും തിരുത്തിക്കുറിക്കാനും പുറത്തുള്ളവർക്ക് അധികാരമുണ്ടെന്ന് 1962 ൽരൂപം കൊണ്ടശാസ്ത്രസാഹിത്യപരിഷത് പോലെയുള്ള പ്രസ്ഥാനങ്ങൾ തെളിയിക്കുകയും നേതൃത്വം കൊടുക്കുകയും ചെയ്തു. ഇത് കേരളത്തിലെ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ വർഷം എല്ലാക്ലാസുകളും പങ്കെടുത്ത വിജ്ഞാനോത്സവം പരീക്ഷ ഇത്തരത്തിൽ എടുത്തുപറയേണ്ടതാണ്. കുട്ടികൾ വായിച്ചിരിക്കേണ്ട ബാല സാഹിത്യകൃതികളും ആനുകാലികങ്ങളും സ്ക്കൂളിൽ വിഷയങ്ങളുടെ അടി സ്ഥാനമുള്ള ക്ലബ്ബുകളുമെല്ലാം ഇടപെടലിന് വേഗം കൂട്ടി. പിന്നീട് പഞ്ചായത്ത് സ്ക്കൂൾ കോംപ്ലക്സുകളിലൂടെ വിദ്യാഭ്യാസത്തിൻെറ അഴിച്ചുപണിക്കുള്ള വമ്പിച്ച സാദ്ധ്യത ബഹുജനസഹകരണത്തോടെ വളർത്തിയെടുക്കാമെന്ന മാതൃകയും സംഭാവനചെയ്തു. അത്തരം ബദൽ മാതൃകകളെ സമന്വയിപ്പിക്കുന്ന ജനകീയ സംവിധാനമാണ് കാഞ്ഞിരപ്പുഴ പഞ്ചായത്തിനും വേണ്ടതെന്ന് ഗ്രാമസഭകളിൽ വന്നചർച്ചകളുടെയും ആവിശ്യങ്ങളുടെ ആകെത്തുകയെന്ന്കാണാം

11. സമഗ്രവിദ്യാഭ്യാസപദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ മുഖ്യമായും നാലു ധാരകളിലാണ് നടക്കുന്നത്. അക്കാദമിക് പ്രവർത്തനങ്ങൾ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ, ഭൗതികസാഹചര്യം മെച്ചപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങൾ, ജനകീയപ്രവർത്തനങ്ങൾ എന്നിങ്ങനെ നാലുധാരകളാണുള്ളത്. ഈ നാലു മേഖല കളിലും വളരെ മാറ്റങ്ങൾ ഉണ്ടായാൽ മാത്രമേ ഗുണകരമായ പുരോഗതി കൈവരിക്കാൻ സാധിക്കുകയുള്ളൂ. ഗ്രാമസഭകളിലെ ആവശ്യങ്ങൾ സാധ്യ മാകണ മെങ്കിൽ ഈ മുഖ്യധാരകളിൽ ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്.

12. അക്കാദമിക് പ്രവർത്തനങ്ങൾ വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്ന തിനായിമെച്ചപ്പെട്ടപഠനബോധനപ്രവർത്തനങ്ങൾ ആവിഷ്കരി ക്കേണ്ടതാകുന്നു. അനുപൂരകവിദ്യാഭ്യാസത്തിൻെറ പ്രസക്തിയേറുന്നത് ഈ അവസരത്തിലാണ്. ഏതൊരാളും മുന്നറിവിനോട് ബന്ധിച്ചാണ് പുതിയത് സ്വീകരിക്കുന്നത്. അതിനാൽ പുതിയപാഠാനുഭവങ്ങൾ നൽകുന്നതിനു മുൻപ് മുന്നറിവുകൾ ഉറപ്പിക്കണം. വിദ്യാർത്ഥി എന്തൊക്കെയാണെന്നറിഞ്ഞിരിക്കണം. മുന്നറിവിനെ ശക്തിപ്പെടുത്തു കയാണ് അനുപൂരകവിദ്യാഭ്യാസത്തിൻെറ ലക്ഷ്യം.

## അനുപൂരകവിദ്യാഭ്യാസത്തൻെറ പ്രവർത്തനഘട്ടങ്ങൾ

1. പ്രീ- ടെസറ്റ് — വിദ്യാർത്ഥിക്ക് ആവശ്യമായ പൂർവ്വസിദ്ധി എത്രത്തോളമാണെന്ന് കണ്ടെത്താനാണ്.
2. പരിഹാരബോധനം .. മുന്നറിവ് ഉറപ്പിക്കുന്നതിനുള്ള പഠന ബോധനപ്രക്രിയ.
3. പോസ്റ്റ് ടെസ്റ്റ് .. പുതിയതായിനേടിയ മുന്നറിവിൻെറ അളവുതിട്ടിപ്പെടുത്തൽ

പ്രീടെസ്റ്റിൻെറ ചോദ്യനിർമ്മാണം മുൻക്ലാസിലെ അദ്ധ്യാപകൻെറ നേതൃത്വത്തിലാക്കാം. വാചികം, ലേഖനം, നിർവ്വഹണം,എന്നിവ ഉൾളേല്ലുന്ന തായിരിക്കണം പ്രീടെസ്റ്റ് . ഈ പ്രർത്തനം കാഞ്ഞിരപ്പുഴയിലെ വിദ്യാലയങ്ങളിലും നടക്കാറുണ്ട്. പക്ഷേ അദ്ധ്യാപകർ വേണ്ടത്ര ബോധവാന്മാരല്ല. അതുകെണ്ട് ഗുണപരമായ മാറ്റം കുട്ടികൾക്കുണ്ടാകുന്നില്ലെന്ന വിമർശനം കാണേണ്ടതാണ്.

13. അദ്ധ്യാപകൻ ഒറ്റപ്പെട്ടയാളല്ലാത്തതുപോലെതന്നെ അദ്ധ്യാപനവും എകാന്തമായ പ്രക്രിയയല്ല. സംഘയത്നമാണ്. അദ്ധ്യാപകർക്ക് തങ്ങളുടെ അനുഭവങ്ങൾ പങ്കിടേണ്ടതുണ്ട്.. കൂട്ടായചർച്ചവഴി മെച്ചപ്പെട്ട ബോധനോപായങ്ങൾ കണ്ടെത്താൻ കഴിയുന്നു. ഇതിനെല്ലാം പുറമേ ബന്ധപ്പെട്ട മേഖലയിലെ വിദഗ്ദ്ധരുടെ സേവനം പ്രയോജനപ്പെടുത്തണം. ഇതിനുമാസംതോറും അദ്ധ്യാപകസംഗമം നടത്തണം.

14. വെറുതെ കൂടിയിരുന്നാൽപോര. പ്രദർശനപാഠം സംഘടിപ്പിക്കൽ, വിദഗ്ദ്ധൻമാരുടെ സേവനം ലഭ്യമാക്കൽ എന്നിവയാകാം പ്രവർത്തനങ്ങൾ, അദ്ധ്യാപകസംഗമത്തിൽ അദ്ധ്യാപകർ മുന്നൊരുക്കത്തോടെ എത്തണം അദ്ധ്യാപകർ ക്ലാസടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും ആസൂത്രണം ചേയ്യേണ്ടതാണ്.

15. അദ്ധ്യാപകപുനഃപരിശീലനം നാമമാത്രമായിട്ടണ് നടക്കുന്നത്. വഴി പോലെയുമല്ല. അത് ഒരു വഴിപാടാണ്, വിദ്യാർത്ഥികേന്ദ്രീകൃതവും. പ്രവർത്തനകേന്ദ്രീകൃതമായ അക്കാദമിക് പ്രവർത്തനങ്ങളെ സംബന്ധിച്ച അദ്ധ്യാപകപുനപരിശീലനം പഞ്ചായത്ത് അക്കാദമിക്കമ്മിറ്റിയുടെ നേതൃത്വത്തിൽവേണ്ടപ്പോൾ സംഘടിപ്പിക്കണം. ഇന്നത്തെമൂല്യനിർണ്ണയനരീതിയും സമഗ്രമല്ല. നിദാനനിർണ്ണയവും പരിഹാരബോധനവും അതുകൊണ്ട് നടക്കുന്നില്ലെന്നുമാത്രമല്ല സ്ഥാനനിർണ്ണയം പോലും അങ്ങേയററം തെറ്റായിട്ടാണ് നടക്കുന്നത്. വാചിക നിർവ്വഹണലിഖിതപരീക്ഷകൾ, ആഭ്യന്തരവിലയിരുത്തൽ എന്നീ രീതികൾ യുക്തിയുക്തം ഉപയോഗിക്കുമ്പോഴെ മൂല്യനിർണ്ണയം അർത്ഥപൂർണ്ണമാവുകയുള്ളു. സമഗ്രവിദ്യാഭ്യാസപരിപാടികളുടെ ഭാഗമായിപ്രതിമാസപാദാന്ത്യപരീക്ഷകളിൽ ഈ നവീനരീതി ഉപയോഗിക്കേണ്ടതാണ്. ഇതിനായി പഞ്ചായത്തിലെ ബന്ധപ്പെട്ട അദ്ധ്യാപകരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പുന പരിശീലനങ്ങളും ചോദ്യക്കടലാസ് നിർമ്മാണശിൽപശാലയും നടത്തണം എല്ലാ മാസവും പ്രോഗ്രസ്സ്കാർഡ് കൊടുക്കുകയും, കുട്ടികളുടെയും ക്ലാസ്സിൻെറയും പഠനപുരോഗതി സ്ററാഫ് മീറ്റിംഗിൽ ചർച്ച ചെയ്യുക, അതിനുശേഷം അമ്മമാരെവിളിച്ചുചേർത്ത് പഠന പുരോഗതി വിലയിരുത്തുകയും ചെയ്യേണ്ടതാണ്. നിലവിലുള്ള റാങ്കിംഗിനെക്കാൾ നല്ലത് ഗ്രേഡിംഗാണ്. നിർവ്വഹണ പരീക്ഷകളിൽ വ്യക്തിഗത പ്രവർത്തനങ്ങൾക്കും പ്രാമുഖ്യം നൽകണം

## ഗ്രേഡിംഗ് നിർദ്ദേശം

| | | | | |
|---|---|---|---|---|
| 0% | - | 20% | വളരെ പിന്നോക്കം. | E |
| 20% | - | 40% | പിന്നോക്കം | D |
| 41% | - | 60% | തൃപ്തികരം | C |
| 61% | - | 80% | നല്ലത് | B |
| 81% | - | 100% | വളരെ നല്ലത് | A |

## പരീക്ഷയിൽ മാർക്കിൻെറ അനുപാതം

| | | |
|---|---|---|
| എഴുത്തുരീക്ഷ | .. | 50% |
| വാചികം | .. | 20% |

| | | |
|---|---|---|
| നിർവ്വഹണം | .. | 20% |
| അഭ്യന്തരവിലയിരുത്തൽ | .. | 10% |
| ആകെ | .. | 100 |

18. അക്കാദമിക്രംഗത്തെ പ്രവർത്തനപുരോഗതി യഥാസമയം വിലയിരുത്തുകയും പാളിച്ചകൾ തിരുത്തുകയും ചെയ്യേണ്ടതാണ്. അതിന് പഞ്ചായത്തിലെ വിദഗ്ദ്ധരായ അദ്ധ്യാപകരുടെ സംഘം വിദ്യാലയങ്ങൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്താം. ഈ സംഘത്തിൽ അനദ്ധ്യാപകരായ വിദഗ്ധർ, ജനകീയ പ്രതിനിധികൾ ഇവരെയും ഉൾപ്പെടുത്തണം. പരിശോധനയേക്കാൾ പ്രശ്നങ്ങൾ നേരിട്ടു മനസ്സിലാക്കലും സഹായം ലഭ്യമാക്കലുമാണ് ഇത്തരം സന്ദർശനങ്ങളുടെ ലക്ഷ്യം.

19. അക്കാദമിക് പ്രവർത്തനങ്ങൾക്കൊപ്പം തന്നെ പാഠ്യാനു ബന്ധപ്രവർത്തനങ്ങൾക്കും ഊന്നൽ നൽകേണ്ടതാണ്. വ്യക്തിത്വവികാസം, സഹകരണമനോഭാവം, സംഘബോധം, സർഗ്ഗാത്മകത, കലാസാഹിത്യാസ്വാദനം, വിവിധതരം നൈപുണികളുടെ വികാസം,സ്വയംപഠനത്തിനുള്ള കഴിവ്, നേതൃത്വശേഷി തുടങ്ങിയ ശക്തികൾ വിദ്യാർത്ഥികളിൽ വളർത്തുന്നതിനും വിദ്യാലയപ്രവർത്തനങ്ങൾ സജീവവും ആകർഷകവുമാക്കുന്നതിനും പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ സഹായകമാണ്. സഹിത്യസമാജം ചുമർ കൈയെഴുത്ത് മാസിക, പരിസ്ഥിതിക്ലബ്ബ് സയൻസ് ക്ലബ്ബ്, വായനാകോർണർ, സ്ക്കൂൾലൈബ്രറി, പഠനയാത്ര, മാസ്ഡ്രിൽ, പരിസരശുചീകരണം, കൃഷിതോട്ടം, പൂന്തോട്ടവല്ക്കരണം യൂണിഫോറം, അസംബ്ലി, ദേശീയദിനാചരണം, സ്ക്കൂൾവാർഷികം, കലോത്സവം ഇതെല്ലാം എറെക്കുറെ നടക്കുന്നുണ്ടെങ്കിലും അദ്ധ്യാപകരുടെ അക്കാദിമിക്ചർച്ചക്കുശേഷം പ്രയോഗികവും ഭാവനാപൂർണ്ണമായും നടപ്പിൽവരുത്തേണ്ടതാണ്.

20. പഠനോത്സനങ്ങളും പഠനോപകരണശിൽപശാലയും പ്രദർശനവും കാളി കാര്യവും കഴിവ് എന്നിവയെ യോജിപ്പിക്കുന്നു. അതിന് നവീനമായ മാതൃകയും രീതിയും അദ്ധ്യാപകരും വിദ്യാർത്ഥികളും കൂട്ടായികണ്ടെത്തുമല്ലോ.

22. ബദൽപ്രവർത്തനത്തിൻെറ മറ്റുമേഖലകൾ വിദ്യാഭ്യാസരംഗത്ത് ഇനിയുമുണ്ട്. അങ്കണവാടിയും തുടർസാക്ഷരതാപ്രവർത്തനവും പഞ്ചായത്തുനിയന്ത്രണത്തിലാണ്. എല്ലാവാർഡിലും മാതൃകാ പ്രീ പ്രൈമറി വിദ്യാകേന്ദ്രം ഉണണ്ടാക്കാനും കഴിയും. അതിനു വോണ്ടിമിനിമം സൗകര്യം കണ്ടെത്തണം.

23. എതൊരു പ്രർത്തനം നടത്തണമെങ്കിലും അതിനൊരു സംഘടനാരൂപം വേണം. അതിനു നമുക്ക് സ്വീകാര്യമായ ഒരു സംഘടനാരൂപത്തിൻെറ രേഖാചിത്രം കുറിക്കുന്നു.

## സംഘടനാ സംവിധാനം

### 1. സ്ക്കുൾ വിദ്യാഭ്യാസസമിതി

ചെയർമാൻ പി. ടി എ പ്രസിഡൻറ്

വൈസ്ചെയർമാൻ മദർ പി ടി.എ ചെയർപേഴ്സൺ

കൺവീനർ ഹെഡ്മാസ്റ്റർ

ജോ.കൺവീനർ തത്പരനായ ഒരദ്ധ്യാപകൻ

അംഗങ്ങൾ സ്റ്റാഫ് സെക്രട്ടറി, അധ്യാപകപ്രതിനിധികൾ, 2 റിട്ടയർ ചെയ്തതോ അല്ലാത്തതോ ആയ വദ്യാഭ്യാസപ്രവർത്തകർ.

ചുമതലകൾ... സകൂൾപ്രവർത്തനങ്ങൾ ചർച്ചചെയ്യുക വിഭവസമാഹരണം നടത്തുക
ഭൗതികസാഹചര്യമുറപ്പിക്കുക
പഠനോത്സവത്തിൻെറ വിശദാംശങ്ങൾ തയ്യാറാക്കിനടപ്പിലാക്കുക.
മറ്റുകാര്യങ്ങൾ രൂപീകലച്ചുമതല ഹെഡ്മാസറ്റർക്കാണ്.
മാസത്തിലൊരിക്കലെങ്കിലും യോഗംചേരണം.
റിപ്പോർട്ടിംഗ്, ചർച്ച, ഭാവിപ്രവർത്തനങ്ങൾ എന്നിവരേഖപ്പെടുത്തണം.

## 2. പഞ്ചായത്ത് വിദ്യാഭ്യാസസമിതി

ചെയർമാൻ........ പഞ്ചായത്ത് പ്രസിഡൻെറ്
കൺവീനർ.......... നേതൃസ്കൂൾ ഹെഡ്മാസ്റ്റർ
കോഡിനേറ്റർ..... നേതൃസ്കൂളിലെതാത്പര്യമുള്ള ഒരദ്ധ്യാപകൻ
അംഗങ്ങൾ ........ പഞ്ചായത്ത് മെമ്പർമാർ, ഹെഡ്മാസ്റ്റർ, പി.ടി.എ പ്രസിഡൻെറുമാർ, അദ്ധ്യാപകസംഘടനാപ്രതിനിധികൾ, രാഷ്ട്രീയപ്രതിനിധികൾ, 2 വിദ്യാഭ്യാസപ്രതിനിധികൾ പ്രീ പ്രൈമറി അധ്യാപികമാർ. അക്കാദമിക് സമിതിചെയർമാൻ അക്കാദമിക് സമിതി ചെയർമാൻ, അക്കാദമിക് സമിതികൺവീനർ.
ഇതിന് ചെയർമാൻ, കൺവീനർ, കോഡിനേറ്റർ, അക്കാ. ചെയർമാൻ, അക്കാദമിക് കൺവീനർ, 1 വിദ്യാഭ്യാസ പ്രവർത്തകൻ, 1 സന്നദ്ധസംഘടനാ പ്രതിനിധി, 1 പ്രീ പ്രൈമറി ടീച്ചർ എന്നിവർ ഉൾപ്പെട്ട എക്സിക്യൂട്ടീവ് രൂപീകരിക്കണം.
ചുമതലകൾ........ പഞ്ചായത്ത് വിദ്യാഭ്യാസപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക, സ്ക്കുൾപ്രവർത്തനങ്ങൾ മോണിറ്റർചെയ്യുക, പഞ്ചായത്തുതലക്യാമ്പുകളും മറ്റും സംഘടിപ്പിക്കുക, വിഭസമാഹരണം നടത്തുക.
മറ്റുകാര്യങ്ങൾ..... പ്രതിമാസയോഗം വേണം. റിപ്പാർട്ടിംഗ് ചർച്ച ഭാവി പ്രവർത്തനങ്ങൾ എന്നിവ രേഖപ്പെടുത്തണം.

## 3. പഞ്ചായത്ത് അക്കാദമിക് സമിതി

ചെയർമാൻ — തത്പരനായ റിട്ടയർ ചെയ്ത അദ്ധ്യാപകൻ
കൺവീനർ — തത്പരനായ നേതൃസ്ക്കൂൾ അദ്ധ്യാപകൻ
അംഗങ്ങൾ — സബ്ജക്ട് വൈദഗ്ദ്ധ്യമുള്ള 3 പ്രദേശിക വിദഗ്ദ്ധർ
2 പ്രൈമറി അദ്ധ്യാകൻ
1 പ്രൈമറി അദ്ധ്യാപിക
ചുമതലകൾ — അക്കാദമിക് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള തനത് പരിപാടി കൾ നടപ്പിലാക്കുക. പ്രതിമാസ അദ്ധ്യാപകസംഗമം ആസൂത്രണം ചെയ്തു നടപ്പിലാക്കുക.
മററുകാര്യങ്ങൾ — രണ്ടുഅദ്ധ്യാപക സംഗമങ്ങൾക്കു ഒരു യോഗം ചേരണം. പ്രത്യേകപരിപാടികൾ വരുമ്പോൾ മുൻകൂട്ടി ആലോചനയോഗങ്ങൾ ചേരണം.

4.അയൽക്കൂട്ടം

ചെയർപേഴ്സൺ — ഒരു വനിത
കൺവീനർ — പൊതുപ്രവർത്തകൻ

| | |
|---|---|
| അംഗങ്ങൾ | 5 സന്നദ്ധപ്രവർത്തകർ |
| ചുമതലകൾ | അയൽകൂട്ടത്തിൽപ്പെട്ട ഗൃഹസന്ദർശനം പഠനസൗകര്യം എന്നിവ ഉറപ്പിക്കുക സംശയങ്ങൾ ദൂരീകരിക്കുക. മറ്റുള്ളവബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുക. കുട്ടികൾ കൃത്യമായി സ്കൂളിൽ പ്പെടത്തുക കുട്ടികൾ കൃത്യമായ് സകൂളിൽ പോകുന്നുവെന്ന് ഉറപ്പുവരുത്തുക. |

## 4. വാർഡ് വിദ്യാഭ്യാസസമിതി

| | |
|---|---|
| ചെയർമാൻ | വാർഡ് മെമ്പർ |
| കൺവീനർ | തത്പരനായ അദ്ധ്യാപകൻ |
| അംഗങ്ങൾ | പി.ടി.എ പ്രസിഡൻറ്റുമാർ, മാതൃസംഘം, ചേയർ പേഴ്സൺമാർ, ഹെഡ്മാസ്റ്റർ, പ്രീപ്രൈമറി അധ്യാപകർ, രണ്ട് അധ്യാപകരുടെ പ്രധിനിധികൾ, രണ്ട് വിദ്യാഭ്യാസപ്രവർത്തകർ. |
| ചുമതലകൾ | അയൽക്കൂട്ട പ്രവർത്തനം സജീവമാക്കുക. വാർഡുതലത്തിൽ 10 തരം വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും യോഗം വിളിച്ചു ചേർക്കുക. പഠനസഹായകമായക്ലാസുകൾ സംഘടിപ്പിക്കുക. നിർധനവിദ്യാർത്ഥികളെ സഹായിക്കുക. മാതൃകാ പ്രീ പ്രൈമറി വിദ്യാലയം വളർത്തുക. |

24. പത്താം തരത്തിലെ വിജയശതമാനം

. പഠന നിലവാരമുയരാതെ എസ്.എസ്.എൽ.സി വിജയശതമാനം മെച്ചപ്പെടില്ലെങ്കിലും ഈ പഞ്ചായത്തിലെ ഗവ.ഹൈസ്ക്കുൾ പൊറ്റശ്ശേരിയിൽ എസ്.എസ്.എൽ.സി. വിജയശതമാനത്തിൽ കൺനട്ടുള്ള പ്രത്യേക ബോധനം നടന്നിരുന്നു. അക്കാദമിക് രംഗത്ത് ഒരദ്ധ്യാപകസംഘടന കെ.ജി.ടി.എ യും പിന്നീട് പുനഃസംഘടിപ്പിക്കപ്പെട്ട കെ. എസ് ടി. എ ,ആണ് ആ ഇടപെടലിന് വഴിയൊരുക്കിയത്. വിജ്ഞാനകേന്ദ്രം എന്ന പേരിലാണ് അതിനുള്ള സംഘടനാസംവിധാനം രൂപീകരിച്ചിരിന്നു.

25. പൊറ്റശ്ലേരി ഗവ. ഹൈസ്ക്കൂളിന് വിജ്ഞാനകേന്ദ്രത്തിൻെറ നല്ലഅനുഭവവും ചീത്തഅനുഭവവും ഉണ്ടായിട്ടുണ്ട്. ശരാശരി വിദ്യാർത്ഥികളുടെ വിജയം ഉറപ്പിക്കുവാനും സമർത്ഥരായ കുട്ടികൾ കൂടുതൽ മാർക്കുവാങ്ങി ജയിക്കുവാനുള്ള ബോധനരീതിയായിരുന്നു സംശയങ്ങൾ ദുരീകരിക്കുക, പഠിക്കാത്തവപഠിക്കുവാൻ പ്രേരിപ്പിക്കുക. ഇതിനെല്ലാം കാലത്തും നാലുമണിക്കു ശേഷവും സംഘാധ്യാപനംവും നടന്നു. ചിലപ്പോൾ എകാധ്യാപനം വരെയെത്തുകയും ചെയ്തു. പഠനക്യാമ്പുകൾ ഒഴിവുള്ള ദിവസങ്ങളിൽ നടന്നു.

26. ഒഴിവുള്ളദിവസങ്ങളിൽ നാലോ അഞ്ചോ പേരുള്ള അധ്യാപകസംഘം കുട്ടികളുടെ വീടുകൾ സന്ദർശിക്കുകയും രക്ഷിതാക്കളും കുട്ടികളുടെ വീടുകൾ സന്ദർശിക്കുകയും രക്ഷിതാക്കളും, കുടംബാംഗങ്ങളുമായി ആശയ സംവാദം നടത്തുകയും ചെയ്തു. വേണ്ടനിർദ്ധേശങ്ങൾ കൊടുത്ത് വീടുകളിലെ പഠനാന്തരീക്ഷം മെച്ചപ്പെടുത്തി. കുട്ടി പഠിച്ച്ജയിക്കേണ്ടത് രക്ഷിതാക്കളുടെ കൂടി ശ്രദ്ധകൊണ്ടാണെന്നു ബോദ്ധ്യപ്പെടുത്താനും കഴിഞ്ഞു.

27. ഇതിനൊക്കെപ്പുറമേ എസ്, എസ്, എൽ, സി വിദ്യാർത്ഥികളുടെ രക്ഷിതാക്കാളെ പ്രത്യേകം വിളിച്ചുചേർത്തി കൂട്ടായ ചർച്ചയും തീരുമാനങ്ങളും എടുത്തു. അതൊരു അക്കാദമിക്ക് വർഷത്തിൽ 3,4 തവണ നടത്തിയിട്ടുണ്ട്. അമ്മമാരുടെ യോഗവും നടന്നു.

ആ പ്രവർത്തനങ്ങളുടെ ഫലമായി കുറെ ശരാശരി കുട്ടികൾജയിച്ചു. ചിലർകൂടുതൽമാർക്കുവാങ്ങിച്ചു. എന്നാൽ ഗുണപരമായമാററം പ്രതീക്ഷിച്ചത്ര വന്നില്ല. തുടക്കത്തിലുണ്ടായിരുന്ന അദ്ധ്യാപകരുടെയും, രക്ഷിതാക്കളുടെയും സഹകരണവും ഇല്ലാതായി. എന്നിട്ടും മോഡറേഷൻകിട്ടാനുള്ള അർഹത കഴിഞ്ഞവർഷം വരെ നേടി. ഈ വർഷം ആ പ്രവർത്തനം തുടങ്ങാൻസാധിച്ചിട്ടില്ല.

ശരിയായി സംവിധാനം ചെയ്താൽ ഇന്നത്തെ സാഹചര്യത്തിലും വിജ്ഞാനകേന്ദ്രം ഗുണകരമാണ്. താത്പര്യവും സേവനമനോഭാവവും പ്രാപ്തിയുമുള്ള ഒരു സംഘം അദ്ധ്യപകർ വേണം. ഇതനായി ബോധനം മാത്രം പോര. മോണിറ്ററിംഗും മൂല്ല്യനിർണ്ണയവും പ്രത്യേകം എർപ്പെടുത്തണം. പല വിഷയങ്ങൾ പഠിപ്പിക്കാൻ കഴിയുന്ന ഒരധ്യാപകനെങ്കിലും വിശേഷിച്ചുവേണ്ടതാണ്. 9ാം ക്ലാസിന ശേഷമുള്ള വേനൽഅവധിക്ക് ഒഴിവില്ലാതെ രണ്ടുമാസത്തെ അനുപൂരകപഠനം പിന്നോക്കം നിൽക്കുന്നവിഷയങ്ങൾക്ക് കൊടുത്തുകൊണ്ട്, എസ്. എസ്. എൽ. സി. പരീക്ഷയുടെ അവസാനനാൾവരെ വിദ്യാർത്ഥികളോടൊപ്പം കൂടുവാനുള്ള സന്നദ്ധതയും ക്ഷമയും അദ്ധ്യാപകർക്കുണ്ടാകണം. ഇതൊടൊപ്പം കാര്യക്ഷമവും ഭാവനാപൂർണ്ണവും ബുദ്ധിപൂർവ്വകവുമായി ഇടപെടലുകൾ നടന്നാൽ ഒരു പരിധിവരെ വിജയം കൈവരിക്കാൻ കഴിയും.

## ഗ്രാമസഭകളിലുരുത്തിരിഞ്ഞ നിർദ്ദേശങ്ങളും ആവശ്യങ്ങളും.

1. ഒന്നാംവാർഡ് വിയ്യക്കുർശ്ശിയിലെ ഗവ. എൽ.പി. വിദ്യാലയവും 7 ാം വാർഡ് ഇരുമ്പകച്ചോലയിലെ എൽ. പി. സ്കൂൾ പഞ്ചായത്ത് എ. എം എൽ. പി, യു. പി. സ്കൂളായി അപ്ഗ്രേഡ് ചെയ്യണം.
2. ഗവ. എൽ.പി. സ്ക്കുൾ പൊറ്റശ്ശേരി (വാർഡു 9 മുണ്ടകുന്ന്) ഗവ.എൽപി. സ്ക്കൂൾ വിയ്യക്കുറിശ്ശി (വാർഡ് 2) ഗവ.മാപ്പിള എൽ.പി..സ്ക്കുൾ തൃക്കാല്ലൂർ എന്നീ വിദ്യാലയങ്ങൾ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് ആ സ്ക്കുളുകളിരിക്കുന്ന കെട്ടിടവും സ്ഥലവും അക്വസേഷൻ നടത്തുക. മതിയായകെട്ടിട സൗകര്യം, ഫർണീച്ചർ തുടങ്ങിയ ഭൗതികസാഹചര്യങ്ങൾ ലഭ്യമാക്കുക.
3. 5 ാം വാർഡ് പൂഞ്ചോല കുറ്റിയമ്പാടത്തും 10ാം വാർഡിൽ ചേലേങ്കരയിലും എൽ.പി സ്ക്കുൾ അനുവദിക്കണം.
4. പാമ്പൻതോട് ഗിരിവർഗ്ഗ മേഖലയിൽ പ്രാഥമിക സൗകര്യം ഒന്നുമില്ല. ഗിരിജനങ്ങൾക്കായി അവിടെ അംഗൻവാടി സ്ഥാപിക്കുക അതോടൊപ്പം തുടർസാക്ഷരതാകേന്ദ്രവും, എകാദ്ധ്യാപകവിദ്യാലയവും പ്രവർത്തിക്കേണ്ടതാണ്.
5. ഗവ. ഹൈസ്ക്കുൾ പൊറ്റശ്ശേരി, എ എം എൽ. പിസ്ക്കൂൾ തൃക്കാല്ലൂർ. എന്നീ സ്ക്കുളുകളിലെ പഠനനിലവാരം മെച്ചപ്പെടുത്തുക.
6. ഗവ. യു.പിസ്ക്കുൾ പുളിക്കൾ ഭൗതികസാഹചര്യമില്ലാത്തതു കൊണ്ട സെഷണലായാണ് പ്രവർത്തിക്കുന്നത്. സെഷണൽസമ്പ്രദായം മാറ്റുവാനാവശ്യമായ കെട്ടിടം, ഫർണീച്ചർ ആദിയായ ഭൗതികസാഹചര്യം അനുവദിക്കുക.
7. ഗവ. ഹൈസ്ക്കുൾ പൊറ്റശ്ശേരിയിൽ പ്ലസ്ടൂ സമ്പ്രദായം ആരംഭിക്കുക.

8. ഗവ. വിദ്യാലയങ്ങളിൽ മതിയായ അദ്ധ്യാപകരെ യഥാകാലം പി എസ്സ് സി വഴി നിയമിക്കണം.
9. പൊറ്റശ്ശേരി ഗവ. ഹൈസ്ക്കുൾ അദ്ധ്യാപക രക്ഷാകർത്തൃസമിതിനടത്തുന്ന പ്രീപ്രൈമറി വിഭാഗം സർക്കാർ എറ്റെടുക്കുകയും അവിടുത്തെ ജിവനക്കാർക്ക് ജോലിസ്ഥിരതയും ഉറപ്പുവരുത്തുക.
10. പുളിക്കൽ യു പി സ്ക്കുളിൻെറ ഇപ്പോഴുള്ള സ്ഥലവും കെട്ടിടവും പി .ഡബ്ള്യൂ. ഡി. വിദ്യാഭ്യാസവകുപ്പിന് കൈമാറേണ്ടതാണ്. സ്ക്കുളിനും കളിസ്ഥലത്തിനുമായി വിട്ടുകൊടുത്തിരിക്കുന്ന സ്ഥലം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക.
11. പൊറ്റശ്ശേരി ഗവ. ഹൈസ്ക്കുളിനും പുളിക്കൽ യു.പി സ്ക്കുളിനും മതിയായ ലാബർട്ടറി സൗകര്യമില്ല. ആവശ്യമുള്ള ലാബർട്ടറി സൗകര്യമനുവദിക്കുക.
12. പുളിക്കൽ ജി.യുപി സ്ക്കുളിൻെറ സമീപമായിയൊഴുകുന്ന മലിനജലം ഒഴിവാക്കാനുള്ള. സ്ഥിരം സംവിധാനം ഉണ്ടാക്കുക.
13. ഗവ. എൽ. പി. സ്ക്കൂൾ വിയ്യക്കുറുശ്ശി, ജി എം എൽ പിസ്ക്കുൾ തൃക്കാല്ലൂർ എ എം എൽ പി സ്ക്കുൾ തൃക്കല്ലൂർ എന്നീ വിദ്യാലയങ്ങൾക്കു കുട്ടികൾക്കായി മൂത്രപ്പുരയും കക്കൂസും നിർമ്മിക്കുക.
14. പൊറ്റശ്ശേരി ഗവ. ഹൈസ്ക്കുളിന് ആൺകുട്ടികൾക്കുവേണ്ടി മുത്രപ്പുര നിർമ്മിക്കുക.
15. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ഗ്രാൻറ്റും സ്ക്കോളർഷിപ്പും മുസ്ലീം പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പും വർദ്ധിപ്പിക്കുക.
16. സംവരാണാനുകൂല്യം ലഭിക്കാത്ത വിഭാഗങ്ങളിൽപ്പെട്ട നിർദ്ധനവിദ്യാർത്ഥികൾക്കു ചിലവുകൂടിവരുന്ന ഹൈസ്ക്കുൾ ക്ലാസ്സുകളിൽ തുടങ്ങിയെങ്കിലും 750 ക. സ്കോളർഷിപ്പായി സഹായിക്കേണ്ടതാണ്.
17. എല്ലാവിദ്യാർത്ഥികൾക്കും ആരോഗ്യ കാർഡ് വിതരണം ചെയ്യുക.
18 യു.പി സ്ക്കുളിലും ലൈബ്രറി എർപ്പെടുത്തുക.
19. കാർഷിക വൃത്തിയിൽ താല്പര്യം ജനിപ്പിക്കുവാൻ സ്ക്കൂളുകളിൽ കൃഷിതോട്ടങ്ങൾ നിർമ്മിക്കുവാൻ കുട്ടികൾക്കുള്ള സ്കീം നടപ്പിലാക്കുക.
20. നോട്ടുബുക്ക് ചോക്ക്, കുട, തുടങ്ങിയ കുട്ടികൾക്കും സ്ക്കുളിനും ആവശ്യമുള്ള സാധനങ്ങൾ കുട്ടികൾക്കു സ്ക്കുളിൽ വെച്ചു നിർമ്മിക്കുവാനുള്ള സംവിധാനം ഗവ.ഹൈസ്ക്കുളിൽ പെറ്റശ്ശേരിയിൽ ഏർപ്പെടുത്തുക. വേനൽ ഒഴിവിന് കുട്ടികൾക്ക് ഈ തൊഴിലുകളിൽ പങ്കാളിത്തമെടുക്കാൻ കഴിയും. നിശ്ചിതമായ ഒരു തുക കുട്ടികൾക്കു പ്രതിഫലാമായും കൊടുക്കണം.
21. പാഠ്യാനുബന്ധ പ്രവർത്തനത്തിൻെറ ഭാഗമായി എട്ടാംതരം മുതലുള്ള കുട്ടികൾക്ക് ഒരക്കാദമിക് വർഷത്തിൽ ഒരു പ്രൊജക്ടെങ്കിലും തയ്യാറാക്കണമെന്ന് സിലബസ്സിലുണ്ടാക്കുക. കുട്ടികളുടെ പ്രൊജക്ട് വിലയിരുത്തുകയും അതിനു സർട്ടിഫിക്കറ്റ് കൊടുക്കുകയും ചെയ്യണം.
22. പഠനപ്രവർത്തനങ്ങളെപ്പറ്റി വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും വേണ്ട നിർദ്ദേശങ്ങളും റേഡിയോ, ടി.വി, പത്രം, ന്യൂസ്റീൽ എന്നിവ വഴി ഗവ. പ്രചാരണം നടത്തേണ്ടതാണ്.

പൊതുവിൽ വിദ്യാഭ്യാസ പുരോഗതിക്കാവശ്യമായ ഭൗതിക സാഹചര്യമൊരുക്കാൻവേണ്ട സാമ്പത്തിക ബാദ്ധ്യത സർക്കാർവഹിക്കണം.

# ഭൗതിക വിവരണം

| പേര് | കെട്ടിടം | | മുറികൾ | | സ്ക്കൂൾ വളപ്പ് | ഉടമസ്ഥ | മതിയായ സ്ഥിരംകെട്ടിടം | മതിയായ മുറികൾ | കുടിവെള്ളം | | മൂത്രപ്പുര എണ്ണം | | കക്കൂസ്സ് എണ്ണം | | പാചകമുറി ഉണ്ട് ഇല്ല | സ്റ്റാഫ്റൂം ഉണ്ട് ഇല്ല | പ്രത്യേകകളിസ്ഥലം ഉണ്ട് ഇല്ല | കളിസ്ഥലവിസ്തീർണ്ണം | മതിയായഫർണിച്ചർ ഉണ്ട്, ഇല്ല | ഫർണിച്ചർ വേണ്ടത് എണ്ണം | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | | 3 | | 4 | 5 | 6 | 7 | 8 | | 9 | | 10 | | 11 | 12 | 13 | 14 | 15 | 16 | | | | | |
| | സ്ഥിരം | അർദ്ധസ്ഥിരം | ഇപ്പോൾ | ആവശ്യമുള്ളത് | വിസ്തീർണ്ണം | സർക്കാർ വാടക സ്വന്തം | എണ്ണം | എണ്ണം | കിണർ ഉണ്ട് ഉല്ല | പൈപ്പ് ഉണ്ട് ഉല്ല | ഉണ്ട് ഉല്ല | വേണ്ടത് | ഉണ്ട് ഉല്ല | വേണ്ടത് | ഉണ്ട് ഉല്ല | ഉണ്ട് ഉല്ല | ഉണ്ട് ഉല്ല | | ഉണ്ട് ഉല്ല | ബഞ്ച് | ഡസ്ക് | മേശ | കസേര | അലമാറ | തട്ടിക |
| ഗവ. ഹൈസ്ക്കൂൾ, പൊറ്റശ്ശേരി | 7 | 1 | 52 | 15 | 2.50 | സർക്കാർ | 7 | 67 | ഉണ്ട് | ഉണ്ട് | 5 | 2 | 5 | 5 | ഉണ്ട് | ഉണ്ട് | ഉണ്ട് | 1ഏ | ഇല്ല | 50 | 300 | 50 | 50 | 4 | 7 |
| ജി.യു.പി സ്ക്കുൾ പുളിക്കൽ | 2 | | 8 | 6 | 2ഏ | PWD | 2 | 20 | ഇല്ല | ഇല്ല | 1 | 4 | 1 | 3 | ഉണ്ട് | ഇല്ല | ഉണ്ട് | 1ഏ | ഇല്ല | 60 | 60 | 5 | 10 | 3 | 2 |
| ജി.എൽ.പി.എസ് മുണ്ടക്കുന്ന് പൊറ്റശ്ശേരിഈസ്റ്റ് | 1 | 1 | 2 | 4 | 55ce | വാടക | 1 | 12 | ഉണ്ട് | ഇല്ല | 1 | 2 | ഇല്ല | 3 | ഇല്ല | ഇല്ല | ഇല്ല | 50ce | ഇല്ല | 20 | 40 | 2 | 5 | 2 | 4 |
| ജി.എൽ.പി.എസ് എ.എം.എൽ.പി തൃക്കാളൂർ | 1 | | 4 | 2 | 50ce | വാടക | 1 | 10 | ഇല്ല | ഇല്ല | 1 | 2 | ഇല്ല | 3 | ഉണ്ട് | ഇല്ല | ഇല്ല | 50ce | ഇല്ല | 20 | 20 | 5 | 5 | 1 | 6 |
| പഞ്ചായത്ത് എ.എം.എൽ.പി.എസ് തൃക്കാളൂർ | 3 | 1 | 8 | 2 | 1ഏ | സ്വന്തം | ഇല്ല | 10 | ഉണ്ട് | ഇല്ല | 2 | 1 | 1 | 2 | ഉണ്ട് | ഇല്ല | ഉണ്ട് | 50ce | ഇല്ല | 25 | 25 | 2 | 8 | | |
| നിർമ്മല എ.എൽ.പി ഇരുമ്പകച്ചോല | 1 | | 2 | | 15ce | സ്വന്തം | 1 | 7 | ഉണ്ട് | ഉണ്ട് | 1 | 1 | ഇല്ല | 3 | ഉണ്ട് | ഇല്ല | ഉണ്ട് | 10ce | ഇല്ല | | 5 | | | | |
| ഹോളിഫാമിലി കോൺവെൻറ്യു.പി.എസ്.മുണ്ടകുന്ന് | 1 | 1 | 10 | 5 | 2ഏ | സ്വന്തം | 1 | 15 | ഉണ്ട് | ഉണ്ട് | 2 | 1 | 3 | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് | 1ഏ | ഇല്ല | 20 | | 2 | 4 | | |
| ജി.എൽ.പി.എസ് വിയ്യക്കുറുശ്ശി | 2 | | | 2 | 50ce | വാടക | 2 | 12 | ഉണ്ട് | ഇല്ല | ഇല്ല | 2 | ഇല്ല | 3 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 30 | 16 | 3 | 3 | | 10 |

66

# 5 ആരോഗ്യം

കേരളം ആരാഗ്യരംഗത്ത് മികച്ചനേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത്. പൊതു മരണനിരക്ക്, ശിശുമരണനിരക്ക് മാതൃമരണനിരക്ക് ആയുർദൈർഘ്യം തുടങ്ങിയ പൊതുമാനദണ്ഡമനുസരിച്ചുനോക്കിയാൽ ഒരു വികസിതരാജ്യത്തിന്റെ ഒപ്പം സംസ്ഥാനം എത്തിയിട്ടുണ്ടെന്ന് കാണാം സംസ്ഥാനത്തു പൊതുവെ നേടിയ നേട്ടത്തിന്റെ ഗുണഫലം കാഞ്ഞിരപ്പുഴ പഞ്ചായത്തിനുമുണ്ട്. ശിശുമരണനിരക്ക് മാതൃമരണനിരക്കും നാമമാത്രമാണ്. 60 വയസ്സിനുമേലുള്ളവരുടെ ജനസംഖ്യ വർദ്ധിച്ചിട്ടുണ്ട്.

അതിനുള്ള കാരണവും കാഞ്ഞിരപ്പുഴക്കുള്ളതുമാത്രമായി പറയാനില്ലെന്നുതന്നെ കാണാം കേരളത്തിൽ വിവിധമേഖലയിലുള്ളമാറ്റങ്ങളെയും അതിന്റെയെല്ലാം ചുവടുപിടിച്ച് മെച്ചപ്പെട്ട ജീവിത നിലവാരവും പൊതുജനാരോഖ്യസംവിധാനവും ഉണ്ടായിതിന്റെ ഫലമായി ഈ പഞ്ചായത്തും ഒപ്പമെത്തി. എന്നാൽ ആരോഗ്യ പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെട്ടുവെന്ന് പറയാൻകഴിയില്ല.ആയുസ്സിന്റെ ദൈർഘ്യം കൂടിയെങ്കിലും രോഗാതുരതവിട്ടുമാറുന്നില്ല. മഞ്ഞപ്പിത്തം, വയറിളക്കം ക്ഷയം എന്നീ ദാരിദ്ര്യജന്യമായരോഗങ്ങളും രക്തസമ്മർദ്ദം, ക്യാൻസറും പ്രേമേഹവും സാധാരണജനങ്ങളിൽകൂടിവരുന്നുണ്ട്. രക്തസമ്മർദ്ദവും ക്യാൻസറും പ്രമേഹവും സാധാരണജനങ്ങളിൽ കണ്ടുവരുന്നില്ല. ഒന്നാം വാർഡ് വിയ്യക്കുറശ്ശിയുടെ ഇക്കാര്യത്തിലേക്ക് നമ്മുടെ ശ്രദ്ധ ആകർഷിക്കുന്നുണ്ട്. ജീവിത നിലവാര മുയർന്നവരെയായിരുന്നു ആ രോഗങ്ങൾ ബാധിച്ചിരുന്നത്. ഇത് കാണിക്കുന്നത് ആരോഗ്യത്തിന്റെ കാര്യത്തിൽ ദുർല്ലഭമായ ഒരടിത്തറയിലാണ് നമ്മൾ നിൽക്കുന്നത്തെന്നതാണ്. പക്ഷേ സംസ്ഥാനത്തിന്റെ മറ്റുഭാഗങ്ങളിൽ പ്രത്യക്ഷപ്പെട്ട കോളറ എലിപ്പനി തുടങ്ങിയ രോഗങ്ങൾ കാഞ്ഞിരപ്പുഴയിലെത്തിനോക്കിയിട്ടില്ല. പ്രസ്തുത എയിഡ്സ് ഭീഷിണി ഇവിടെ കടംകഥ പോലെ പ്രചരിച്ചിരുന്നു. ആർക്കെന്നോ, പിന്നീട് എന്തുചെയ്തെന്നോ വ്യക്തമല്ല.

കാഞ്ഞിരപ്പുഴ പഞ്ചായത്തിൽ ഒരു പബ്ലിക്ക് ഹെൽത്ത് സെൻററാണ് പൊതുജനാരോഗ്യരംഗത്തെ ഒരുസ്ഥാപനം. ഇവിടെ കിടത്തി ചിക്തസിക്കാൻ സൗകര്യമില്ല. സ്ഥിരം ഡോക്ടർ പോലുമില്ല. ഇവിടെയും ചിക്സിക്കപ്പെടുന്ന രോഗിക്ക് ആവിശ്യമുള്ളമരുന്ന് പുറത്തേക്ക്കുറിക്കുന്നു. അതുകൊണ്ട് വളരെ കുറച്ചു ആളുകൾ മാത്രമാണ് അതുകൊണ്ട് ഇവിടെയെത്തുന്നത്. പെതുജനാരോഗ്യ സംവിധാനത്തിന്റെ തകർച്ചയാണ് ഈ അവസ്ഥക്കുകാരണം. തന്മൂലം രോഗികൾ കാഞ്ഞിരപ്പുഴ അസംപ്ഷൻ ആശുപത്രിയെ ശരണം പ്രാപിക്കുന്നു. അല്ലെങ്കിൽ പഞ്ചായത്തിലുള്ള ദീനബന്ധു ആശുപത്രിയിലുണ്ടാകുന്ന ചകിത്സയുടെ അന്ത്യത്തിൽ വിശ്വസ്തരാണെന്നപ്രശ്നവുമുണ്ട്. പ്രൈവറ്റ് ചികിത്സ അലോപ്പതി മേഖലയിലും ഹോമിയോപ്പതി മേഖലയിലും ഓരോഡോക്ടർമാർ കാഞ്ഞിരപ്പുഴ പഞ്ചായത്തിലുണ്ട് അതിൽ ചികിത്സക്കെത്തുന്നവരുടെ എണ്ണം ഹോമിയോ ഡോക്ടറുടെ അടുത്താണ് മരുന്നിനും ചികിത്സക്കും ചെലവുകുറവ് താരതമ്യേന ഹോമിയോപ്പതി മേഖലയിലാകുന്നു. ഇതുകൂടാതെ സർക്കാർ മേഖലയിൽ ആയുർവേദ ഡിസ്പെൻ സറിയും ഹോമിയോ ഡിസ്പെൻസറിയും ഓരോന്നുണ്ട് ഇരുമ്പകച്ചോലയിൽ ഈ പഞ്ചായത്തിന്റെ ഒരു മുക്കിൽ ഒരു കുടുംബക്ഷേമ കേന്ദ്രവുംപ്രവർത്തിക്കുന്നു.

മണ്ണാർക്കാട് ഗവ. ആശുപത്രയിൽനിന്ന് 8 കി.മീറ്റർ ദൂരെ കിടക്കുന്ന ആശുപത്രിയിലേക്കുപോകുന്നവരേക്കാൾ അവിടെയുള്ള സ്വകാര്യാശുപ്രതികളിലെ ചിക്തസക്കോ സർക്കാർ ഡോക്ടർമാരുടെ പ്രൈവറ്റ് ചികിത്സക്കോ സമീപിക്കുന്നവരാണ് കൂടുതലുള്ളത് അതുകൊണ്ട് ഈ പഞ്ചായത്തിലെ ദുർബ്ബലവിഭാഗക്കാർക്ക് ചികിത്സ അപ്രാപ്യമാവുകയോ താങ്ങാനാവാത്ത ഭാരമാവുകയോ ചെയ്യുന്നു. അതിവിശിഷ്ടചികിത്സ സമ്പന്നന്മാർക്ക് ലഭ്യമാവുകയും ദരിദ്രർക്ക് ആതുരസേവനം നിഷേധിക്കുകയും ചെയ്യുന്ന അമേരിക്കൻ മാതൃക വളർന്നവരുന്നതിൻെറ ദോഷഫലങ്ങൾ ഇവിടെയും കാണാൻ കഴിയുന്നുണ്ട് പരിസരശൂചീകരണ സംവീ ധാനങ്ങളുടെ അപര്യാപ്തതയും, പോഷണനിലവാരത്തിലുള്ള കുറവും രോഗങ്ങൾക്ക് കാരണമാണ്. പച്ചക്കറികൾക്ക് കാഞ്ഞിരപ്പുഴക്കാർ പീടികയിലേക്ക് ഓടുന്നു. മറ്റുസംസ്ഥാനങ്ങളെ ആശ്രയിക്കുന്നു. നമ്മുടെ രാജ്യത്തുനടപ്പാക്കിവരുന്ന പുത്തൻ സാമ്പത്തികനയം ദരിദ്രഇടത്തരം വിഭാഗങ്ങൾക്ക് എതിരാണ്. മത്സ്യത്തിന് വില കൂടുന്നു. കാഞ്ഞിരപ്പുഴഡാമിൽ നിന്നും പിടികൂടുന്നമത്സ്യത്തിൻെറ സ്വാദ് എന്നെങ്കിലുമാണ് ഇവിടത്തുകാർക്ക് അറിയുന്നത്. മത്സ്യസഹകരണസംഘം കി. ഒന്നിന് 25 കക്കുവിൽക്കുന്ന മത്സ്യം മണ്ണാർക്കാട്ട് എത്തുമ്പോൾ ഇരട്ടി വിലയാകുന്നു.

സംസ്ഥാനത്ത് ഒട്ടാകെ സംഭവിച്ചതു തന്നെയാണ് ഇവിടെയും സംഭവിച്ചത് അതുരസേവനരംഗം പ്രതിസന്ധിയിലാണ്. ഇതിൽനിന്ന് ഓരോഗ്രാമങ്ങളും രക്ഷപ്പെടണമെങ്കിൽ കേരളത്തിനുചേർന്ന പൊതുജനാരോഗ്യനയം ഉണ്ടാക്കേണ്ടിയിരിക്കുന്നു. അതിൻെറ ലക്ഷ്യം പൊതുജനാരോഗ്യരംഗത്തെ തകർച്ച പരിഹരിച്ച് ജനങ്ങൾക്കുള്ളവിശ്വാസം പുനഃസ്ഥാപിക്കുകയും ത്രിതല പഞ്ചായത്തു മേഖലയ്ക്ക് മതിയായ സംവിധാനം മേർപ്പെടുത്തുകയും ചെയ്യണം.

ഇതിന് ഒമ്പതാം പദ്ധതികാലത്ത് ചിലഹ്രസ്വകാലദീർഘകാലപദ്ധതികൾ സർക്കാർ ആവിഷ്കരിക്കണമെന്ന് വിദഗ്ധന്മാർ അഭിപ്രായപ്പെടുന്നു. ആ പദ്ധികൾ ത്രിതല പഞ്ചായത്തിലും അതിനുപുറത്തുമാണെന്നും അതുകൊണ്ട് ഗ്രാമപഞ്ചായത്തിനു ചെയ്യാവുന്നവമാത്രം ഈ റിപ്പോർട്ടിൻെറ ഭാഗമായി ചേർക്കുന്നു. പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ തുടങ്ങി എല്ലാ ജില്ലാശുപത്രികൾവരെയുള്ള സർക്കാർ ആരോഗ്യ സംവിധാനം വരെ പഞ്ചായത്തിരാജ് സംവിധാനത്തിനുകൈമാറണം അതുവഴി പൊതുവഴിജനാരോഗ്യ ശക്തിപ്പെടുത്തുകയും ജനങ്ങളുടെ നഷ്ടപ്പെട്ട വിശ്വാസം തിരിച്ചുപിടിക്കുകയും ചെയ്യേണ്ടതാണ്. ആവശ്യമരുന്നുകൾ സർക്കാരുടമയിൽ നിർമ്മിക്കുകയും ആ ഔഷധങ്ങൾ പ്രാഥമികരോഗ്യകേന്ദ്രത്തിൽ നിന്നും വിതരണം നടത്തേണം. താലൂക്ക് ആശുപത്രിയിലും കഴിയുമെങ്കിൽ PHC യിലും മെഡിക്കൽ ന്യായവില ഡിപ്പോസ്ഥാപിച്ചാൽ ചൂഷണത്തിൽനിന്നും ജനങ്ങൾക്കു രക്ഷപ്പെടാം.

ഘടനാപരമായ മാറ്റമാണ് ദീർഘകാലപരിപാടികൾ പഞ്ചായത്തിലെ PHC യുടെ നേതൃത്വത്തിൽ അവിടെയുള്ള സാമൂഹികസർക്കാർ സ്ഥാപനങ്ങളെ എകോപിപ്പിക്കാനും പ്രതിരോധകുത്തിവെയ്പ്പുകൾ അന്ധതാനിവാരണം, കുഷ്ഠ, ക്ഷയം തുടങ്ങിയ പ്രത്യേക രോഗനിവാരണപരിപാടികൾ പ്രാദേശികതലത്തിൽ നല്ലനിലയ്ക്കുപ്രവർത്തിക്കാൻകഴിയണം. പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ പ്രസവവാർഡ് ഉണ്ടാവുകയും കുട്ടികൾക്കുള്ള ചികിത്സാ സംവിധാനം നടപ്പാക്കുകയും വേണം. സ്പെഷ്യലിസ്റ്റുകളുടെ സേവനം താലൂക്ക് കേന്ദ്രആശുപത്രിയിൽനിന്ന് പ്രാഥമികാരോഗ്യകേന്ദ്രത്തിനുനൽകേണ്ടതാണ്. അവരുടെ സുഗമമായ സേവനത്തിനു വേണ്ടതായ സഹായസഹകരണങ്ങൾ കിട്ടാനായി ഒരു ഉപദേശകസമിതി

രൂപികരിക്കാം. നിലവിലുള്ള കെട്ടിടസൗകര്യം ഫർണീച്ചർ, ആംബുലൽസ് പ്രചരണപരിപാടികൾ സംഘടിപ്പിക്കൽ തുടങ്ങിയവപലതും നിർവഹിക്കാൻ ഉപദേശകസമിതിക്ക് സാധ്യമാകും.

സ്വകാര്യാശുപത്രികളുടെ മേൽ എവിടെയും നിയന്ത്രണമില്ല. കാഞ്ഞിരപ്പുഴ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അസംപ്ഷൻ ആശുപത്രി. അവിടത്തെ ഡോക്ടർമാർ, സ്റ്റാഫംഗങ്ങൾ എന്നവരുടെ യോഗ്യതയിലും, ലാബിൻെറഗുണനിലവാരത്തിലും, ചികിത്സാഫീസിനെ സംബന്ധിച്ചും ജീവനക്കാരുടെ സേവനത്തെസംബന്ധിച്ചും ഒന്നും ആർക്കുംനിയന്ത്രിക്കാൻ സാധിക്കില്ല എല്ലാ സ്വകാര്യാശുപത്രിയും ഇങ്ങനെയാണ് നടക്കുന്നത്. തന്മൂലം നിർദ്ധിഷ്ഠസ്ഥാപനത്തിനുനേർക്കുള്ള ആക്രമണവുമല്ലാ, മറിച്ച് പിന്നോക്കം നിൽക്കുന്ന ജനങ്ങൾ അതുരസേവനം കിട്ടാൻ വഴിയെന്താണെന്ന് ചിന്തിക്കുകയാണ്. അതിന് വേണ്ടി ഗവ.ജില്ലാആശുപത്രി കേന്ദ്രീകരിച്ച് ജില്ലാപഞ്ചായത്ത് മെഡിക്കൽ കൗൺസിൽ രൂപികരിച്ച് ഗുണനിലവാരത്തിൽ പര്യാപ്തമാണോ, എന്ന് പരിശോധിച്ചാൽ ചികിത്സാ ചെലവ് തുടങ്ങിയവയെ സംബന്ധിച്ച് പൊതുമാനദണ്ഡം രൂപീകരിക്കുകയും മറ്റുനിയന്ത്രണങ്ങൾ എർപ്പെടുത്തുകയും ചെയേണ്ടതാണ്. അത് ജില്ലയിലെ എല്ലാ സ്വകാര്യാശുപത്രികൾക്കും ബാധകമാക്കണം കൂടാതെ സർക്കാരും ജനങ്ങളും തമ്മിലുള്ള കൂട്ടു സംരംഭം വഴി സ്വകാര്യാശുപത്രിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള നിയമസംവിധാനമുണ്ടാക്കുകയും വേണം കാഞ്ഞിരപ്പുഴയിലുള്ളതരത്തിലുള്ള സ്വകാര്യാശുപത്രിയെ നിയന്ത്രിക്കേണ്ടത് ഗ്രാമപഞ്ചായത്താണ്. ഹോമിയോ ആയൂർവേദഡിസ്പെൻസറികളേയും, എകോപിപ്പിക്കണം. പാരമ്പര്യ വൈദ്യൻമാരുടെ സേവനവും തള്ളിക്കളയാവുന്നതല്ല. അവരുടെ ചികിത്സാരീതിയും പഞ്ചായത്തിലെ മരുന്നുകടകളും (ആയൂർവേദം അലോപ്പതി) എല്ലാം ഗ്രാമപഞ്ചായത്തിൻെറ പരിധിയൽകൊണ്ടുവരേണ്ടതാണ്.

ജനങ്ങൾക്ക് നീതിപൂർവ്വമായ ചികിത്സയും രോഗപ്രതിരോധ സംവിധാനവും ആരോഗ്യപരമായ പരിസ്ഥിതിയും ലഭിക്കാൻ സഹായിക്കുമാറ് സമഗ്രമായ ആരോഗ്യനയമാണ് കാഞ്ഞിരപ്പുഴ പഞ്ചായത്തും ആവശ്യപ്പെടുന്നത്.

9. ഭക്ഷ്യസാധനങ്ങളുടെ ഉപയോഗക്ഷമതകൂടി പരിശോധിക്കാനും ഉറപ്പുവരുത്തുവാനും പഞ്ചായത്തുതലത്തിൽ സംവിധാനമുണ്ടാക്കണം, അത് മായം ചേർത്ത ഭക്ഷ്യവസ്തുക്കളുടെ തിരിച്ചറിവാണ്. ഫുഡ് ഇൻസ്പക്ടറുടെ സേവനം ഗ്രാമപഞ്ചായത്ത്, സംവിധാനം ചെയ്യണം. അതോടൊപ്പം ഉപഭോക്തൃസമിതി തുടങ്ങിയ ജനകീയ സംഘടനകളുടെ പ്രവർത്തനം പ്രചാരണരംഗത്ത് ഉപയോഗിക്കാൻ കഴിയും · ഭക്ഷ്യവസ്തുക്കളെപ്പറ്റിജനങ്ങൾ ഇന്നുധരിച്ചുവച്ചിരിക്കുന്ന അന്ധവിശ്വാസവും മാറ്റിയെടുക്കണം. വിലകൂടിയ ഭക്ഷ്യവസ്തുക്കൾ പോഷകകാര്യത്തിൽ പര്യപ്തമണെന്ന തെറ്റിദ്ധാരണയുണ്ട്. വീട്ടുമുറ്റത്തെ മുരിങ്ങയുടെ പ്രധാന്യം ജനങ്ങളറിയണം. ജനകീയാരോഗ്യ പ്രശ്നങ്ങളെസമർത്ഥമായ പ്രചാരണപ്രവർത്തനങ്ങൾക്കും മറ്റും KSSP പോലുള്ള ബഹുജനപ്രസ്ഥാനങ്ങളുടെ സഹായവും നേടേണ്ടതാണ്. അതിൻെറയെല്ലാം അടിസ്ഥാനത്തിൽ കാഞ്ഞിരപ്പുഴ പഞ്ചായത്തിൽസമഗ്രമായ ജനകീയാരോഗ്യ സംവിധാനം പടുത്തുയർത്താൻ കഴിയുമെന്ന് നമുക്ക് പ്രത്യാശിക്കാം.

## ഗ്രാമസഭകളിൽവന്ന സാദ്ധ്യതകൾ

1. അംഗൻ വാടികളിലൂടെ നടക്കുന്ന മാതൃശിശുസംരക്ഷണ പരിപാടിയോടൊപ്പം പെതുജനാരോഗ്യസംവിധാനവുമുണ്ടാകണം എയിഡ്സ് തുടങ്ങിയ മാരക

രോഗങ്ങൾക്കെതിരെയുള്ള പ്രചാരണവും ആരോഗ്യസെമിനാറും നടത്തണം . അംഗൻ വാടികളിൽവെച്ചുതന്നെ പൊതുവായ രോഗങ്ങൾക്കുള്ള ഡോക്ടറുടെ പരിശോധനയും ചികിത്സയും വേണം.

2. കാഞ്ഞിരപ്പുഴ പ്രാഥമികകേന്ദ്രത്തിൽപ്രസവവാർഡ് ഏർപ്പെടുത്തണം. കൂടാതെ മറ്റുരോഗങ്ങൾക്ക് ചികിത്സിക്കാനുള്ള സംവിധാനം (10 കിടക്കയെങ്കിലും) അനുവദിക്കണം. പ്രാഥമികാരോഗ്യകേന്ദ്രത്തോടൊപ്പം ശിശുരോഗചിത്സയും പ്രത്യേകമായി ഏർപ്പെടുത്തേണ്ടതാണ്.

3. പി. എച് സികൾക്കും കുടുംബക്ഷേമകേന്ദ്രങ്ങൾക്കും നിലവിലുള്ള സൗകര്യം വർധിപ്പിക്കണം.കെട്ടിടമില്ലാത്ത കൊറ്റിയോട് കുടുംബക്ഷേമകേന്ദ്രത്തിന് സ്വന്തം സ്ഥലവും കെട്ടിടവും വേണം. ഇവിടെയെല്ലാം ആവിശ്യമുള്ള ഫർണിച്ചർ ഉണ്ടാകണം.

4. പി.എച്ച്. സി കളുടെ നേതൃത്വത്തിൽ ആരോഗ്യവിദ്യാഭ്യാസസ്ഥാപനങ്ങളെ ഏകോപിപ്പിച്ച് ആരോഗ്യസംബന്ധമായ പ്രചരണ പ്രവർത്തനം നടത്തണം.

5. ചിറക്കൽപ്പടി ഇയ്യമ്പലം,വിയ്യക്കുറുശ്ശി കാഞ്ഞിരം, തൃക്കാലൂർ, കല്ലമ്മല പള്ളിപ്പടി എന്നീ ആറ് വാർഡുകളിൽ പ്രാഥമികാരോഗ്യം വേണമെന്ന് ആവിശ്യപ്പെട്ടിരിക്കുന്നു.

6. വിയ്യക്കുറുശ്ശിയിൽ കുടുംബക്ഷേമ കേന്ദ്രം വേണം

7. കാഞ്ഞിരപ്പുഴ PHC യിൽ പാമ്പുവിഷത്തിനുള്ള വിദഗ്ധചികിത്സ ഏർപ്പെടുത്തണം.

8. അങ്കണവാടികളോടൊപ്പം ക്രഷെ നടപ്പിലാക്കണം.

9. ഇയ്യമ്പലം മുണ്ടകുന്ന്, പള്ളിപ്പടി, ഇരുമ്പകച്ചോല എന്നീ വാർഡുകളിൽ ഹോമിയോ ഡിസ്പെൻസറി ഏർപ്പെടുത്തണം.

10. വാർഡ് 5 പുഞ്ചോലയിൽ കൂടിയവിസ്തൃതിയും ഗതാഗതസൗകര്യകുറവും പരിഗണച്ച് PHC യുംകുടുംബക്ഷേമ കേന്ദ്രവും സ്ഥാപിക്കണം.

11. PHC കളോടും കുടുംബക്ഷേമകേന്ദ്രങ്ങളോടും ചേർന്ന് ന്യായവിലക്ക് മരുന്നുവിൽക്കുന്ന അവശ്യമരുന്നിന് ഡിപ്പോ എർപ്പെടുത്തണം.

12. പഞ്ചായത്തിൽ ഒരു ആംബുലൻസ് പഞ്ചായത്തുവക.

13. കാഞ്ഞിരം ആയുർവേദഡിസ്പെൻസിറിക്ക് ആക്വർ ചെയ്തസ്ഥലത്ത് സ്വന്തമായി കെട്ടിടം പണിയുക. മരുന്നുകളുടെ അലോട്ടുമെൻറ് വർദ്ധിപ്പിക്കുക.

14. കാഞ്ഞിരം ഹോമിയോ ആശുപത്രിക്കുസ്വന്തം കെട്ടിടം നിർമ്മിക്കണം.

15. സ്ഥിരമായ ചികിത്സ വേണ്ടിവരുന്ന കുട്ടികൾക്ക് ചികിത്സ സൗജന്യമാക്കുക.

16. കാഞ്ഞിരപ്പുഴ PHC ക്ക് ഉപദേശകസമിതി രൂപീകരിക്കുക ഭൗതിക സാഹചര്യം വേണ്ടത് ഒരുക്കി കൊടുക്കുകയും ചെയ്യണം. ഫർണീച്ചർ, ആംബുലൻസ് തടുങ്ങിയ സൗകര്യം കെട്ടിടം എന്നിവ യുടെ ലഭ്യത ഉണ്ടാക്കണം.

17. കൊററണണക്കുന്നിൽ ഹോമിയോ, ആയുർവേദഡിസ്പെൻസറികൾ അനുവദിക്കണം.

18. ഹൃദ്രോഗം, പ്രമേഹം ക്യാൻസർ എന്നീ രോഗങ്ങൾ വർദ്ധിക്കുന്നതിനെപ്പററി ഗവേഷണ പഠനങ്ങൾ നടത്തുകയും ചികിത്സാസൗകര്യവും എർപ്പെടുത്തുകയും വേണം.

19. അംഗനവാടികളിൽ കുട്ടികൾക്കുള്ള പോഷകകുറവു പരിഹരിക്കാനുള്ള മരുന്നുകളും പോഷകാഹാരകുറവ്കൊണ്ടുള്ള രോഗങ്ങൾ എങ്ങനെ പരിഹരിക്കാം എന്നീ കാര്യങ്ങളെ സംബന്ധിച്ച് ബോധവത്കരണപരിപാടിനടത്തണം.

20. പോഷകസമർത്ഥമായ വിലകുറഞ്ഞഭക്ഷണസാധനങ്ങളെപ്പറ്റിയും സാധ്യതയേപ്പറ്റിയും ബോധവത്കരണം.

21. മായം കലർന്ന ഭക്ഷ്യവസ്തുക്കൾ കണ്ടുപിടിക്കുവാൻ പരിശീലിപ്പിക്കുന്ന ക്യാമ്പുകൾ സംഘടിപ്പിക്കുക.

# 6 കുടിവെള്ളം

മനുഷ്യൻെറ ആരോഗ്യ പരിപാലനത്തിൽ മുഖ്യമായ പങ്ക് കുടിവെള്ളത്തിനുണ്ട്. മലയോരഗ്രാമമായ കാഞ്ഞിരപ്പുഴ പഞ്ചായത്തിലൂടെ നിരവധി കാട്ടുചോലകളും വേനലിൽ വരണ്ടു പോകാതെ 3 നദികളും ഒഴുകുന്നുണ്ട് കാഞ്ഞിരപ്പുഴ അണക്കെട്ടുകൂടി വന്നുകഴിഞ്ഞതോടെ ഈ പഞ്ചായത്ത് ജലസമൃദ്ധമാണ്. എന്നാൽ കുടി വെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളും പഞ്ചായത്തിലുണ്ട്. ജനവാസം കുറവായിരുന്ന മുൻകാലങ്ങളിൽ നീരുറവകളെയും നദികളെയും അരുവികളെയും വയലുകളിൽ നിർമ്മിച്ച കുഴികളേയും കുടിവെള്ളത്തിനായി ആശ്രയിക്കേണ്ടി യിരിക്കുന്നു. വന നശീകരണവും പ്രകൃതിയിലുണ്ടായ പല വ്യതിയാനങ്ങളും മൂലം ഭൂമിയുടെ മുകൾത്തട്ടിലുണ്ടായിരുന്ന പല ജലസ്രോതസുകളും വറ്റിവരണ്ടുപോയിട്ടുണ്ട്. ജനവാസം കൂടുകയും ജനസംഖ്യവർദ്ധിക്കുകയും ചെയ്തതോടെ കുടിവെള്ളത്തിനും മറ്റു ഗാർഹികാവശ്യങ്ങൾക്കും കൂടുതൽ ജലം ആവശ്യമായി വന്നതോടുകൂടി സ്വന്തം പുരയിടങ്ങളിൽ കിണറുകൾ കുഴിച്ച് ജലലഭ്യത ഉറപ്പാക്കാൻ ആളുകൾ നിർബന്ധിതരായി.

പഞ്ചായത്തിലെ മലഞ്ചെരിവുകളിലും കുന്നിൻപുറങ്ങളിലും ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. മലമ്പ്രദേശങ്ങളിൽ നീരുറവകളിൽ നിന്നും കുഴൽമാർഗ്ഗം ജലംസംഭരിക്കുന്ന സമ്പ്രദായമുണ്ട്. ചിലേടങ്ങളിൽ അത്തരം ഉറവകൾ വരണ്ടു പോകുന്നതോടെ കുടിവെള്ളത്തിനായി വളരെ ദൂരംപോകേണ്ടിവരുന്ന അവസ്ഥയും നിലവിലുണ്ട്. നാലോ, അഞ്ചോ അടി മേൽമണ്ണുകഴിഞ്ഞാൽ മലമ്പ്രദേശങ്ങളിൽ മിക്കവാറും അടഞ്ഞ പാറയായതുകൊണ്ട് കിണറുകുഴിക്കാൻ കഴിയില്ല. കുന്നിൻ പ്രദേശങ്ങളിൽ വെള്ളംസുലഭമാണെങ്കിലും കിണറിൻെറ അടിഭാഗത്ത് ഉറപ്പു കുറഞ്ഞചെകിടിമണ്ണായതുകാരണം ഇടിഞ്ഞുതൂർന്നുപോകുന്നു. കരിങ്കല്ലുകൊണ്ടുകെട്ടി സുരക്ഷിതമാക്കാൻ സാധാരണക്കാർക്ക് കഴിയുന്നില്ല.

കുടിവെള്ളക്ഷാമം പരിഹരിക്കാനായി പഞ്ചയത്ത് വകകിണറുകളും കുഴൽകിണറു കളും, നിലവിലുണ്ട് പല കിണറുകളും വേനൽക്കാലത്ത് വറ്റിപോകുന്നവയാണ്. ഒരോവർഷവും ചെളി കോരിവൃത്തിയാക്കാൻ പഞ്ചായത്ത് മുൻകയ്യെടു ക്കാറുണ്ടെങ്കിലും ശരിയായ നിരീക്ഷണം അക്കാര്യത്തിൽ ഉണ്ടാകാറില്ലെന്ന് പോരായ്മയുണ്ട്. കഴൽക്കിണറുകളിലെ ജലം തികച്ചും ഗുണനിലവാരം കുറഞ്ഞതാണ്. നിലവാരം കുറഞ്ഞ ഇരുമ്പുപൈപ്പുകൾ ഉപയോഗിച്ചിരിക്കുന്നതു കൊണ്ട് വെള്ളത്തിൽതുരമ്പുകലർന്നിട്ടുണ്ട് പല കുഴൽക്കിണറുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. മറ്റു ജലവിതരണമാർഗ്ഗങ്ങളൊന്നും പഞ്ചായത്തിലില്ല.

ഇരുമ്പകചോലയിൽ സാനിഡ രാജീവ്ഗാന്ധിശുദ്ധജലപദ്ധതിയിലൂടെ വെള്ളത്തോട് ആദിവാസികോളനിയിലേക്ക് പൈപ്പുവഴികുടിവെള്ളമെത്തിക്കാനുള്ള സംവിധാനം നിലവിലുണ്ട്. 60,000 ലിറ്റർ സംഭരണശേഷിയുള്ള അതിൻെറ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല. തന്മൂലം മിക്കപ്പോഴും പൈപ്പിലൂടെവെള്ളം ലക്ഷ്യസ്ഥാനത്തെത്താറില്ല. ഇപ്പോൾ ഒരു ജനകീയ കമ്മിറ്റിയിൽ നിക്ഷിപ്തമായ അതിൻെറ സംരക്ഷണചുമതല പഞ്ചായത്ത് നേരിട്ടേറ്റെടുക്കണം. ആനക്കരണത്തിന് അല്പം കിഴക്കുഭാഗത്തായി കെറണക്കുന്നിലേക്ക് ശുദ്ധജലമെത്തിക്കാനായി ഒരു കുളം കെട്ടിയുയർത്തി പൈപ്പുലൈൻസ്ഥാപിച്ചിട്ടുണ്ട്. കൊരണക്കുന്നിലെ പല വീടുകളുടെയും സമീപം ടാപ്പുകളും ഇട്ടുകൊടുത്തിട്ടുണ്ട് മണ്ണാർക്കാട് ബ്ലോക്കിൻെറ

ആഭിമുഖ്യത്തിൽ നടപ്പായ ആ പദ്ധതി തികച്ചും പരാജയമാണ്, തറ നിരപ്പിൽനിന്നും ഒരു രണ്ടടി മാത്രം താഴ്ത്തികെട്ടി പൊക്കിയ കുളത്തിൽ ജലസംഭരണശേഷി തീരെയില്ല. സുമാർ 2 കിലോമീറ്ററിലധികം ദൂരം 4 ഇഞ്ച് പിവിസി പൈപ്പും ഏതാനും ജി ഐ പൈപ്പും ഉപയോഗശൂന്യമായികിടക്കുന്നുണ്ട്, ജല സംഭരണ ശേഷിയില്ലാത്ത കുളവും വിതരണത്തിനുപയോഗിച്ചപൈപ്പും ഒരു ദേശീയനഷ്ടമാണ്.

5ാംവാർഡിൽ പാമ്പം തോട് ആദിവാസികോളനിയിലും എതാനും പഞ്ചായത്തുകിണറുകൾ ഉപയോഗശൂന്യമായികിടക്കുന്നു. പാമ്പൻ തോട് ഭാഗത്തു കൂടി ഒഴുകുന്ന പുഴയിൽ നിന്നും ചുരുങ്ങിയ ചെലവിൽ കോളനി നിവാസികൾക്ക് കുടിവെള്ളമെത്തിക്കാൻ പറ്റിയ ഭൂപ്രകൃതിയാണ് അവിടെ നിലവിലുള്ളത്.

കാഞ്ഞിരപ്പുഴ പഞ്ചായത്തിൽ കുടുംബങ്ങൾ സ്വന്തമായി കിണറുള്ളവരാണ് കുടുംബങ്ങൾ പൊതുകിണറുകളേയും, കുഴൽക്കിണറുകളേയും ആശ്രയിക്കുന്നവരാണ്.

പഞ്ചായത്തിൽ ഏറ്റവുമധികം കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത് ഒന്നാം വാർഡിലെ ചേലേങ്കര 9,10 വാർഡുകളിൽപ്പെട്ട അക്കിയം പാടം എന്നീപ്രദേശങ്ങളിലാണ്, ശാശ്വതപരിഹാരത്തിനായി ഒരു പദ്ധതിയും ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടില്ല.

ശുദ്ധജല വിതരണത്തിന് ലഭ്യമാക്കാവുന്ന നടപ്പുപദ്ധതികൾ

1. നെതർലാൻറ് സർക്കാർ സംസ്ഥാനത്തെ ശുദ്ധജല വിതരണപദ്ധതികൾക്കു സഹായം നൽകാൻ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

2. രാജീവ് ഗാന്ധിഡ്രിങ്കിംഗ് വാട്ടർ മിഷൻ കേരളവാട്ടർ അതോറിറ്റി മുഖേന ശുദ്ധജലവിതരണ പദ്ധതികൾ നടപ്പാക്കാനുണ്ട്.

പ്രശ്നങ്ങൾ

വാർഡ് 1

ചോലെങ്കര വടക്കുമണ്ട കുന്നിൻപുറം അമ്പലപ്പറമ്പ് നരിയം കോട്, കാളേങ്ങോട് നൊട്ടമല കുന്നിൻപുറം ടാങ്ക് കെട്ടി പൈപ്പ് ലൈൻ വഴി ശുദ്ധജലവിതരണം നടത്തണം.

വാർഡ് 2

കരിമ്പനതോട്ടം പള്ളിക്കുന്ന് ചെമ്പ്രംക്കുന്ന്, കിണറത്തുകുന്ന് എന്നിവിടങ്ങളിൽ ഓരോ പൊതുകിണർ നിർമ്മിക്കുക. നിലവിലുള്ള പഞ്ചായത്ത് കിണറുകൾ, വരോട്, പള്ളിക്കുന്ന്, അമ്പാഴക്കോട് കോളനി എന്നീ മൂന്നെണ്ണം ആഴം കൂട്ടി കുടിവെള്ളം ലഭ്യമാക്കുക.

ചാത്തേങ്ങലം, കരിമ്പനതോട്ടം കൊറ്റിയോട് പള്ളിക്കുന്ന് ചെമ്പ്രം കുന്ന് എന്നിവിടങ്ങളിൽ ഓരോ കുഴൽകിണർ ആവശ്യമാണ്.

വാർഡ് 3

കാട്ടുചിറ ചിറക്കൽ കുന്നിൻ പുറം കല്ലംമല കോളനി കുമ്പളം ചോല എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പൈപ്പ് ലൈൻ വഴി ശുദ്ധജല വിതരണം.

വാർഡ് 4

കല്ലം മലയിൽ വേനൽകാലത്ത് വററുന്ന കിണറുകൾ ആഴം കൂട്ടണം

വാർഡ് 5

പാമ്പൻതോട്, പാങ്ങോട്, മാന്തോണി, മങ്കട മലയോരം അമ്പംകുന്ന് മേൽഭാഗം ഇവിടങ്ങളിൽ കുടിവെള്ള പ്രശ്നം ഉണ്ട്.

വാർഡ് 6 അത്തിക്കുണ്ട് കുനൽ എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം ഉണ്ട്.

വാർഡ് 7

കൊറണകുന്നിലെ കുഴൽകിണറുകളിലെ വെള്ളം ഗുണനിലവാരം കുറഞ്ഞതാണ്, കുടിവെള്ളപ്രശ്നമുണ്ട്

വാർഡ് 8

വാർഡിൽ പലഭാഗത്തായി 20കിണറുകൾ ആവശ്യമാണ്.

വാർഡ് 9

അക്കിയം പാടം മുണ്ടക്കകുന്ന് പുല്ലിക്കുളം ഭാഗങ്ങളിൽ ശുദ്ധജലക്ഷാമമുണ്ട് അക്കിയം പാടം കുന്നിൽഗ്രൗണ്ട്ലെവൽ ടാങ്ക് നിർമ്മിച്ച് ജലവിതരണസംവിധാനം വേണം.

വാർഡ് 10

ലക്ഷം വീട് കോളനിയിലെ കിണർ ജലലഭ്യത ഉറപ്പാക്കണം.

വാർഡ് 11

പുല്ലട്ട കല്ലാം കുഴി, നാരങ്ങാപെറ്റ, കല്ലാം കുഴി പ ള്ളിക്കുസമീപം തൃക്കള്ളൂർ പാലച്ചുവട് അത്തിയങ്ങാട്, വെട്ടിയാം കുന്ന് കോളനി, നെച്ചുള്ളി കോളനി കുടി വെള്ള പ്രശ്നം പരിഹരിക്കണം.

## സാദ്ധ്യതകൾ. നിർദേശങ്ങൾ

1. കുടി വെള്ളത്തിന് വിഷമമനുഭവിക്കുന്ന ചേലേങ്കരയിലും പരിസരപ്രദേശത്തും കുടിവെള്ളമെത്തിക്കാൻ നൊട്ടമലയിൽ ഗ്രൗണ്ട്ലെവൽ ടാങ്ക് നിർമ്മിച്ച് നെല്ലിപ്പുഴയിൽ നിന്നും പമ്പ് ചെയ്ത് പൈപ്പ് ലൈൻവഴി കുടിവെള്ളമെത്തിക്കാനുള്ള സാദ്ധ്യത പരിശോധിക്കണം.

2. കാഞ്ഞിരപ്പുഴ അണക്കെട്ടിൽനിന്നും വെള്ളം പമ്പ് ചെയ്ത് രായംതുരുത്തി കുന്നിൽ ടാങ്ക്കെട്ടി സംഭരിച്ചാൽ പഞ്ചായത്തിലെ 8,9,10 വാർഡുകളിൽ വെള്ളം എത്തിക്കാവുന്നതാണ്.

അല്ലെങ്കിൽ ഡാമിൽനിന്നും 2 കിലോമീറ്റർതാഴത്ത് നാഴിയംപാറ എന്നസ്ഥലം കാഞ്ഞിരപ്പുഴയിലെ വറ്റാത്ത നീരുറവയുള്ളസ്ഥലമാണ്. അവിടെനിന്നും പമ്പ് ചെയ്ത് അക്കിയം പാടം കുന്നിൽ ടാങ്ക് നിർമ്മിച്ച് ജലം സംഭരിച്ചാൽ കൂടുതൽ പ്രദേശങ്ങളിൽ പൈപ്പുലൈൻവഴി കുടിവെള്ളമെത്തിക്കാവുന്നതാണ്. രണ്ടുനിർദ്ദേശങ്ങളും പഠനവിധേയമാക്കണം.

3. പാമ്പൻ തോട് ആദിവാസി കോളനിക്കുമുകളിൽപുഴയോരത്ത് ടാങ്ക് നിർമ്മിച്ച് വെള്ളം പുഴയിൽനിന്ന് തിരിച്ചുവിട്ട് ഫിൽട്ടറിങ്ങ് നടത്തി പൈപ്പുവഴി കോളനി പ്രദേശത്ത് വിതരണം ചെയ്യാവുന്ന സാദ്ധ്യതപരിശോധിക്കാം.

4. ഒറ്റപ്പെട്ട പ്രദേശങ്ങളിൽ കിണറുകളും കുഴൽകിണറുകളും, നിർമ്മിച്ച് ശുദ്ധജലം ലഭ്യമാക്കാവുന്നതാണ്.

ഭൂഗർഭജല സംഭരണത്തിന് കുഴൽ കിണറിൽനിക്ഷേപിക്കുന്ന പൈപ്പുകൾ ഗുണനിലവാരമുള്ളവയാണെന്നുറപ്പുവരുത്തണം.

5. പഞ്ചായത്തിലെ പ്രവർത്തനക്ഷമമല്ലാത്ത എല്ലാകുഴൽകിണറുകളും ഉടൻ അറ്റകുറ്റപണികൾനടത്തി പ്രവർത്തനക്ഷമമാക്കണം.

6. പഞ്ചായത്തിലെ മുഴുവൻ കിണറുകളും ക്ലോറിനേറ്റു ചെയ്യാൻ മുൻകൈ യെടുക്കണം.

7. പഞ്ചായത്തിലെ ജലഗുണനിലവാരം പരിശോധിക്കുന്നതിന് ഒരു ജല പരിശോധന കിറ്റ് സംഘടിപ്പിക്കണം. പഞ്ചായത്ത്തലത്തിൽ ഒരു ജല പരിശോധന ക്യാമ്പ് സംഘടിപ്പിക്കണം.

8. പഞ്ചായത്തിനകത്തുള്ള വയലുകളിലെയും പറമ്പുകളിലെയും കുളങ്ങളും നീർച്ചാലുകളും ജലനിർഗ്ഗമനത്തെ തടഞ്ഞുനിറുത്താനുള്ള ഉപാധികളാണെന്നും അവസംരക്ഷിക്കുകവഴി ഭൂമിയുടെ മുകൾപരപ്പിൽതന്നെ ജലലഭ്യത ഉറപ്പാക്കാൻ കഴിയുന്നതാണെന്നും ബോധവൽക്കരണം നടത്തുക.

74

# 7 പരിസരശുചീകരണം

1. പരിസരശുചികരണവും ആരോഗ്യവുമായി ബന്ധമുണ്ടെന്ന് പ്രത്യേകം പറയാതെതന്നെ നമുക്കറിയാം.എന്നാൽ നിസ്സാരമായി കണക്കാക്കുന്നതും ഇക്കാര്യംതന്നെയാണ്. രോഗാണുവിമുക്തമായ അവസ്ഥ എന്തുകൊണ്ടും അഭികാമ്യമായ സാമൂഹികസ്ഥിതിയാണ് രോഗാണക്കൾക്ക് വളരാനും വികസിക്കാനും മനുഷ്യശരീരത്തിൽ പ്രവേശിച്ച് രോഗമുണ്ടാക്കുന്ന വ്യക്തി ഗൃഹാന്തരീക്ഷ പരിസരസംബന്ധിയായ സാഹചര്യം വേണമെന്ന് വെച്ചാൽ മിക്കവാറുമൊക്കെ ഒഴിവാക്കാൻ കഴിയും. ആ സാഹചര്യം ഒഴിവാക്കലാണ് ശുചിത്വം.

2. ഭൂരിപക്ഷം രോഗങ്ങളും ജലസംബന്ധമായ കാരണങ്ങളാലാണ് ഉണ്ടാകുന്നത്. ഇതൊഴിവാക്കണമെങ്കിൽ ശുദ്ധജലത്തിൻെറ ലഭ്യതയും പരിസരശുചിത്വവും വിട്ടുവീഴ്ചയില്ലാതെ ജനങ്ങൾക്ക് എല്ലാവർക്കും തുല്യമായിരിക്കണം. വയറിളക്കം വയറുകടി സന്നിപാതജ്വരം പിള്ളവാതം മഞ്ഞപ്പിത്തം വിഷൂചിക എന്നീ മാരകമായ രോഗങ്ങൾ കുടിവെള്ളത്തിലൂടെയും ആഹാരത്തിലൂടെയുമാണ് പകരുന്നത്. വെള്ളവും ആഹാരവും മലിനമാകാതിരിക്കണമെങ്കിൽ ശാസ്ത്രീയമായി മലം മറവുചെയ്യണം. മലമലിനീകരണം ആപൽകരമാണെന്നറിഞ്ഞിട്ടും വികസനപ്രവർത്തനങ്ങളിലും ബോധവൽകരണപരിപാടികളിലും കുറ്റകരമായ അനാസ്ഥയാണ് കാണുന്നത്. ജനകീയമായ വികസനനയമില്ലാത്തതാണ് ഇതിൻെറകാരണം.

3. കുടിവെള്ളം ശുദ്ധമാക്കണമെങ്കിൽ ശുചിത്വസംവിധാനം ഉറപ്പുവരുത്തണം ഒരു പ്രദേശത്തെ കുടിവെള്ളം അതിൻെറസ്രോതസിലോ, ലഭ്യതാസ്ഥലത്തോ എത്രതന്നെ ശുചിത്വംമുണ്ടെങ്കിലും അവിടത്തെപരിസരശുചിത്വം മോശമാണെങ്കിൽ വെള്ളത്തിൻെറ ഗുണനിലവാരം ഉറപ്പിക്കാൻകഴിയില്ല. ഇക്കാര്യം കണക്കിലെടുത്തു നടപ്പിലാക്കുന്ന വാട്ടർ ആൻറ് സാനിട്ടേഷൻ പദ്ധതിഗ്രാമങ്ങളിലും ജനകീയാ സൂത്രണത്തിൻെറ ഭാഗമായി ഉണ്ടാകേണ്ടതാണ്.

4. രോഗം മൂലം നഷ്ടമാകുന്ന വിലയേറിയ തൊഴിൽ ദിനങ്ങൾ ചികിത്സയ്ക് വേണ്ടിവരുന്ന ഭാരിച്ച ചെലവ്,ജീവിത്തിൻെറസുരക്ഷിതത്വമില്ലായ്മ ഇങ്ങനെ മെച്ചപ്പെട്ട ജീവിതനിലവാരത്തെതടയുകയും വികസനപരിപാടികളെ സങ്കീർണമാക്കുകയും ചെയ്യുന്ന സ്ഥിതി വിശേഷങ്ങളിൽ നിന്ന് മോചനം നേടിയാലെ സാമൂഹികമായ മാറ്റം എവിടെയും അർത്ഥപൂർണ്ണമാവുകയുള്ളു. അതിനെ സുശിക്തമായ ജനകീയാരോഗ്യപരിപാടി നടപ്പിലാക്കേണ്ടതുണ്ട്.

5. കാഞ്ഞിരപ്പുഴ പഞ്ചായത്തിൽ പതിനൊന്നുവാർഡുകളിലായി വീടുകളുണ്ട്. കുടിവെള്ളത്തിനുവേണ്ടി ഭൂരിപക്ഷം ജനങ്ങളും കിണറോ മലമ്പ്രദേശങ്ങളിൽ പ്രകൃത്യായുള്ള ജലം സ്രോതസ്സോ ആണ് ഉപയോഗിക്കുന്നത്. ശുദ്ധജല വിതരണ ത്തിന് സംയോജിപദ്ധതികൾ ഇല്ല 7ാം വാർഡ് ഇരുമ്പകചോലയിലും കാഞ്ഞിരപ്പുഴ ഡാം ജോലികാർക്കുവേണ്ടി കെ. പി. ഐ. പി. യുടെ വക പി ഡബ്ല്യൂ ഡി യുടെ ജലവിതരണവുമാണ് ഈ പഞ്ചായത്തിലുള്ള ശാസ്ത്രീയജലവിതരണരീതി.. ഇത് ചുരുക്കം കുടംബങ്ങൾക്കുമാത്രമാണ് കിട്ടുന്നത്. മലവിസർജ്ജനം പറമ്പുകളിലും പ്രധാനറോഡിൻെറ ഇരുവശത്തും കനാൽവരുമ്പകളിലും ഇപ്പോഴും നടക്കുന്നുണ്ട്. അതിനെതിരെ ഒരുവിധത്തിലുമുള്ള ബോധവൽക്കരണമോ നിയന്ത്രണമോ ഇല്ല. പുതിയവീടുപണയുന്നവരും സാനിട്ടേഷൻ സൗകര്യം ഏർപ്പാട് ഉൾപ്പെടുത്താറില്ല.

ഈപഞ്ചായത്തിൽ 70%മുതൽ 85%വരെ വീട്ടുകാർക്ക് കക്കൂസ് ഇല്ല. വരാൻപോകുന്നനാളുകളിൽ വിവിധരീതിയിലുള്ള വികസനപ്രവർത്തനത്തിൻെറ ഭാഗമായി നടക്കാവുന്ന കക്കൂസിൻെറ നിർമ്മാണവും ജനങ്ങൾ സ്വന്തമായി നിർമ്മിക്കുന്ന കക്കൂസുകളുടെ എണ്ണവും കണക്കാക്കിയാലും എല്ലാ വീട്ടുകാർക്കും ശാസ്ത്രീയമായി മലം മറവുചെയ്യുന്ന സംവിധാനമുണ്ടാകുന്നകാലം വളരെ വിദൂരത്തിലാണ്.

6. പൊതുസ്ഥലങ്ങളിൽ.പത്താളുകൂടുന്നിടത്തും കുറച്ചു കച്ചവടം നടക്കുന്ന സ്ഥലങ്ങളിലും സ്ക്കൂളുകളിലുമെല്ലാം വിവേചനമില്ലാതെ മലിനികരണ പ്രക്രിയതുടരുന്നു. അവിടെങ്ങും അത്യാവശ്യം വേണ്ട കക്കൂസോ, മൂത്രപുരയോ ഇല്ല. കച്ചവടസ്ഥലങ്ങളിൽനിന്നും ഉപേക്ഷിക്കപ്പെടുന്നസാധനങ്ങൾ ജീർണ്ണിച്ച് രോഗകാരണമുണ്ടാക്കുന്നു. അത്തരം മാലിന്യങ്ങൾ നീക്കംചെയ്യാൻ ഈ പഞ്ചായത്തിൽ കാഞ്ഞിരം ചിറക്കൽപ്പടി കൊറ്റിയോട് എന്നിവടങ്ങളിൽ ശിചീകരണസംവിധാനം പഞ്ചായിത്തിന് ഏർപ്പെടുത്താവുന്നതുമാണ്. മഴക്കാലങ്ങളിൽ ജീർണ്ണിച്ച മാലിന്യങ്ങളും വിസർജ്ജ്യവസ്തുക്കളും പലവഴിയായിയൊഴുകി പുഴകളിലെത്തിച്ചേരുന്നു. കാഞ്ഞിരപ്പുഴഡാമിൻെറ ക്യാച്ച്മെൻറ് ഏരിയായിൽ സുഗമും നിത്യവുമായമലമലിനീകരണംനടന്നുകൊണ്ടിരിക്കുകയാണ്. അതെല്ലാം ഒഴുകി എത്തുന്നതുഡാമിലും, ഡാമിൽനിന്നും പുറത്തേക്കുവിടുന്ന കനാലിലും പുഴയിലുമെല്ലാം ആളുകൾ കുളിക്കുന്നുമുണ്ട്. കനാൽപോകുന്ന താഴ്ന്നപ്രദേശങ്ങളിലെകിണറുകളിൽ പോലും ഈ ജലത്തിൻെറ സമ്പർക്കം എറിയും കുറഞ്ഞും ഉണ്ടാകാതിരിക്കില്ലല്ലോ, പുഴവെള്ളം മലിനമാകുന്നതിന് വേറെയും കാരണമുണ്ട്. വേനൽക്കാലമായാൽ പുഴയിൽ അവിടവിടെയായി തെങ്ങിൻപട്ടകെട്ടുകളായി ഓരോരോ ആവശ്യത്തിനായി താഴ്ത്തിയിടുന്നു. ഇക്കാലത്ത് വെള്ളത്തിന് ദുർഗന്ധവും നിറം മാറ്റവുമുണ്ടായാലും ജനങ്ങൾ ഉപയോഗിച്ചുകൊണ്ടിരിക്കുയാണ് ഈ മലിനീകരണം തടയണമെങ്കിൽ പരിസരശുചീകരണത്തിന് ഒരോ പ്രദേശത്തിനും ചേർന്ന സമീപനം പദ്ധികളുടെ നടത്തിപ്പിൽ ഉണ്ടാകണം. കോളനികൾക്കും അകലെയുള്ള കുടിയിരുപ്പുകൾക്കും പ്രത്യേകം പരിപാടികളാണ് രൂപം കൊടുക്കേണ്ടത്. കാഞ്ഞിരപ്പുഴപഞ്ചായത്തിലെ വികസനപ്രവർത്തനങ്ങളിൽ 100% സാനിറ്റേഷൻ മുന്നിൽകണ്ടുകൊണ്ടുവേണം പദ്ധതി ആസുത്രണം നടക്കേണ്ടത്. അത് വികസനത്തിൻെറ സമ്പൂർണ്ണതയാണ്.

7. അതുകൊണ്ട് കാഞ്ഞിരപ്പുഴ പഞ്ചായത്ത് മേഖലയിലും മലിനീകരണത്തിനെതിരെ ശക്തവും പ്രായോഗികവും കാര്യക്ഷമവുമായ ജനകീയാസൂത്രണപരിപാടിയുടെ ഭാഗമായി ആദ്യം ഉണ്ടാകണം. സാക്ഷരതാകാലത്ത് കക്കൂസിൻെറ ആവശ്യബോധം ജനങ്ങളിലെത്തിച്ചിരുന്നു. ആകാലമുണ്ടാക്കിയ പ്രചോദനം വഴി ഒറ്റയൊറ്റകുടുംബങ്ങൾ തങ്ങളുടെആവിശ്യങ്ങളിൽ ഒന്നാം സ്ഥാനം കക്കൂസിന് നൽകി സ്വന്തം ചിലവിൽ നിർമ്മിച്ച അനുഭവം ഉണ്ട് എന്നിരുന്നാലും ഈ പഞ്ചായത്തിലെ കക്കൂസ് പണിയുന്നതിന് ശേഷിയുള്ളവർ ചുരുക്കമാണ്. അതിനാൽ ദീർഘകാലാടിസ്ഥാനത്തിലുള്ള ആസൂത്രണവും വികസനകാര്യത്തിലെ തെറ്റായ പരിഗണന മാറ്റിയും കൂടുതൽ ജനങ്ങളെ പങ്കെടുപ്പിക്കുന്ന ജനകീയപങ്കാളിത്തമുള്ള സംവിധാനം ഏർപ്പെടുത്തിയും സർക്കാറിൻെറ വിഭവശേഷിക്കുപുറമേ ബാങ്കിംഗ് മേഖലയിലുള്ള കടം വഴിയും വ്യക്തിഗതമായ വിഭവം ഉപയോഗിച്ചും ജീവകാരുണ്യപ്രവർത്തനത്തിൻെറ ഭാഗമായി സമൂഹസേവനം അനുഷ്ഠിക്കുന്നവരുടെ സഹകരണം കൊണ്ടും കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ പരിസരശുചികരണത്തിന് ഈ പഞ്ചവത്സര കാലത്തിനുള്ളിൽ

പൂർണ്ണതകൈവരിക്കാനുള്ള പദ്ധതിയ്ക്ക് രൂപം കൊടുക്കണം.

8. പദ്ധതിരൂപീകരണത്തെപ്പറ്റി പഞ്ചായത്തു ഭരണസമിതിയും ജനകീയാസൂത്രണസമിതിയും യോജിച്ച് ആദ്യമായി തീരുമാനമെടുക്കണം. അതിനുശേഷം ജനകീയാസുത്രണസമിതി പദ്ധതിയുടെ സാദ്ധ്യതയെപറ്റി വിശദമായ ചർച്ചയും വാർഡുതലകമ്മിറ്റി രൂപീകരണവും അയൽകൂട്ടം വഴി ബോധവൽക്കരണവും സർവ്വെയും നടത്താം. സ്വന്തമായി കക്കൂസ് നിർമ്മിക്കാൻ കഴിവുണ്ടായിട്ടും ഇനിയും അത് നിർമ്മിക്കാത്തവർക്ക് വാർഡുതലയോഗവും അയൽകൂട്ടുവും പ്രചോദനകരമാകും. കക്കൂസ് ഇല്ലാത്തവരിൽ സാമ്പത്തികപിന്നോക്കം നിൽക്കുന്നവരെ രണ്ടുതരമായി തിരിക്കണം. ബാങ്കുകളിൽ നിന്നും കടമായി കൊടുത്താൽ കക്കൂസ് നിർമ്മാണം നടത്തുകയും കടമടയ്ക്കാൻ കഴിയുന്നവർ കടമല്ലാതെ ധനസഹായം മാത്രം കിട്ടേണ്ടവർ എന്നിങ്ങനെ രണ്ടുവിഭാഗമായി തിരിക്കുക. ഇതെല്ലാം വാർഡുമെമ്പർമാരുടെ നേതൃത്വത്തിലാണ് നടക്കേണ്ടത്. 100% ശുചിത്വമെത്തണമെങ്കിൽ എത്രചെലവുവരുമെന്ന ബഡ്ജറ്റ് തയ്യാറാക്കണം. അത് അഞ്ചുവർഷം കൊണ്ട് പൂർത്തിയാക്കാവുന്ന പദ്ധതിക്കു രൂപകൽപനചെയുക.

9. പിന്നീട് പദ്ധതി പ്രദേശത്തെ മണ്ണിൻെറയും, ജനവാസത്തിൻെറയും സവിശേഷതകണക്കിലെടുത്ത് പദ്ധതിനടപ്പിലാക്കാനുള്ള നിർവഹണസമിതി രൂപികരണം, മാതൃകാനിർമ്മാണവും മേസ്തിരി പരിശീലനവും തുർന്നു നടത്തണം. എല്ലാവാർഡുകളിൽനിന്നും താൽപര്യവും സേവനമനോഭാവവുമുള്ള യുവാക്കളുടെ സംഘത്തെ കണ്ടെത്തണം. പദ്ധതിപ്രദേശത്തെ അദ്ധ്വാനശേഷി, സന്നദ്ധതാരൂപത്തിൽ സംഘടിപ്പിക്കേണ്ടതാണ് ഈ പദ്ധതി വിജയിക്കണമെങ്കിൽ ഗുണഭോക്താവിൻെറ സഹകരണം വേണം. അതിന് അയൽക്കൂട്ടം വഴി തുടർവിദ്യാഭ്യാസം നടക്കണം.

10. നിർവഹകസമിതി പരിശോധനയും വിലയിരുത്തലും പുനശ്ചിന്തനവും നടത്തണം ഗുണമേൻമയും പ്രായോഗിതയും ചെലവുകുറഞ്ഞതെന്നും ഉറപ്പുവരുത്തണം. ഈ പദ്ധതിക്ക് സർവ്വെ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് ഉപയോഗവും സംരക്ഷണവും എന്നീഘട്ടങ്ങളിലും ആശാസ്യമായ ജനകീയമായ ഇടപ്പെടൽവഴി സംശയനിവാരണവും ബോധ്യപ്പെടുത്തലും നടക്കേണ്ടത് അത്യാവശ്യമാണ്. സ്ക്കളൂകൾ ആശുപത്രി പൊതുസ്ഥലം എന്നിവിടങ്ങളും പദ്ധതിപ്രദേശമായി അംഗീകരിക്കുന്ന നിയനിർമ്മാണവും നടക്കണം.

11. പൊതു സ്ഥലങ്ങളിൽ ഉപേക്ഷിക്കുന്നവസ്തുക്കൾ വളത്തിനും ഗ്യാസിനും ഉപയോഗിക്കുന്ന പദ്ധതിക്ക് പഞ്ചായത്താസൂത്രണസമതി കണ്ടെത്തേണ്ടതാണ്. ഉപേക്ഷപ്പെടുന്ന വസ്തുക്കൾ പഞ്ചായത്തിൻെറ പൊതുമുതലാണെന്ന ബോധവൽകരണം അതുശേഖരിക്കാൻ കുപ്പതൊട്ടികൾ സ്ഥാപിച്ച് പദ്ധതിനടപ്പുപ്രദേശത്ത് എത്തിക്കുവാൻ ഗ്രാമപഞ്ചായത്ത് വേണ്ടത്ര ജീവനക്കാരെ നിയമിക്കുകയും. ട്രാൻസ്പോർട്ടിംഗ് സംവിധാനവും ഉണ്ടാക്കണം. ഈ പദ്ധതിവഴിയുണ്ടാകുന്ന ഉല്പന്നമുണ്ടാക്കുന്നതിനാൽ പഞ്ചായത്ത് ഫണ്ടിൽനിന്നും ചെലവ് കണ്ടെത്തണം. അതിന് അവിശ്യമായ സാങ്കേതികവിദ്യയും വിദഗ്ദ്ധരുടെ പ്രതിഫലം സംഭാവനയായോ ഉള്ള സേവനം നേടുകയും വേണം. കാഞ്ഞിരം ചേട്ടൻപടി ചിറക്കൽപടി കൊറ്റിയോട് എന്നീപ്രദേശങ്ങളിൽ ഈ പരിപാടി നടത്താവുന്നതാണ്. കാഞ്ഞിരപ്പുഴ മലിന ജലനിവാരണതത്തിനും മാർഗ്ഗം കണ്ടെത്തേണ്ടതാണ്.

12. ഈ വിധത്തിലുള്ള ചിന്തയും ചർച്ചയും തീരുമാനവുമുണ്ടായാലെ ഗ്രാമസഭകളുടെ ആവശ്യങ്ങൾ പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻസാധിക്കുകയുള്ളു.

## ഗ്രാമസഭകളുടെ ആവശ്യങ്ങളും നിർദ്ദേശങ്ങളും

1. 90% വീട്ടുകാർക്കും കക്കൂസ് നിർമ്മാണത്തിന് ധനസഹായം കൊടുക്കണമെന്ന് ഗ്രാമസഭ ആവശ്യപ്പെട്ടിരിക്കുന്നു. അതുതന്നെ വീടുകൾക്കു പ്രത്യേകമായും കോളനി പ്രദേശത്ത് ആളുകൾ തിങ്ങിപാർക്കുന്നതുറകളിൽ പൊതുവായും നിർമ്മിക്കണെമെന്നാണ് നിർദ്ദേശം. ചില ഗ്രാമസഭമാത്രം എത്ര എവിടെയെല്ലാമെന്ന് ആവശ്യപ്പെട്ടിട്ടുമുണ്ട്.

1.1 വാർഡ് ഒന്നിൽ 85% രണ്ടിൽ 90% (300 വീട്) 3 ൽ 90 % 4 ൽ 90% 5 ൽ 75% 6 ൽ 80% 7ൽ 60% 8 ൽ 95 വീടുകൾക്ക് മാത്രമതി 9ൽ 80% 10ൽ 90% 11ൽ 90% വീട്ടുകാർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകണം.

1.2 കുബളം ചോല, കല്ലമല, വെള്ളാരംകുന്ന്, അത്തികുന്ന്, നാലുസെൻറ്റ് കോളനിനെച്ചുള്ളി, നാരംങ്ങപ്പറ്റ, അമ്പലവട്ടലക്ഷം വീട് കോളനി, ഗണപതിമുക്ക് അമ്പാഴക്കോട്, കിണറത്ത് ഇയ്യമ്പലം, അക്കിയംപാടം, കല്ലം കുളം, കല്ലമല ചിറക്കൽ, മുണ്ടകുന്ന് ലക്ഷംവീട് കോളനി എന്നീ കോളനികൾക്ക് മതിയായ പൊതുകക്കൂസ് നിർമ്മിക്കുക.

1.3 പാമ്പൻ തോട് ഗിരിജനമേഖലയിൽ കക്കൂസ് നിർമ്മാണവും ബോധവത്കരണവും നടത്തുക

1.4 കാഞ്ഞിരം ടൗൺ, ചിറക്കൽ പടി, പാലചോട്, തൃക്കല്ലൂർ എന്നീഭാഗങ്ങളിൽ യാത്രകാർക്കുവേണ്ടി പൊതുവായ മുത്രപുരയും കക്കൂസും നിർമ്മിക്കുക

2. കക്കൂസ് ഇത്രയെന്ന് ക്ലിപ്തമായി ആവശ്യപ്പെട്ടത്

വാർഡ് 7 ഇരുമ്പകചോലയിലെ വെള്ളത്തോട്ടിൽ 25 ഉം, ഹരിജനകോളനി കൊറണകുന്നിൽ 15 ഉം, ആനക്കരണത്ത് 31 ഉം, വെറ്റിലച്ചോലയിൽ 40ഉം, നാലുസെൻറ്റ് കോളനിയിൽ 14 ഉം, 5ാം തരിശിപ്പാടത്ത് 20 ഉം, തരിശിപ്പാടം നടപ്പാലം ഭാഗത്ത് 11 ഉം, കാഞ്ഞിരം പണ്ടാരക്കളത്തി 20 ഉം, പള്ളിപ്പടി കയർഫാക്ടറിക്കടുത്ത് 4 ഉം കക്കൂസ് ഒരോവീടിനും പ്രത്യേകം നിർമ്മിക്കണം.

3. 3ാം വാർഡും കുബളംചോലയിലെ കിണറുകളിലെ വെള്ളം ശുദ്ധീകരിക്കണം.

4. കോളനികളിലും ആളുകൾതിങ്ങിപ്പാർക്കുന്നതുറകളിലും മലിനജലനിവാരണവും കുപ്പതൊട്ടികൾ സ്ഥാപിച്ച് ഉപേക്ഷിക്കപ്പെടുന്ന പാഴ്വസ്തുക്കൾ ഉപയോഗിച്ച് കമ്പോസ്റ്റുവളം നിർമ്മികുവാനുള്ള സംവിധാനം എർപ്പെടുത്തുക.

4.1 മുണ്ടകുന്ന് ലക്ഷം വീടുകോളനിയിൽ മലിനജലം നിവാരണവും ഉപേക്ഷിക്കപ്പെടുന്ന മലിനവസ്തുക്കൾ ഉപയോഗിച്ച് കംപോസ്റ്റുവളം നിർമ്മിക്കുവാനുള്ള പദ്ധതിയും ഏർപ്പെടുത്തുക

5 നിലവിലുള്ള പെതുശ്മശാനം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുകയും പുതിയവനിർമ്മിക്കുകയും ചെയ്യുക.

5.1 വാർഡു 10ലുള്ള പഞ്ചായത്തുവക ശ്മശാനവും 11 ാം വാർഡിൽ ഹരിജനങ്ങൾ

ഉപയോഗിക്കുന്ന രണ്ടുശ്മശാനവും ചുറ്റുമതിൽ കെട്ടിയും തണൽ വൃക്ഷങ്ങൾ നട്ടും സംരക്ഷിക്കുക.

5.2 വാർഡ് 2നും 4നും ഓരോ പൊതുശ്മശാനം നിർമ്മിക്കുക.

6. അസംപ്ഷൻ ആശുപത്രിയിൽ നിന്ന് കൂനൽ പ്രദേശത്തേക്കൊഴുകുന്ന മലിന ജലം നിവാരണം ചെയ്യുക.

7. കാഞ്ഞിരം, ചേട്ടൻപടി, ചിറക്കൽപടി, കൊററിയോട്, നൊട്ടമല, പഴയമാർക്കറ്റ് എന്നീ പ്രധാനസ്ഥലങ്ങളിൽ മലിനവസ്തുക്കൾ ശേഖരിക്കാൻ കുപ്പതൊട്ടി സ്ഥാപിക്കുകയും അത് മാറ്റുവാൻ ആവിശമായ ജീവനക്കാരെ ഗ്രാമപഞ്ചായത്ത് നിയമിക്കുകയും ചെയ്യുക. ശേഖരിക്കുന്ന മലിനവസ്തുക്കൾ ഉപയോഗിച്ച് വളവും ഗ്യാസും നിർമ്മിക്കാവുന്നതാണ്.

8. വാർഡ് ഒന്ന് വിയ്യകുറിശ്ശിയിലും, നൊട്ടമല പുഴയില്ലാത്തസ്ഥലങ്ങളിലും വാർഡ് 10 കുപ്പാകുറുശ്ശിയിലും കുളിക്കുവാനുള്ള പൊതുകുളം നിർമ്മിക്കുക.

9. വാർഡ് 6വെച്ച് കാഞ്ഞിരപ്പുഴ ഡാമിൻെറ കനാലിലേക്ക് ഒഴുകുന്ന മലിനജലംനിവാരണം ചെയ്യുവാനുള്ള സ്ഥിരം സംവിധാനം ഉണ്ടാക്കുക.

## സാദ്ധ്യത

1. ഗവ. തലത്തിൽനിന്നും ഗ്രാമപഞ്ചായത്തു വഴി കിട്ടുന്നഫണ്ട്.
2. ബാങ്കുകളിൽ നിന്നും വ്യക്തികൾക്കുകിട്ടുന്നകടം
3. ജീവകാരുണ്യപ്രവർത്തനം നടത്തുന്ന സംഘടനകളുടെ സാമ്പത്തികമായ സഹായം
4. മനുഷ്യാധ്വാനം സന്നദ്ധസേവനം.
5. ജനങ്ങളിൽനിന്നും സംഭരിക്കുന്നഫണ്ട് ഗുണഭോക്താക്കളാവേണ്ടവരിൽ നിന്നും പുറമേയുള്ളവരിൽ നിന്നും കുറഞ്ഞത് 100.00 ക വീതം ഓരോവർഷവും ഫണ്ട് സമാഹരിക്കാം. അഞ്ചുവർഷക്കാലത്തേക്കുമതി.
6. പൊതുസ്ഥലത്തുപണിയുന്നതിനുള്ള ചെലവ് വ്യക്തികളിൽ നിന്നുതന്നെ വേറൊരുതരത്തിൽ സ്വരൂപിക്കാം.

സ്മാരകമെന്നപേരിൽ നിർമ്മിക്കാനുള്ളഫണ്ട് കണ്ടെത്താൻകഴിയും.

**ആയിരം മുളയുള്ള വിത്തല്ലോകർമ്മം നല്ല തായിടും വിത്തത്രയും നല്ലതേവിളയിക്കൂ.**

# 8 പരിസ്ഥിതി

1. സമഗ്രവും ദീർഘകാലാടിസ്ഥാനത്തിലുമുള്ള ആസൂത്രണപ്രസ്ഥാനത്തിന് പരിതസ്ഥിതിയെപ്പറ്റിചിന്തിക്കാതിരിക്കാൻ സാധ്യമല്ല. എല്ലാം ഒന്നിനോടൊന്ന് ബന്ധപ്പെട്ടോ, വിപരീതമായോ ആണ് നിലനിൽക്കുന്നത്. സമന്വയവും വൈരുദ്ധ്യവും നിലനില്പിൻെറ തന്ത്രമാകുമ്പോഴും അവിടെ സഹവാസമുണ്ട്. മുൻപു നടന്ന പല വികസനപ്രവർത്തനങ്ങളും ഈ സവിശേഷമായ പ്രകൃതിയുടെ ആസൂത്രണത്തെ അട്ടിമറിക്കുകയോ, സാരമായി പരിക്കേല്പിക്കുകയോ ചെയ്തിട്ടുണ്ട്. ദൂരക്കാഴ്ചയില്ലാത്തതുകൊണ്ടാണ് അങ്ങനെ സംഭവിച്ചതെന്ന കാരണത്തെ ലളിതവത്കരിച്ചതുകൊണ്ട് അതിൻെറ ഉത്തരവാദിത്വത്തിൽനിന്നും ഒഴിഞ്ഞുമാറാൻ കഴിയില്ലല്ലോ.

2. ഡിമാൻറ് അനുസരിച്ചാണ് നമ്മൾ എന്തും ഉല്പാദിപ്പിക്കുന്നത്. ആവശ്യം വർദ്ധിച്ചപ്പോൾ മണ്ണിൻെറ ശേഷിയിൽ കൂടുതൽ ഉണ്ടാക്കാൻ മനുഷ്യൻ പുതിയ വിദ്യകണ്ടുപിടിച്ചു. ആവശ്യക്കാരന് ഔചിത്യമില്ലല്ലൊ മണ്ണിൻെറ ഉല്പാദനശേഷി വർദ്ധിപ്പിക്കാൻ രാസവളങ്ങളെ ആശ്രയിച്ചു. അതും പോരാതെ വന്നപ്പോൾ ഹോർമോണിലെത്തി. മനുഷ്യാദ്ധ്വാനത്തെ അദ്ധ്വാനിക്കുന്നവനറിയാതെയും അറിഞ്ഞും ചൂഷണം ചെയ്യുന്നുണ്ട്. അവിടെയും നിന്നില്ല. ജനസംഖ്യവർദ്ധിച്ചപ്പോൾ ആദ്യമൊക്കെ വനത്തിലേക്ക് പ്രവേശിക്കുകയാണ് ചെയ്തത്. വനത്തിലേക്കുള്ള പ്രവേശനം ആവാസത്തിനും ലാഭത്തിനും വേണ്ടിയാണെങ്കിലും അപകടമാണെന്ന അനുഭവം ചെറുത്തുനില്പ്, നിയമം എന്നിവ കൊണ്ട് ബോദ്ധ്യപ്പെട്ടപ്പോൾ നാട്ടിലേക്കായി. അവിടത്തെ ഉപയോഗരീതിയാകെ മാറ്റി മറിച്ചു.

3. ലാഭാധിഷ്ഠിതമായ വ്യവസ്ഥയിൽ യഥാർത്ഥവും യഥാർഹവുമായ ആവശ്യം മാത്രമല്ല പലതിനും പ്രേരണയാകുന്നത്. തന്മൂലം വികസനവും എല്ലാവർക്കും വേണ്ടിയല്ലാതായിമാറുന്നു. കുറച്ചുപേർക്ക് കൂടിയ വളർച്ചയും അവർക്കുവേണ്ടി അവരുടെ ജോലിക്ക്, അവരുടെ ഉല്പന്നങ്ങൾ വാങ്ങിക്കാൻ, സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ചുറ്റുമുള്ള ആശ്രിതഭൂരിപക്ഷത്തിനും അപ്പോൾ എന്തെങ്കിലും കിട്ടുന്നുവെന്ന നിലയാണുള്ളത്. അതിൽ പലതും നേട്ടമാണെന്നു സമ്മതിച്ചാലും അവയുടെ പേരിൽ പരിഹരിക്കാൻ കഴിവില്ലാത്ത പ്രശ്നങ്ങളുണ്ട്. അത് ശ്രദ്ധിക്കാതെ പോകുന്നത് ക്ഷന്തവ്യമല്ല.

4. അട്ടപ്പാടി മലനിരിക്കുകളുടെ താഴ്വരയായ പൊറ്റശ്ശേരി ഇപ്പോഴത്തെ കാഞ്ഞിരപ്പുഴ സസ്യനിബിഡമായ വനസാന്നിദ്ധ്യമുള്ള പ്രദേശമായിരുന്നു. ഫലപുഷ്ടമായിരുന്നുമണ്ണ്. ആവശ്യം കുറവായിരുന്നതുകൊണ്ട് മണ്ണിൻെറയും മരത്തിൻെറയും നേർക്ക്വഴിവിട്ട ആക്രമണം ആദ്യകാലം നടന്നില്ല. വനവിഭവങ്ങൾ ശേഖരിക്കുന്നതൊഴിച്ചാൽ വ്യാപകമായ വിഭവചൂഷണവുമുണ്ടായില്ല. പിന്നീട് വനം തരിശാകുന്ന വിക്രിയ വളരെ വേഗം നടന്നു. സ്വകാര്യവനം നഷ്ടപ്പെടുന്ന സ്ഥിതിവരുമെന്നുകൊണ്ടും വന്നതുകൊണ്ടുമാണ് ഇത് തിടുക്കത്തിൽ നടന്നത് .മൂപ്പിറക്കി മുടിപ്പിക്കുന്ന എർപ്പാടിൻെറ കാട്ടാളത്തമായി പലരും അതു ചെയ്തു. അങ്ങനെ വിലപ്പിടിപ്പുള്ള വനവ്യഞ്ജനങ്ങളും, മൃഗങ്ങളും പക്ഷികളും ഇവിടെയില്ലാതായി.

5. ക്രമേണ സാമൂഹികവും സാമ്പത്തികവുമായ ഘടനയിലും മാറ്റംവന്നു. ജനസംഖ്യ

പെരുക്കുകയും, വിതരണക്രമം ആ ശാസ്ത്രീയമാവുകയും ആവശ്യം വർദ്ധിക്കുകയും ചെയ്തു. ഇതെല്ലാം പൊറ്റശ്ശേരിയിൽ മാത്രമല്ല സംസ്ഥാനത്തൊട്ടാകെ കണ്ടു വരുന്നസ്ഥിതിയാണ് എന്നാൽ മലബാറിൻെറഭാഗമായ കാഞ്ഞിരപ്പുഴയിലും ഇതര സ്ഥലങ്ങളിലെ പോലെ ഭൂമിയ്ക്കുവേണ്ടി കുടിയേറ്റം നടന്നു. അതോടെ കൃഷി എന്നാൽ നെൽകൃഷി മാത്രമല്ലെന്നുവന്നു. മലമ്പ്രദേശങ്ങൾ നാണ്യവിളകളുടെ കൃഷിയിടമായി. റബ്ബറിനും, കുരുമുളകിനു ഉള്ള തോട്ടങ്ങൾക്ക് ആദ്യം കരഭാഗം ഉപയോഗിച്ചു. ഭൂമിയുടെ ഉടമസ്ഥതയിലുള്ള മാറ്റവും സസ്യസമ്പ്രദായങ്ങളിൽ മാറ്റം വരുത്തി. തോലെടിക്കാൻ പ്രത്യകം കുറ്റിക്കാട് ഇല്ലാതായി. കാലികളെ മേയുവാൻ കാലിപ്പറമ്പുകളുമില്ലാതായി അതിൻെറ ഫലമായി പച്ചിലവളവും കാലിവളവും ഗണ്യമായി കുറഞ്ഞു. പച്ചിലവളം പ്രകൃത്യാ ഇന്നുകിട്ടാനില്ല. 1980 കൾക്ക് തൊട്ട് മുൻപും പിൻപും 6,7 കിലോമീറ്റർ അകലെയുള്ള ഈ ഭൂമിയിൽ നിന്ന് ചുരുക്കം ചിലർ പച്ചിലവളം ശേഖരിച്ച് ഇവിടെ കണ്ടങ്ങളിലിട്ടിരുന്നു. ഈ നിലവരുന്നതിനുമുൻപ്തന്നെ നൈട്രജൺ വളങ്ങൾ വിദേശിയും സ്വദേശിയും ഉപയോഗിക്കുവാൻ കർഷകരെ പ്രേരിപ്പിച്ചിരുന്നു. ക്രമാനുഗതമായുണ്ടായ ഈ നില അശാസ്ത്രീയമായ വളപ്രയോഗത്തിലെത്തിച്ചു. അവയുടെ ഉപയോഗം മണ്ണിൻെറ ഘടനയിൽ സാരമായ അട്ടിമറിയുണ്ടാക്കിയിട്ടുണ്ട്. പുതിയ വിത്തിനങ്ങളുടെ സംരക്ഷണത്തിനായി എത്തിയ കീടനാശിനികളുടെ പ്രയോഗവും ജീവികളുടെ ആവാസ വ്യവ്സ്ഥയിൽ മാറ്റം വരുത്തി. മണ്ണിരയും തവളയും ഞവിണിയും, ഞണ്ടും മീനുമില്ലാത്തവയലുകളാണ് ഇന്നുള്ളത്. വയലിനെ ആശ്രയിച്ച് ജീവിച്ചിരുന്ന പക്ഷികളുടെ എണ്ണവും കുറഞ്ഞുവന്നു കഴിഞ്ഞു. കണ്ണൻ തുടങ്ങിയ പുഴമത്സ്യങ്ങൾ രോഗ ബാധിതരാണ്.

6. കൂടുതൽ ഉല്പാദനുവേണ്ടി വരുത്തിയ പരിഷ്ക്കാരം പലവിത്തിനങ്ങളും അന്യം നിന്നു പോകുവാൻ കാരണമായി. കഴമ, ചെങ്കഴമ, ആര്യൻ, രാജകുമാരി, ചെറു തെക്കൻ, ചെങ്കഴമ, കറുത്തവെമ്പാല, ചൊമന്നമുണ്ടകൻ, ചെമ്പാവ്, തെക്കൻചീര,ചീറ്റ്യേനി, തൊണ്ണൂറാൻ, ഞവര, ഈ വിത്തുകളിലൊന്നും കാണാനില്ല. .ഈ പഴയ വിത്തിനങ്ങളുടെ അതിജീവനശേഷി പുതുവിത്തുകൾക്കില്ല. രോഗാതുരരാണ് പുതുവിത്തുകൾ. വളപ്പുകളിൽ ഭക്ഷ്യാവശ്യത്തിനും മറ്റും കൃഷി ചെയ്തിരുന്ന മരച്ചീനിയും ചേനയും കാവിത്തും ഹൽച്ചേമ്പും കുവ്വയും പലതരം മറ്റുചേമ്പുകളും ഇഞ്ചിയും മഞ്ഞളും പോലും വഴിമാറിക്കൊണ്ടിരിക്കുകയാണ്. തൊടിയിലെ പടർവാഴകളും മൈസൂർപ്പൂവനും എല്ലാം ഇതേ അവസ്ഥ നേരിട്ടുകൊണ്ടിരിക്കുന്നു.

7. സ്ഥിരമായി ഉപയോഗിക്കാതെ കിടന്നിരുന്ന മാട്ടങ്ങളും പറമ്പുകളും ജൈവവൈവിധ്യമുള്ള പരിപാലിക്കപ്പെടാത്ത ഔഷധത്തോട്ടങ്ങളായിരുന്നു. അവിടെയും വളപ്പിലും സുലഭമായി കണ്ടുവന്നിരുന്ന തുമ്പ, കീഴാർനെല്ലി, കുറുന്തോട്ടി,കരിങ്കുറുത്തി, തകര , പുത്തരിച്ചുണ്ട, പാണൽ,അമൽപ്പൊരി,(സർപ്പഗന്ധി), അടപതിയൻ,നന്നാറി, കൃഷ്ണക്രാന്തി, പൂവുംകുറുന്നല,കൊടിത്തുവ്വ,നായ്ക്കൊരണ, ചെറൂള, കാട്ടുപാവൽ കാട്ടുചേന, ചിറ്റമത്, ഈഞ്ച, കള്ളി, കാട്ടപടവലം.,തൊടലിമുള്ള്, കാരമുള്ള്, കാശാവ്, എന്നിവ കാണാനുണ്ടോ? തോട്ടിറമ്പിലും ചതുപ്പിലും പുഴവക്കത്തും കണ്ടിരുന്ന കാട്ടുചേമ്പ്, ചുരുളി, തഴ(കൈത) എന്നിവയും കാണുന്നത് ചുരുക്കമാണ്. ജൈവവേലിക്കുപയോഗിച്ചിരുന്ന നാടൻ ചെമ്പരുത്തിയും, വലിയ ആടലോടകവും, മൈലാഞ്ചിയും അപൂർവ്വമായി ഒറ്റയ്ക്കുമാത്രം കാണാം. അതും

എവിടെയെങ്കിലും കമ്മ്യൂണിസ്റ്റ്ചെടി യെന്ന് ഓമനപ്പേരിട്ടു വിളിച്ചിരുന്ന ചെടി പോലും കാണാനില്ല. മണ്ണൊലിപ്പിനെ തടഞ്ഞിരുന്ന മണ്ണിൽപറ്റി വളരുന്ന ജൈവാവരണങ്ങളായ പുല്ലിനങ്ങൾ മറ്റുപലതരം ചെടികൾ അവയെല്ലാം നാശോന്മുഖമാണ്.

8. വീട്ടുമുറ്റത്തും കിണറിൻകരയിലും നട്ടുപരിപാലിച്ചിരുന്ന കൃഷ്ണതുളസി, ചെറുകരിമ്പ്, വയൽചുള്ളി, കാട്ടുജീരകം, കോവൽ ചെറിയ ആടോലടകം കൊടിവേലി, തഴുതാമ, ബ്രഹ്മി, ഓരില, മൂവില, ശംഖുപുഷ്പം ഇത്യാതി ഔഷധസസ്യങ്ങളും കാണുന്നില്ല. കൂവളവും വേപ്പും നട്ടുപരിപാലിച്ചിരുന്നതാണ്. കരിവേപ്പും കൂടി പിൻമാറുന്നുണ്ട്

9. തരിശുകുറ്റിക്കാടുകളും പോയപ്പോൾ പലതരം ജന്തുക്കൾ ക്രമാതീതമായ് വർദ്ധിച്ചു.. എലികളുടെ എണ്ണം നിയന്ത്രിക്കാൻ കഴിയാത്തവിധത്തിൽ പെരുകിയിട്ടുണ്ട്. എലിയുടെ സ്ഥിതി ഇതാണെങ്കിൽ ചേരയെ കാണുന്നത് വല്ലപ്പോഴുമാണ്. കുറുക്കൻ, മെരുക്, തുടങ്ങിയ ജന്തുക്കളുടെ ഒച്ച അകലെ നിന്നു പോലും കേൾക്കാനില്ല. എന്നാൽ മഴക്കാലത്തും വേനൽക്കാലത്തും അവസാനത്തിലും മയിൽ പൊറ്റശ്ശേരിയിലെ പല പ്രദേശത്തും താൽകാലികമായി മേയാനെത്തുന്ന കാഴ്ച കുറച്ചുകാലമായി കണ്ടുവരുന്നു.

10. ഇന്ന് ജൈവവൈവിധ്യം കുറഞ്ഞുവരുന്നു. നാട്ടുമാവ്, പ്ലാവ് കശുമാവ്, പുളി, നെല്ലി, തേക്ക്, ചടച്ചി, വീട്ടി ,ഞെട്ടാവൽ, ആല്, പാല, വെൺതേക്, വെട്ടി, അത്തി, ഇത്തി, കാഞ്ഞിരം പൂവം, പുന്ന, പ്ലാശ്, വഹ്നി, ഇലവ്, കരിവാക, പൂപ്പാതിരി, മഞ്ഞക്കടമ്പ്, വാക, ഉങ്ങ്, കയനി, ഇലഞ്ഞി, അയനിപ്പിലാവ്, പാറകം, പൂള, മുള്ളൻപൂള മുരുകാഞ്ഞിരം, ഇരൂൾ, പൂവരശ്, മരോട്ടി, വേപ്പ്, ചേര്, താന്നി, പ്ലാശ്, പുന്ന, പൊടുകണ്ണി, തുടങ്ങിയ വിവിധ തെക്കുവന്നഭാവവും ഉപയോഗവുമുള്ള ഫലവൃക്ഷങ്ങളും മറ്റുമരങ്ങളും തീർത്തും ഇല്ലാതാവുകയോ എണ്ണം പരിമിതമാവികയോ ചെയ്തു. നാണ്യവിളക്കുവേണ്ടി തോട്ടം പിടിപ്പിക്കൽ ഒരു വശത്ത് ആധുനികാവശ്യത്തിനുതകുന്നതും പലതരം സുരക്ഷിതത്വങ്ങൾക്കുകാരണമാണെങ്കിലും പഞ്ചായത്തിലെ ജനങ്ങളുടെ മൊത്തം വരുമാനത്തിന് വർദ്ധനയുണ്ടാകുന്നുവെങ്കിലും ഉപരിതലശോഷണത്തെയും മണ്ണിൻെറഘടനയെയും ഇതു ബാധിക്കുന്നുണ്ട്.. വിശേഷിച്ചും റബ്ബർതോട്ടവും തെങ്ങിൻതോപ്പും അത്തരം പ്രശ്നങ്ങളുണ്ടാക്കാനിടയുണ്ടെന്നുകാണാം. ഉപരിതലമണ്ണിൽ ഘടനാപരമായമാറ്റം ഗുണകരമായിവരുന്നത് ഫലവൃങ്ങൾക്കും മറ്റു മരങ്ങൾക്കും വരുമാനം കുറവായതുകൊണ്ട് മറ്റാവശ്യങ്ങൾക്ക് ഉപയോഗപ്പെടുമെന്ന് അനുഭവമുണ്ടായിട്ടും വെട്ടിമാറ്റപ്പെടുന്നു. വിറകിൻെറ ആവശ്യത്തിനും കെട്ടിടം പണിതുടങ്ങിയവയ്ക്ക് ഇന്ന് തൊടികളിൽ നിന്നും കുറഞ്ഞ പ്രായമുള്ള മരങ്ങളേ കിട്ടാനുള്ളൂ. 25 വർഷത്തിനുമേലുള്ള വൃക്ഷങ്ങൾ ചുരുക്കമാണ്. കരിമ്പന അടുത്ത കാലത്ത് കാണാനില്ലാതാവും. പ്രധാനമായും വെട്ടുകൽ പ്രദേശത്ത് പരക്കെ കണ്ടുവരുന്ന കശുമാവിൻ തോപ്പുകൾ ഇല്ലാതായി. ഈ തോപ്പുകൾ വിറകിൻെറ ആവശ്യത്തിനുമുതകിയിരുന്നു. മാവ്, കശുമാവ്, തുടങ്ങിയ ഫലവൃക്ഷങ്ങൾ കുറഞ്ഞതിനാൽ ഗ്രാമീണമായ ഭക്ഷണക്രമത്തിലും മാറ്റമുണ്ടായിട്ടുണ്ട്.

11. വനനശീകരണം കാർഷിക മേഖലയിലെ മാറ്റം തുടങ്ങിയവയുണ്ടാക്കുന്ന വിപരീതഫലങ്ങൾ അങ്ങനെയിരിക്കെ, മറ്റു പ്രകൃതിവിഭവചൂഷണവും ദോഷമുണ്ടാകുന്നുണ്ട്. കാഞ്ഞിരപ്പുഴ ഡാമിൻെറ നിർമ്മാണ തീരുമാനത്തിൽനിന്നും

പ്രയോഗത്തിൽവന്നപ്പോളുണ്ടായ പ്രതിസന്ധികളും തത്ഫലമായി സ്ഥലനിർണ്ണത്തിലും നിർമ്മാണത്തിൽ മാറ്റിയ വരുത്തിയ മാറ്റങ്ങളും ഈ പഞ്ചായത്തിലെ പലയിടത്തും വളരെ ആഴത്തിലുള്ള കനാലുകൾക്ക് കാരണമായി. കിണറുകളിലെ വെള്ളം താഴ്ന്നു., സ്വാഭാവികമായി ജലസേചനം നടന്നിരുന്നപാടങ്ങൾ ഉണങ്ങി. റബ്ബർ നേഴ്സറിക്കും വാഴക്കും വേണ്ടിനെൽപ്പാടങ്ങൾ വഴിമാറിയത് അതുകൊണ്ടുകൂടിയാണ്. ഡാമിൻെറ വളരെയകലെയല്ലാത്ത ഇഞ്ചിക്കുന്നിലും മറ്റും ഈ അടുത്തകാലത്ത് വിള്ളലുണ്ടാക്കി, ഉറപ്പുള്ള വീടുകൾക്കുപോലും നാശനഷ്ടമുണ്ടാക്കി. അത്രമാത്രം പ്രാധാന്യംമില്ലാതെ പോയ സെക്കറുകൾ മാത്രം നിന്ന ഭൂമികുലുക്കും ഡാമിൽനിന്ന് 7കി.മി അകലെ ഉണ്ടായിട്ടുണ്ട്. ഡാമിൻെറ ക്യാച്ച്മെൻറ്എരിയക്ക് തെട്ടടുത്ത് കൊണകളുന്നിൽ ഉരുൾപ്പാട്ടി. ഡാമിന് 5 കിമി അകലെ മങ്കടയിൽ ആഴത്തിലുള്ള വിള്ളൽ ഈയിടെ പ്രത്യേക്ഷപ്പെട്ടിട്ടുണ്ട്.

12. പൊറ്റശ്ശേരിയുടെ അതിർത്തിയിലൂടെ ഒഴുകുന്ന നെല്ലിപ്പുഴ വേനലിൽ നീരൊലിപ്പുകുറയുകയോ, വറ്റുകയോ ചെയ്യുന്നൂ. വെള്ളം വറ്റാത്ത പാറൽ പൂന്തൽപാടങ്ങൾ വറ്റിതുടങ്ങിയത് കിണറ്റിലെ ജനനിരപ്പ് താഴാൻ വോറൊരുകാരണം കൂടിയായി. വാഴക്കും മറ്റും വെള്ളം നിരന്തരമായി വെട്ടിയോഴുകിയതു കൊണ്ടാണ് നമ്മുടെ അന്തരീക്ഷസ്ഥിതി നിയന്ത്രിച്ചിരുന്ന പാറൽപുന്തൽ പാടങ്ങൾ പോലും വറ്റയത്.

13. മണ്ണൊലിപ്പ് നിയന്ത്രണാതീതമാണ്. ഈ പഞ്ചായത്തിലെ ഇരുമ്പകച്ചോല പൂഞ്ചോല എന്നീവാർഡുകളിൽ അതിൻെറദുരന്തം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ദുർബ്ബലമായമേൽ മണ്ണിനെ പിടിച്ചു നിർത്താൽ മരത്തിൻെറ വേരൊ ജൈവാവരണമോ ഇല്ല. ആ പ്രദേശങ്ങളുടെ മേൽഭാഗം അട്ടപ്പാടിയുടെ ഭാഗങ്ങൾ തരിശായത് കൊണ്ട് മണ്ണൊലിപ്പിൻെറയും ഉരുൾപൊട്ടലിൻെറയും കാരണമായി. പുഞ്ചോലയിലെ പാങ്ങോട് മലയിൽ കുടിവെള്ളക്ഷാമം കഠിനമാണ്.

14. മലീനികരണം വൻ തോതിൽ ശ്രദ്ധിക്കാതെ വിട്ടുകളയുന്നത് ആപത്കരമാണ്. ഉപേക്ഷിക്കപ്പെടുന്ന പ്ലാസ്റ്റിക്കിറ്റ്, റബ്ബർകൊണ്ട് നിർമ്മിച്ച സാധനങ്ങൾ എന്നിവ ഉപരിതലമണ്ണിൽ കൂടികുടിവരുന്നു. ദ്രവിക്കാത്ത ഈ വസ്തുക്കൾ ഉപരിതലമണ്ണിനെ വേഗം ഉണക്കികളയാനിടയുണ്ട്.

15. ഇതനെല്ലാം പ്രതിവിധി ആരായേണ്ടതും പരിഹരിക്കേണ്ടതുമാണ്. കൃഷിക്കുപയോഗിക്കുന്ന വളപ്രയോഗം ശാസ്ത്രീയമായി നടപ്പിലാക്കണം. ജൈവവളത്തിനും, ജീവാണുവളത്തിനു പ്രാധാന്യം വേണം. കീടനാശിനികൾ ഉപേക്ഷി ക്കാവുന്നവതീർത്തും ഒഴിവാക്കി പ്രതികീടനാശിനി ഉപയോഗിക്കാം നാട്ടറിവുകളെ പരിഷ് കരിച്ച് പാർശ്വഫലങ്ങളോ മറ്റോ വരാത്ത രീതികളും ഉപയോഗിക്കാം.

വൃക്ഷ നശീകരണത്തിനും വനനശീകരണത്തിനുമെതിരെ ബോധ്വത്കരണവും ഗ്രാമ പഞ്ചായത്തുകൾക്ക് ഇവ നിയന്ത്രിക്കാനുള്ള അധികാരവും നിയമ നിർമ്മാണം വഴിഉണ്ടാകേണ്ടതാണ്. വനവൽക്കരണം ആത്മാർത്ഥതയുള്ള ജനസേവനമാക്കണം, വഴിയരികിലും പുറം പോക്കുകളിലും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കണം. കാഞ്ഞിരപ്പുഴ ഡാമിൻെറ ക്യാച്മെൻറ് പ്രദേശത്ത് മുള, കൊറണ്ട, ഓട എന്നിവ നട്ടുപിടിപ്പിക്കലാണ് നല്ലത്. ഇപ്പോളുള്ള അക്കേഷ്യയേക്കാൾ ഫലപ്രദമാണ്. ഇടക്ക്,, തേക്ക്, ഇരൂള് തുടങ്ങിയ മരങ്ങളും വളർത്തിയെടുക്കാം. വഴിയരികിലും പുറംപോക്കുകളിലും വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുന്നതിനും, സംരക്ഷിക്കുന്നതിനും

സമീപപ്രദേശങ്ങളുള്ള ജനങ്ങളുടെ സഹകരണംതേടണം. ചുമതല അവരെ എല്പിക്കുകയും വേണം. പരദേശി മരങ്ങൾക്കുപകരം നാട്ടിൽ മുമ്പുണ്ടായിരുന്ന മരങ്ങൾമതി. അതുവഴി അഞ്ചുവർഷത്തിനുള്ളിൽ വിറകിനും തോലിനും 20 25 വർഷത്തിന് ശേഷം മരത്തിനും ഉപയോഗിക്കാൻ കഴിയും. കാലിയായികിടക്കുന്ന തരിശിലും മലകളിലുംസമൂഹവനവത്കരണം എർപ്പെടുത്തണം. ആര്യ വേപ്പിൻെറ പ്രാധാന്യം പരിഗണിച്ച് ഒരു വർഷം കൊണ്ട് 20,000 വേപ്പ് നടാവുന്നതാണ്. എല്ലാവീടുകളിലും വെറും സ്ഥലങ്ങളിലുമെല്ലാം നമ്മുടെ ജൈവപരിസരത്തിന് സാരമായ ശുദ്ധീകരണം ഉണ്ടാക്കാൻ ഈ വൃക്ഷത്തിന് കഴിഞ്ഞേക്കാം വേപ്പിൻെറ തോലിൻെറ ഉപയോഗം നിരീക്ഷിക്കാനുള്ള പഠനംനടക്കേണ്ടതാണ്. പലകീടനാശിനികളേയും. ഒഴിവാക്കാൻ കഴിയണമെന്നാണ് നാട്ടിറിവ്.

17. വിത്തുസംരക്ഷണത്തിൽ കീടനാശിനികളുടെ പ്രയോഗം വളരെ കൂടതലായുണ്ട്. പൊറ്റശ്ശേരിക്കുമാത്രമല്ല ഈ രീതി ബാധകമാകുന്നത്. ജൈവസംബന്ധമായ കീടനാശി നിയായിരിക്കും ഉപകാരപ്രദമായിരിക്കുക ഉദാ.കീടനാശിനിയിൽ സംരക്ഷിക്കപ്പെട്ട നെൽവിത്ത് മുളക്കാതെ പോയാൽ പിന്നെ അതുപേക്ഷിക്കേണ്ടിവരുന്നത് സാധാരണമാണല്ലോ. വിത്തുസംരക്ഷണത്തിന് പറ്റിയ നാട്ടറിവുകളെ ഉപയോഗി ക്കേണ്ടതാണ്. ചാണകപ്പാലിൽ മുക്കി ചേനയും ഇഞ്ചിയും മറ്റും സംരക്ഷിക്കുന്ന രീതി പരിശോധിക്കണം. അവയ്ക്ക് പാണൽ തുടങ്ങിയ ചെടികൾ പുകച്ചു കൊടുക്കുന്ന രീതിയും മുൻപുണ്ടായിരുന്നു. കാഞ്ഞിരമരത്തിൻെറ കീടനാശകമായസ്വഭാവും ചിലപ്പോൾ ഉപയോഗപ്രദമായേക്കാം.

18.പരിസ്ഥിതി സംരക്ഷണം മറ്റെല്ലാമേഖലയുമായ് ബന്ധപ്പെട്ടുള്ളതിനാൽ എല്ലാവസ്തുക്കളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതോടൊപ്പം അധികവിനിയോഗം നിയന്ത്രിക്കുവാനുള്ള ബോധവത്ക്കരണവും നിയമനിർമ്മാണവും നടക്കേണ്ടതാണ്. ആ നിലയ്ക്ക് കുടുംബത്തിൻെറ ആവശ്യത്തിന് ഭൂമിയും വായുവും വെള്ളവുമടക്കം ....... എന്തൊക്കെ വേണമെന്നും എത്ര വേണമെന്നും കണക്കുണ്ടാകണം. അതു ജനസംഖ്യാനുപാതികമാകേണ്ടതാണ്. പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുള്ള സവിശേഷമാർഗ്ഗങ്ങളുമാരായണം. ഇപ്പോൾ കേരളത്തിലെ പഞ്ചായത്തുകൾ ജനസംഖ്യയുടെ അടിസ്ഥാനത്തിനാണ് പുന സംഘടിപ്പിക്കുന്നതെങ്കിലും ഭൂവിസ്തൃതിയുടെയോ വിനിയോഗത്തിൻെറ തുല്യതയോ ഒന്നും കണക്കാക്കിയിട്ടില്ല. അതിനാൽ കുടുംബാംഗങ്ങളുടെ ആവശ്യങ്ങൾ നിർവ്വഹിക്കാനുള്ള കുറഞ്ഞ സൗകര്യം എപ്പോഴും കിട്ടാനുള്ളസാഹചര്യം സംജാതമാകണം. അങ്ങനെവരുമ്പോൾ ഭാഷാടിസ്ഥാനത്തിലുള്ള അതിർനിർണ്ണയം ഉപേക്ഷിക്കുകയും ജനസംഖ്യാനു പാതികമായി വിപുലപ്പെടുത്തകയോ ആവശ്യമെങ്കിൽ വേറൊരുത്തർക്കു വിട്ടുകൊടുത്ത് കുറക്കുകയോ ചെയ്യേണ്ടതാണ്. കേരളത്തിൽനിന്നു മറ്റു സംസ്ഥാനങ്ങളിലേക്കു ഭൂമിക്കുവേണ്ടികുടിയേറുന്നതും ജോലിക്കുവേണ്ടി ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങ ളിലേക്കും മറ്റുരാജ്യങ്ങളിലേക്കു പോകുന്നതിൻെറയും കാരണം ഇവിടം കൊണ്ടുമാത്രം കാര്യങ്ങൾ നടപ്പില്ലെന്നു കണ്ടിട്ടാണല്ലോ.അതു കൊണ്ട് ഉള്ള ജനങ്ങളുടെ അധ്വാനശക്തിയെ വഴിയാംവണ്ണം പ്രയോജന പ്രദമാക്കുവാനുള്ള സംസ്ഥാനത്തി നകത്ത് ക്രമേണ ഉണ്ടാകേണ്ട വിതരണവും വിനിയോഗവും ലഭ്യമാക്കാനുള്ള ബോധവത്ക്കരണം നടക്കണ്ടതാണ്.

# ഗ്രാമസഭകളിൽവന്ന സാധ്യതകൾ

1. ജൈവവൈവിധ്യമുള്ള മാതൃകാതോട്ടം പഞ്ചായത്തിൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലത്ത് നടപ്പാക്കുക.

2. കൊതുകുനിവാരണത്തിനുവേണ്ട പാർശ്വഫലമില്ലാത്ത സ്വഭാവികമായമാർഗ്ഗം നടപ്പാക്കുക. ബോധവൽക്കരണം വേണം. ശ്രീ. ലോനപ്പൻ നമ്പാടൻ ഈയ്യിടെ പ്രസ്താവിച്ച അറിവ് പരിശോധിക്കുക.

3. തവള, പാമ്പ്, തുടങ്ങിയവയെ പിടിക്കുന്നത് തടയുക.

4. അനർട്ടിൻെറ അടുപ്പുകൾ ഉപയോഗിക്കുവാനുള്ള ബോധവത്കരണം നടക്കണം.

5. റോഡരുകിലും പുറം പോക്കിലും വൃക്ഷവത്ക്കരണം നടപ്പിലാക്കുക

6. വൃക്ഷസംരക്ഷണത്തിനും വനസംരക്ഷണത്തിനും വെണ്ട പരിശീലനവും സന്നദ്ധസംഘവും രൂപീകരിക്കുക.

7. മണ്ണിരകമ്പോസറ്റു നിർമ്മാണത്തിനുവേണ്ട പരിശീലനവും നിർമ്മാണവും നടക്കണം.

8. മണ്ണൊലിപ്പുള്ള പ്രദേശങ്ങളിൽ ജൈവസംരക്ഷണത്തിനുള്ള മാർഗ്ഗം നടപ്പിലാക്കുക.

9. കാഞ്ഞിരപ്പുഴ ഡാമിൻെറ ക്യാച്ച്മെൻറ് ഏരിയയിൽ കൊറണ, മുള, ഈററതുടങ്ങിയവ വെച്ചുപിടിപ്പിക്കുക. മലിനീകരണവും തടയണം. അതിനെല്ലാമായി ജനകീയസംരക്ഷണസേന രൂപികരിക്കുക.

10. പൊതുസ്ഥാപനങ്ങളുടെ സ്ഥലത്ത് വൃക്ഷവത്ക്കരണം നടപ്പിലാക്കുക.

11. കുളങ്ങളെ സംരക്ഷിക്കുകയും പുതിയവ നിർമ്മിക്കുകയും ചെയ്യുക.

12 പുഴകളിൽ തെങ്ങിൽ പട്ട കുതിർക്കുവാൻ ഇടുന്ന തടക്കമുള്ളമലിനീകരണവും കയ്യേറ്റവും ഒഴിവാക്കാൻ ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കുക.

13. ഊർജ്ജോല്പാദനം വിനിമയം, വിതരണം ഇവയിൽ ഒറ്റമാർഗ്ഗം മാത്രം സ്വീകരിക്കാതെ സംയുക്ത രീതി കൈക്കൊള്ളുവാൻ ബോധവത്ക്കരണം വേണം.

14. കാഞ്ഞിരപ്പുഴ ഡാമിലേക്ക് പോകുന്ന പ്രധാനനിരത്തിൻെറ പുറമ്പോക്കിൽ ജനങ്ങളുടെ സന്നദ്ധപ്രവർത്തനത്തിലൂടോതീറ്റപുൽ വളർത്തൽ കൃഷിഭവൻ വഴി നടപ്പിലാക്കുക. റോഡിൻെറ ഇരുവശവും കെട്ടി സംരക്ഷിക്കാത്ത ഓടകളുടെ സംരക്ഷണം ജനങ്ങളെ ഏൽപ്പിക്കുക.

15. പച്ചിലവളം ലഭ്യമാക്കാനുള്ള രീതി പ്രയോഗിക്കുക.

16. പ്രകൃതിക്ഷോഭമുണ്ടാകാവുന്ന സ്ഥലങ്ങളെപ്പറ്റി ശാസ്ത്രീയമായ പഠനം. നടത്തുക.

# 9 വനം

കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ പൂഞ്ചോല, ഇരുമ്പകച്ചോല എന്നീ പ്രദേശങ്ങളുടെ ഭൂരിഭാഗവും നിബിഡവനങ്ങളായിരുന്നു. ഇന്ന് ജനനിബിഡമായ പലകുന്നിൻപുറങ്ങളും അത്തരത്തിലുള്ളവയായിരുന്നുവെന്ന് പഴമക്കാർ പറയുന്നുണ്ട് ഏലം എലവങ്ങ കറുവപ്പട്ട പന്തക്കട്ട ,ചീനിക്ക, തേൻ മെഴക് എന്നിവ ഈ വനങ്ങളിൽ നിന്നും സുലഭമായി ശേഖരിച്ചു വന്നിരുന്നു. വനവിഭാഗങ്ങളുടെ ശേഖരണത്തിൽ അനേകം പേർ ഏർപ്പെട്ടിരുന്നു. ചൂരൽ, പോലീസിൻെറ ലാത്തിക്കു പയോഗിക്കുന്ന ഒരുതരം മുള, തേക്ക്, ഈട്ടി, ഇരുപൂൾ, മരുത്, ചടച്ചി തുടങ്ങിയ വിലപ്പിടിപ്പുള്ള മരങ്ങൾ, ഓട മുള എന്നിവയും ഇവിടുത്തെ വനങ്ങളിൽ സുലഭമായിരുന്നു. 50 വയസ്സിനു മുകളിൽ പ്രായമുള്ള തൊഴിലാളികളിൽപലരും മലമ്പണിക്കാരായിരുന്നു. അവർ വിവിധമേഖലകളിൽ പ്രവർത്തിച്ചിരുന്നവരാണ്. ഒരു വിഭാഗം മരം വെട്ടുകാരും, മറ്റുചിലർ ഓടയും മുളയും മുറിക്കുന്നവരും ഇനിയൊരു കൂട്ടർ ചൂരൽ വെട്ടുകാരുമായിരുന്നു.

ആന, പുലി, മാൻ, പന്നി, മുള്ളൻ മലയണ്ണാൻ എന്നിവ വനങ്ങളിൽ സുലഭമായി കണ്ടിരുന്ന വന്യമൃങ്ങളാണ് കാട്ടുകോഴി, മയിൽ എന്നീ പക്ഷികളും വനങ്ങളിൽ യഥേഷ്ടം വിഹരിച്ചിരുന്നു. അമ്പതുകളുടെ ആരംഭം തെട്ട് വൻതോതിൽ വനനശീകരണം ആരംഭിച്ചുതുടങ്ങി അതോടെ കാട്ടുമൃഗങ്ങളെ കണ്ടമാനം വേട്ടയാടാൻതുടങ്ങി. വനങ്ങളുടെനാശത്തോടെ പരിസ്ഥിതിയിലും സമൂലമായ പരിവർത്തനം സംഭവിച്ചുതുടങ്ങി. മലമ്പ്രദേശങ്ങളിലെ വറ്റാത്തനീരുറവകൾ മിക്കവയും വരണ്ടുപോകാൻതുടങ്ങി. ഇരുമ്പകച്ചോലയ്ക്കും പൂഞ്ചോലയ്ക്കും ഇടയ്ക്കുള്ള കൂനൽമലമുകളിൽ ഇന്നും കണ്ടുവരുന്ന അടാംകുളം എന്ന ജലസ്രോതസ്സിൽനിന്നും മലയുടെ തെക്കൻ ചെരുവിലേക്കു വെള്ളമൊഴുകുന്ന ചോലകൾ ഉണ്ടായിരുന്നു. അവയും ജലവാഹിനികളാല്ലാതായിതീർന്നു. അടാം കുളം മാത്രം വരണ്ടുകഴിഞ്ഞിട്ടില്ല.

മണ്ണാർക്കാട് മൂപ്പിൽ സ്ഥാനം വകയായുള്ള ഈ വനപ്രദേശം ദേശസാൽക്കരണ് വരെ വെട്ടിവെളിപ്പിച്ചുപോന്നു. അവ ഭൂരിഭാഗവും റബ്ബർതോട്ടങ്ങളായി മാറിക്കഴിഞ്ഞു. ഇത് അൺസർവ്വെയിൽപ്പെടുന്നു.

പഞ്ചായത്തതൃത്തിയിൽ ആയിരക്കണക്കിന് ഏക്കർറിസർവ്വ് വനമുണ്ട്. ഏരിയതിരിച്ച് വനഭൂമിയുടെ മൊത്തം വിസ്തീർണ്ണം തിട്ടിപ്പെടുത്താൻ കഴിയുന്നില്ല.

മേൽക്കാണിച്ച മൂപ്പിൽസ്ഥാനം വകവനഭൂമിയിൽ 113 ഏക്കർ കോട്ടക്കൽ ആര്യവൈദ്യശാലയുടെ ഹെർബ്ഗാർഡനാണ്. അതിൽ ഭുരിഭാഗവും നിക്ഷിപ്തവനമാണ്. 13 സെക്യൂരിറ്റി ഉദ്യോഗസ്ഥർ വനസംരക്ഷരായി അവിടെ പ്രവർത്തിക്കുന്നുണ്ട് നിസർവ്വ് വനങ്ങൾ അർദ്ധനിത്യഹരിതവനങ്ങളും നിക്ഷിപ്തവനം നിത്യവനവുമാണ്. എന്നാൽ 2ാംവാർഡിൽപ്പെട്ട കെണ്ടക്കാമലയും 5,6 വാർഡുകളിൽ വ്യാപിച്ചുകിടക്കുന്ന മങ്കടമലയുടെ മുകൾഭാഗവും പുൽമേടുകളാണ്. അവിടവിടെ കുറ്റിക്കാടുകളില്ലെന്നില്ല.

## സർപ്പക്കാവുകൾ ഇന്നു നിലവിലില്ല.

പഞ്ചായത്തിലൂടെ റിസർവ്വ് വനഭൂമിയിയൽ ഹെക്ടർസ്ഥലത്ത് **കശുമാവ്** വെച്ചുപിടിപ്പിച്ചിട്ടുണ്ട് വെറ്റിലചോലയിൽ 4 എക്കർ സ്ഥലം **ഔഷധ**

തോട്ടമാക്കിമാറ്റിയിട്ടുണ്ട് രണ്ടും ഫോറസ്റ്റുഡിപ്പാർട്ടുമെൻറിൻെറ നേരിട്ടുള്ള നിയന്ത്രണത്തിലാണ്. അടുത്ത എട്ടുപത്തുവർഷമായി വനത്തിൽനിന്നുള്ള മരം മുറി പരിപൂർണ്ണമായും നിയന്ത്രണവിധേയമായിട്ടുണ്ട്. തൽഫലമായി വനം വളർന്നു വരാൻ തുടങ്ങിയിരിക്കുന്നു. ദേശസാൽക്കരണത്തിനുശേഷം വനഭൂമിയിലേക്കുള്ള കയ്യേറ്റം കാര്യമായി നടന്നില്ല. അതിനുമുമ്പു തന്നെ നിബിഡവനങ്ങൾ മിക്കവാറും വനഭൂമികളായി മാറിക്കഴിഞ്ഞിരുന്നു..

കാഞ്ഞിരപ്പുഴ ആസ്ഥാനമാക്കി ഒരു ഫോറസ്റ്റു സബ്സ്റ്റേഷൻ പ്രവൃത്തിച്ചുവരുന്നണ്ട്. ഒരു ഡപ്യൂട്ടി റെയ്ഞ്ചാഫീസറും വനപാലകരും അതിനു കീഴിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

വനവൽക്കരണത്തിനായി പുതിയ വൃക്ഷതൈകളും വിത്തുകളും തേടി പോകാതെ അതതു പ്രദേശങ്ങളിൽ നിലനിന്നിരുന്ന വൃക്ഷങ്ങൾ വളർത്തി സംരക്ഷിക്കുന്നത് കൂടുതൽ അഭിലഷണിയമാണ്. അടുത്ത ഏതാനും വർഷങ്ങളായി വനം വകുപ്പുദ്യോഗസ്ഥർ കാണിക്കുന്നശുഷ്കാന്തി പ്രശംസാർ ഹമാണെങ്കിലും വർഷം തോറും വനത്തിന് ഭീഷണിയുണ്ടാക്കുന്ന കാട്ടുതീയിൻെറ ഉറവിടം കണ്ടുപിടിക്കാൻ കൂടുതൽ നിഷകർഷ ആവിശ്യമാണ്.

പഞ്ചായത്തതൃത്തിയിൽ ഉൾപ്പെട്ട വനമേഖലയിൽനിന്നും ഇപ്പോൾ കാര്യമായ വനവിഭവങ്ങളൊന്നും സംഭരണയോഗ്യമല്ല.

വൈറ്റില ചോലയിൽ 42 ആദിവാസി കുടുംബങ്ങളും ആനക്കരണത്ത് 9 കുടുംബവും പാമ്പം തോട്ടിൽ 53 മാങ്ങോട് 6 കുടുംബങ്ങൾ, വെള്ളത്തോട് 10 കുടുംബവും താമസിച്ചുവരുന്നുണ്ട് അവരുടെ സ്ഥിതി അത്യന്തം ശോചനീയമാണ്. വൈറ്റില ച്ചോലയിൽ 2 ഉം 3 ഉം ഏക്കറുകൾ കൈവശംവെച്ചവരുണ്ടെങ്കിലും കൈവശഭൂമിക്ക്യാതൊരു രേഖളും അവർക്കില്ലാത്ത അവസ്ഥയാണ്. അക്കാരണത്താൽ ഭവന നിർമ്മാണസാമ്പത്തിക സഹായ ങ്ങളൊന്നും അവർക്ക് ലഭിക്കാൻ കഴിയാത്ത അവസ്ഥനിലനിൽക്കുന്നു. ഈകാട്ടുമക്കൾക്കെങ്കിലും കൈവശഭൂമിക്ക് പട്ടയം ലഭ്യമാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടത് അത്യാവശ്യമാണ്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ വനഭൂമികളായ കെണ്ടക്കാമല പാങ്ങോട്, മങ്കടമലനിരപ്പ് എന്നിവടങ്ങൾ വനമില്ലാത്ത പ്രദേശമാണ്.
2. കാട്ടുതീ വനത്തിന് ഭീഷണിയാവുന്നു.
3. വന്യമൃഗങ്ങൾ സമീപപ്രദേശങ്ങളിലെ കൃഷിനശിപ്പിക്കുന്നു.
4. മണ്ണൊലിപ്പുരൂക്ഷമാണ്.

## സാദ്ധ്യതകൾ

1. വനസംരക്ഷണത്തിൻെറ ആവശ്യകതയെക്കുറിച്ചുള്ള ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കണം.
2. കാട്ടുതീ തടയാൻ സമീപവാസികൾക്ക് പരിശീലനം നല്കുക.
3. ചോലപ്രദേശങ്ങളിൽ മുളങ്കാടുകൾ വളർത്താൻ നടപടിയെടുക്കണം.
4. വനമില്ലാത്ത പ്രദേശങ്ങളിൽ (വനഭൂമികളിൽ)അവ പുനരുദ്ധരിക്കാൻ നടപടിയെടുക്കണം.

# 10. വ്യവസായം

പാലക്കാട് ജില്ലയിൽ വ്യവസായികമായി ഏറ്റവും പിന്നോക്കം നില്ക്കുന്ന പ്രദേശങ്ങളിലൊന്നാണ് കാഞ്ഞിരപ്പുഴ പഞ്ചായത്ത് എന്നാൽ വ്യാവസായ പ്രാധാന്യമുള്ള അസംസ്കൃത വസ്തുക്കളുടെ ഒരു വൻശേഖരം തന്നെ ഈ പഞ്ചായത്തിലുണ്ട്. വ്യവസായരംഗത്ത് പ്രവർത്തിക്കാൻ സന്നദ്ധതയും താല്പര്യവുമുള്ള അനേകം തൊഴിൽരഹിതരായ ചെറുപ്പക്കാരും ഇവിടെനിരവധിയാണ് ഉന്നത സാങ്കേതിക വിദ്യാഭ്യാസയോഗ്യതയില്ലെങ്കിലും ചെറുകിടവ്യവസായരംഗത്ത് പ്രവർത്തിക്കാൻ കഴിവുള്ളവിവിധതൊഴിൽ മേഖലകളിൽ പ്രാവിണ്യമുള്ളവരും കുറവല്ല. എല്ലാഅനകൂലഘടകങ്ങളും ഉണ്ടായിട്ടും പൊതുമേഖലയിലോ സഹകരണമേഖയിലോ പ്രവർത്തിക്കുന്ന ഒരൊറ്റവ്യവസായ സ്ഥാപനം പോലും പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. എന്നത് വേദനകരമാണ്.

ഒരുകാലത്ത് മണ്ണിനടിയിൽനിന്നും ഇരുമ്പയിർ ശേഖരിച്ച് അത് ഉരുക്കി ഇരുമ്പ് വേർതിരിച്ചെടുക്കാൻ കഴിയുന്നവർ ഇവിടെ ഉണ്ടായിരുന്നതായി കാരണവർ ചർച്ചകളിലൂടെ അറിയാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ അത്തരം സാങ്കേതികവിദ്യ അറിയുന്നവരാരും തന്നെ ഇന്ന് ജീവിച്ചിരിപ്പില്ല. ഈജിപ്ത്ഷ്യൻസുന്ദരിമാർ കിടപ്പറ കളിൽ സുഗന്ധധൂമം പരത്താൻ ഏലം, എലവങ്ങും, കറുവപ്പട്ട, കുങ്കില്യം എന്നിവ ഉപോയാഗിച്ചിരുന്നുവെന്നും അവ ഇന്ത്യയിൽനിന്നും കൊണ്ടു പോയിരുന്നവെന്നും ചരിത്രപുസ്തകങ്ങളിൽ സൂചിപ്പിക്കുന്നുണ്ട്. അത്തരം സുഗന്ധദ്രവ്യങ്ങൾ കാഞ്ഞിരപ്പുഴയിലെ വനാന്തരങ്ങളിൽ ഇന്നും കണ്ടുവരുന്നവയാകയാൽ ഒരുകാലത്ത് വാണിജ്യരംഗത്ത് ഈപ്രദേശങ്ങളിലെ വനവിഭവങ്ങളും ഉൾപ്പെട്ടിരിക്കാൻ സാദ്ധ്യതയുണ്ട്. തീവണ്ടി റയിലിനടിയിൽ പിടിപ്പിക്കുന്ന മരത്തടികൊണ്ടുള്ള സ്ലീപ്പർ കൈവാളുകൊണ്ടറുത്ത് രൂപപ്പെടുത്തി വൻതോതിൽ ഇവിടെനിന്നും കയറ്റി പ്പോയിരുന്നു.. ഇന്ന് വനവും മരവും നശിച്ചതു കൊണ്ട് ആ മേഖലയും നിശ്ചലമാണ്.

ഈ പഞ്ചായത്തിനെ സംബന്ധിച്ച് ചെറുകിടകുടിൽ പരമ്പരാഗത കൈത്തൊഴിൽ രംഗങ്ങളിൽ പ്രാദേശികാസൂത്രണവും ഇടപ്പെടലും ഉണ്ടായാൽ വ്യവസായരംഗം അഭിവൃദ്ധിപ്പെടുത്താൻ കഴിയുന്നതാണ്.

റബ്ബർ ഉല്പാദനരംഗത്ത് മുൻപന്തിയിൽതന്നെ നില്ക്കുന്ന കാഞ്ഞിരപ്പുഴ പഞ്ചായത്തിൽ ചെറുകിട റബ്ബർഫാക്ടറിക്കുള്ളസാദ്ധ്യതയും തള്ളിക്കളയാവുന്നതല്ല.

പഞ്ചായത്തിൽ പരമ്പരാഗത തൊഴിലുകളിൽ എർപ്പെട്ട വിവിധ വിഭാഗങ്ങളിൽ പെടുന്ന നൂറോളം കുടുംബങ്ങളുണ്ട്. ഓട, മുള, എന്നിവകൊണ്ട് വട്ടി, മുറം, പനമ്പ്,എന്നിവനിർമ്മിക്കുന്നവരും, മൺപാത്രനിർമ്മാണവും, തഴപ്പായനെയ്ത്ത് മുതലായവ തൊഴിലുകളിൽ എർപ്പെട്ടവരും അതിലുൾപ്പെടുന്നു.

വാണിജ്യാവശ്യങ്ങൾക്കായി വൻതോതിൽ ശാസ്ത്രീയമായ രീതിയിൽ ഓട, മുള എന്നിവ മുറിച്ചുകയറ്റി പോയിരുന്നതുകാരണം സമീപപ്രദേശങ്ങളിൽ അവയുടെ ലഭ്യതകുറഞ്ഞിട്ടുണ്ട്. തന്മൂലം അതുപയോഗിച്ചുള്ള പരമ്പരാഗത തൊഴിലിൽ നിന്നും പലരും മറ്റുജോലികളിൽ എർപ്പെടാൻ നിർബന്ധിതരായിക്കയാണ്. ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിൽനിന്നും പാസ്സെടുത്ത് (ഒരാൾക്ക് ഒരു പാസ്സിന് 4രുപ കൊടുക്കണം) വനാന്തർഭാഗത്തുനിന്നും ഓടയും മുളയും ശേഖരിച്ചു കൊണ്ടുവന്ന് ഉല്പന്ന ങ്ങളുണ്ടാക്കുന്ന 45കുടംബങ്ങൾ പഞ്ചായത്തിലുണ്ട് ഒന്നരലക്ഷത്തോളം

മാങ്ങാകൂടകൾ അവർ നിർമ്മിച്ച് മാങ്ങാസ്റ്റാളുകൾക്ക് വിതരണം ചെയ്യുന്നുണ്ട്. 29 പുരുഷൻമാരും 19 സ്ത്രീകളും സുമാർ 6മാസക്കാലം ആതൊഴിലിൽ വ്യാപൃതരാണ്. ബാക്കി 6 മാസം കൊട്ട, മുറം പനമ്പ് എന്നിവനിർമ്മിച്ച് വീടുകളിൽ കൊണ്ടുപോയിക്കൊടുത്ത് അർദ്ധപട്ടിണിയായി ഉപജീവനം കഴിക്കുന്നു. നവീന രീതിയിലുള്ള കൗതുക കരങ്ങളായ മറ്റു ഉല്പന്നങ്ങളുണ്ടാക്കാനുള്ള പരിശീലനത്തിൻെറ അഭാവവും അവർക്കുണ്ട്.

കൂടാതെ ഈറ്റയും ചകിരിയും ഉപയോഗിച്ച് മാറാലചൂൽ നിർമ്മിക്കുന്ന തമിഴ്നാട്ടുകാരായ 30ഓളം പേരും ഇവിടെയുണ്ട്.

മറ്റൊരു പരമ്പരാഗതതൊഴിൽ മൺപാത്രനിർമ്മാണമാണ്. 17 കുടുംബങ്ങളിൽ നിന്നുള്ള 26 പുരുഷൻ മാരും 21 സ്ത്രീകളും ഈ തൊഴിലിൽ എർപ്പെട്ടിരിക്കുന്നു. കളിമണ്ണിൻെറ ലഭ്യതക്കുറവ് അവർക്കും ഭീഷണിയായിതീർന്നിട്ടുണ്ട്. പരമ്പരാഗതമായി ആർജ്ജിച്ച വൈദഗ്ദ്യത്തിലുപരി കളിമൺപാത്രനിർമ്മാണത്തിൽ കാര്യമായ പരിഷ്ക്കാരങ്ങൾ വരുത്താൻ കളിയാത്തതുകൊണ്ട് വിപണനമാന്ദ്യം അവരെ അലട്ടുന്നുണ്ട്.

പരമ്പരാഗത കുടിൽ വ്യവസായത്തിൽ ഉൾപ്പെടുത്താവുന്ന ഓലപ്പായനെയ്ത്തും തഴപ്പായനെയ്ത്തും പ്രായം ചെന്ന വിരലിൽ എണ്ണാവുന്ന സ്ത്രീകളിൽ ഒതുങ്ങിനില്ക്കുന്നു. കൈതോല കൊണ്ട് വിവിധയിനം കൗതുകവസ്തുക്കൾ നിർമ്മിക്കാൻ സാദ്ധ്യതതയുണ്ടെങ്കിലും പരിശീലനത്തിൻെറ അഭാവംമൂലം ആ തെഴിലിനോടുള്ള താല്പര്യം കുറഞ്ഞുവരികയാണ്.

പപ്പടനിർമ്മാണം പരമ്പരാഗത തൊഴിലായിസ്വീകരിച്ച 5 കുടുംബങ്ങൾ പഞ്ചായത്തിലുണ്ട് ഭൂരിഭാഗം പേർക്കും സാമ്പത്തിക ഞെരുക്കം മൂലം ആരംഗത്ത് പിടിച്ചുനില്ക്കാനാവുന്നില്ല.

മരപ്പണി, ഇരുമ്പുപണി, സ്വർണ്ണപ്പണി എന്നിവയും വളരെ കുറച്ചുപേർ എർപ്പെട്ടിട്ടുണ്ട് വ്യവസായികമായി യാതൊരുപുരോഗതിയും കൈവരിക്കാൻ അവർക്കുകഴിഞ്ഞിട്ടില്ല.

പഞ്ചായത്തിൽ നിലവിലുള്ള സ്വകാര്യവ്യക്തികൾ നടത്തുന്ന മറ്റുചില വ്യവസായങ്ങൾ താഴെ ചേർക്കുന്നു.

| നമ്പർ | സ്ഥാപനത്തിൻെറ പേര് | പു. | സ്ത്രീ | ആകെ |
|---|---|---|---|---|
| 1 | രാമദാസ്ബ്രദേഴ്സ് മോട്ടോർ വർക്ക്സ് | 9 | | 9 |
| 2. | ചിറക്കൽപ്പടി മോട്ടോർ വർക്ക്സ് | 8 | | 8 |
| 3 | യുണിവേഴ്സൽ മോട്ടോർ വർക്ക്സ് | 4 | | 4 |
| 4 | ടൂവീൽ വർക്ക്ഷോപ്പ് | 4 | | 4 |
| 5. | ചിറക്കൽപ്പടി എഞ്ചിനിയറിംങ്ങ് വർക്ക്സ്. 1. റബ്ബർ റോളർ 2. വെൽഡിങ്ങ് 3. ലെയ്ത്ത് വർക്ക് | 4 | 1 | |

| | | | | |
|---|---|---|---|---|
| 6. | ചിറക്കൽപ്പടി വെൽഡിംഗ് യൂണിറ്റ് | 5 | | |
| 7. | സ്ക്കൂൾപടി വെൽഡിംഗ് യൂണിറ്റ് | 3 | 3 | |
| 8. | അശോക് ഫ്ലോറിംഗ്സ് അശോക് ടൈൽസ് അശോക് ബ്രിക്ക്സ് | 4 | | 4 |
| 9. | പള്ളിപ്പടി ഹോളോബ്രക്സ് | 3 | | 3 |
| 10 | അറഫ് ഇൻഡസ്ട്രീസ് | | | |
| | 1. തീപ്പെട്ടിക്കൂട് | 2 | 18 | 20 |
| | 2. തീപ്പെട്ടി കൊള്ളി | | | |
| | 3. തടിഈർച്ചമിൽ | 5 | | 5 |
| | 4. ഫർണീച്ചർ നിർമ്മാണം | 3 | 4 | 7 |
| 11. | വിയ്യക്കുറുശ്ശി ഫർണീച്ചർ ബാംബൂസ് | | | |
| | 1. ഫർണീച്ചർ നിർമ്മാണം | | | |
| | 2. തടി, മുള ശേഖരണം | 4 | | 4 |
| 12. | ചിറക്കൽപ്പടി വുഡ് ലെയ്ത്ത് | | | |
| | 1. മരത്തടികടയൽ | | | |
| | 2. ഫർണീച്ചർ നിർമ്മാണം | 1 | 8 | 9 |
| 13 | ദ്വാരക ഫാർമസ്യൂട്ടിക്കൽസ് ആയുർവ്വേദ ഔഷധനിർമ്മാണം | 4 | 7 | 11 |

പട്ടികപ്പെടുത്തിയവയ്ക്കുപ്പുറമേ 3 ഓയിൽമില്ലുകളും 5 റൈസ്മില്ലുകളും പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

മേൽക്കാണിച്ച സ്ഥാപനങ്ങളെല്ലാം സ്വകാര്യവ്യക്തികൾനടത്തുന്നവയും തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയാത്തവയുമാണ്.

ചെറുതും വലുതുമായ പല വ്യവസായസംരംഭങ്ങൾക്കും ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഈ പഞ്ചായത്തിൽ കൃഷിചെയ്തുവരുന്നുണ്ട് എന്നാൽ അവയുടെ വ്യവസായിക പ്രധാന്യം കണക്കിലെടുത്ത് കൊണ്ട് വ്യവസായങ്ങളാരംഭിക്കാൻ താല്പര്യമുള്ളവരും ഇവിടെ നിരവധിയാണ്, സാങ്കേതികവിജ്ഞാനവും സാമ്പത്തിക ഞെരുക്കവും വിപണനസാദ്ധ്യതകളെക്കുറിച്ചുള്ള ആശങ്കയും അവരെ അതിൻനിന്നും പിൻതിരിപ്പിക്കുന്നു.

പഞ്ചായത്തിൽ 1825 ഹെക്ടർ സ്ഥലത്ത് റബ്ബർകൃഷിചെയ്തുവരുന്നുണ്ട്. റബ്ബർ കറയുപയോഗിച്ച് പലതരം ചെറുകിടവ്യവസായങ്ങൾക്കും സാദ്ധ്യതയേറേയാണ്. റബ്ബർക്കുരു വൻതോതിൽ ഇവിടെനിന്നും കയറ്റിപ്പോകുന്നുണ്ട്. അതിൻെറ വ്യവസായികപ്രാധാന്യത്തെക്കുറിച്ച് പലരും അജ്ഞരുമാണ്. മരത്തടികൾക്ക് പ്രയാസം നേരിടുന്ന ഇക്കാലത്ത് റബ്ബർത്തടി ശാസ്ത്രീയമായി സംസ്കരിച്ചു ഈടും ഉറപ്പും നല്കുന്നപ്രക്രിയ പലേടത്തും നടപ്പായിവരികയാണ്. അതിവിടെ പഠനവിധേയമാക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ കാർഷികരംഗത്ത് 20ം സ്ഥാനത്ത് നില്ക്കുന്നത് തെങ്ങുകൃഷിയാണ്. നാളികേരവും ഉപോൽല്പന്നങ്ങളും നിരവധിപേർക്ക് തൊഴിൽ നൽകാനുള്ള വ്യവസായയൂണിറ്റുകൾക്കാവിശ്യമുള്ള അസംസ്കൃത പദാർത്ഥങ്ങളാണ്. അവ അശ്രദ്ധമായി ഉപേക്ഷിക്കപ്പെടുന്നു.

ഏത്തവാഴ കൃഷിവർഷംത്തോറും കൂടിക്കൂടിവരികയാണ്, കുലവെട്ടി വിദൂരദേശങ്ങളിലേക്കു കയറ്റിയയക്കുന്നതിൽ കവിഞ്ഞ് അതിൻെറ സാദ്ധ്യതകളെക്കുറിച്ചാരും ചിന്തിക്കാറില്ല.

മാമ്പഴം, ചക്കപ്പഴം എന്നിവ നല്ലൊരളവിൽ ഇവിടെ ലഭ്യമാണ്.അവയും മദ്രാസ്, ബോംബെ മുതലായ വൻനഗരങ്ങളിലേക്കൊഴുകുകയാണ്.

ഇതെല്ലാം കണക്കിലെടുക്കുമ്പോൾ ജനപങ്കാളിത്തത്തോടുകൂടിയ ഒരു വ്യാവസായികാസൂത്രണം അനിവാര്യമായിതീർന്നിരിക്കുന്നു. വ്യവസായവൽക്കരിക്കുക അല്ലെങ്കിൽ നശിക്കുക എന്നൊരു ചൊല്ലുണ്ട് ഇതിൽ ആദ്യത്തെതിന് മുൻതൂക്കം കൊടുക്കുന്നത് പഞ്ചായത്തിൻെറ നാനാമുഖമായ വളർച്ചയ്ക്ക് കാരണമാകും.

അസംസ്കൃതപദാർത്ഥങ്ങളുടെ ലഭ്യതക്കനുസരിച്ച് ഈ പഞ്ചായത്തിൽ ആരംഭിക്കാൻ സാദ്ധ്യതയുള്ള ചില ചെറുകിട വ്യവസായസംരംഭങ്ങൾ താഴെ ചേർക്കുന്നു.

## ചെറുകിട വ്യവസായങ്ങൾ ജനറൽ

1. യന്ത്രസഹായത്താൽ ചകിരി ഫൈബർ നിർമ്മാണം
2. ചൂടി, കയർ നിർമ്മാണം
3. ചവിട്ടി, ചുടിപ്പായ നിർമ്മാണം
4. ചിരട്ടപ്പൊടി ചിരട്ടിക്കരി
5. തേങ്ങാ പൗഡർ, വെളിച്ചെണ്ണ
6. എലാസ്റ്റിക്ക് ത്രെഡ്.
7 ബലൂൺ
8. തേങ്ങാവെള്ളം കെണ്ട് ശീതളപാനീയം

## വനിതാവ്യവസായസംരംഭം

1. സോപ്പുനിർമ്മാണം
2. റെഡിമെയ്ഡ് ഗാർമെൻറ്സ്
3. പിക്കിൾസ്, ജാം, ജ്യൂസ്
4. ചിപ്സ് നിർമ്മാണം
5. ബീഡി തെറുപ്പ്.
6. കറിപൗഡർ നിർമ്മാണം

ഇവയെല്ലാം സഹകരണമേഖലയിൽ ആരംഭിക്കാവുന്നതാണ്.

## നിലവിലുള്ള പദ്ധതികൾ

ചെറുകിട വ്യവസായ സംരംഭകർക്ക് നിരവധി സാമ്പത്തികാനുകൂല്യങ്ങൾ വ്യവസായവകുപ്പു മുഖേനലഭിക്കാൻ സംവിധാനമുണ്ട്.

1. ചുരുങ്ങിയത് 10 പേർ ചേർന്ന് ഇൻഡസ്ട്രീയൽ കോ ഓപ്പറേറ്റിവ് സൊസൈറ്റി തുടങ്ങാം എസ് എസ് ഐ റജിസ്ട്രേഷൻഉള്ള സ്ഥാപനങ്ങൾക്ക് ഷെയറിൻെറ

4 ഇരട്ടിയും വനിതാസംഘങ്ങൾക്ക് 6 ഇരട്ടിയും പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് 10 ഇരട്ടിയും സർക്കാരിൽ നിന്നും ലഭിക്കും.

2. വനിതാവ്യവസായസംരംഭകർക്ക് ഉടമയും ജോലിക്കാരിൽ 80% സ്ത്രീകളുമാണെങ്കിൽ കെട്ടിടത്തിനും മിഷ്യനറിക്കും 50% (പരമാവധി 2500 രൂപാ) സബ്സിഡി ലഭ്യമാണ്.

3 ധനകാര്യങ്ങളിൽ നിന്നും വായ്പലഭിക്കാൻ ഒരു വിഹിതം സംരഭകർ കണ്ടെത്തിയാൽ ആവിഹിതത്തിൻെറ പകുതി പരമാവധി ഒരു ലക്ഷം രൂപാ പതിനൊന്നര% പലിശയ്ക്ക് ജില്ലാവ്യവസായകേന്ദ്രത്തിൽനിന്നും മാർജ്ജൻമണി വായ്പയായി അനുവദിക്കും.

2. സ്ഥിരമൂലധനത്തിൻെറ 15% പരമാവധി 15 ലക്ഷം രൂപ വരെ എല്ലാ ചെറുകിട വ്യവസായയുണിറ്റുകൾക്കും സബ്സിഡിലഭിക്കും.

3. ഊന്നൽ വ്യവസായങ്ങളായ റബ്ബർ ഉൽപ്പന്നങ്ങൾ, ഭക്ഷ്യവസ്തുസംസ്ക്കരണം, ലഘുഎഞ്ചിനീയറിംഗ്, മരുന്നുൽപാദനം, ഇലക്ട്രോണിക്സ്, കളിമണ്ണ് ആധാരമാക്കിയിട്ടുള്ള വ്യവസായം എന്നിവക്ക് പരമാവധി സബ്സിഡി 20 ലക്ഷം രൂപയാണ്.

വനിതകൾക്കും, പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും പ്രത്യേകം ആനുകൂല്യങ്ങൾ നിലവിലുണ്ട്.

## വനിതകൾ

1. കെട്ടിടനിർമ്മാണത്തിനും മെഷിനറിക്കും 5% സബ്സിഡി ഓരോന്നിനും പരമാവധി 25000 രൂപ.

2. കെട്ടിടവാടകഗ്രാൻറ് പ്രതിമാസം 500രൂപനിരക്കിൽ 4 വർഷമത്തക്ക് 100%, 75%, 25%, എന്ന ക്രമത്തിൽ.

3. സാങ്കേതിക വിദഗ്ദർ, മാനേജർ എന്നിവർക്ക് 500 രൂപാ വീതം മുകളിൽ കാണിച്ച വിധം 4 വർഷത്തെക്ക് ഗ്രാൻറ് കിട്ടും.

## പട്ടികജാതി പട്ടികവർഗ്ഗം

വ്യവസായസംരഭകർക്ക് 10,000 രൂപാ വരെ പലിശയില്ലതെയും 15000 രൂപാവരെ 4% പലിശക്കും വ്യവസായം ആരംഭിക്കാൻ വായ്പ ലഭിക്കും. അതിനുമീതെ 50,000 രൂപാ വരെ 4% പലിശക്കും വ്യവസായം ആരംഭിക്കാൻ വായ്പലഭിക്കും.

വ്യവസായ സംരഭകർക്ക് പരിശീലനപരിപാടി (ഇ ഡി പി)കൾ വ്യവസായവകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. വിശദാംശം ജില്ലാവ്യവസായ ഓഫീസിൽ നിന്നും ലഭ്യമാണ്.
റൂറൽ ആർട്ടിസാൻസ് പ്രോഗ്രാം

ആർട്ടിസാൻയുണിറ്റുകൾ സ്ഥാപിക്കാൻ 10,000 രൂപയിൽ കവിയാത്ത യന്ത്രാപകരണങ്ങൾക്ക് മൂന്നിൽ ഒന്ന് പരമാവധി 3000 രൂപാസബ്സിഡി ലഭ്യമാണ്. കൂടാതെ 250 രൂപയുടെ ടൂൾകിറ്റ് സൗജന്യമായിലഭിക്കും.

കരകൗശല രംഗത്തെ പരിശീലനം ആവിശ്യമുള്ളവർക്ക് പ്രതിമാസം 250 രൂപ സൈറ്റപ്പൻറ്റോടുകൂടി ട്രെയിനിങ്ങ് നൽകുന്നു.

## ഗ്രാമസഭാനിർദ്ദേശങ്ങൾ, പ്രദർശനങ്ങൾ

| വാർഡ് | | ആരംഭിക്കേണ്ടവ്യവസായം |
|---|---|---|
| 1 | 1 | ചെരുപ്പ് നിർമ്മാണം |
| | 2 | യന്ത്രസഹായത്താൽ വെട്ടുകൽ വെട്ടൽ |
| 2 | | |
| | 1 | കൊപ്രസംസ്കരണം (ഡ്രയർ) |
| | 2. | തീപ്പെട്ടി നിർമ്മാണം |
| | 3 | ഡയറിഫാം |
| | 4 | കരകൗശലവസ്തുക്കളുടെ നിർമ്മാണം. |
| | 5. | സോപ്പുനിർമ്മാണം |
| 3. | | |
| | 1. | പഴം സംസ്ക്കരണം |
| | 2. | ഫർണീച്ചർ നിർമ്മാണം |
| 5 | | |
| | 1. | അടക്കസംസ്ക്കരണം |
| | 2. | ഓലതടുക്കുനിർമ്മാണം |
| 6 | | |
| | 1. | കൊപ്രസംസ്കരണം |
| | 2. | പാരമ്പര്യതൊഴിൽ രംഗത്ത് കൗതുകവസ്തുക്കളുടെ നിർമ്മാണം |
| | 3 | വനവിഭവശേഖരണം (ആദിവാസികൾ) |
| 7. | 1. | മെഴുകുതിരി, അച്ചാർ ഇവയുടെ നിർമ്മാണം |
| 8. | 1. | കാഞ്ഞിരപ്പുഴയുടെ വർക്ക്ഷാപ്പ് കേന്ദ്രമാക്കി ഒരു ഇൻഡസ്ട്രയൽ ട്രെയിനിംഗ് സെൻറർ |
| | 2. | ഖാദി നൂൽ നൂൽപ്പുകേന്ദ്രം |
| 9. | 1. | പരമ്പരാഗത തൊഴിലാളികൾക്ക് വനത്തിൽ നിന്നും ഈറ്റയും മുളയും ശേഖരിക്കാൻ തിരിച്ചറിയൽകാർഡ് ലഭിക്കുന്നില്ല. |
| 10. | 1. | ഖാദി ബോർഡിൻെറ സഹായത്തോടെ തേനീച്ചവളർത്തലിന് പ്രോത്സാഹനം നൽകണം. |

### മറ്റുപൊതുപ്രശ്നങ്ങൾ

1. റബ്ബർ അധിഷ്ഠിത വ്യവസായയൂണിറ്റുകൾ എലാസ്റ്റിക്ക് ത്രെഡ്, ബലൂൺ, റബ്ബർതടി സംസ്ക്കരണം, ഫർണിച്ചറുകൾ, സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നില്ല.
2. നാളികേരവും ഉപോല്പന്നങ്ങളും പച്ചചകിരി കൊണ്ട് ഫൈബർ നിർമ്മാണം, വ്യവസായപ്രാധാന്യമുള്ള ചിരട്ടപ്പൊടി നിർമ്മാണം, ചിരട്ടക്കരി, കരകൗശല

വസ്തുക്കളുടെ നിർമ്മാണം.

3. വെളിച്ചെണ്ണ ബോട്ടിലിങ്ങ്

4. പരമ്പരാഗത തൊഴിൽ രംഗം പരിശീലനത്തിന്റെ അഭാവം, അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്.വനവിഭവ അസംസ്കൃതവസ്തുക്കളുടെ ശേഖരണത്തിന് തിരിച്ചറിയൽകാർഡ്ലഭിക്കാത്തത്.

5. സ്വയം തൊഴിൽസംരംഭകർക്ക് പരിശീലനത്തിന്റെ അഭാവം.

6. ചെറുകിടറബ്ബർ നിർമ്മാണഫാക്ടറിക്കുള്ള സാദ്ധ്യത പരിഗണിക്കപ്പെടുന്നില്ല.

7. റെഡിമെയ്ഡ് ഗാർമെൻറ്സ് ബീഡിതെറുപ്പ് പ്രോത്സാഹനമില്ല.

8. കാഞ്ഞിരപ്പുഴയിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് ആവിശ്യമാണ്.

## സാധ്യതകളും, നിർദ്ദേശങ്ങളും

കാഞ്ഞിരപ്പുഴ പഞ്ചായത്തിൽ ആരംഭിക്കാവുന്ന ചില വ്യവസായങ്ങളെക്കുറിച്ച് മുൻപേജുകളിൽ സൂചിപ്പിച്ചിട്ടുണ്ടങ്കിലും സാദ്ധ്യതകളുമായി സമന്വയിപ്പിച്ച് താഴെ ചേർക്കുന്നു.

1. റബ്ബർക്കറ സംഭരിച്ച് എലാസ്റ്റിക്ക്, ബലൂൺ എന്നിവ നിർമ്മിക്കാവുന്ന ചെറുകിടഫാക്ടറി റബ്ബർബോഡിന്റെ സാങ്കേതികസഹായത്തോടെ ആരംഭിക്കാവുന്നതാണ്. കുറെ പേർക്ക് തൊഴിൽ സാദ്ധ്യതയുള്ള ഈ രംഗത്ത് പണം മുടക്കാൻ തയ്യാറുള്ളവരെ കണ്ടുപിടിച്ച് പ്രോത്സാഹിപ്പിക്കണം.

2. പഞ്ചായത്തിലെ എല്ലാവാർഡുകളിലും സുലഭമായിലഭിക്കുന്ന കേരോല്പന്നങ്ങൾ ഉപയോഗിച്ചുകെണ്ടുള്ള വിവിധയിനം വ്യവസായങ്ങൾ വ്യത്യസ്ഥവാർഡുകളിൽ ആരംഭിക്കുവുന്നതാണ്. പഞ്ചായത്തുതലവ്യവസായ കേന്ദ്രത്തിനുകീഴിൽ ചകിരിയുപയോഗിച്ച് ഫൈബർനിർമ്മാണം, ചൂടി,കയർ,ചവിട്ടി, ചുടിയപ്പായ, എന്നിവയും, ചിരട്ടപ്പൊടി, ചിരട്ടക്കരി എന്നിവയും വിവധപ്രദേശങ്ങളിൽ ആരംഭിക്കാൻ സാദ്ധ്യതയുണ്ട്.

3. പിക്കിൾസ്, ജാം, ജ്യൂസ്, ശീതളപാനീയനിർമ്മാണം എന്നിവയ്ക്ക് വേണ്ട എതാനും അസംസ്കൃതപദാർത്ഥങ്ങളും തൊഴിലെടുക്കാൻസന്നദ്ധതയുള്ളവരും ഈ പഞ്ചായത്തിലുണ്ട്. ഭക്ഷ്യപദാർത്ഥങ്ങളിലെ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിന് പ്രത്യേക ലൈസൻസ് ആവിശ്യമായതു കൊണ്ട് വനിതാസഹകരണ സംഘങ്ങൾ വഴി വ്യവസായ സംരംഭത്തിനുള്ള സാദ്ധ്യത പരിശോധിക്കണം.

4. റഡിമെയ്ഡ് ഗാർമെൻസും, ബീഡിതെറുപ്പും പ്രോത്സാഹിപ്പിക്കണം. ടൈലറിങ്ങും ബീഡിതെറുപ്പും അറിയുന്ന കുറെ പേർ പഞ്ചായത്തിലുണ്ട്. അവരെ സംഘടിപ്പിച്ച് വ്യവസായം ആരംഭിക്കണം.

5. പരമ്പരാഗത നിർമ്മാണ തൊഴിലാളികൾക്ക് ആവശ്യമായപരിശീലനം ലഭ്യമാക്കണം.

വട്ടി കൊട്ട എന്നിവ നിർമ്മിക്കുന്ന തൊഴിലാളിൾക്ക് അസംസ്കൃത പദാർത്ഥങ്ങൾ വനത്തിൽ നിന്നും സൗജന്യമായി ലഭ്യമാക്കാൻ വേണ്ട തിരിച്ചറിയൽ കാർഡ് ലഭ്യമാക്കണം.

6. സോപ്പുനിർമ്മാണം വളരെ സാദ്ധ്യതയുള്ളെ ഒരു വ്യവസായരംഗമാണ്. ഖാദി കമ്മീഷന്റെ സാങ്കേതിക സാമ്പത്തികസഹായം ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. സോപ്പുകേക്ക് നിർമ്മിക്കുന്ന ഉൽപാദന സഹകരണ സംഘങ്ങൾ രൂപീകരിച്ച് റജിസ്റ്റർ ചെയ്യാനുള്ള സാദ്ധ്യത പരിശോധിക്കണം.

7. പഞ്ചായത്തിൽ സുലഭമായി ലഭിക്കാവുന്ന കൊപ്രസംഭരിച്ച് ആട്ടിപാചകം സുഗന്ധലേപനം തുടങ്ങി വിവിധ ഉൽപ്പന്നങ്ങളുടെ നിർമ്മാണം സുസാധ്യമാക്കാം.

8. പഞ്ചായത്തുതലത്തിൽ ഒരു വ്യവസായ മിനിഎസ്റ്റേറ്റ് ആരംഭിക്കണം.

9. റബ്ബർക്കുരു സുലഭമായി ലഭിക്കുന്ന ഈ പ്രദേശത്ത് ഗ്ലിസറിൻ, കാലിത്തീറ്റ എന്നിവ നിർമ്മിക്കാനുള്ള പഞ്ചായത്തുതല സൗകര്യങ്ങൾ പഠനവിധേയമാക്കണം.

10. തേനീച്ച വളർത്തലിന് സാദ്ധ്യതയുള്ള ഈ പഞ്ചായത്തിൽ താല്പര്യമുള്ളവർക്ക് പരിശീലനം നൽകുകയും ഒരു കുടിൽ വ്യവസായമായി വളർത്താൻ വേണ്ടപ്രോത്സാഹനവും സഹായവും ഖാദി ബോർഡു മുഖേന ലഭ്യമാക്കുകയും വേണം.

പഞ്ചായത്തിനകത്ത് 3 വൻകിടബാങ്കുകളും ഒരു സർവ്വീസ് സഹകരണബാങ്കും പ്രവർത്തിച്ചുവരുന്നുണ്ട്. അവയിൽനിന്നും വായ്പകൾ സ്വീകരിച്ചും മുതൽമുടക്കാൻ സന്നദ്ധതയുള്ള സംരംഭകരെ പ്രോത്സാഹിപ്പിച്ചും ഈ മലയോരഗ്രാമത്തെ വ്യാവസായികരംഗത്തേക്ക് കൈപിടിച്ചുയർത്താൻ കഴിയുമെന്നതിൽ തർക്കമില്ല.

## സാമൂഹ്യക്ഷേമം

കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ 91 ലെ ജനസംഖ്യാകണക്കനുസരിച്ച് മൊത്തമുള്ള കുടുംബങ്ങളിൽ കുടുംബങ്ങളും ദാരിദ്രരേഖക്കുതാഴെക്കിടക്കുന്നവരാണെന്ന് ഐ ആർ ഡി. പി സൂചിപ്പിക്കുന്നു. അവരിൽ അധികം പേരും തൊഴിലെടുത്ത് ഉപജീവനം കഴിക്കുന്നവരാണ്. കാർഷികരംഗത്ത് പ്രവർത്തിക്കുന്ന കർഷകതൊഴിലാളികളും പരമ്പരാഗത നിർമ്മാണ തൊഴിലാളികളും കെട്ടിട നിർമ്മാണരംഗത്തും, വാണിജ്യരംഗത്തും തോട്ടം മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളും ഈ പഞ്ചായത്തിൽ നിരവധിയാണ് കേരളത്തിലെ ഭൂപരിഷ്കരണപരിപാടികൾ ഭൂവുടമാബന്ധങ്ങളിൽകൊണ്ടുവന്ന വിപ്ലവകരമായ പരിവർത്തനം വഴി സാമൂഹ്യ സാമ്പത്തിക രംഗങ്ങളിൽ കാര്യമായ പുരോഗതികൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ജീവിതനിലവാരം വളരെ ഉയർന്നിട്ടുണ്ട്. എല്ലാം സമ്മതിക്കാമെങ്കിലും ഈ പഞ്ചായത്തിലെ സ്ഥിതി പരിശോധിച്ചാൽ സമൂഹത്തിൻെറ താഴെത്തട്ടിലുള്ള ദരിദ്രജനവിഭാഗങ്ങളിൽകാര്യമായ അഭിവൃദ്ധി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ഒരു ദുഃഖസത്യമാണ്.

ദാരിദ്രനിർമ്മാർജ്ജന പരിപാടിയുടെ ഭാഗമായി ഐ ആർ ഡി പി ലിസ്റ്റിലുള്ള കുടുംബങ്ങൾക്ക് പലതരം വായ്പകൾ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽഅവക്കൊന്നും തന്നെ ലക്ഷ്യപ്രാപ്തികൈവരിക്കാൻ കഴിഞ്ഞിട്ടില്ല. തന്നെയുമല്ല പലരും റവന്യൂറിക്കവറിക്കുവിധേയരായിരിക്കുകയുമാണ്. തൊഴിലിനുവേണ്ടി വായ്പയെടുക്കുന്നതിനുപകരം വായപക്കുവേണ്ടി തൊഴിൽ അന്വേഷിക്കുന്നവരായിരുന്നു. ഭൂരിഭാഗവും എന്നതാണ് പ്രധാനപരാജയകാരണം. ശരിയായ ആസൂത്രണവും നിരീക്ഷണവും വായ്പാവിതരണത്തിൽ ഉണ്ടായില്ല എന്നതും മറ്റൊരുകാരണമാണ്.

ഐ ആർ ഡി പി തൊഴിൽ ദാനപദ്ധതി പ്രകാരം പഞ്ചായത്തിൽ വിവിധ തരത്തിലുള്ള അവശതയനുഭവിക്കുന്ന നിരവധി പേരുണ്ട്. തൊഴിൽ മേഖലയിൽ കൂട്ടായി വില പേശാനും അവകാശങ്ങൾ നേടാനും കഴിയുന്ന ഒരവസ്ഥ ഇന്ന് നിലവിലുണ്ട്. അതിൽ നിന്ന് വിഭിന്നമായി ഒരു ന്യൂനപക്ഷം പലതരത്തിലും ദുരിതമനുഭവിച്ചു കൊണ്ട് സമൂഹത്തിൽ ജീവിച്ചുപോരുന്നു. അത്തരം

അസംഘടിതമേഖലയിലുള്ളവരെ സുരക്ഷിതത്വസംവിധാനത്തിനുള്ളിൽ കൊണ്ടുവരാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. വൃദ്ധജനങ്ങൾ വിധവകൾ, വികലാംഗർ, കർഷക തൊഴിലാളികൾ തുടങ്ങി നിരവധി അശരണരെ പെൻഷൻ പദ്ധതിയിലൂടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ഈ പഞ്ചായത്തിൽ അത്തരം പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം പട്ടിക പ്പെടുത്തിയിരിക്കുന്നു.

| സഹായധനത്തിൻെറ ഇനം | ലഭിക്കുന്നവരുടെ എണ്ണം | തുക | തീരുമാനമാകാത്ത അപേക്ഷകള |
|---|---|---|---|
| 1. വാർദ്ധ്യക്യം | 32 | 100 | ലഭ്യമല്ല |
| 2. വിധവാ | 41 | 100 | ലഭ്യമല്ല |
| 3. വികലാംഗർ | 47 | 100 | ലഭ്യമല്ല |
| 4. കർഷകതൊഴിലാളി | 43 | 100 | ലഭ്യമല്ല |

അഗതി പെൻഷനും വിധവാ പെൻഷനും പൂർണ്ണമായും സംസ്ഥാനസർക്കാർ ഫണ്ടും മറ്റുള്ളവ തൊഴിലുടമകളുടെ പങ്കാളിത്തത്തോടുകൂടി നടത്തുന്ന ബോർഡുകൾ രൂപികരീച്ച ഫണ്ടും ഉപയോഗിച്ചാണ് വിതരണം ചെയ്യുന്നത്.

ഈ പഞ്ചായത്തിൽ അർഹതയുള്ള മുഴുവൻ ആളുകളും പെൻഷൻകിട്ടാത്ത ഒരവസ്ഥനില്ക്കുന്നു. പല അപക്ഷകളും കുടുംബവരുമാന പരിധിയിൽ കൂടുതലാണ് എന്ന കാരണം പറഞ്ഞു നിരസിച്ചതായി കാണുന്നുണ്ട്. വികലാംഗർ, വിധവകൾ എന്നിവരുടെ അപക്ഷകളും വസ്തുതകൾക്ക് നിരക്കാത്ത വിധം നിരസിക്കപ്പെടുന്നുണ്ട്. ഭാവിയിലെങ്കിലും വസ്തുനിഷ്ഠമായ ഒരന്വേഷണം ഇക്കാര്യത്തിൽ ആവശ്യമാണ്.

കർഷക തൊഴിലാളി മേഖലയിലും അപാകതകളുണ്ട്. അതിൽ പ്രധാനം വയസ്സാണ്. 65 ഉം, 70 ഉം വയസ്സു കഴിഞ്ഞ പല കർഷത്തൊഴിലാളികളുടേയും അഗതികളുടേയും റേഷൻകാർഡിൽ രേഖപ്പെടുത്തിയവയസ്സ് 55 ഉം 60 ഉം ആയിരിക്കും അതു പലപ്പോഴും പ്രശ്നം സൃഷ്ടിക്കാറുണ്ട്.

അബലാമന്ദിരങ്ങൾ, വികലാംഗർക്കുള്ള കെയർഹോമുകൾ, വൃദ്ധസദനങ്ങൾ മുതലായവയൊന്നും ഈ പഞ്ചായത്തിൽ നിലവിലില്ല.

വിധവകളുടെ പെൺമക്കളെ വിവാഹം ചെയ്തയക്കാനുള്ള ധനസഹായത്തിന് അപേക്ഷയയച്ച് 2 കൊല്ലത്തിലധികമായി കാത്തിരിക്കുന്നവർ നിരവധി ഈ പഞ്ചായത്തിലുണ്ട്.

തൊഴിലില്ലായ്മ വേതനം പറ്റുന്ന പേർ ഇവിടെയുണ്ട്. അതിൻെറ വിതരണത്തിൽ അപാകതകൾ നിരവധിയാണ്. വേതനം പറ്റിതുടങ്ങിയാൽ മറ്റൊരു സർക്കാർ ജോലി ലഭിക്കുന്നതുവരെ തുടർച്ചയായി ഈ ആനുകൂല്യം നിലനിർത്തുന്ന സമ്പ്രദായം നിലനില്ക്കുന്നു. മറ്റു. ജോലികളൊന്നും ജോലിയായി കണക്കാക്കാത്ത സ്ഥിതിമാറണം അതന്വേഷിക്കാൻ പ്രത്യേക സംവിധാനമുണ്ടാക്കണം.

25. അംഗനവാടികൾ ഐ സി ഡി എസ് പദ്ധതിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്നുണ്ട്. അവയിലൂടെ കുഞ്ഞുങ്ങൾക്ക് പോഷകാഹാരവിതരണവും രോഗപ്രതിരോധകുത്തിവെയ്പ്പുകളും നടത്താറുണ്ട് സ്ഥിരം കെട്ടിടം കുടിവെള്ളം, കക്കൂസ്, എന്നിവയില്ലാത്ത ചില അംഗനവാടികളും നിലവിലുണ്ട് അവയുടെ വിവരം ചുവടെ ചേർക്കുന്നു.

1. വടക്കെമുണ്ട വാർഡ് 1

2. കുമ്പളം ചോല വാർഡ് 3
3. പള്ളിപ്പടി വാർഡ് 6
4. വെറ്റിലചോല വാർഡ് 7
5. കൊരണക്കുന്ന് വാർഡ് 7
6. കൂനൽ വാർഡ് 9

മോഡൽ അംഗനവാടികളുടെ നിർമ്മാണച്ചെലവിന് സർക്കാർ ഇപ്പോൾ നല്കിവരുന്ന തുക അവര്യാപ്തമായതിനാൽ ഇതിനു വരുന്ന മുഴുവൻ ചെലവുകളും 9 ാം പദ്ധതിയിൽ വകയിരുത്തണം.

ചാരായ നിരോധനം നിലവിൽവന്നെങ്കിലും ഉദ്ദേശിച്ചത്ര നേട്ടം അതുകെണ്ട് കൈവരിക്കാൻ കഴിഞ്ഞില്ല. മദ്യാസക്തിക്കടമപ്പെട്ടവരെ നിരന്തരമായ ബോധവൽക്കരണങ്ങളിലൂടെ അതിൽനിന്ന് പിന്തിരിപ്പിക്കുകയും, സമ്പൂർണ്ണ മദ്യവർജ്ജനം ഉറപ്പാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

## ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന പ്രശ്നങ്ങൾ

വാർഡ്.1

ചീളിപ്പാടം, കരിമ്പാനത്തോട്ടം, നരിയങ്ങോട് എന്നിവടങ്ങളിൽ അംഗനവാടികളില്ല.

വാർഡ് 2

1 സാമൂഹ്യ ക്ഷേമപദ്ധതികൾ പ്രകാരമുള്ള പെൻഷനുകൾ യഥാസമയം ലഭിക്കുന്നില്ല.

2. കൊറ്റിയോട്, കാരാക്കുന്ന്, പള്ളിക്കുന്ന് മുതലായസ്ഥലങ്ങളിൽ അംഗനവാടികൾ ആവശ്യമാണ്.

3. നിലവിലുള്ള അംഗനവാടികളിൽ കളിപാട്ടം, കക്കൂസ്, കുടിവെള്ളം എന്നിവലഭ്യമല്ല.

4. ഒരു വൃദ്ധസദനത്തിൻെറ അഭാവമുണ്ട്.

5. ഉപയോഗ ശൂന്യമായികിടക്കുന്ന ഗ്രാമസേവക ഓഫീസ് വി ഇ ഒ ഓഫീസായി പ്രവർത്തിപ്പിക്കണം.

വാർഡ് 3

1. അഗതി വിധവ വികലാംഗ പെൻഷനും കർഷക തൊഴിലാളി പെൻഷനും വർദ്ധിപ്പിക്കണം

വാർഡ് 4

1. ഹരിജൻ കുട്ടികൾ അംഗനവാടികളിൽ വരുന്നില്ല.

2. ഈ വാർഡിൽ ഒരു പൊതുശ്മശാനം വേണം.

വാർഡ് 5

1. അംഗനവാടികളിൽ അത്യാവശ്യസൗകര്യങ്ങൾ എർപ്പെടുത്തുകയും കെട്ടിടമില്ലാത്തതിന് കെട്ടിടം നിർമ്മിക്കുകയും വേണം.

വാർഡ് 6

1. പണ്ടാരക്കളം തരിശിപ്പാടം ഭാഗങ്ങളിൽ അംഗനവാടികൾ പുതതായി ആരംഭിക്കുകയും വാർഡിൽനിലവിലുള്ള അംഗനവാടിക്ക് കെട്ടിട സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.

വാർഡ് 7

അംഗനവാടിക്ക് കെട്ടിടവും മറ്റും സൗകര്യങ്ങളും ഇല്ല.

വാർഡ് 8

1. കൂനനിൽ പ്രവർത്തിക്കുന്ന അംഗനവാടിക്ക് സ്വന്തമായിസ്ഥലവും കെട്ടിടവുമില്ല.
2. ക്ഷേമപദ്ധതികളുടെ പ്രവർത്തനം തൃപ്തികരമല്ല.
3. ഐ ആർ ഡി പി സർവേയിൽ ഉൾപ്പെട്ട പലർക്കും ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.

വാർഡ് 9

1. അംഗനവാടികളിൽ കളിപ്പാട്ട സൗകര്യങ്ങൾലഭ്യമല്ല.

വാർഡ് 10

1. അനധികൃതമദ്യവില്പന കണ്ടുപിടിച്ചുതടയണം
2. ഒരു ശിശുപരിപാലന കേന്ദ്രം ആവിശ്യമാണ്.
3. നെച്ചുള്ളി, പുല്ലട്ട ഭാഗങ്ങളിൽ അംഗനവാടികൾ ആവശ്യമാണ്.

## സാദ്ധ്യതകളും നിർദ്ദേശങ്ങളും

1. അഗതി, വിധവ, വാർദ്ധക്യകാലപെൻഷൻ വിധവകളുടെ പെൺമക്കളെ വിവാഹം ചെയ്തയക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകൽ. കർഷകതൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം എന്നിവക്കുള്ള അപേക്ഷകൾ വസ്തുനിഷ്ഠമായി പരിശോധിച്ച് അന്വേഷണം നടത്തി അർഹതഉറപ്പുവരുത്തണം അർഹതയുള്ളവർക്ക് അതു ലഭിക്കാനുള്ള കാലതാമസം ഒഴിവാക്കണം.

2 അമിത പലിശ ഈടാക്കി പാവപ്പെട്ട ജനവിഭാഗങ്ങളെ പെരുവഴിയിലാക്കുന്ന വ്യക്തികളേയും,സ്ഥാപനങ്ങളേയും കണ്ടുപിടിച്ച് നടപടിസ്വീകരിക്കുകയും നികുതിവെട്ടിപ്പും, പൂഴ്ത്തിവെയ്പ്പും കരിചന്തയും പോലെയുള്ള സാമൂഹ്യ വിപത്തുകൾക്കെതിരെ ശക്തമായ പ്രചാരം നടത്തുകയും ചെ.യ്യണം.

3. കെട്ടിടമില്ലാത്തപഞ്ചായത്തിലെ എല്ലാഅംഗനവാടിൾക്കും പൂർണ്ണജനപങ്കാളിത്തത്തോടെ ഐ സി ഡി എസ് മുഖേന ലഭിക്കുന്ന സാമ്പത്തികസഹായ ഉപയോഗപ്പെടുത്തി കെട്ടിടം നിർമ്മിക്കാൻ നടപടിയെടുക്കണം.

4. ജനസംഖ്യാനുപാതികമായും ദുർഗമങ്ങളായ ഒറ്റപ്പെട്ട പ്രദേശങ്ങൾക്ക് പ്രത്യേകപരിഗണന നൽകിയും ആവശ്യമുള്ള സ്ഥലങ്ങളിൽ അംഗനവാടി തുറക്കാൻ അംഗീകാരം നൽകണം.

5. പഞ്ചായത്തിലെ 6 ാം വാർഡിൽ കാണിവായ് എന്നസ്ഥലത്ത് ഇറിഗേഷൻ പുറം പോക്കിൽ അംഗനവാടികെട്ടിടത്തിനായി വിട്ടുകൊടുത്തസ്ഥലത്ത് കെട്ടിടംപണി തടസ്സപ്പെട്ടുകിടക്കുന്നുണ്ട്. അതിനെക്കുറിച്ച് അടിയന്തരമായി അന്വേഷണം നടത്തിതടസ്സം നീക്കി കെട്ടിടം പണി പുനരാരംഭിക്കാൻ ബന്ധപ്പെട്ടവർ മുൻകയ്യെടുക്കണം.

6. ഐ ആർ ഡി പി ഗുണഭോക്താക്കൾക്ക് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ ദേശസാൽകൃത ഷെഡ്യൂൾബാങ്കുകളിൽ നിന്നും ഉദാരമായ രീതിയിൽ വായ്പ ലഭ്യമാക്കുകയും, വായ്പ തുക ശരിയായ രീതിയിൽ ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക. അതിനുവേണ്ടജനകീയ ഇടപ്പെടൽ ഉണ്ടാക്കണം.

7. ധനസഹായം പദ്ധതികളിൽ അർഹതയുള്ളവരെയും, ഐ ആർ ഡി പി ഗുണഭോക്താക്കളെയും കണ്ടെത്താൻ അതാതു വാർഡുകളിലെ വാർഡു വികസനസമിതിയുടെ പ്രവർത്തനം പ്രയോജനപ്പെടുത്തണം.

## വികലാംഗക്ഷേമം

സ്വന്തം ജനുസ്സിൻെറയും സർവ്വജീവജാലങ്ങളുടെയും അതിജീവനശേഷിയും ക്ഷേമവും മനുഷ്യരുടെകൈകളിലാണ് പ്രകൃത്യാ പ്രാഥമികവും തികച്ചും വൈക്തികവുമായ ആവശ്യങ്ങൾ നിർവഹിക്കാൻ കഴിയാത്ത ജന്തുക്കുളും പക്ഷികളുമെക്ക വളരെ കൂറച്ചേ കാണുന്നുള്ളു. മനുഷ്യരൊഴികെയുള്ള ജന്തുകളിൽ വൈകല്യം പ്രകൃതി ഒരു ബാധ്യതയാവുമെന്ന് കരുതിയതു കൊണ്ടാണോ വികലമായവയുടെ ജനനവും നിലനില്പും നിർമ്മിച്ചതെന്നു തോന്നന്നു. മനുഷ്യരുടെ കാര്യത്തിൽ അങ്ങനെയല്ല. വൈകല്യം ജനനത്തോടൊപ്പം കാലക്രമേണയും ഉണ്ടാകുന്നു. അവരെ നമ്മുടെ സാമൂഹ്യമായ ബന്ധങ്ങളുടെ അടിസ്ഥാനത്തിൽ കയ്ച്ചിട്ട് ഇറക്കാനും മധുരിച്ചിട്ട് തുപ്പാനും വയ്യ എന്ന അവസ്ഥയിലാണ് കാണുന്നത്. ആനിലമാറി അവരും പൊതുധാരയുടെ ഭാഗമാണെന്ന കാഴ്ചപ്പാടും, സംരക്ഷണവും കിട്ടേണ്ടതാണ്.

വൈകല്യം ബാധിച്ച മനുഷ്യർ ശാപമല്ല അവരുടെ കഴിവുകളെ വികസിപ്പിച്ചാൽ നേട്ടമാണെന്ന് ഉദാഹരണങ്ങളെത്രവേണമെങ്കിലും കാണാനുണ്ട്. എന്നാൽ അവരെ പ്രാപ്തരാക്കാനുള്ള ചുമതല സാമൂഹികധർമ്മമാണെന്ന് ബോദ്ധ്യമായി വരുന്നതേയുള്ളു. ലോകാരോഗ്യസംഘടനയുടെ പ്രവർത്തനം പരക്കെ ഈക്കാര്യത്തിൽ നടന്നുകൊണ്ടിരിക്കെ വളരെ ഗൗരവത്തോടെ ഇത് ജനകീയാസൂത്രണപരിപാടി ഏറ്റെടുക്കേണ്ടതാണ്.

ദാരിദ്ര്യവും തൊഴിലില്ലായ്മയും സമൂഹസൃഷ്ടിയാണ്. അതിനാൽ ആവതില്ലാത്തവൻ എന്ന കേവലമായ ദയാർഹരല്ല വികലാംഗർ ആ സഹോദരങ്ങൾ കുടംബത്തിനോ, രാജ്യത്തിനോ ബാധ്യതയാകാത്തവിധം ഉല്പാദനപരമായ കാര്യങ്ങൾ ചെയ്യാൻ പ്രാപ്തരാക്കുവാൻ ശക്തിയുള്ളവരാക്കിമാറ്റണം. സഹായധനത്തിനും മറ്റും ഒരു നിസാര അളവുമാത്രമാണ് സംരക്ഷിക്കാൻ കഴിയുന്നത്. അതിനുവേണ്ടി വികലാം ഗകരെപ്പറ്റി ഒരു പഠനം നടക്കേണ്ടതാണ്.

ആദ്യമായി അവരുടെ വൈക്യല്യത്തിൻെറ സ്വഭാവം എത്രമാത്രമാണുള്ളത് എന്ന് തിട്ടപ്പെടുത്തുന്നതും ഇതിനോടൊപ്പം വേണം കുടുംബത്തിൻെറ വരുമാനം, മാതാപതാക്കളുടെയും, സഹോദരങ്ങളുടെയും മനോഭാവം വൈകല്യം എന്തുകെണ്ടാണ് എന്നിങ്ങനെയുള്ള നിരവധി ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തേണ്ടതാണ്.

ജന്മനാ ഉണ്ടാകുന്ന രോഗങ്ങൾക്ക് പല കാരണങ്ങളുണ്ടാകാം. ഗർഭധാരണ സമയത്തെ പോഷകാഹാരകുറവ്, എപ്പോഴെങ്കിലുമോ ഗർഭകാലത്തോകഴിച്ച മരുന്ന് കീടനാശിനികളുടെ പാർശ്വഫലം എന്നിങ്ങനെ പല കാര്യങ്ങളോടുബന്ധപ്പെട്ടിട്ടുള്ള പലതും കണ്ടെത്തേണ്ടതാണ്. അത് ആരോഗ്യക്ഷേമ ജീവനക്കാരും അംഗൻ വാടിജീവനക്കാരുവഴി ചെയ്യാവുന്നതാണ്. അങ്ങനെ വികലാംഗരുടെ സെൻസ്സ് എടുത്തുകഴിഞ്ഞതിനുശേഷം സാമൂഹ്യമായ ബോധവത്കരണവും പുനരധിവസി പ്പിക്കാനുള്ള പരിപാടികളും നടപ്പിലാക്കണം. അതിന് വികലാംഗരെ തരംതിരിക്കൽ. ആവശ്യമാണ്,. ആദ്യം പരിശീലനം പിന്നീട് ഉല്പാദപരമായ തൊഴിലുകളിലേക്ക് നിയോഗിക്കണം.

ഇതിനെല്ലാം പരിഹാരം ഒറ്റയടിക്കു കണ്ടെന്നുവരില്ല. അതുകൊണ്ട് ഇതിനെതത ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പ്രവർച്ചുകെണ്ടിരിക്കുന്ന സംവിധാനങ്ങളെ നിയോജന പ്പെടുത്താമോ എന്നും വേണമെങ്കിൽ പരിഷ്കരിക്കാമോ എന്നും അന്വേഷിക്കണം. അതിനുശേഷം പഞ്ചയത്തുതലത്തിൽ എറ്റെടുക്കാൻ നടക്കേണ്ടതാണ്. നേരത്തെപറഞ്ഞ വികലാംഗക്ഷേമതല്പരായ സംഘടനകളുടെ പ്രവർത്തനം എല്ലാകാര്യങ്ങളിലും പഞ്ചായത്തിലേക്ക് വ്യാപിപ്പിക്കാനുള്ള ശ്രമവുമാണ ഉണ്ടാകേണ്ടത്.

# 11 റോഡുകൾ

സഹ്യപർവ്വതപ്രദേശങ്ങളിലേക്ക് വ്യാപിച്ചുകിടക്കുന്ന മലയോരഗ്രാമമായ കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ പ്രധാനഗതാഗതമാർഗ്ഗം റോഡുകളാണ്. തീവണ്ടി യാത്ര സൗകര്യത്തിനായി പഞ്ചായത്തതൃത്തിയിൽനിന്നും 50 കിലോമീറ്റർ ദൂരത്തുള്ള ഒലവക്കോട് റയിൽവേസ്റ്റേഷനിൽ എത്തേണ്ടിയിരിക്കുന്നു. മലകളും കുന്നുകളും സമതലങ്ങളും ഇടകലർന്നുകിടക്കുന്ന ഈ പഞ്ചായത്തിലെ റോഡുമാർഗ്ഗ ഗതാഗത സൗകര്യങ്ങളെക്കുറിച്ച് ഒന്നുപിൻതിരിഞ്ഞു നോക്കേണ്ടത് ആവശ്യമാണെന്ന് തോന്നുന്നു.

1950 കളിൽ റോഡെന്നുപറയാനുണ്ടായിരുന്നത് പഞ്ചായത്തിൻെറ തെക്കേ അതൃത്തിയിലൂടെ പോകുന്ന പാലക്കാട് കോഴിക്കോട് റോഡുമാത്രമായിരുന്നു. പഞ്ചായത്തിൻെറ വിവിധഭാഗങ്ങളെ അതുമായി ബന്ധിച്ചിരുന്നത് ഏതാനും വണ്ടിവഴികളായിരുന്നു. അത്തരം വണ്ടിവഴികളിൽ പ്രധാനം ഇന്നത്തെ ചിറക്കൽപ്പടി കാഞ്ഞിരപ്പുഴ റോഡാണ്. വർഷക്കാലാവസനംത്തോടുകൂടി മലവെള്ളത്തിൻെറ ശക്തമായകുത്തൊഴുക്കിൽപ്പെട്ട് പലതും നശിച്ചുപോകുമായിരുന്നു. വനാന്തർ ഭാഗത്തുനിന്നും മരത്തടികളും, മറ്റുവനവിഭവങ്ങളും കൊണ്ടുപോകാൻ വേണ്ടിയാണ് അത്തരം വണ്ടിവഴികൾ മിക്കവയും സഞ്ചാരയോഗ്യമല്ലാതിരുന്നതുകൊണ്ട് ആളുകൾ നടപ്പുവഴികൾ പ്രത്യേകം കണ്ടെത്തിയിരുന്നു.

തടികൾമുറിച്ച് ഏലുകൾ വഴി ആളുകളും ആനയും കന്നുകാലികളും വലിച്ച് അട്ടികളിൽ ശേഖരിക്കും ഇത്തരം അട്ടികളിൽ നിന്നാണ് വണ്ടിവഴികൾ ആരംഭിക്കുക. ഇന്നു കാണുന്നതിലും വലിയ ചക്രങ്ങളോടുകൂടിയ മൂന്നും, നാലും ജോഡി പോത്തുകൾ വലിക്കുന്ന കട്ടവണ്ടികളാണ് അന്ന് നിലവിലുണ്ടായിരുന്നത്. മലയോരപ്രദേശങ്ങളിൽ ജനവാസം കൂടുകയും വനങ്ങൾ പിൻവാങ്ങുകയും ചെയ്ത തോടെ വണ്ടിവഴികൾമിക്കവയും ചെറിയറോഡുകളായി രൂപന്തരപ്പെട്ടുതുടങ്ങി. അതിനു ശേഷമാണ് ജീപ്പും കാറും ലോറിയും ഓടൻതുടങ്ങിയത്.

സമതലപ്രദേശങ്ങളിലെ നെൽവയലുകളിൽ നിന്നും നെല്ലും വിത്തും കൊണ്ടുവരാൻ പൊതിമൂരികളെ ഉപയോഗിച്ചിരുന്നു. അടുത്തകാലം വരെ ആ സമ്പ്രദായം തുടർന്നുപോന്നിരുന്നു.

1969 ൽ കാഞ്ഞിരപ്പുഴ അണക്കെട്ടിൻെറ നിർമാണജോലികൾ ആരംഭിച്ചതോടുകൂടി ചിറക്കൽപ്പടി കാഞ്ഞിരപ്പുഴ റോഡ് ഗതാഗതയോഗ്യമായി. ഈ റോഡിലൂടെ ബസ്സുഗതാഗതം ആരംഭിച്ചത് 1964 ൽ ആണ്. മിക്ക വണ്ടിവഴികളും റോഡുകളായി മാറിയെന്ന് മുമ്പ് സൂചിപ്പിച്ചിരുന്നു വെങ്കിലും അത്തരം റോഡുകളും വർഷ ക്കാലങ്ങളിൽ ഗതാഗതയോഗ്യമല്ല. അവയിൽ പ്രധാനം കാഞ്ഞിരപ്പുഴ പൂഞ്ചോലറോഡാണ്. കുറ്റിയംപാടം, മേപ്പാടം പൂഞ്ചോല, പാമ്പൻതോട്, കുറുക്കൻ കുണ്ട്, ഓടക്കുന്ന് എന്നീ പ്രദേശങ്ങൾ ജനവാസംകുടുതലുള്ള സ്ഥലങ്ങളാണ് അവയക്ക് എകാശ്രയമായ കാഞ്ഞിരപ്പുഴ പുഞ്ചോല റോഡിൻെറ സ്ഥിതി പരമദയനീയമാണ്. മലഞ്ചെരുവിലൂടെ പോകുന്ന ഈ റോഡ് പലസ്ഥലത്തും വർഷക്കാലത്ത്ഒലിച്ചുപോവുകയും മലയിടിച്ചിൽ മൂലം നികന്നുപോവുകയും ചെയ്യുന്നത് പതിവാണ് ശക്തമായ നീരുറവകളും റോഡിന് ഭീക്ഷണിയാണ്.

പഞ്ചായത്തിലെ മറ്റുവാർഡുകളിൽ 2 കിലോമീറ്റർചുറ്റളവിനുള്ളിൽ നിരവധി

കച്ചറോഡുകൾ ഉണ്ടെങ്കിലും കാലാകാലങ്ങളിൽ വേണ്ടവിധത്തിലുള്ള അറ്റകുറ്റപണികളുടെ അഭാവം മൂലം മിക്ക റോഡുകളും ഗതാഗതയോഗ്യമല്ലാതായി തീർന്നിട്ടുണ്ട് 9 ാം വാർഡിലെ മുണ്ടക്കുന്ന് കൂമ്പാടം വഴി കാഞ്ഞിരപ്പുഴയിലേക്കും കാഞ്ഞിരം വഴി പൂഞ്ചോലയിലേക്കും ബസ്സുസർവ്വീസ് ആരംഭിക്കുകയുണ്ടായെങ്കിലും റോഡുകളുടെ ശോഷ്യാവസ്ഥമൂലം അവ വർഷങ്ങൾക്കു മുമ്പുതന്നെ നിർത്തലാക്കുകയും ചെയ്തു. നാളിതവരേയും അത് പുനരാരംഭിക്കാൻ കഴിഞ്ഞിട്ടില്ല. മിക്കവാർഡുകളിലേക്കും ബസ്സ് സർവ്വീസ് സാദ്ധ്യതയുണ്ടെങ്കിലും റോഡുകളുടെ നില ഭദ്രമല്ലാത്തതുകാരണം അതൊരു വ്യാമോഹമായി അവശേഷിക്കുന്നു.

പഞ്ചായത്തിൽ നിലവിലുള്ള വിവിധയിനം റോഡുകളുടെ ദൈർഘ്യം താഴെ പട്ടികയിൽ സൂചിപ്പിക്കുന്നു.

| റോഡുകളുടെ നീളം | | | | | |
|---|---|---|---|---|---|
| | | | ടാർ റോഡ് | | |
| കച്ച | പക്ക | മെറ്റൽ | പഞ്ചായത്ത് | പി.ഡബ്ല്യു.ഡി | ഇറിഗേഷൻ |
| 17,55737.301 കി.മി | 15.600 കി.മി | 8 കി.മി കി.മി | 9 കി.മി | 12 കി.മി | |

മെറ്റൽ റോഡുകളിൽ മിക്കവയും വീണ്ടും മെറ്റലിംഗ് നടത്തേണ്ട അവസ്ഥയിലായിട്ടുണ്ട്. ഓടകളുടെ അഭാവം മൂലം മിക്ക കച്ച, പക്ക, മെറ്റൽ റോഡുകൾ വെള്ളമൊഴുകി തോടായി മാറുന്ന നിലയിലെത്തിയിട്ടുണ്ട്.

## ജെ ആർ വൈ പദ്ധതി പ്രകാരം കഴിഞ്ഞ 95 96 വർഷത്തിൽ റോഡുകൾക്കു വേണ്ടി ചെലവഴിച്ചതുക.

| പണിയുടെ പേര് ജനറൽസെക്ടർ | തുക | എസ്റ്റിമേറ്റ് തുക | നൽകിയത്. |
|---|---|---|---|
| 1. അക്കിയം പാടം കാഞ്ഞിരപ്പുഴ റോഡ് ടാറിങ്ങ് | 200200 | 1,81142 | 181142 |
| 2. കാഞ്ഞിരം വെറ്റിലപ്പാടം റോഡ് ടാറിങ്ങ് | 1,00000 | 1,00000 | 50,000 |
| 3. കോൽപ്പാടം കേസ് വെ | 4,00000 | 4,00000 | 1,96,369 |

രായംതുരുത്തി കോസ്‌വെ പണി പൂർത്തിയാവാതെകിടക്കുന്നു. പാലക്കാട്ടുനിന്ന് കാഞ്ഞിരപ്പുഴക്കുള്ള ദൈർഘ്യം 12 കി. മീറ്റർ കുറക്കാൻ ഈ കോസ് വെ സഹായകമാണ്.

കോൽപ്പാടം കോസ്‌വേ പൂർത്തീകരിച്ചെങ്കിലും അപ്രോച്ചുറോഡുകൾ പൂർത്തിയായിട്ടില്ല.

യാത്രക്കും ചരക്കു ഗതാഗതത്തിനുമായി ചിറക്കൽപ്പടി, കാഞ്ഞിരം,കാഞ്ഞിരപ്പുഴ എന്നീ കേന്ദ്രങ്ങൾ ആസ്ഥാനമാക്കി 41 ജീപ്പുകളും 14 ഓട്ടോറിക്ഷകളും 15 ടെമ്പോവാനുകളും 11 ലോറികളും വിവിധ ആവിശ്യങ്ങൾക്കായി പഞ്ചായത്തിൽ ഗതാഗതം നടത്തുന്നുണ്ട്. കൂടാതെ കാഞ്ഞിരപ്പുഴ ഇരുമ്പകച്ചോല, പാലക്കയം ഭാഗങ്ങളിലേക്കായി 105 ട്രിപ്പ് ബസ്സ് സർവ്വീസും നടത്തിവരുന്നുണ്ട്.

## ഗ്രാമസഭയിൽനി.ന്നും ഉയർന്നുവന്ന ആവശ്യങ്ങൾ

വാർഡ്, നമ്പർ, ആവശ്യമുള്ള റോഡിൻെറ പേര് ടാറങ്ങ് മെറ്റലിങ്ങ പുതിയത്

1. കൊറ്റിയോട് വെടക്കുറുശ്ശി വഴി നരിയംകോട്
2. പഴയമാർക്കറ്റ്ചീളിപ്പാടം വഴി പള്ളിക്കുറുപ്പ്
3. കാളേങ്ങോട് കളത്തിലെതൊടിയിയേക്ക്
4 വിയ്യക്കുറുശ്ശി പള്ളിക്കുറുപ്പ്
5. നൊട്ടംമല കളത്തിൽ
6. ചീളിപ്പാടം അമ്പലപ്പറമ്പുറോഡ് കനാലുമായിബന്ധിപ്പിക്കണം
7. നരിയങ്ങോട് പാലാം പേട്ട
8. മെയിൻറോഡിൽനിന്ന് കാളേങ്കോടുവഴിവെടക്കുറുശ്ശി
9. നൊട്ടമല വടക്കേമുണ്ട
10. നൊട്ടമല കനാൽമുക്ക്
11. കരിമ്പനതോട്ടം പത്തത്തുകുന്ന്

2

1. കൊറ്റിയോട് നരിയങ്ങോട്
2. പാലാം പട്ട ഒലിപ്പാറ
3. കൊറ്റിയോട് പള്ളിക്കുന്ന് (ഗതാഗതയോഗ്യമാക്കണം)
4. ചെമ്പ്രംകുന്ന് കൊറ്റിയോട് (നടവഴിവീതി കൂട്ടണം)
5. വിയ്യക്കുറുശ്ശി പിലാപ്പറമ്പ് വഴി പള്ളിക്കുറപ്പ്
6. ചിറക്കൽപ്പടി അത്തിയങ്ങാട്
7. വിയ്യക്കുറുശ്ശി ചെമ്പ്രക്കുന്ന് **1 hdp** കോളനി
8. അമ്പാഴക്കോട് അത്തിയങ്ങാട് (ഗതാഗതയോഗ്യമാക്കണം)
9. കൊറ്റിയോട് പള്ളിക്കുറുപ്പ്
10. കൊറ്റിയോട് മൈലാംകോട്
11. നരിയാംങ്ങോട് കാളേങ്ങോട്
12. ചിറക്കൽപ്പടി അമ്പാഴക്കോട് കോളനി വഴി കല്ലാംകുഴി ഗതാഗതയോഗ്യമാക്കണം

3.

1. കുമ്പളം ചോല കല്ലംകുളം റോഡ് പൂർത്തിയാക്കണം
2. കല്ലംകുളം കാട്ടുചിറ
3. കുമ്പളം ചോല കാട്ടുചിറ റോഡ് പൂർത്തീകരിച്ച് കോൽപ്പാടം കോസ് വെയുമായി ബന്ധപ്പിക്കുക.
4. പാലാം പെട്ട ഒലിപ്പാറ റോഡ്.
5. സ്ക്കൂൾപടി റൈസ്മിൽ റോഡ് കോളനി റോഡുമായി ബന്ധിപ്പിക്കുക

6. ക്വാറി റോഡ് അരിമ്പ്രറോഡ് വഴി പാലാംപ്പട്ടയുമായി ബന്ധിപ്പിക്കുക.
7. കല്ലംമല ഹരിജൻകോളനി റോഡ്.
8. കുമ്പളം ചോല പാലാംപട്ട
9 മാപ്പിളക്കുന്ന് റോഡ്.
10 പാലക്കൽ കുമ്പളംചോലറോഡ്
11 ചിറക്കൽപ്പടി പൂഞ്ചോല വഴി കള്ളമല റോഡ് ഹിൽ ഹൈവേ നിർമ്മിക്കണം
12. കുമ്പളംചോല ബാലവാടി റോഡ് പാലാംപട്ട റോഡുമായി ബന്ധിപ്പിക്കുക.
13. കുമ്പളംചോല കാട്ടുചിറ റോഡ് നരിയംങ്ങോട് റോഡുമായി ബന്ധിപ്പിക്കുകയും ഒലിപ്പാറപുഴയ്ക്ക് പാലം നിർമ്മിച്ച് പറശ്ശീരിയുമായി ബന്ധിപ്പിക്കുക.

4.

1. ചെട്ടിപള്ള്യാൽ കോളനി റോഡ്
2. കല്ലം മല ടാർറോഡിൽനിന്ന് മുകളിലേക്കുള്ള വഴി
3. കല്ലം മല കനാൽറോഡ്

5

1. ഓടക്കുന്ന് പാമ്പും തോട് റോഡ്
2. അമ്പം കുന്ന് താഴെകോളനി
3. മാന്തോണിയിൽനിന്ന് പുഴവരെ റോഡ് വേണം
4. കാഞ്ഞിരം പൂഞ്ചോല റോഡ് കല്ലംമലയ്ക്ക് നീട്ടണം

6.

1. കനാൽറോഡ് രണ്ടുവശവും ടാറിങ്ങ് നടത്തണം
2. കാണിവായ്ക്കുറുപുഴ ഹരിജൻ കോളനി
3. കൂനൽ ഫോറസ്റ്റ റോഡ്
4. ഫോറോന പള്ളിയുടെ പുറകിലൂടെയുള്ള വഴി വീതികൂട്ടണം
5. കാഞ്ഞിരം പുല്ലിക്കുളം റോഡ്
6. മുടപ്പുള്ളി അമ്പലം മുതൽ അയ്യപ്പക്ഷേത്രം വരെയുള്ള കനാൽ റോഡ് ടാറിങ്ങ് നടത്തണം

7.

1. കാഞ്ഞിരപ്പുഴ ഇരുമ്പകചോല റോഡിൽ റേഡിൽ ബാക്കിയുള്ള ഭാഗം സുമാർ 300 മീറ്റർ ടാർ ചെയ്യണം
2. ഇരുമ്പകചോല നറുക്കും ചോല റോഡ് ഗതാഗതയോഗ്യമാക്കണം
3. ഇരുമ്പകചോല ആനക്കരണം റോഡ്
4. വെള്ളതോട്, കെറണക്കുന്ന്, ആനക്കരണം, നറുക്കും ചോല ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കണം.
5. ഇരുമ്പകചോല വരപ്പാറ റോഡ് ഗതാഗതയോഗ്യമാക്കണം
6. ചെള്ളിത്തോട് റോഡ് വരപ്പാറ റോഡുമായി ബന്ധിപ്പിക്കണം
7. കെരണകുന്ന് അംഗനവാടി വഴിയുള്ള റോഡ് ഗതാഗതയോഗ്യമാക്കണം
8. ഇരുമ്പകചോലയിലെ പഴയ റോഡ് ഗതാഗതയോഗ്യമാക്കണം
9. പാക്യാപ്പൻെറ കടമുതൽ അടിവരെയുള്ള റോഡ് നന്നാക്കണം
10. ഇഞ്ചിക്കുന്നിലെ ജനവാസമുള്ള സ്ഥലത്തേക്ക് വഴി സൗകര്യം വേണം.

8.

1. വെറ്റിലപ്പാടം കുണ്ടംതരിശുറോഡ് ഗതാഗതയോഗ്യമാക്കണം
2. കുമ്പാരം കുന്ന് കൂനൽ റോഡ് ഗതാഗതയോഗ്യമാക്കണം

3. പാണ്ടിപ്പാടം കുമ്പാരംകുന്ന് റോഡ് ഗതാഗതയോഗ്യമാക്കണം
4. പാണ്ടിപ്പാടം കാഞ്ഞിരം റോഡ് ഗതാഗതയോഗ്യമാക്കണം
5. കാഞ്ഞിരപ്പുഴ നെല്ലിക്കുന്ന് റോഡ് ഗതാഗതയോഗ്യമാക്കണം
6. ചോലപള്ള്യയാൽ റോഡ് ഗതാഗതയോഗ്യമാക്കണം
7. പാണ്ടിപ്പാടം കാഞ്ഞിരപ്പുഴ റോഡും കാഞ്ഞിരപ്പുഴ വെറ്റിലപ്പാടം റോഡുമായി ബന്ധിപ്പിക്കുന്ന പുതിയ റോഡ് വയലിലൂടെ നിർമ്മിക്കണം.
8. നെല്ലിക്കുന്ന് വർമ്മം കോട് വരെ മൈനർ ഇറിഗേഷൻ കനാൽ വരമ്പ് വീതികൂട്ടി റോഡ് സൗകര്യം ഉണ്ടാക്കണം.
9. നെല്ലിക്കുന്ന് കാഞ്ഞിരപ്പുഴ വഴി വീതി കൂട്ടി റോഡ് നിർമ്മിക്കണം
10. വെറ്റിലപ്പാടം റോഡിൽനിന്ന് അരിപ്പനാഴി പാടത്തേക്കുള്ള വഴി വീതിക്കൂട്ടണം.

## കോസ് വേകൾ

1. കാഞ്ഞിരപ്പുഴയ്ക്ക് കുറുകെ നിലവിലുള്ള പിച്ചളമുണ്ടയ്ക്കുള്ള കോസ്‌വേ പുതക്കി പണിയണം.
2. പാണ്ടിപ്പാടം കോസ്‌വേ പണിപുനരാരംഭിക്കണം
3. പള്ളിക്കടവിൽ ഒരു നടപ്പാലം നിർമ്മിക്കണം

9.

1. അമ്പാഴക്കോട് കാഞ്ഞിരപ്പുഴ റോഡിൻെറ ബാക്കി ഭാഗം ടാറിങ്ങ് നടത്തണം.
2. കൂമ്പാടം രായംതുരുത്തി റോഡ് ടാറിങ്ങ് നടത്തണം
3. കനാൽ മുക്ക് പുല്ലിക്കുളം വഴി കാഞ്ഞിരപ്പുഴ റോഡുമായി ബന്ധിക്കുന്ന ഒരു റോഡുപുതുതായി നിർമ്മിക്കണം.
4. രായം തുരുത്തി മുണ്ടക്കുന്ന് വയലിലൂടെ ഒരു പുതിയ റോഡ് നിർമ്മിക്കണം.

10.

1. കുപ്പാകുരശ്ശി തോട്കഴി റോഡ്.
2. ചേട്ടൻപടി അക്കിയാംപാടം റോഡ് ടാറിങ്ങ് നടത്തണം
3. കുപ്പാകുറിശ്ശിക്ക് ഒരു ബൈപാസ് റോഡ്
4. തൃക്കാളുർ കുപ്പാകുറുശ്ശി റോഡ് ഗതാഗതയോഗ്യമാക്കണം.
5. പാലാംപ്പട്ട ലക്ഷംവീട് റോഡ് ഗതാഗതയോഗ്യമാക്കണം
6. സ്ക്കൂൾപടി മുണ്ടക്കുന്ന് പുതിയറോഡ് നിർമ്മിക്കണം.

11.

1. രാജീവ് ദശലക്ഷം പദ്ധതിയിലൂടെ പോകുന്ന റോഡ് ചൂരിയോടുമായി ബന്ധിപ്പിക്കണം.
2. നെച്ചുള്ളി കോളനി റോഡ് ചൂരിയോടുംമായി ബന്ധിപ്പിക്കണം.
3. നാരങ്ങാപ്പറ്റയിൽ നിന്ന് പുഴ വരെ വഴി വീതിക്കൂട്ടണം
4. വെട്ടിയാം കുന്ന് അത്തിയാം കാട് റോഡ് ഗതാഗതയോഗ്യമാക്കണം
5. തൃക്കളുർ പുല്ലട്ട റോഡ് ടാറിങ്ങ് നടത്തണം
6. തൃക്കളൂർ ജംഗ്ഷനിൻനിന്ന് സേറ്റഡിയം വരെയുള്ള റോഡ് ഗതാഗത് യോഗ്യമാക്കണം.
7. തൃക്കളൂർ സ്ക്കുളിൻെറ മുൻവശത്തുനിന്നും പാടത്തേയ്ക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കണം.
8. പുല്ലങ്ങ കോളനി റോഡ് തോടും കുളവുമായി പുഴയ്ക്കുപാലം നിർമ്മിച്ച് ബന്ധിപ്പിക്കണം.
9. കല്ലാം കുഴിറോഡ് നാരാങ്ങപറ്റയുമായിബന്ധിപ്പിക്കണം.
10. തോടുകുഴിയിൽനിന്നും ചെറിക്കൽപടിയുമായി ബന്ധിപ്പിക്കുന്ന ഒരു റോഡ് നിർമ്മിക്കണം.
11. നെച്ചുള്ളി ഹരിജൻ കോളനി റോഡ് കിഴക്കേകരയുമായി ബന്ധിപ്പിക്കുക.

12. പുല്ലട്ടഹരിജൻ കോളനിയിൽ നിന്നും മിച്ചഭൂമിഭാഗത്തേയ്ക്കോരു റോഡ് നിർമ്മിക്കണം.

## മറ്റു നിർദ്ദേശങ്ങൾ

1. കാഞ്ഞിരത്തുനിന്ന് പൂഞ്ചോല പാമ്പം തോടുവഴി. കള്ളമല മലയോര ഹൈവെ നിർമ്മിക്കണം.
2. ഒലവക്കോട്ടു നിന്ന് മണ്ണാർക്കാട്ടുവഴി ഒരു പുതിയ റയിൽവെ നിർമ്മിക്കണം.

## പ്രശ്നങ്ങൾ.

1. മിക്ക റോഡുകൾക്കും ഓടകളില്ല
2. പഞ്ചായത്തുറോഡുകളിൽ യഥാസമയം അറ്റകുറ്റപണികൾ നടത്താറില്ല.
3. നിലവിലുള്ള പല റോഡുകളും നിലവാരമില്ലാത്തവയാണ്.
4. പ്രധാനകേന്ദ്രങ്ങളിൽ ബസ്സ് വെയിറ്റിംഗ് ഷെഡുകളില്ല.
5. ടാറിങ്ങ് നടത്തുന്ന ഒരു റോഡും പൂർണ്ണമാക്കുന്നില്ല.
6. നോമിനി വർക്കുകളിൽ കരാറുകാരനെ തിരഞ്ഞെടുക്കുന്നത് നീതിപൂർവ്വമല്ല.

## സാദ്ധ്യതകൾ

1. വാർഡുവികസനസമിതികൾ രൂപികരിക്കുകയും അവ മുഖേന ജനപങ്കാളിത്തത്തോടു കൂടിയും പഞ്ചായത്തിൻെറ സാമ്പത്തിക സഹായത്തോടു കൂടിയും ഓടകളില്ലാത്ത റോഡുകൾക്ക് ഓട നിർമ്മിക്കാൻ വേണ്ട നടപടി സ്വീകരിക്കാവുന്നതാണ്.

2. റോഡുകളുടെ കാര്യത്തിൽ അറ്റകുറ്റ പണികൾക്കായി പ്രത്യേകം ഫണ്ട് നീക്കിവയ്ക്കുക

3. റോഡ് ടാറിങ്ങിൻെറ കാര്യത്തിൽ ഒരോ വാർഡിലും തുടങ്ങിവച്ച റോഡുകൾ ഭരണസമിതി അംഗങ്ങൾ പ്രാധാന്യം കണക്കാക്കി പൂർത്തീകരിക്കാൻ സംവിധാനമുണ്ടാക്കുക.

4. ബസ്സ് വെയിറ്റിംഗ് ഷെഡുകൾ സ്മാരകങ്ങളായി നിർമ്മിക്കാനുള്ള സാദ്ധ്യത പരിശോധിക്കാവുന്നതാണ്. സന്നദ്ധതയുള്ളവരിൽനിന്നും സംഭാവന സ്വീകരിക്കാവുന്നതാണ്. പ്രധാനമായതു 2ാം വാർഡിലെ ചിറക്കൽപടി, 7ാം വാൻഡിലെ വർമ്മംകോട് എന്നീഭാഗങ്ങളിലും മറ്റ് പ്രധാനഭാഗങ്ങളിലും അത്യാവിശ്യമാണ്.

5. നോമിനികളെ തിരഞ്ഞെടുക്കുന്നത് വാർഡുവികസന സമിതികൾ മുഖേനയാക്കുക.

6 എല്ലാവർഡുകളിലെയും പ്രശ്നങ്ങളിൽ സൂചിപ്പിച്ച മുഴുവൻ റോഡുകളും ഗതഗതയോഗ്യമാക്കാൻ ഘട്ടം ഘട്ടമായി പ്രവർത്തിക്കുക.

7. കാഞ്ഞിരം കള്ളമല റോഡ് പഞ്ചായത്തിൻെറ പരിധിക്കപ്പുറത്താകയാൽ അതിൻെറ പ്രാധാന്യം കണക്കിലെടുത്ത് അത് പൂർത്തികരിക്കേണ്ടതിൻെറ ആവശ്യകത പഠനവിധേയമാക്കുക.

8. പുതുതായി നിർമ്മിക്കുന്ന റോഡുകളുടെ നിർമ്മാണം ശ്രമദാനത്തിലൂടെ ചെയ്യുകയും കൃത്യമായി സറണ്ടർഫോറങ്ങൾ ഒപ്പിടുവിച്ച് പഞ്ചായത്തിൽ എൽപ്പിക്കുകയും ചെയ്യണം.

9. ബസ്സുഗതാഗതം മുള്ള റോഡിൽനിന്നും പഞ്ചായത്തിലെ ഒറ്റപ്പെട്ടതും മറ്റുഗതാഗത സൗകര്യങ്ങൾ ഇല്ലാത്തതുമായ പ്രദേശങ്ങളിലെ റോഡുകൾക്ക് മുൻഗണന നിശ്ചയിക്കണം.

10. റോഡുനിർമ്മാണം കൂടുതൽ ജനപങ്കാളിത്തത്തോടുകൂടിയും വിഭവസമാഹരണം വഴിയും നടപ്പാക്കുന്നതിന് മുൻഗണനനൽകണം.

വികസനരംഗത്ത് റോഡുകളുടെ പ്രാധാന്യം കുറച്ചുകാണാൻ കഴിയില്ലെങ്കിലും എറ്റവും കൂടുതൽ സന്നദ്ധ പ്രവർത്തനങ്ങളും സഹകരണവും ആർജ്ജിക്കാൻ കഴിയുന്നതരത്തിലുള്ള ആസൂത്രണ പ്രക്രിയ പഞ്ചായത്തിൽ നടപ്പാക്കേണ്ടിയിരിക്കുന്നു.

# 12 ഊർജ്ജം

ഊർജ്ജമെന്ന് കേൾക്കുമ്പോൾ വൈദ്യുതിയാണ് ആദ്യം നമ്മുടെ സ്മൃതിപഥത്തിലെത്തുന്നത്. ചാണകവരളി, ചപ്പുചവറുകൾ മറ്റു ജൈവദ്രവ്യങ്ങൾ, മണ്ണെണ്ണ, പെട്രോൾ, പാചകവാതകം എന്നീ പെട്രോളിയം ഉല്പന്നങ്ങളും കൽക്കരി, പ്രകൃതി വാതകം തുടങ്ങിയ ഇന്ധനങ്ങളും ഊർജ്ജസ്ത്രോതസുകളാണ്. തന്നെയുമല്ല സൂര്യനിൽ നിന്നും കിട്ടുന്ന ചൂടും നാം വ്യാപകമായി ഉപയോഗിച്ചുവരുന്നുണ്ട് അടുത്തകാലത്തായി മണ്ണെണ്ണയിലേക്കും ഉള്ള മാറ്റം ശക്തി പ്രാപിച്ചുതുടങ്ങിയിരിക്കുന്നു. എന്നാൽ വറ്റികെണ്ടിരിക്കുന്ന ഊർജ്ജ സ്രോതസ്സാണ് പെട്രോളിയം എന്ന വസ്തുത് നാം കാര്യമായി ഗൗനിക്കാറില്ല.

ഇപ്പോഴും വൈദ്യുതി എത്തിനോക്കിയിട്ടില്ലാത്ത ആയിരക്കണക്കിനു വീടുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അവർക്ക് വെളിച്ചം നൽകാൻ മണ്ണെണ്ണ വിളക്കുകൾ തന്നെ വേണം. അതുപോലെ തന്നെ വിറകടുപ്പുകളുടെ സ്ഥാനവും വിസ്മരിക്കാവതല്ല. ഊർജ്ജോപയോഗം ലാഭകരമാക്കാനും മെച്ചപ്പെടുത്താനും ആവശ്യമായ ഊർജ്ജാസൂത്രണം ആവശ്യമായി തീർന്നിരിക്കുകയാണ്. ആറാം പഞ്ചവത്സരപദ്ധതിമുതൽ നടപ്പാക്കിവരുന്ന സംയോജിത ഊർജ്ജാസൂത്രണപദ്ധതി(IREP) യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ജനപങ്കാളിത്തമില്ലാതെ നടപ്പാക്കുന്ന പദ്ധതികളെല്ലാം തന്നെ പരാജയമാണ്.

ഊർജ്ജം അതിന്റെ അന്തിമഫലങ്ങൾക്കുവേണ്ടിയാണ് നാം ഉപയോഗിക്കുന്നത്. എന്നാൽ ആയത് ശരിക്കും പ്രയോജനപ്പെടുത്താൻ നമുക്ക് കഴിയുന്നില്ല, പരിഷ്കൃതനായ ഒരു അമേരിക്കക്കാരൻ ചെലവഴിക്കുന്നതിന്റെ ഇരട്ടിതുക ഇന്ത്യക്കാരൻ പാചകാവശ്യങ്ങൾക്കായി ഉപയോഗിച്ചുവരുന്നുണ്ട്. അമേരിക്കക്കാരന്റെ മൈക്രോവേവ് ഗ്യാസ് അടുപ്പുകൾ നമ്മുടെ വിറകടുപ്പുകളേക്കാൾ 4 ഇരട്ടി ഭക്ഷതകൂടിയവയാണ്. അതേസമയം നാം വിറകു കത്തിച്ചുണ്ടാകുന്ന ചൂടിന്റെ മുക്കാൽഭാഗവും പാഴായി പോകുന്നുവെന്നത് നാം അറിയുന്നില്ല.

ഹൈടെൻഷൻ വൈദ്യുതിയും പെട്രോളിയം ഉല്പന്നങ്ങളും പഞ്ചായത്തിന്റെ പരിധിയിൽ വരാത്തവയാണ്. നമ്മെ സംബന്ധിച്ച് ഏറ്റവും ഊന്നൽ കൊടുക്കേണ്ട് ദക്ഷത കൂടിയ വിറകടുപ്പുകൾക്കാണ്. നമ്മുടെ പഞ്ചായത്തിൽ 99% കുടുംബങ്ങളും വിറകടുപ്പുകൾ ഉപയോഗിക്കുന്നവരാണ്. മുൻ കാലങ്ങളെ അപേക്ഷിച്ച് വിറകിന് ദൗർല്ലഭ്യം അനുഭവപ്പെട്ടുതുടങ്ങിയാണല്ലോ. ഈ സാഹചര്യത്തിൽ വിറകിന്റെ ഉപയോഗം പരമാവധി കുറയ്ക്കാനുള്ള മാർഗ്ഗം സ്വീകരിക്കേണ്ടിയിരിക്കുന്നു. അടുക്കളയിൽ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യം നശിപ്പിക്കുന്ന പുക ഒഴിവാക്കുന്നതും കുറച്ച് ഇന്ധനം കൊണ്ട് കൂടുതൽ കാര്യക്ഷമത കൈവരിക്കാവുന്നതുമായ വിറകടുപ്പുകൾ പ്രചരിപ്പിക്കേണ്ടത് അത്യാവശ്യമായി തീർന്നിരിക്കുകയാണ്.

നമ്മുടെ ചുറ്റുപാടുകളിൽനിന്നും പുരയിടങ്ങളിൽനിന്നും ശേഖരിക്കാവുന്ന ചപ്പുചവറുകളും മറ്റും ഉപയോഗിച്ചു കൊണ്ടുള്ള ബയോഗ്യാസ് പ്ലാൻറുകൾ മുഖേന അടുപ്പുകത്തിക്കാനും, വിളക്കുതെളിയിക്കാനും ഉതകുന്ന ഗ്യാസ് നിർമ്മിക്കാൻ മികച്ച സാങ്കേതികവൈദഗ്ദ്യമൊന്നും ആവശ്യമില്ല. പഞ്ചായത്തിലെ സാദ്ധ്യത

യുള്ളവീടുകളിലെല്ലാം അത്തരംപ്ലാൻറുകളുടെ നിർമ്മാണത്തിന് പ്രോത്സാഹനം നല്കണം.

91 ലെ കാനേഷുമാരി കണക്കനുസരിച്ച് പഞ്ചായത്തിൽ ആൾതാമസമുള്ള 4786 വീടുകളാണ് ഉള്ളത്. ഇലക്ട്രിസിറ്റി ബോർഡിൻെറ കണക്കനുസരിച്ച് 1550 വീടുകൾ മാത്രമേ വൈദ്യുതികരിക്കപ്പെട്ടിട്ടുള്ളു 68% വീടുകളിലും വൈദ്യൂതി എത്തിചേർന്നിട്ടില്ല. രൂക്ഷമായ വൈദ്യുതി പ്രതിസന്ധിമൂലം കണക്ഷൻലഭിക്കാൻ മൂന്നും നാലും വർഷം കാത്തിരിക്കേണ്ടിവരുന്നുണ്ട്. മണ്ണാർക്കാട് 110 സബ്ബ് സ്റ്റേഷൻ മുഖേനയാണ് ഈ പഞ്ചായത്തിലെ വൈദ്യൂതി വിതരണം നടത്തിവരുന്നത്. 19 ട്രാൻസ്ഫോർമറുകൾ ഈ പഞ്ചായത്തിലുണ്ട് അവയിൽ ഭൂരിഭാഗവും അമിതഭാരം വഹിക്കുന്നവയാണ്. തന്മൂലം മിക്കസ്ഥലങ്ങളിലും വോൾട്ടതക്ഷാമം അനുഭവപ്പെടുന്നുണ്ട്.

കരിമ്പ പഞ്ചായത്തിലെ മീൻവല്ലം പോലെ ഈപഞ്ചായത്തതീർത്തിയിലും കാക്കിവനപ്രദേശത്ത് കാണപ്പെടുന്ന മണ്ണാമട വെള്ളച്ചാട്ടം പഠനവിധേയമാക്കി ഒരു മിനി ജലവൈദ്യുത പദ്ധതിക്കുള്ള സാദ്ധ്യതപരിശോധിക്കണം. അതുവഴി പഞ്ചായത്തിൻെറ വൈദ്യുതപ്രതിസന്ധി പരിഹരിക്കാവുന്നതാണ്.

കാറ്റിൽനിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള സാദ്ധ്യതയും പഞ്ചായത്തിൽ നിലവിലുണ്ട്. പഞ്ചായത്തിൻെറ എതാണ്ട് മദ്ധ്യഭാഗത്ത് സ്ഥിതിചെയ്യുന്ന മങ്കടമല അതിന് അനിയോജ്യമായ സ്ഥലമാണ്. അതും പരിശോധിക്കേണ്ടിയിരിക്കുന്നു.

അഞ്ചാം വാർഡിലുൾപ്പെട്ട പാമ്പം തോട് ആദിവാസി കോളനിയിൽ സൗരോർജ്ജവൈദ്യുതി പ്രയോജനപ്പെടുത്താവുന്നതാണ്. വൈദ്യൂതികരണത്തിനുപയോഗിക്കേണ്ടിവരുന്നതിൻെറ പകുതി ചെലവുകൊണ്ട് സൗരോർജ്ജവിളക്കുകൾ ഓരോവീടുകളിലും എത്തിക്കാവുന്നതാണ്.

## ഊർജ്ജം എങ്ങനെ പരമാവധി പ്രയോജനപ്പെടുത്താം.

1. വിറകടുപ്പ് ഭക്ഷതകൂടിയതും ചെലവു കുറഞ്ഞതും വിറകുലാഭിക്കാവുന്നതുമായ അടുപ്പുകൾ ഇന്ന് പ്രചാരത്തിലുണ്ട് അനർട്ട് എന്നിവയുടെ അത്തരം അടുപ്പുകൾ വിതരണം ചെയ്യുന്നുണ്ട് ചുരുങ്ങിയ ചെലവിൽ വീടുകളിൽ എത്തിച്ച് അവസ്ഥാപിച്ചു കെടുക്കാനുള്ള പരിശീലനം സിദ്ധിച്ച 4 പേർ ഈ പഞ്ചായത്തിലുണ്ട്. അടുപ്പുകളുടെ കാര്യക്ഷമതയെക്കുറിച്ചുള്ള അജ്ഞതമാറ്റാൻ ബോധവൽക്കരണം ആവശ്യമാണ്.

ഊർജ്ജം പരമാവധി ലാഭിക്കാൻ പ്രഷർകുക്കർ, കച്ചിപ്പെട്ടിഇവയുടെ ഉപയോഗവും സാധാരണക്കാർക്ക് മനസ്സിലാക്കിക്കൊടുക്കണം. കച്ചിപ്പെട്ടി വീടുകളിൽ തന്നെനിർമ്മിക്കാവുന്നവയാണ്.

സാധാരണയായി നമ്മുടെ വീടുകളിൽ ഇന്ധനം ഏറ്റവും കൂടുതൽ ചെലവഴിക്കുന്നത് അരിവെക്കാനാണ് വാസ്തവത്തിൽ അരിയിട്ടുതിളച്ചുകഴിഞ്ഞാൽ പിന്നെ വിറകെരിക്കേണ്ട ആവശ്യമില്ല. അതേചൂട് നിലനിർത്തിയാൽ ചോറ് പിന്നെ വെന്തുപാകപ്പെടും അതിനായി ഒരു വീഞ്ഞപ്പെട്ടിയിൽ പാത്രം ഇറക്കി വെക്കാവുന്നസ്ഥലമൊഴികെ ബാക്കി മുഴുവൻ വൈക്കോൽ നിറക്കുകയും അരിതിളച്ചാൽ പാത്രംപെട്ടിയിൽ ഇറക്കിവെച്ച് ഭദ്രമായി അടച്ചു വെച്ചാൽ അരി താനെവെന്തുപാകമാകും പുറമെ നിന്നുള്ള വായുസഞ്ചാരം പാത്രത്തിലെയ്ക്കാത്ത വിധം തയ്യാറാക്കുന്ന ഇതിനെ കച്ചിപ്പെട്ടി എന്ന പറയുന്ന ഇന്ധനനഷ്ടം ഒഴിവാക്കാൻ ഇതുപകരിക്കും.

ഇന്ധനം ലാഭിക്കാനുള്ള മറ്റൊരുപകരണമാണ്. പ്രഷർകുക്കർ അതും സബ്സിഡി നിരക്കിൽ അനർട്ട് വിതരണം ചെയ്യുന്നുണ്ട്.

2. വൈദ്യുതി ഈ രംഗത്ത് ഉപഭോക്താക്കൾ അനുവദിക്കുന്ന പ്രശ്നം വോൾട്ടതക്കുറവാണ്. വൈദ്യുതി ലാഭിക്കാനുതകുന്ന കോംപാക്ട്ഫ്ലൂറസൻറ് ലാംപ് പ്രയോഗത്തിൽ വരുത്തണം. ഘർഷണരഹിത ഫ്യൂട്ട്വാൾവുകളും ഇലകട്രോണിക്ക് ചോക്കുകളും വൈദ്യൂതിലാഭിക്കാൻ ഉപകരിക്കും. രണ്ടാം വാർഡിൻെറ പടിഞ്ഞാറെ അറ്റം മെയിൻറോഡിൽ കനൽ സൈഡിൽ ഒരു സോഡിയം വേപ്പർ ലാമ്പും മറ്റ് മുഴുവൻ പ്രധാനപ്പെട്ട സെൻെററുകളിലും സോഡിയും ലാമ്പും, മറ്റ് സാധാരണ വിളക്കും സ്ഥാപിക്കാനുള്ള തുക 9ാം പദ്ധതിയിൽ വകയിരുത്തണം.

വോൾട്ടത കുറവ് പരിഹരിക്കാനായി ചില വീടുകളിൽ സ്റ്റെപ്പ് അപ്പ് ഉപയോഗിച്ചുവരുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിലൂടെ കടന്നു പോകുന്ന വൈദത ലൈനുകളിൽ വൃക്ഷശിഖരങ്ങൾ, തെങ്ങിൻ പട്ടകൾ എന്നിവ മുട്ടികിടക്കുന്നതും പലപ്പോഴും ഭീഷണിയാകുറുണ്ട്.

ഈ പഞ്ചായത്തിൽ വിതരണം നടത്തുന്നവൈദ്യുതിയെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

നിലവിലുള്ള ഉപഭോക്താക്കൾ

| | | |
|---|---|---|
| 1. | ഗാർഹികം | 1550 |
| 2. | വ്യാപാരം | 215 |
| 3. | വ്യാവസായികം | 21 |
| 4. | കാർഷികം | 65 |

തെരുവ് വിളക്കുകൾ

| | | | |
|---|---|---|---|
| 1. | ബൾബ് | 40ൽ | 396 |
| 2. | ട്യൂബ് | 5 | |
| 3. | സോഡിയം വേപ്പർ ലാബ് | 15 | |

പഞ്ചായത്തിലെ 10 ഹരിജൻ കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ടെങ്കിലും അതിൽ 11 ഹരിജൻ വീടുകളിൽ മാത്രമേ വൈദ്യുതി ലഭിച്ചിട്ടുള്ളു. വയറിംഗ് പൂർത്തിയാക്കിയ പലർക്കും കണക്ഷൻ ലഭിക്കാൻ ബാക്കിയുണ്ട് അവസാനമായി നൽകിയ ഓർഡിനറി കണക്ഷൻെറ അപേക്ഷ തിയതി 11.9.91 ഉം OYEC ആണ യുടെത് 18 12 95 ഉം ആണ് അതിനുശേഷമുള്ള 5 വർഷക്കാലം ഓർഡിനറി കണക്ഷനുവേണ്ടി അപേക്ഷിച്ചവർ നിരവധിയാണ്. OYEC ആണ കണക്ഷൻ മൂലം സാമ്പത്തിക പരാധീനമുള്ളവർ പിൻതള്ളപ്പെടുന്ന ഒരവസ്ഥ നിലനിക്കുന്നുണ്ട്.

ഇത് പഞ്ചായത്തിൽ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലാത്ത മിക്ക വീടുകളിലും വെളിച്ചം നൽകുന്നത് മണ്ണെണ്ണ വിളക്കുകളാണ്. ഗാർഹിക ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ ശരാശരി ലിറ്റർ മണ്ണെണ്ണ പ്രതി വർഷം പൊതിവിതരണ കേന്ദ്രങ്ങൾ മുഖേന വിതരണം ചെയ്തുവരുന്നുണ്ട്. സ്വാകാര്യ വ്യാപാരികൾ വിൽപ്പന

നടത്തുന്നതിൻെറ കണക്ക് ലഭ്യമല്ല പാചക ആവശ്യങ്ങൾക്കായി ലിറ്റർ മണ്ണെണ്ണയും അതേ കാലയളവിൽ വിതരണം ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ ഗ്യാസ് ഉപയോഗിക്കുന്നവരുടെ എണ്ണം വളരെ കുറവാണ്. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻെറ മണ്ണാർക്കാടുള്ള വിതരണക്കാർ മുഖേന ചുരുക്കം ചിലർക്ക് ഗ്യാസ് കണക്ഷൻ ലഭിച്ചിട്ടുണ്ട്. മണ്ണാർക്കാട് പഞ്ചായത്ത് അതിർത്തിക്ക് പുറത്തുള്ള ആർക്കും തന്നെ ഇപ്പോൾ അവിടെ നിന്നും കണക്ഷൻ നൽകുന്നില്ല. ഇവിടെ ബയോഗ്യാസ് പ്ലാൻറുകൾ പാചകആവ്ശ്യങ്ങൾക്ക് ഉപയോഗിച്ചുവരുന്നുണ്ട്.

സൗരോർജ്ജവിളക്കുകൾക്ക് ഇവിടെ പ്രചാരം ലഭിച്ചുകഴിഞ്ഞിട്ടില്ല. ആവശ്യക്കാർ നിരവധിയാണെങ്കിലും അനർട്ട് മുഖേനയുള്ള വിതരണം പരിമിതമാണ്.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

വാർഡ്.1 ചേലേങ്കര കോളനി, വെടകുറുശ്ശി, അമ്പലപ്പറമ്പ്, വടക്കേമുണ്ട, കളത്തിലെ തൊടിയം നരിയം കോട് ഭാഗങ്ങളിൽ വൈദ്യുതി വിതരണത്തിനുള്ള നടപടിയില്ല.

വാർഡ്

1. അമ്പാഴകോട് കനാൽ ജംഗ്ഷൻ, കാളയംകോട് എന്നിവിടങ്ങളിൽ സോഡിയം വെപ്പർ ലാംബ് ആവശ്യമാണ്. കരിമ്പന തോട്ടം കനാൽ ജംഗ്ഷൻ ചിറക്കൽപ്പടി വില്ലേജാഫീസ് പരിസരത്തും ഓരോ ട്യൂബ് ലൈറ്റ് ആവശ്യമാണ്.
2. അമ്പാഴകോട് പാലാംപെട്ട എന്നിവിടങ്ങളിലെ വഴിവിളക്കുകൾ ജനങ്ങൾക്കുപകാരപ്പെടുമാറ് മാറ്റിസ്ഥാപിക്കണം.

വാർഡ് 3. ഈ വാർഡിൽ 95% വീടുകളിലും വൈദ്യുതിയില്ല. സ്ക്കൂൾപടിയിൽ ഒരു പുതിയട്രാൻസ്ഫോർമർ സ്ഥാപിക്കണം, ഹരിജൻകോളനിയിൽ വഴിവിളക്കുകൾ സ്ഥാപിക്കണം.

വാർഡ് 4 ഈ വാർഡിൽ മിക്ക സ്ഥലത്തും വൈദ്യുതി എത്തിയിട്ടില്ല.

വാർഡ് 5. ഓടക്കുന്ന്, പൂഞ്ചോല, പാങ്ങോട് കോളനി അമ്പളംകുന്ന് മേലെഭാഗം മങ്കട മലഞ്ചെരിവ് ഇവിടങ്ങളിൽ വൈദ്യുതിയില്ല.

വാർഡ് 6. തരിസിപ്പാടത്ത് കൂടി പോകുന്ന 11KV ലൈൻനിൻെറ കാലുകൾ മിക്കവയും പഴകിദ്രവിച്ച് അപകട ഭീഷിണിയുയർത്തുന്നു. തന്നെയുമല്ല അതിനടുത്ത് അനേകം വീടുകൾ ഉള്ളതു കൊണ്ട് ആ ലൈൻ കനാൽ ബണ്ടിനടുത്തേക്ക് മാറ്റിസ്ഥാപിക്കാൻ നടപടിയുണ്ടാവണം.

എല്ലാവീടുകൾക്കും കണക്ഷൻനല്കണം.

വാർഡ് 7 നറുക്കും ചോല, വെറ്റിലചോല ആദിവാസികോളനികളിൽ വൈദ്യുതിയില്ല. മെയിൻ റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കണം.

വാർഡ് 8 നെല്ലിക്കുന്ന് വർമ്മംകോട്, കൂനൽ, പാണ്ടിപ്പാടം,അരിപ്പാനാഴി തുടങ്ങിയ പ്രദേശങ്ങളിൽ വൈദ്യൂതി എത്തിക്കണം. ഈവഴികളിൽ തെരുവുവിളക്കുകൾ ആവശ്യമാണ്.

വാർഡ് 9

പുല്ലിക്കുളം, കൂനൽ അക്കിയംപാടം എന്നീവിടങ്ങളിൽ വൈദ്യൂതിഎത്തിക്കണം

വാർഡ് 10,11 വൈദ്യുതി എത്താത്ത ഹരിജൻകോളനികളും മറ്റുപ്രദേശങ്ങളും വൈദ്യുതികരിക്കാനുള്ള നടപടി സ്വീകരിക്കണം.

## സാദ്ധ്യതകൾ

1. പഞ്ചായത്തിലെ എല്ലാവിറകുയോഗിക്കുന്ന വീടുകളിലും പുകയില്ലാത്തഅടുപ്പ സ്ഥാപിക്കണം. അതിനാവശ്യമായ മോൾഡുകളുടെ നിർമ്മാണം പഞ്ചായത്തിനകത്തുള്ള മൺപാത്രനിർമ്മാണതൊഴിലാളിക്കൊണ്ട് നിർമ്മിക്കാനാവശ്യമായ പരിശീലനം നൽകണം.

2. പഞ്ചായത്തിനകത്ത് ഒരു കമ്മ്യൂണിറ്റിബയോഗ്യാസ് പ്ലാൻറ് നിർമ്മിക്കാനുള്ളസാദ്ധ്യത വിലയിരുത്തണം.

3. ചിരട്ട വിറക് ഇവയുപയോഗിച്ച് ഗ്യാസിഫയർ വൈദ്യുതി ഉൽപ്പാദനം പഞ്ചായത്തുതലത്തിൽ നടപ്പാക്കാം

4. IREP പദ്ധതി പഞ്ചായത്തുകൾക്ക് കൂടുതൽ പ്രയോജനം ലഭിക്കുന്നതരത്തിൽ ബ്ലോക്കുപഞ്ചായത്തുകളെ എല്പിക്കാൻ നടപടിയുണ്ടാകണം.

5. പഞ്ചായത്തുതലത്തിലുള്ള വൈദ്യൂതിവിതരണചുമതല അതതു പഞ്ചായത്തുകൾക്കായിരിക്കണം.

6. വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലാത്തപഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും അതെത്തിക്കാൻ വേണ്ട നടപടിസ്വീകരിക്കണം.

7. അമിതഭാരം വഹിക്കുന്ന ട്രാൻസ്ഫോർമറുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കാൻ ശ്രമിക്കണം.

8. കാഞ്ഞിരപ്പുഴ അണക്കെട്ടിൽ നിന്നും വൈദ്യൂതി ഉൽപ്പാദിപ്പിക്കാനുള്ള സാദ്ധ്യത പരിശോധിക്കണം.

9. മണ്ണാമട വെള്ളച്ചാട്ടം മിനി ജലവൈദ്യൂതപദ്ധതിക്ക് അനുയോജ്യമായതാണോയെന്ന് വിദഗ്ദ പഠനം നടത്താം.

10. കാറ്റിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള സാദ്ധ്യത കണക്കിലെടുത്ത് പവ്വർഹൗസ് സ്ഥാപിക്കാൻ പദ്ധതിയിൽ തുക വകയിരുത്തണം.

10. വെറ്റിലചോല, പാമ്പൻതോട് പാങ്ങോട് മുതലായആദിവാസികോളനികളിലെ വീടുകൾ അവിടവിടങ്ങളിൽ ചിതറിക്കിടക്കുന്നവ ആകയാൽ അത്തരം പ്രദേശം സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കാനുള്ള സാദ്ധ്യത പരിശോധിക്കണം.

## ഗ്രാമസഭയിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ

വാർഡ് 1. ചേലേങ്കര 1HDP കോളനി വെടകുറുശ്ശി അമ്പലപ്പറമ്പ് എന്നിവടങ്ങിൽ വൈദ്യുതി എത്തിക്കുക.

# 13 പാർപ്പിടപ്രശ്നങ്ങൾ

പഞ്ചായത്തിലെ ഏറ്റവും വലിയ പ്രശ്നം തന്നെയാണെന്ന് പറയാം പാർപ്പിടം. പാർപ്പിടത്തെപ്പറ്റിയുള്ള ചെറിയ കാഴ്ചപ്പാടുകളും ആധുനികസാങ്കേതിക വിദ്യകളും ഉപകരണങ്ങളും മൂലം മാറിമറിഞ്ഞ പാർപ്പിടത്തിൻെറ രൂപകല്പനയും പ്രാദേശികമായിലഭ്യമായ നിർമ്മാണവസ്തുക്കൾ ഒഴിവാക്കി വിലയേറിയ സിമൻറ്, കമ്പി മുതലായവയെ മാത്രം ആശ്രയിക്കുന്ന സമ്പ്രദായം മുതലായവയിൽ പാർക്കാനൊരിടം ആകാശകൂമ്പാരമാകാൻ പോകുകയാണ് ജീവിതകാലത്തെ സമ്പാദ്യവും അതിൻെറ മടങ്ങുകളും ഒരു കോൺക്രീറ്റുസൗധത്തിനുമുടക്കി നിത്യദുരിതമനുഭവിക്കുന്ന കുടുംബങ്ങളും കുറവല്ല.

പാർപ്പിടമെന്നാൽ ആധുനിക വാഹനങ്ങളടക്കം എത്തിപ്പെടാൻ ഒരു വഴി ആധുനിക സാങ്കേതിക വിദ്യയുടെ ഫലമായിട്ടുള്ള ഉപകരണങ്ങൾ സ്ഥാപിക്കാനും പാകത്തിൽ കെട്ടിയകെട്ടിടം അതിലെ ശുചീകരണസംവിധാനങ്ങൾ, ശുദ്ധവായു, വെളിച്ചം, തുടങ്ങിയവയെല്ലാം അടങ്ങുന്ന ഒരു യൂണിറ്റ് എന്നാണർത്ഥമാക്കേണ്ടത്.

ഈ കാഴ്ചപ്പാടോടെ പരിശോധിച്ചാൽ നമ്മുടെ പഞ്ചായത്തിലെ പാർപ്പിടം പ്രശ്നം അതീവശോചനീയമാണെന്നു മനസ്സിലാക്കാം. ആദിവാസികൾ. പട്ടികജാതിക്കാർ, പിന്നോക്ക വിഭാഗക്കാർ മുസ്ലീം ന്യൂനപക്ഷവിഭാഗങ്ങൾ എന്നീ ക്രമത്തിലായിരിക്കണം പരിഹാരമാർഗ്ഗം ആരായേണ്ടത്. ആദിവാസികൾക്ക് മുൻപെന്ന സൗകര്യങ്ങളൊന്നുമില്ലെന്നു പറയാം. അവർക്കായി ഒരു പ്രത്യേക പദ്ധതി തയ്യാറാക്കണം.

ഏതാനും കോളനികളിലായിട്ടാണല്ലോ പട്ടികവർഗ്ഗക്കാർ അധിവസിക്കുന്നത്. പ്രസ്തുതകോളനിയിലേക്ക് എത്തിപ്പെടുന്ന ലോറി ചെല്ലുന്ന റോഡുകൾ നിർമ്മിച്ചുകൊണ്ടുമാത്രമെ അത്തരം പ്രവർത്തനങ്ങൾ തുടങ്ങാവൂ. വീടുകൾ ഒരു പ്രത്യേക രൂപത്തിലാവണം. അങ്ങനെയായാൽ നിർമ്മാണച്ചെലവ് വളരെ ലാഭിക്കാം. ഉദാഹരണത്തിന് ആർച്ചുകൾ മുതലായവ ഒരേവലിപ്പവും, ആകൃതിയുമാണെങ്കിൽ പൊതുവായ മോൾ ഡുകൾ ഉപയോഗിച്ച് പണിലാഭിക്കാൻ സാധിക്കും. അതുപോലെ പ്രദേശികമായി കിട്ടുന്ന സാധനങ്ങൾ (വേണമെങ്കിൽ സംസ്കരിച്ച്) ഉപയോഗിക്കാൻ ശ്രദ്ധിക്കണം.

ശാസ്ത്രത്തിൻേറയും സാങ്കേതികവിദ്യയും ദ്രുതഗതിയിലുള്ള വളർച്ചകാരണം പാർപ്പിടം എന്ന സങ്കല്പത്തിനും തന്നെ മാറ്റം വന്നുകഴിഞ്ഞിരിക്കുകയാണ്.. അതിനാൽ അമ്പതോ, അറുപതോ വർഷം മാത്രം നിലനില്ക്കുന്ന പാർപ്പിടങ്ങൾ രൂപ കല്പന ചെയ്യ്താൽമതിയാകും. അതു കൊണ്ടുതന്നെ സിമിൻറു കമ്പി മുതലായവയുടെ അമിതോപയോഗം നിയന്ത്രിക്കാൻ സാധിക്കും.

ആദിവാസികോളനികളിൽ പാർപ്പിടനിർമ്മാണം പ്ലാൻചെയ്യുമ്പോൾ അവരുടെ സ്വാഭാവം സംസ്കാരം, ആചാരനുഷ്ഠാനങ്ങൾ, അഭിരുചികൾ, ടാലൻറുകൾ, എന്നിവ പരിഗണിക്കണം. ഇതുപോലെ തന്നെ അവരുടെ ടാലൻറുകൾ അനുസൃതമായി ഉണ്ടാക്കാനുദ്ദശിക്കുന്ന തൊഴിലവസരത്തേ പറ്റിയും ധാരണയുണ്ടാകണം. കോളനി യിൻ യൂണിറ്റ് ആരംഭിക്കാൻ ഉദ്ദേശമുണ്ടങ്കിൽ അതിനു കൂടിയുള്ള സൗകര്യം കണ്ടുകൊണ്ടുവേണം പാർപ്പിടങ്ങൾ പ്ലാൻ ചെയ്യാൻ. കാലാവസ്ഥപോലുള്ള ഘടകങ്ങൾക്കും വേണ്ടത്ര പരിഗണനയുണ്ടാകണം.

പട്ടിക ജാതിക്കാരുടേയും മറ്റുവിഭാഗക്കാരുടെയും കാര്യത്തിലും യുക്തമായ വ്യതിയാനങ്ങളോടെ മുൻചൊന്ന കാര്യങ്ങൾ തന്നെ നടപ്പിലാക്കാൻ സാധിക്കും. ഇത്തരക്കാർക്ക് പാർപ്പിടത്തിൻെറ ഏതാനും ഘടകങ്ങളും നിലവിലുണ്ടാകും. അവശേഷിക്കുന്നവമാത്രമേ ചെയ്യേണ്ടതുള്ളു. ( കക്കൂസ്, കംമ്പോസിറ്റ് മുതലായവ ആവശ്യഘടകങ്ങളായി പരിഗണിക്കേണ്ടതുണ്ട് )

ജനസംഖ്യവർദ്ധനവും കുടുംബങ്ങളുടെ എണ്ണം കൂടികൂടിവരുന്നതും പരിഗണിച്ച് പാർപ്പിടനിർമ്മാണത്തിനുപയോഗിക്കുന്ന ഭൂതലത്തിൻെറ കാര്യത്തിൽ ചിലനിയന്ത്ര ണങ്ങൾ എർപ്പെടുത്തേണ്ടതാണ്. കാലാവസ്ഥ, ആരോഗ്യം, പരിസ്ഥിതി എന്നീ പ്രശ്നങ്ങൾ സജീവമായി പരിശോധിച്ച് അവയ്ക്ക്. കോട്ടം തട്ടാത്തരീതിയിൽ ബഹുനിലകെട്ടിടങ്ങളും ഫ്ളാറ്റുകളും, പ്രോത്സാഹിപ്പിക്കാവുന്നതാണ്.

പാർപ്പിടപ്രശ്നം സാമൂഹികബാധ്യതയായ് ഏറ്റെടുക്കണം. ഓരോ കുടുംഭത്തിൻെറയും തൊഴിൽ, വരുമാനം, താല്പര്യം എന്നിവയുമായി സമുന്വയിപ്പിച്ചുവേണം പാർപ്പിടം രൂപകൽപ്പന ചെയ്യാൻ. വേതനത്തിൻെറ ഒരംശം നേരിട്ടു തിരിച്ചുകിട്ടത്തക്കവിധം സാമ്പത്തികസഹായം ചെയ്യേണ്ടതാണ്. ഗുണദോഷങ്ങളെ അർഹതയുടെ അടിസ്ഥാനത്തിൽ കണ്ടെത്തുന്നതിനും അവയെ സഹായിക്കുന്നതിനും പഞ്ചായത്തുതലത്തിൻ ഒരു ജനകീയസമിതി വേണം.

ഭവനനിർമ്മാണം രീതികൾ തന്നെ മാറേണ്ടിയിരിക്കുന്നു. പാരമ്പര്യസിദ്ധികളോടെ തൊഴിലെടുക്കുന്ന ആശാരി, മണ്ണാൻ മുതലായവിഭാഗക്കാർക്ക് നിർമ്മാണ സംബന്ധമായ പുതിയഅവബോധവും വേണ്ടത്ര പരിശീലനവും നല്കേണ്ടതാണ്

അതോടൊപ്പം തന്നെ നിർമ്മാണസാമൂഹികതയുടെ സംഭരണവും, സംസ്ക്കരണവും. ഉദാഹരണത്തിന് നമ്മുടെ പഞ്ചായത്തിലെ മണ്ണ് ചുവരിന് വേണ്ട കട്ടയുണ്ടാക്കാൻ പറ്റിയതാണ്. എന്നാൽ ചിതൽശല്യം (വെട്ടുകല്ലിലടക്കം) കൂടുതലുണ്ട് അതിൻെറ പരിസ്ഥിതി ഘടകങ്ങൾക്കു കോട്ടം തട്ടാതെ ചിതൽ ശല്യം ഒഴിവാക്കുന്നതിനുള്ള മാർഗങ്ങൾ ആലോചിക്കേണ്ടതാണ്.

മരമാണ് പാർപ്പിടനിർമ്മാണം നേരിടുന്ന ഏറ്റവും വലിയപ്രശ്നം. മരം പരമാവധി കുറയ്ക്കണം. അതുപോലെതന്നെ പാരമ്പര്യമരങ്ങൾ ഒഴിവാക്കി റബ്ബർ മുതലായവ(സംസ്കരിച്ച്)ഉപയോഗിക്കാവുന്നതാണ്.

ആർച്ചുരൂപത്തിൽ ഇഷ്ടികകൊണ്ട് നിർമ്മിച്ച മേൽക്കൂരകൾ പരിശോധി ക്കാവുന്നതാണ്. ഒരേ രീതിയിൽ വീടുകൾ നി2മ്മിക്കുമ്പോൾ ഇത് വളരെയേറെ പ്രായോഗികമാണ്. ഉചിതമായ മോൾഡുകൾ നിർമ്മിച്ചുകഴിഞ്ഞാൽ അവയുടെ സഹായത്തോടെ ഒന്നോ രണ്ടോ ദിവസം കൊണ്ടുതന്നെ മേൽക്കൂര നിർമ്മിക്കാൻ സാധിക്കും. ലീക് പ്രൂഫ് സംവിധാനം കൂടിയുണ്ടാക്കിയാൽ ഇത്തരം മേൽക്കൂരകൾ വളരെ ലാഭകരമാണ്.

മുറികൾക്ക് വൃത്തം, സമചതുരം എന്നീ ആകൃതികളാണ് സ്വീകരിക്കേണ്ടത്. ഇതുമൂലം കുറഞ്ഞ നിർമ്മാണസാമഗ്രികൾ കൊണ്ട് കൂടിയ അളവിൽ സ്ഥല വിസ്തീർണ്ണം ലഭ്യമാകും.

നിർമ്മാണസാമഗ്രികൾ പ്രാദേശികമായി ഉണ്ടാക്കിയെടുക്കുകയാണെങ്കിൽ കടത്തുകൂലിയിനത്തിൽ വരുന്നഭീമമായ തുക ലാഭിക്കാൻ സാധിക്കും. അത് പ്രദേശികമായി തൊഴിലാവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

# 14 പട്ടികജാതിക്ഷേമം

സാമൂഹിക വ്യവസ്ഥിതിയുടെ നിബന്ധനകൾക്കു വിധേയമായും ഉപജീവനത്തിനുമായി വിവിധതരം തൊഴിലിനായി ഓരോ കാലഘട്ടത്തിലായി പലപ്രദേശങ്ങളിൽനിന്നും എത്തിപ്പെട്ടവരുടെ പിൻഗാമികളാണ് ഈപഞ്ചായത്തിലെ പട്ടികജാതിക്കാർ. ചെറുമരാണ് എണ്ണത്തിൽ കൂടിയവരും പ്രധാനപ്പെട്ടവരും. കവറ, പണൻ, കുമ്പാരൻ ചക്ലിയൻ, മുതലായ വിഭാഗങ്ങളുമുണ്ട്. ബോയൻ മുതലായിമറ്റുസംസ്ഥാനങ്ങളിൽനിന്നും അടുത്തകാലത്ത് എത്തിപ്പെട്ടവരുമുണ്ട്. ഇവരെല്ലാം മിക്കവാറും ഹിന്ദുക്കളാണ്. മതപരിവർത്തനം ചെയ്ത് ഒ. ഇ. സി വിഭാഗത്തിലായ കുറെ ആളുകളും തിരുവിതാംകൂറുപ്രദേശത്തുനിന്നും കുടിയേറി യിട്ടുണ്ട്. ഇവിടത്തെ തണ്ടാൻമാർ തങ്ങൾ പട്ടികജാതിവിഭാഗക്കാരാണെന്ന അവകാശപ്പെടുകയും കുറെ കാലം അവകാശങ്ങൾ അനുഭവിക്കുകയും ചെയ്തിരുന്നു. അനുഭവിക്കുകയുംചെയ്തിരുന്നു ഇപ്പോൾ ഈവിഭാഗത്തിൽപ്പെട്ട ചിലർനിയമപരമായി തങ്ങൾ പട്ടികജാതിക്കാരാണെന്ന സർട്ടിഫിക്കറ്റുകൾ നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്.

പഞ്ചായത്തിലെ ഒമ്പതാം വാർഡ് പട്ടികജാതിക്കാർക്കായി സംവരണം ചെയ്തിരിക്കുന്നു. എതാനും കോളനികൾ മറ്റു ജനവിഭാഗങ്ങളുമായി ഇടകലർന്നു അധിവസിക്കുന്നു. ചിലകോളനികൾ ചിലപ്രത്യേകവിഭാഗം പട്ടികജാതിക്കാർമാത്രമാണ് എന്നാൽ മിച്ചഭൂമി, നാലുസെൻറ് ലക്ഷംവീട് മുതലായ കോളനികളിൽ പലവിഭാഗം പട്ടികജാതിക്കാരും അല്ലാത്തവരും ഇടകലർന്നുതാമസിക്കുന്നു. ഒരുകാലത്ത് മൂലദേശത്തിൻെറയും അടിസ്ഥാനത്തിൽ ഭിന്നിച്ച് പലഭാഗത്ത് കൂട്ടം കൂട്ടമായി താമസിച്ചിരുന്നു. ഓരോവിഭാഗക്കാരായ പട്ടികജാതിക്കാർ പ്രസ്തുത കൂട്ടങ്ങൾ വിട്ട് ഒരേവിഭാഗക്കാർമാത്രം കഴിയാൻ തുടങ്ങുകയും പിന്നീട് മറ്റുവിഭാഗങ്ങളുമായി ഇടകലർന്ന് ജീവിക്കാൻതുടങ്ങിയിട്ടുമുണ്ട്. ദളിത് ക്രൈസ്തവർക്ക് പട്ടികജാതിക്കാരുടെ ആനുകൂല്യങ്ങൾ ലഭിക്കണമെന്നുള്ള ആവശ്യവും അംഗീകരിക്കപ്പെടുന്ന അവസ്ഥയിലാണ്. മറ്റുപലപിന്നോക്കവിഭാഗക്കാരും പട്ടികജാതിക്കാരായി അംഗികരിക്കപ്പെടുന്നതിനുള്ള ആവശ്യം ഉന്നയിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ഒരോവാർഡിലുമുള്ള പട്ടികജാതികോളനികൾ സമ്മിശ്രകോളനികൾ എന്നിവയുടെ പട്ടിക താഴെ കൊടുക്കുന്നു.

| | |
|---|---|
| വാർഡ് 1 | കോളനിയുടെ പേര് |
| | വടകുറുശ്ശി |
| | വടക്കെമുണ്ട |
| | അമ്പലപറമ്പ് |
| | ചേലേങ്കര |
| | കുളത്തിൽക്കുന്ന് |
| | കരിമ്പനത്തോട്ടം |
| | ചേലേങ്കരമിച്ചഭൂമി |
| വാർഡ് 2 | അമ്പാഴക്കോട് |
| | കൊറ്റിയോട്പള്ളിക്കുന്ന് |

ചെമ്പ്രംകുന്ന്
വാർഡ് 3 കല്ലമല
അരിമ്പ്ര
കുമ്പളംചോല4സെൻെറ്
വാർഡ് 4 ചെട്ടിപ്പള്ളിയാൽ
കോട്ടക്കുന്ന്
കല്ലമല
വാർഡ് 5 പാങ്ങോട്
അമ്പംകുന്ന്മേലെ
അമ്പംകുന്ന്താഴെ
വാർഡ് 6 തരിശുപ്പാടം
അത്തിക്കുണ്ട്
പണ്ടാരക്കളംതൊടി
വാർഡ് 7 വെറ്റിലചോല,
ആനക്കരണം
നറുകലംചോല
വെതളത്തോട്
വാർഡ് 8 നെല്ലിക്കുന്ന്
വാർഡ് 9 രായിൻതുരുത്തി
മുണ്ടക്കുന്ന്
വാർഡ് 10 ഇയ്യമ്പലം
ലക്ഷംവീട്
അക്കിയാംപാടം
അമ്പലവട്ട
വാർഡ് 11 വെട്ടിയാംകുന്ന്
നെച്ചുള്ളി
പുല്ലട്ട
ഓപ്പത്ത്

തൊഴിൽ, പാർപ്പിടം കുടിവെള്ളം ഗതാഗതം വൈദ്യുതി, വിദ്യാഭ്യാസം, സംസ്കാരം, തുടങ്ങി എല്ലാ മേഖലകളിലും പിന്നോക്കം തള്ളപ്പെട്ടവരാണ് ഈ പഞ്ചായത്തിലെ പട്ടികജാതിക്കാർ

## തൊഴിൽ

പട്ടികജാതിക്കാർ പൂർണ്ണമായും എന്നുതന്നെ പറയാം പരമ്പരാഗതതൊഴിലുകളിൽ ഏർപ്പെട്ടവരാണ് കൃഷി അനാകർഷകമാകുകയും നെൽപ്പാടങ്ങൾ മറ്റാവശ്യങ്ങൾക്കായി മാറ്റാൻ തുടങ്ങുകയും ചെയ്തതോടുകൂടി ചെറുപ്പക്കാർ കൂടുതലും കെട്ടിടപ്പണിചുമടുചുമക്കൽ എന്നിവയിൽ എർപ്പെടാൻതുടങ്ങിയിട്ടുണ്ട്. കൃഷിപ്പണിക്ക് ആളെകിട്ടുന്നില്ലയെന്നത് വസ്തുതയാണെങ്കിലും ഈമേഖലയിൽ തൊഴിൽരാഹിത്യം തുടരുകതന്നെയാണ്. താഴെപറയുന്നകാര്യങ്ങൾ ചെയ്താൽ ഈ പ്രശ്നത്തിന് പരിഹാരമാകും.

1. മെച്ചപ്പെട്ട വിത്ത്, വളം, കാർഷികോൽപന്നങ്ങൾ എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക മെച്ചപ്പെട്ട ജലസേചന സമ്പ്രദായം എർപ്പെടുത്തുക,

കാർഷികകോല്പന്നങ്ങൾ ചെലവുമായി ബന്ധപ്പെട്ട വില നല്കി ശേഖരിച്ച് സംസ്കരിച്ച് വിപണനം നടത്തുന്നതിനുള്ള സംവിധാനം എർപ്പെടുത്തുക തുടങ്ങിയ മാർഗ്ഗങ്ങൾ സ്വീകരിച്ച് കാർഷിമേഖല വിപുലമായും ആകർഷകവുമാക്കിതീർക്കുകയും അതിലൂടെ പരസ്യകർഷകതൊഴിലാളികളെ അതിലേയ്ക്കാകർഷിക്കുകയും ചെയ്യേണ്ടതാണ്. അവർക്ക് ആധുനിക സാങ്കേതിക വിദ്യയും, മറ്റുകാര്യങ്ങളും അഭ്യസിപ്പിക്കുകയും വേണം.

2.. പാരമ്പര്യ കൈതൊഴിൽകാർക്ക് അതിനുവേണ്ട ഗുണമേന്മയുള്ള അസംസ്കൃതസാധനങ്ങൾ ന്യായമായവിലയ്ക്ക് ലഭ്യമാക്കുക, തൊഴിൽസംബന്ധമായ ഉപകരണങ്ങളും, സാങ്കേതികവിദ്യയും നല്കുക, ഉല്പന്നങ്ങൾ ന്യായമായ വിലയ്ക്ക സംഭരിക്കാനും, സംസ്കരിക്കാനും (വേണമെങ്കിൽ) വിപണനം ചെയ്യാനും ക്രമീകരണം എർപ്പെടുത്തുകയും ചെയ്യണം.

3. പാരമ്പര്യ ഉല്പന്നങ്ങൾ കെട്ടിലും മട്ടിലും മാറ്റം വരുത്തുകയും മറ്റുമേഖലകളിൽ അതിനുള്ള ആവശ്യം ഉണ്ടാക്കുകയും ചെയ്യുക.

4. ഉപഭോഗസംസ്കാരത്തെ മാറ്റിമറയ്ക്കുക, പുതിയ ഉപഭോഗ സംസ്കാരം രൂപപ്പെടുത്തുക അതിനാവശ്യമായ ഉല്പന്നങ്ങൾ പ്രാദേശികമായി ഗുണമേൻമ ഉറപ്പാക്കിക്കൊണ്ട് ലഭ്യമാക്കുക.

5. പരിസ്ഥിതി പ്രശ്നങ്ങൾക്ക് ഇടവരുത്താതെ പ്രകൃതിയെ പരമാവധിചൂഷണം ചെയ്യുക.

6. പുതിയ കുടിൽവ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.

## പാർപ്പിടവും മറ്റു സൗകര്യങ്ങളും

അത്യന്താപേക്ഷിതമായ സൗകര്യങ്ങളുള്ള പാർപ്പിടമില്ലാത്തവരാണ് ഭൂരിഭാഗം പട്ടികജാതിക്കാരും. പാർപ്പിടമില്ലാത്തവരും, നാമമാത്രപാർപ്പിടമുള്ളവരുമാണിവർ ഇത്തരം പാർപ്പിടങ്ങളിൽ ഒന്നിൽകൂടുതൽ കുടുംബങ്ങൾ പ്രത്യേകം എസ്റ്റാബ്ലിഷ്മെന്റൊടുകൂടി (പ്രത്യേക അടുപ്പ് മുതലായവ) കഴിഞ്ഞുവരുന്നുമുണ്ട്. സർക്കാരിൽനിന്നുള്ള സഹായധനം വേണ്ട സമയത്ത് ലഭ്യമാകാത്തതിനാൽ അപൂർണ്ണവസ്ഥയിൽകിടക്കുന്ന പാർപ്പിടങ്ങളുമുണ്ട്.

അതുപോലെത്തന്നെയാണ് ഗതാഗതം കുടിവെള്ളം വൈദ്യുതി എന്നിവയുടെ കാര്യവും കക്കൂസിൻെറ കാര്യം പറയുകയേ വേണ്ട.

എല്ലാ പട്ടിക ജാതികാർക്കും അത്യാവശ്യം സൗകര്യങ്ങളോടുകൂടിയ പാർപ്പിടം (വൈദ്യുതി, കക്കൂസ്, കുടിവെള്ളം ചിലവുകുറഞ്ഞ അടുപ്പ് എന്നിവ പാർപ്പിടം എന്ന എകകത്തിൻെറ ഭാഗങ്ങളാകണം.) പ്ലാൻ ചെയ്യുക, അതിനായി ഒരോകുടുംബങ്ങൾ അവരുടെ വരുമാനത്തിൽ അത്യാവശ്യചിലവുകഴിഞ്ഞ് ബാക്കിവരുന്ന തുകയിൽ ഒരംശം കൊണ്ട്. ഒരു പ്രത്യേകകാലയളവിൽ തിരിച്ചടയൊക്കാൻ പാകത്തിൽ പാർപ്പിടത്തിൻെറ ചിലവും തൊഴിലും കൂലിയും സംവിധാനം ചെയ്യണം. ഇതിനെല്ലാം വേണ്ടുന്ന ഒരേജൻസി രൂപികരിക്കുക. പ്രസ്തുത എജൻസിയിലൂടെ ഈ പദ്ധതി നടപ്പിലാക്കുക.

## വിദ്യാഭ്യാസം സംസ്കാരം

വിദ്യാഭ്യാസം നിർബന്ധമായും തൊഴിൽ അധിഷ്ഠിതമായിരിക്കണം. പ്രാഥമിക വിദ്യാഭ്യാസം. 14 വയസ്സുവരെയുള്ളവരൊഴികെ വിദ്യാഭ്യാസവും തൊഴിലും, സംസ്കാരവുമായി തദനുസ്സാരിയായ ജീവിതരീതിയുമായി പ്രായോഗിക ബന്ധമുള്ള

താവണം. ഇന്നത്തെ വിദ്യാഭ്യാസത്തിൻെറ വീക്ഷണത്തിൽ അതിനെപ്പറ്റിയുള്ള ധാരണയിൽതന്നെമാറ്റംവരണം.

ഒരു നല്ലകെട്ടിടം, ഓഫീസ്മുറി, ഹെഡ്മാസ്റ്റർ, ക്ലാസ്മുറി, അദ്ധ്യാപകൻ, പുസ്തകം വടി... ഈ കാഴ്ചപ്പാടുമാറി, ജില്ല, ബ്ലോക്ക്, പഞ്ചായത്ത് ഇവയുടെ ആസൂത്രണത്തിൻെറ ഭാഗമായി ഒരു കോളനിയിൽ ഏതാനും തൊഴിൽ യുണിറ്റുകളുൾപ്പെട്ട ഒരു ശൃംഖല, അതോടുചേർന്ന് ശിശുപരിചരണം, (ക്രഷെപോലെ) , ബാലവാടി, പ്രഥമിക വിദ്യാഭ്യാസ സൗകര്യം വൈദ്യസൗകര്യം അങ്ങനെ എല്ലാം പരസ്പരം ഇണങ്ങിച്ചേർന്ന പരസ്പരബന്ധത്തോടുകൂടിയ ഒരു പ്രസ്ഥാനം ഇതാണ് ആശാസ്യം.

ഒരോ വിഭാഗത്തിൻെറയും സാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കപ്പെടണം . (അതിൻെറ പാശ്ചാത്ഗമനംഗങ്ങൾ,തുടച്ചുനീക്കുകയും അതിനിണങ്ങിയ പുരോഗമനാംശങ്ങൾ ഉൾക്കൊണ്ടിരിക്കുകയും വേണം.) ആചാരാനുഷ്ഠാനങ്ങൾ സാമൂഹിക ജീവിതത്തിൻെറ സമരസപ്പെടുത്തണം.

## ഗതാഗതം

പട്ടികജാതി കോളനികളിലേക്കുള്ള റോഡുകളുടെ അവസ്ഥ ശോചനീയമാണ്. മറ്റുവിഭാഗങ്ങൾക്കെന്നപോലെ ചിലപ്പോൾ മുൻഗണനാക്രമത്തിൽ പട്ടികജാതി കോളനികളിലേക്ക് റോഡുകൾ നിർമ്മിക്കണം.

## ആവശ്യങ്ങൾ

വാർഡ് 1

1. വിടക്കുറുശ്ശിഭാഗത്ത് കണക്കാം മലയിൽനിന്നും വരുന്നവെള്ളം ഒഴുകുന്ന തോടിന് പാർശ്വഭിത്തികെട്ടി കോളനിവാസികളുടെ വീടും കൃഷിയും നശിക്കുന്നത് തടയണം.
2. വടക്കേമുണ്ടയിൽ ഒരു പൊതുകുളം വേണം
3. അമ്പലപ്പറമ്പ് കോളനിയിൽ ഉപയോഗശൂന്യമായ കുഴൽകിണർമാറ്റി സ്ഥാപിക്കണം
4. ചേലേങ്കര കോളനിയിൽ കുഴൽകിണർ ഉണ്ടാക്കണം
5. അമ്പലപറമ്പുകോളനി, കളത്തിൽകുന്നുകോളനി, ചേലേങ്കരകോളനി എന്നിവിടങ്ങളിൽ ടാങ്ക് സ്ഥാപിച്ച് ജലവിതരണം സാദ്ധ്യമാക്കണം.
6. വാർഡിൽ പൊതുജനാരോഗ്യകേന്ദ്രം സ്ഥാപിക്കണം.
7. ചേലേങ്കരകോളനിയിൽ തുന്നൽ പരിശീലനകേന്ദ്രം സ്ഥാപിക്കണം.
8. കോളനികളിൽ വൈദ്യുതി, വെള്ളം എന്നിവയെത്തിക്കണം

വാർഡ് 2

1. അമ്പാഴക്കോട് കോളനിയിൽ 4 കുടംബങ്ങൾക്ക്വീടില്ല. 5 വീടുകൾ ഓലമേഞ്ഞതാണ്. വൈദ്യൂതി, കക്കൂസ്, കുടിവെള്ളം ഇല്ല.
2. ചെമ്പ്രകുന്ന് കോളനിയിൽ എല്ലാവീടുകളിലും കക്കൂസും കുടിവെള്ളവും വേണം.

വാർഡ് 3

1. കല്ലമ്മലകോളനിയിലേക്ക് റോഡ് നിർമ്മിക്കണം.
2. അരിമ്പ്ര കോളനി, കുമ്പളം ചോലനാലുസെൻറ്കോളനി എന്നിവിടങ്ങളിൽ

കിണർ കുഴിക്കണം.

3. സഹകരണമേഖലയിൽ പട്ടികജാതികാർക്കായി ഒരു കയർ യൂണിറ്റുണ്ടാക്കണം.

4. 14 വയസ്സിനുതാഴെയുള്ള പട്ടികജാതി വിദ്ധ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കു തടഞ്ഞു അവർക്ക് പുനർവിദ്യാഭ്യാസ സൗകര്യം ഉണ്ടാക്കണം.

5. പട്ടികജാതി സ്ത്രീകൾക്ക് റെഡിമെയ്ഡ് നിർമ്മാണത്തിൽ പരിശീലനം നൽകണം

6. പട്ടികജാതിക്കാരുടെ പാർപ്പിടങ്ങൾ റിപ്പയർ ചെയ്യണം.

7. പാർപ്പിടനിർമ്മാണത്തിനായി അനുവദിച്ച തുകയുടെ അവശേഷിക്കുന്ന ഗഡുക്കൾ ഉടൻ വിതരണം ചെയ്യണം.

വാർഡ് 4

1. കോളനികളിൽ വൈദ്യൂതി കുടിവെള്ളം എന്നിവയെത്തിക്കണം. തെരുവുവിളക്കുസ്ഥാപിക്കണം.

2. വട്ടി, കൊട്ട ,എന്നിവ നിർമ്മിക്കുന്നവർക്കു ക്ഷേമപ്രവർത്തനങ്ങൾ എർപ്പെടുത്തണം.

വാർഡ് 5

1. പങ്ങോട് കോളനിയിലേക്ക് വെള്ളം വെളിച്ചം റോഡ് മുതലായവയുണ്ടാക്കണം

2. കൃഷിക്ക് കാട്ടു മൃഗങ്ങളിൽനിന്നുള്ള ശല്യം ഒഴിവാക്കണം.

വാർഡ് 6

1. കോളനികളിൽ പ്രാഥമികസൗകര്യങ്ങൾ എത്തിക്കണം

വാർഡ് 8

1. നെല്ലിക്കുന്ന് കോളനിയിലേക്ക് വാഹനമെത്തുന്നറോഡുവേണം.

വാർഡ് 9

1. മുണ്ടകുന്ന് കോളനി നിവാസികൾ ശ്രമദാനത്തിലൂടെ നിർമ്മിച്ച റോഡിനു നടുവിലുള്ള വൈദ്യുതികാൽമാറ്റണം.

2. കോളനികളിൽ കുടിവെള്ളമെത്തിക്കണം.

3. പട്ടികജാതിവിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകുല്യങ്ങൾ വർദ്ധിപ്പിക്കണം.

വാർഡ് 10

1. പട്ടികജാതിക്കാരുട തനതുകലകൾ തിറ പൂതൻ പാങ്കളി മുതലായവ പോത്സാഹിപ്പിക്കണം. അവതരിപ്പിക്കുന്നതിന് കൂടുതൽ അവസരങ്ങൾ ഉണ്ടാക്കണം.

വാർഡ് 11

1. കോളനികളിൽ പൊതുകക്കൂസ് പൊതുകിണർ എന്നിവസ്ഥാപിക്കണം.

2. പൊതുശ്മശാനം ഉണ്ടാക്കണം.

3. ക്രഷ് സ്ഥാപിക്കണം.

## പൊതുസമീപനം

പൊതുധാരയിൽ നിന്നും വിട്ട് പട്ടിക ജാതിക്കാർക്കോ പട്ടിക വർഗ്ഗക്കാർക്കോ, സ്ത്രികൾക്കോ മാത്രമായി ഒരു വികസനപ്രക്രിയ പ്രായോഗികമല്ല. സമഗ്രവികസനത്തിൻെറ ഭാഗമായി മാത്രമേ അതിനേ കാണാൻ പറ്റു. പക്ഷേ മറ്റുവിഭാഗങ്ങളെ അപേക്ഷിച്ച് വളരെ പിന്നോക്കമാണ് മുൻചൊന്നവിഭാഗങ്ങളുടെ അവസ്ഥ എന്നതുകൊണ്ട് സ്വാഭാവികമായും സമഗ്രവികസനത്തിൻെറ പ്രാരംഭം മുൻചൊന്ന വിഭാഗങ്ങളിൽ നിന്നും ആരംഭിക്കേണ്ടിയിരിക്കുന്നു. മുമ്പ് ഒരിടത്ത് സൂചിപ്പിച്ചതുപോലെ നമ്മുടെ പഞ്ചായത്തിലെ പട്ടികജാതിക്കാർ മറ്റിതര ജനവിഭാഗങ്ങളുമായി ഇടകലർന്നുജീവിക്കാനുള്ള പ്രവണത കാണിച്ചുതുടങ്ങിയിരിക്കുന്നു. ഈ കാലഘട്ടത്തിൽ

ചൂഷണം ഇത്രയേറെ അനുഭവിച്ച മറ്റൊരു വിഭാഗമില്ല.

വനവിഭവങ്ങൾ കണ്ടെത്താനും ശേഖരിക്കാനും വിദഗ്ദരാണിവർ, പാരമ്പര്യമായി തന്നെ ചില പ്രത്യേക കഴിവുകർ അവർക്കുണ്ട്. അതുപോലെ തന്നെ ഔഷധച്ചെടികളെ തിരിച്ചറിയാനും അവയുടെ ഔഷധഗുണത്തിന് പ്രയോഗിക്കാനും ഇവർക്കു സാധിക്കും അവരുടെ ഇത്തരം വൈദഗ്ദ്യങ്ങൾ നല്ലരീതിയിൽ പ്രയോജനപ്പെടുത്തുവാൻ സാധിക്കും.

റോഡ്, പാർപ്പിടം, വൈദ്യുതി, കുടിവെള്ളം, കക്കൂസ് എന്നിവ ആദ്യമായി ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഒരു കുടുംബത്തിനുപോലും ആവിശ്യ സൗകര്യങ്ങളോടുകൂടിയ പാർപ്പിടങ്ങളില്ല കുടുംബങ്ങൾക്ക് പ്രത്യേകിച്ചും വെറ്റിലച്ചോല കോളനിക്കാർക്ക് സ്വന്തം മണ്ണുപോലുമില്ല. ഫോറസ്റ്റിൻെറ ഭൂമിയിലാണ് അവർ കഴിയുന്നത്.

തൊഴിൽ മറ്റൊരു പ്രശ്നമാണ് . ആധുനിക കാലവുമായി ബന്ധപ്പെടുന്ന ഒരു തൊഴിൽ സംസ്കാരം രൂപപ്പെടുത്താൻ വളരെ അവധാനതയോടെ ശ്രമിക്കേണ്ടിയിരിക്കുന്നു. അവർ തെഴിലെടുക്കാൻ സന്നദ്ധരാണ് ചൂഷണരഹിതമായ ഒരു വേതന ഘടനയും ആവിശ്യമാണ്.

അവരുടെ സംസ്കാരം സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ആചാരാനുഷ്ഠാനങ്ങൾക്ക് കാലോചിതമായമാറ്റം വരേണ്ടതുണ്ട്.വിദ്യാഭ്യാസപരമായി എറ്റവും പിന്നോക്കമാണിവർ. എല്ലാം പൂജ്യത്തിൽനിന്നുതുടങ്ങേണ്ടതുണ്ട്. തൊഴിലുമായി ബന്ധപ്പെട്ട വിദ്യാഭ്യാസവും സംസ്കാരവും ആരോഗ്യപരിരക്ഷയും ആസൂത്രണം ചെയ്യേണ്ടതുണ്ട് കൃഷി, വനവിഭവശേഖരണം അവയുടെ സംസ്ക്കരണം ഔഷധസസ്യശേഖരണം ഔഷധത്തോട്ടപരിപാലനം, ഔഷധനിർമ്മാണം, വനവല്ക്കരണം മുതലായ തൊഴിൽ മേഖലകളിൽ പട്ടിവർഗ്ഗക്കാരുടെ സേവനം പ്രയോജനപ്പെടുത്താൻ സാധിക്കണം.

## ജീവിതം നിലവാരം മെച്ചപ്പെടുത്തൽ

ഈ പഞ്ചയാത്തിലെ രണ്ട്, അഞ്ച്, ആറ്, ഏഴ് എന്നീ വാർഡുകളിലെ ആദിവാസികൾക്ക് കൈവശമുള്ളഭൂമിക്ക് പട്ടയം നൽകുകയും കൈവശഭൂമികളായാൽ സ്വന്തമായിഅധ്വാനിച്ചുണ്ടാക്കിയ ദേഹണ്ഡങ്ങൾ അവർക്കുതന്നെ അനുഭവിക്കാനുള്ള നിയമനിർമ്മാണം അനിവാര്യമാണ്.

# 15 സംസ്ക്കാരം

1. സമൂഹ ജീവിതത്തിൻെറ പിള്ളത്തൊട്ടിൽ ഗ്രാമങ്ങളാണ്.ആചാരാനുഷ്ഠാനങ്ങളും ഗുരുകാരണവന്മാരുടെ ചൊല്ലും വരുതിയും ധാർമ്മിക ബോധവും അന്ധവിശ്വാസങ്ങളും, മൂല്യബോധവും, കീഴ്വഴക്കങ്ങളുമാണ് ഗ്രാമജീവിതക്രമത്തിൻെറ, സംസ്ക്കാരത്തിൻെറ ആദ്യസ്ഫൂരണങ്ങൾ. അതിൽ ആപ്രദേശങ്ങളിലെ തൊഴിലുംവിശ്വാസവും, സംഘർഷവും വിനോദവുമെല്ലാമുണ്ട്. കലയും സാഹിത്യവു് പിന്നീടാണ് ഇന്നുകാണുന്നമട്ടിൽ രൂപപ്പെട്ടത്. കാഞ്ഞിരപ്പുഴ പഞ്ചായത്തിലും ഇതൊക്കെയാണ് സംഭവിച്ചിരിക്കുന്നത്.

2. ഈ നൂറ്റാണ്ടിനു മുൻപുതന്നെ പലവിധ ആവശ്യങ്ങൾക്കും ഉപജീവനത്തിനത്തിനു വേണ്ടി വന്നുചേർന്ന വിവിധഭാഗങ്ങളുടെ പിൻതുടർച്ചക്കാരും അനന്തരഗാമികളുമായാണ് കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ ഇന്നത്തെ ജനസമൂഹം, അതിനുമുമ്പു ജനവാസ മില്ലെന്നുവിവക്ഷിച്ചിട്ടില്ല. അട്ടപ്പാടിമലനിരകളുടെ വിദൂരതാഴ്വരയായ ഈ പ്രദേശത്തും പൂർവ്വനിവാസികളുണ്ടായിരുന്നു. ഇവിടെ വന്നു പാർപ്പുറപ്പിച്ചവർ നിർണ്ണായക ശക്തിയായതൊടെ അവർദൂരക്കാടുകളിലേക്കു പിൻവാങ്ങുകയാണ് ചെയ്തത്. ഇത്തരം പിൻവാങ്ങലുകൾ ചില ദശാസന്ധികളിലുണ്ടായിട്ടുണ്ട്. അക്കാലത്ത് ഇവിടെ വന്നെത്തിയ ആറോ, എഴോ കുടുംബങ്ങളായിരുന്നു. ഭൂമിയുടെ ഉടമകൾ. അവർ യഥാർത്ഥഉടകളല്ലായിരുന്നു. മധ്യവർത്തികൾ ഭുരിപക്ഷംവരുന്ന ജനങ്ങൾ ഇവരുടെ ആശ്രിതരോ തൊഴിൽചെയ്യുന്നവരോ, കൃഷിക്കാരൊ ആയിരുന്നു. വനവിഭവങ്ങൾശേഖരിക്കാൻ എത്തിയ കുടുംബങ്ങളും അക്കാലത്തു ഇവിടെ വാസമുറപ്പിച്ചു. കാഞ്ഞിരപ്പുഴ ഡാമിൻെറ പണിയുമായി ബന്ധപ്പെട്ട് ഈ പ്രദേശത്ത് സ്ഥിരതാമസമാക്കിയ അന്യസംസ്ഥാനക്കാരും, ഭൂമിക്കുവേണ്ടി കുടിയേറിയ ക്രസ്തീയ ഈ വിഭാഗത്തിന് നീണ്ടകാലത്തെ സ്ഥീരതാമസത്തിൻെറ ചരിത്രമില്ല.

3. ഹിന്ദു മുസ്ലീം ക്രിസ്ത്യൻ മതവിശ്വാസികളായ ജനങ്ങളാണ് ഇന്നിവിടെ വസിക്കുന്നത് ക്രിസ്ത്യൻമുസ്ലീം വിഭാഗം ന്യൂനപക്ഷമാണ് ഹിന്ദുമതസ്ഥരായ വിവിധവിഭാഗം ജനങ്ങളാണ് കൂടുതലുള്ളത്. അതിൽ ഈഴവ,വടുക സമുദായത്തിൽപ്പെട്ടവരും നായന്മാരുടെ ഉപവിഭാഗവും പട്ടികജാതിയിലുൾപ്പെടുന്നവരും കഴിച്ചാൽ സവർണ്ണസമുദായക്കാർ പരിമിതമാണ്. ഇങ്ങനെ വിശകലം ചെയ്ത് ആ 4 വിഭാഗം ജനങ്ങൾ ആദ്യം തൊഴിലാളി സംസ്കാരമുള്ളവരാണെന്നു കാണിക്കുവാനാണ്.പിന്നീടാണ് ചിലർ കൃഷിക്കാരായത്. ആദിവാസിപിൻഗാമികളായ ഗിരിജനങ്ങളുടെ ജനസംഖ്യവളരെ ചെറുതാണ്.

4. ഹിന്ദുമുസ്ലീം ക്രിസ്ത്യൻമതവിശ്വാസികൾക്ക് ആരാധനാനിലങ്ങൾ വെവ്വേറെയുണ്ടങ്കിലും മതമൈത്രിയുടെ പ്രതീകമായ അമ്പങ്കുന്ന നേർച്ചഅലട്ടില്ലാതെ നടക്കുന്നു. ഈ നേർച്ചയ്ക്ക് വളരെ അകലെ നിന്നുപോലും ഭക്തജനങ്ങൾ എത്താറുണ്ട്. ഹിന്ദുമതവിശ്വാസികളുടെ ആരാധനായങ്ങൾക്ക് സവർണ്ണാവർണ്ണാഭേദമുണ്ടായിരുന്നു. ഇന്നും ആ വ്യത്യാസം നിലനിൽക്കുന്നുണ്ടങ്കിലും ഏറെകുറെ എല്ലാവരും വിശ്വാസത്തിൻെറ ചരടിൽ ബന്ധിക്കപ്പെട്ടിരിക്കുകയാണ്.

5. മുൻപുണ്ടായിരുന്ന പലവിശ്വാസങ്ങളും ആചാരങ്ങളും എല്ലാവിഭാഗജനങ്ങളിലും നിലനിൽക്കുന്നില്ല. കാലഗതിയിൽ പലതും ഇല്ലാതായി. എങ്കിലും ഭൂതപ്രേതാദികളെപ്പറ്റിയുള്ള വിശ്വാസവും കാർന്നോർമാർക്ക് കൊടുക്കലും ഇന്നുമുണ്ട്. ജാതകത്തിലുള്ളവിശ്വാസം വർദ്ധിച്ചുവരുന്നതായികാണാം ക്രിസ്ത്യ മുസ്ലീം

ജനവിഭാഗത്തിലും മതപരമായ വിശ്വാസത്തോട് ചേർന്ന നിലനില്ക്കുന്ന അന്ധവിശ്വാസങ്ങളും ഇതിന് സമാനമായിട്ടുണ്ട്. ധ്യാനത്തിൻെറ പ്രചാരണവും പ്രസ്ക്തിയും അയ്യപ്പൻമാരുടെ എണ്ണവും പെരുകിവരുന്നതായാണ് കാണുന്നത്.

6. ദേശീയ സ്വാതന്ത്ര്യസമരത്തിൻെറ നേർത്ത സ്പർശനം ഈ പ്രദേശത്തെയും തൊട്ടുപോയിട്ടുണ്ട്. എന്നാൽ കർഷകർസംഘത്തിൻെറ സ്വാധീനംമുണ്ടാക്കിയ ബഹുജനമുന്നേറ്റവും മറ്റുകാരണങ്ങളും അനിവാര്യമായമാറ്റത്തിന് ഈ പ്രദേശത്തേയും സ്വാധീനിച്ചു. കേരളസംസ്ഥാനരൂപികരണവും ആദ്യമുണ്ടായ മന്ത്രിസഭയും ഭൂപരിഷ്കരണ നടപടികളും വളരെ പ്രകടമായപരിവർത്തനത്തിന് കാരണമായിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെവന്ന മാറ്റങ്ങളിൽ വിദ്യാഭ്യാസരംഗം ഇവിടെയും ഒരുപങ്കുവഹിച്ചു. 1960കൾക്കുമുൻമ്പുതന്നെ കാഞ്ഞിരപ്പുഴപഞ്ചായത്തിലും എൽ.പി. വിദ്യാലയങ്ങളുടെ ക്ഷാമം ഇല്ലാതായി ഇന്ന് രണ്ടു യു.പി വിഭാഗം വിദ്യാലയവും. 5 എൽ. പി സ്ക്കൂളും ഒരു ഹൈസ്ക്കൂളും ഇവിടെയുണ്ട്.

7. വിദ്യലയങ്ങൾക്കുപുറമേ മറ്റുസംസ്കാരികസ്ഥാപനങ്ങൾ പേരിനേ ഉള്ളു. ആർട്ടസ്, സ്പോർട്ട്സ് ക്ലബുകൾ, ഉണ്ടെങ്കിലും നിശ്ചിതമായപരിപാടിയോ സംഘടാ ശേഷിയോ ഇല്ലാത്തവയാണ് അല്പായുസ്സുകളുമാണ്. അതിൻെറ പ്രവർത്തനം എടുത്തുപറയതക്ക നേട്ടങ്ങളെന്തൊക്കെയെന്നു ചിന്തിക്കുമ്പോൾ ദരിദ്രമായ അവസ്ഥയാണ് കാണുന്നത്. ഗ്രന്ഥശാലാപ്രസ്ഥാനത്തിൻെറ സ്വാധീനം കുറഞ്ഞകാലയളവിൽ ഉണ്ടായതും പരിമിതവുമാണ്. തൃക്കാലൂർ ഗ്രാമീണ ഗ്രന്ഥശാലയിൽ കാണുന്ന ഗ്രന്ഥശേഖരണവും പഞ്ചായത്തുവക ലൈബ്രറിയുമാണ് ഗ്രന്ഥശാലയ്ക്കുള്ളത്. അതിൻെറ ഉപയോഗം പോലും വേണ്ടത്ര കിട്ടാൻ ആളുകൾക്ക് താല്പര്യമില്ല. സ്ത്രീകൾ ഗ്രന്ഥശാല കളിൽനിന്ന് പുസ്തകമെടുത്ത് വായിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ കഴിയില്ല. അഭ്യസ്ഥവിദ്യർപോലും എന്തെങ്കിലും സ്ഥിരമായി വായിക്കുന്നുണ്ടെങ്കിൽ അത് ദിനപ്രതവും, മ കാര പ്രസിദ്ധി കരണങ്ങളുമാണ്.

8. കാഞ്ഞിരപ്പുഴ പഞ്ചായത്തിൽ മാത്രഭൂമി, മലയാള മനോരമ, കോരളകൗമുദി, ദോശാഭിമാനി ദീപിക, മാദ്ധ്യമം, ചന്ദ്രിക, സിറാജ്, ജന്മഭൂമി എന്നീ മാതൃഭാഷ ദിനപത്രങ്ങളും ചുരുക്കും ചില ഇംഗ്ലീഷ്പത്രങ്ങളും പ്രചാരത്തിലുണ്ട്. മാത്രഭൂമി, ദേശാഭിമാനി, കലാകൗമുദി, ചിന്ത, ഇന്ത്യാടുഡെ തുടങ്ങിയ വാരികകളും പരിമിതമായി പ്രചരിച്ചുവരുന്നു. എന്നാൽ പ്രചാരഗുണമുള്ള മ വാരികളാണ് ഏറ്റവും കൂടുതൽ വിറ്റഴിയുന്നത്. നിരക്ഷരർകൂടി അതിൻെറ നിത്യ ശ്രോതാക്കളാണ്. റേഡിയോസർവ്വ പ്രചാരത്തിലുണ്ട്. ടി.വിയുടെ എണ്ണം കൂടികൊണ്ടിരിക്കുകയാണ്. കുട്ടികളും സ്ത്രകളുമാണ് ടി.വി പരിപാടിയുടെ സ്ഥിരം കാണികൾ. കാഞ്ഞിരപ്പുഴ പഞ്ചായത്തിൽ ഒരു സിനിമാടാക്കിസാണ് ഇത്. പ്രദർശനങ്ങളുടെയും കാണി കളുടെയും എണ്ണം വർദ്ധിച്ചുവരുന്നുണ്ട്. കുട്ടികളുടെ കളികൾ നാടൻകളികളല്ല, സിനിമയിലും ടി.വി പരിപാടികളുലുമാണ് അവരുടെ കമ്പം. കാഞ്ഞിരപ്പുഴ പഞ്ചായത്തിലും കമ്പോളസിനിമകൾ, ടി.വി, ജനപ്രീയ പരിപാടികൾ മദ്യപാനം, ആഭരഭ്രമം, വസ്ത്രാഡംബരം, സൗന്ദര്യവർദ്ധകവസ്തുക്കളുടെ കൂടിയ വില്പന എന്നിവയുടെയെല്ലാം സ്വാധീനം വർദ്ധിച്ച് പൊള്ളയായ സംസ്ക്കാരത്തിന് വഴിതെളികുന്ന പ്രവണത വേഗത്തിൽ ആധിപത്യം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്.

9. സ്ത്രീധനവും വിവാഹാദികൾക്ക് അധികചിലവും കൂടിവരുന്നു. എന്നാൽ സ്ത്രീധനത്തിൻെറ പേരിലുള്ള പീഡനപ്രശ്നങ്ങൾ വാർത്തയായി വന്നിട്ടില്ല.

കുടുംബാങ്ങളുടെ മേൽ സ്ത്രീകൾക്കു ധാർമികമായ നിയന്ത്രണമുണ്ട്. തൊഴിലെടുത്ത് ഉപജീവനം കഴിക്കുന്ന ഇവിടത്തെ മിക്കവാറും കുടുംബങ്ങളിൽലെ വരുമാനത്തിൻെറ പ്രധാനപങ്ക് സ്ത്രീകളുടെ അധ്വാനം വഴിക്കാണ് ഉണ്ടാകുന്നത്. ഇടത്തരം വീടുകളിൽ സ്ത്രീക്ക് പ്രത്യേക വരുമാനമുണ്ടാകുന്ന ജോലി ഗൃഹാന്തരീക്ഷത്തിനുപുറമേ ഇല്ല. മൃഗപരിപാലനമോ താന്താങ്ങളുടെ കുടുബവക കാർഷികമേഖലകളിലോ അവർ പണിയേടുക്കുന്നു അഭ്യസ്തവിദ്യരുടെ കുടുംബങ്ങലെ സ്ത്രീപുരുഷന്മാർ അവർ തെരഞ്ഞെടുക്കപ്പെട്ട മേഖലകളിൽ സ്ക്കുളിലോ, ബാങ്കിലോ സേവനമേഖലകളിൽ പണിയെടുക്കുന്നുണ്ട് മിക്കവാറും നാട്ടിലും വീട്ടിലും പുരുഷമോധാവിത്വമാണ് കാണുന്നത്. സാമ്പത്തികമായി മെച്ചപ്പെട്ടകുടുംബങ്ങളിലും അഭ്യസ്ഥവിദ്യരുടെയിടയിലും പുരുഷൻെറ അധീശഭാവം പ്രകടമാണ്.

10. പോയക്കാലത്തെയും ഇന്നത്തെ അവസ്ഥയും നിരീക്ഷിച്ചാൽ ഒരു സാമാന്യവൽക്കരണത്തിൽ നമുക്ക് എത്തിച്ചേരാൻകഴിയും സംസ്ക്കാരം മനുഷ്യരുടെ ജൈവവാസനകളെ സാമൂഹിക പ്രചോദനങ്ങളാക്കി മാറ്റുകയും കർത്താവ്യനരതരാക്കി ജീവിതസാക്ഷാൽക്കാരതതിന് പ്രാപ്തരാക്കുകയും ചെയ്യുന്നുണ്ടെന്നുകാണാം. സമൂഹ്യജീവതത്തിൽ അനുകൂലവും പ്രതികൂലവുമായ ഘടകങ്ങളുള്ളതുകൊണ്ട് സംസ്ക്കാരത്തിനും രൂപരീതി ഭേദങ്ങളുണ്ട് ഇതാണ് നമ്മുടെ പഞ്ചായത്തും സംസ്ഥാനത്തോടൊപ്പം നേരിടുന്ന പ്രശ്നം. ജാതിമതഭിന്നതകളും ഭാഷാഭേദവും വർഗ്ഗവിഭജനവുമെല്ലാം വിവിധ സാംസ്കാരിക ധാരയ്ക്ക് ജന്മം നല്കുന്നു അതെല്ലാം വിശമായി കഴിയണം. അങ്ങനെ ത്യാജ്യഗ്രാഹ്യവിവേചനവുമുണ്ടാകുന്നു. നമുക്ക് വേണ്ടത് ഗുണപരമായ കരുത്തും സൗന്ദര്യവുമാണ് അല്ലാതെ പൊങ്ങച്ചവും മാറ്റമില്ലായ്മയുമല്ല.

11. സ്വാതന്ത്യം ജനാധിപത്യം സോഷ്യലിസ് തുടങ്ങിയ ആദർശങ്ങളും ശാസ്ത്ര സാങ്കേതികവിദ്യ, വ്യവസായം തുടങ്ങിയ സംരഭങ്ങളും ഈ നൂറ്റാണ്ടിൻെറ മുഖഛായതന്നെ മാറ്റിയിട്ടുണ്ട്. ഇരുപതാംനൂറ്റാണ്ടിൻെറ അന്ത്യദശകമായ നമ്മുടെ കാലയളവിൽ അദ്ഭുതകരമായ മാറ്റമാണ് എവിടെയും തുറന്നുതന്നിരിക്കുന്നത്. ഈ മാററമുണ്ടാകുന്നത് ചിലത് നമ്മുടെ ധാർമികബോധം, മുല്യബോധം, പോലുള്ള മേല്പുരയ്ക്ക് അടിസ്ഥാനപരമായ മാറ്റമുണ്ടാക്കും അതു കരുതി നമ്മുടെ പഞ്ചായത്തിലും സാംസ്കാരിക രംഗത്ത് ബദൽപ്രവർത്തനം വേണ്ടിവരുന്നതാണ്.

12. സംസ്കാരത്തിൻെറ മാധ്യമം കമ്മ്യൂണിക്കേഷൻ അഥവാ മാധ്യമങ്ങളാണ്. സാക്ഷരതയിൽ മുന്നിൽ നില്ക്കുന്നസമൂഹത്തെപ്പോലും അക്ഷരമാധ്യമം വ്യാപകമായി സ്വാധീനിക്കാറില്ല. എല്ലാവീട്ടിലും പത്രമാസികാദികളെത്തിയിട്ടില്ലെങ്കിലും ഇലക്ട്രോണിക് മാദ്ധ്യമങ്ങളായ റേഡിയോ, ടി..വി എന്നിവയുടെ സമ്പർക്കവും സ്വാധീനവും വിപുലമാണ്. അതിൻെറ ഫലമായി ഗുരുകാരണവകേന്ദ്രങ്ങളിൽനിന്നും കുടംബഘടനയിൽ നിന്നും പൊതുവായ കീഴ്വഴക്കങ്ങളിൽ വേർവിട്ട് മാദ്ധ്യമങ്ങളുടെ പിടിയിലായി. ആധുനിക മാദ്ധ്യമം പോലെ മുലധനത്തിൻെറയും സാങ്കേതിക വിദ്യയുടെയും പിടിയിലമർന്നതോടെ സമൂഹത്തിലെ മേൽത്തട്ടുകാരുടെയും യാഥാസ്ഥിതികരുടെയും കരുക്കളായി മാറി. സർവ്വജനീനത്വവും സാർവത്രികത്വവുമുണ്ടായെങ്കിലും ഗുണത്തെക്കാളേറേ ദോഷമാണ് ചെയ്യുന്നത്. ഇത് നമ്മുടെ പഞ്ചായത്തിലെ ജലങ്ങളെ സ്വാധീനിച്ചിട്ടുണ്ടെന്ന് അന്യത്ര വിവരിച്ചിട്ടുള്ളത് ശ്രദ്ധിക്കേണ്ടതാണ്. ഈദുരവസ്ഥയാണ് സാംസ്കാരികാപചയത്തിനു നിദാനം ക്രമേണ നാമറിയാതെ ദൈനംദിന ജീവിതത്തിലും അതുവഴി ആശയതലത്തിലും

ബോധതലത്തിലും സംഭവിച്ചുകൊണ്ടിരി പ്രതിലോമകരമായ പ്രവണത നമ്മുടെ നാടിൻെറ സ്വാതന്ത്ര്യം സ്വാശ്രയത്വം ധാർമ്മികമായ മൂല്യങ്ങൾ, അദ്ധ്വാനശക്തി തുടങ്ങിയ സർവ്വതും തകർത്തുകളയും. അത്തരം സാംസ്കാരികമായ മേൽക്കോയ്മ അംഗീകരിച്ചുകൊടുക്കാൻ പാടില്ല.

13. സാംസ്കാരിക മേഖലയിൽ വിദ്യാഭ്യാസപരിപാടിക്കുള്ള സ്ഥാനം അനിഷേധ്യമാണെങ്കിലും നിലവിലുള്ള ഭരണസഥാപനത്തിൻെറയും, വ്യവസ്ഥിതി യുടെയും സംരക്ഷകരാണ, എല്ലാ സാംസ്കാരികസ്ഥാപനങ്ങളും അതുതന്നെയാണ് ചെയ്യുന്നത്. അതുകൊണ്ട് ജനകീയാസൂത്രണപരിപാടിയുടെ ഭാഗമായി നവീന പ്രക്രിയയിലൂടെ കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങളും മറ്റു സാംസ്കാരികപ്രവർത്തനങ്ങളും കടന്നുപോകണം അതിനുള്ളനവീനസംവിധാനമാണ് ഉണ്ടാകേണ്ടത്. ചലച്ചിത്രം ആബാലവൃദ്ധം ജനങ്ങളെ സ്വാധീനിച്ചിരിക്കുന്നു. അതിനും നമുക്കവേണ്ട സിനിമയുടെ മാതൃകകാണിക്കാനുണ്ട്. കമ്പോളസിനിമയല്ല, ജോൺഅബ്രഹാമിനെപ്പോലെയുള്ള സംവിധായരുടെ സിനിമകളാണ് ഉണ്ടാകേണ്ടത്. അതിന് വേണ്ടി നമുക്ക് എന്തുചെയ്യാൻ കഴിയുമെന്നും എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്ന് ആലോചിക്കേണ്ടിയിരിക്കുന്നു.

14. കേരളത്തിൽ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന് ഒന്നരനൂറ്റാണ്ടിനടുത്ത പഴക്കമുണ്ട് ഇന്നത് 4000ലധികം അംഗഗ്രന്ഥശാലകളുള്ള ജനകീയ പ്രസ്ഥാനമായി മാരിയിട്ടുണ്ടെങ്കിലും കാഞ്ഞിരപ്പുഴ പഞ്ചായത്തിൻ എത്തിനോ ക്കാൻപോലും വൈകിയത് എന്തുകൊണ്ടാണെന്നത് ചിന്തിച്ചാർഹമാണ്. വിദ്യാഭ്യാസരംഗത്തും മറ്റു സാമൂഹിക രംഗങ്ങളിലുംമഹത്തായ സേവനമാതൃക ഗ്രന്ഥശാലാ പ്രസ്ഥാനം നൽകിയിട്ടുണ്ട്. സ്വതന്ത്രസമരകാലത്ത് ഈ ജനകീയ പ്രസ്ഥാനം ബഹുജനസമരങ്ങളുടെ ചാലകശക്തിയായിരുന്നു. വിജ്ഞാനത്തിനു വിനോദത്തിനും ഗ്രന്ഥശാലകൾ ഉതകിയിരുന്നു.. കുട്ടികൾക്കും കൃഷിക്കാർക്കും വനിതകൾക്കും മെല്ലാം സാമൂഹികമായ ചോദനകൾക്കുകൂടി പ്രചോദനം സംഘടിതമായിനൽകിയ മാതൃക കാണാനുണ്ട്. ഇന്നാകട്ടെ അതിനേക്കാൾ വിപുലമായ പങ്കുവഹിക്കാൻ കഴിയുന്നതാണ്. സാക്ഷരുടെയും അഭ്യർസ്ഥ വിദ്യരുടെയും എണ്ണം കൂടിവരുന്ന വർത്തമനദിനങ്ങളിൽ ഗ്രന്ഥശാലകളുടെ പ്രയോജനം പരമാവധി ഉപയോഗിക്കാൻ കഴിയണം. പഞ്ചായത്തിൽ ഒരു കേന്ദ്രഗ്രന്ഥശാലയും എല്ലാവാർഡുകളിലും അംഗഗ്രന്ഥശാലകളും പ്രവർത്തിക്കാവുന്ന സാദ്ധ്യത ഇവിടെയുണ്ട്. ഇതിൻെറ ഭാഗമായി ഫിലിം സൊസൈറ്റികൾ, കായിക വിനോദം തെരുവുനാടകസംഘം, അമച്ച്വർ നാടകസംഘം, നാടൻകലകൾ തുടങ്ങിയപലതും, സംഘടിപ്പിക്കുവാനും നിയന്ത്രിക്കുവാനുള്ള വേദിയായും ഉപയോഗിക്കാം. ഇതോടൊപ്പം വീഡിയോ തുടങ്ങിയ ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ ഗുണപരമായ പരയോജനം ചൂഷണം ചെയ്യുവാനുള്ള വി.ഡിയോ ക്ലബുകളുംസ്ഥാപിക്കാവുന്നതാണ്. നിലനില്പിനു വേണ്ടി നാടകസംഘങ്ങളെയും ആർട്ട്സ് ക്ലബുകളെയും സംഗീതഅക്കാദമിയിൽ അഫിലിയേറ്റുചെയ്യാനും സാധിക്കും. അതുവഴി ഉന്നതാധികാരമുള്ള കേന്ദ്രസ്ഥാപനങ്ങൾക്ക് ജനാധിപത്യസ്വഭാവമുണ്ടാക്കാനും

കഴിയുന്നതാണ്. ഗ്രാമവൃദ്ധരായ നാടൻ കലാകാരന്മാർക്കും ഗ്രന്ഥശാല പ്രവർത്തനം താങ്ങും തണലുമാവണം.

15. ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ സ്വാധീനവും തിരഞ്ഞിട്ടും നമ്മുടെ കാണാമറയത്തുനിൽക്കുന്നകാരണങ്ങളും കൊണ്ട് ഗൗരവമായ പുസ്തകവായന മന്ദീഭവിച്ചിട്ടുണ്ടെന്ന് സൂചിപ്പിച്ചിട്ടുണ്ടല്ലോ. മുൻപ് പുസ്തകപ്രസാധകരുടെ എണ്ണം കുറവായിരുന്നെങ്കിലും നമ്മുടെ സംസ്കാരത്തിൻെറ ദൃപസ്തംഭങ്ങളായ സാഹിത്യകാരന്മാരുടെ കൃതികൾ കിട്ടാനുണ്ടായിരുന്നു. മുഖ്യപുസ്തകമായി കരുതേണ്ട ആ കൃതികൾക്ക് നിശ്ചിത കാലത്തിനുള്ളിൽ പുനഃപരിശോധന പരിപാടിയുണ്ടാകേണ്ടതല്ലേ? സാഹിത്യ അക്കാദമി ചിലതൊക്കെ ചെയ്യുന്നുണ്ടങ്കിലും ഗ്രന്ഥശാലാപ്രസ്ഥാനത്തിന് ജനകീയ കാഴ്ചപ്പാടോടെ കുറേകുടി നന്നായി പുനഃപ്രസാനം നടത്താൻ കഴിയും വിലക്കയറ്റം പുസ്കത്തെയും ബാധിച്ചിട്ടുണ്ട്. പ്രസാധകന്മാരുടെ പ്രതിസന്ധി ഇതായിരിക്കുമോ? അതിൽനിന്നു കരയകയറാൻവേണ്ടി അവർ ജനപ്രിയപുസ്തകങ്ങളുടെ പ്രസാധകന്മാരായി മാറിയിട്ടുണ്ട്. എന്തായാലും പുസ്തകങ്ങൾക്ക് ലൈബ്രറി പതിപ്പുകൾ ഉണ്ടാകണം. വിലകുറയാനുള്ള സബ്സിഡി എർപ്പാടും ഉണ്ടാകേണ്ടതാണ്. ജനകീയതയുള്ള പുസ്തകപ്രസാധകരെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. അവരുടെ നിലനില്പിനും പുസ്തകത്തിനും പ്രാധാന്യമുണ്ടാവണം.

16. ബാല്യത്തിലെ കുട്ടികളുടെ രുചിഭേദത്തെ തിരിച്ചറിയുന്നതും അതുകൊണ്ട് ലാഭം കൊയ്യുന്നതും വൻകിട വ്യവസായികളാണ്. അവർ മിഠായികളിലൂടെ കുട്ടികളെ മെരുക്കുന്നു. എന്നാൽ സാംസ്കാരികപ്രവർത്തനത്തിൽ കുട്ടികളുടെ സ്ഥാനമെന്ത്? ഔപചാരികവിദ്യാഭ്യാസം മതിയോ? ഗ്രാമങ്ങളിൽ കുട്ടികളുടെ മൂല വേണ്ടതല്ലേ? പുസ്തകങ്ങൾ മറ്റുപ്രസിദ്ധികരണങ്ങൾ, കളിസ്ഥലം, കൊച്ചു കൊച്ചു പൂന്തോട്ടം, ബാലവേദി, അവരോടെപ്പം മുത്തശ്ശന്മാരുടെയും മുത്തശ്ശിമാരുടെയും കഥാപ്രഞ്ചനം ഇതിനെല്ലാം ഹൃദ്യമായ സംവിധാനം നമ്മുടെപഞ്ചായത്തിൽ എങ്ങനെ സജ്ജീകരിക്കാൻ കഴിയും? അവർക്കു സമൂഹികബോധവും വ്യക്തിവികസനവും നേതൃത്വപരിശീലനവും വാസനാപുഷ്ടിയും കിട്ടുവാൻ എന്തൊക്കെ ചെയ്യുവാൻകഴിയുമോ അതെല്ലാം ഉപേക്ഷയില്ലാതെ നടപ്പിൽവരേണ്ടതാണ്.

17. നമ്മൾ ഇമ്മട്ടിലുള്ള അവബോധത്തോടുകൂടി വേണം കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ ആസൂത്രണപരിപാടിക്ക് രാഗവേദിയൊരുക്കേണ്ടത്. ഗ്രാമസഭയിൽ അവതരിപ്പിക്കപ്പെട്ട ആവശ്യ.ങ്ങൾക്കറിഞ്ഞും, അറിയാതെയും മേല്പറഞ്ഞ ഒരടിസ്ഥാനമുണ്ടെന്ന് കാണാം. സ്വശ്രയത്വത്തിനും സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും തുടർന്നുണ്ടാകുന്ന മാറ്റങ്ങൾക്കും വേണ്ടി വേദനയനുഭവിക്കുന്നജനങ്ങൾക്ക് വഴികാട്ടിയാകുന്ന സാംസ്കാരിക രംഗമൊരുക്കുന്നതിനുള്ള മാതൃക നമുക്കും സൃഷ്ടിക്കാൻകഴിയണം. അതാണ് നമ്മുടെ ഇന്നത്തെ ലക്ഷ്യം.

## ഗ്രാമസഭയിലെ ആവശ്യങ്ങളും നിർദ്ദേശങ്ങളും.

1. എല്ലാഗ്രാമസഭകളും മദ്യനിരോധനം സമ്പൂർണ്ണമാക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നു. മദ്യപാനത്തിനെതിരെ ബോധവത്കരണം നടത്തണം.

2. മതനിരപേക്ഷവീക്ഷണഗതിക്കുവേണ്ടി ഉച്ചനീചത്വത്തിനെതിരെ ബോധവത്കരണം നടത്തണം.

3. 10 വാർഡുകളും വാർഡിനൊരു ഗ്രന്ഥശാല എന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്. ഒമ്പതാം പദ്ധതിയിൽ ഇത് പ്രാവർത്തികമാക്കണം. ഇത് വാർഡുകേന്ദ്രങ്ങളിലാകാം ചില ഗ്രാമസഭകൾ സ്ഥലം നിർദ്ദേശിച്ചിട്ടുണ്ട്. എഴാം വാർഡ് കൊറണകുന്ന്, 6. കനാൽപാലം 5 മുനിക്കോടത്ത് 4 കാഞ്ഞിരം 3 സ്ക്കൂൾപ്പടി 2. ചിറക്കൽപടി 1. പഴയമാർക്കാറ്റ് 10 FASC ചേട്ടൻ പടി അക്കിയാം പാടം 9 മുണ്ടക്കുന്ന് 8, കാഞ്ഞിരപ്പുഴ.

4. തൃക്കാലൂർ ഗ്രാമീണ വായനശാലക്ക് കെട്ടിടം നിർമ്മിക്കണം. സ്വന്തമായ സ്ഥലമുണ്ട്.

5. എല്ലാവാർഡുകളിലും ജനവിദ്യാകേന്ദ്രങ്ങൾ ആരംഭിക്കണം കെട്ടിടം നിർമ്മിക്കണം തുടർസാക്ഷരത സമാരംഭിക്കുക

6. വാർഡ് 8 കാഞ്ഞിരപ്പുഴ പൊതുപരിപാടിക്കു പൊതുവായി മൈതാനംവേണം

7. 11 വാർഡുകളിലുമുള്ള കോളനികളിലും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന തുറകളിലും ടെലിവിഷൻ വേണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

ചിലവാർഡുഗ്രാമസഭകൾ സ്ഥലം നിർദ്ദേശിച്ചിട്ടുണ്ട്.

11 പുല്ലട്ട 7 കൊറണക്കുന്ന് 4 കല്ലമ്മല്ല കല്ലകുളം ചിറക്കൽ കാഞ്ഞിരംകോളനി 3 കുമ്പളംചോല കല്ലമ്മല ഹരിജൻ കോളനി കുമ്പളംചോലഹരിജൻകോളനി പടിഞ്ഞാറെപാടം, 2 അമ്പാഴക്കോട്, കിണറത്ത് കൊറ്റിയോട്, വരോട്. 1. ചേലെങ്കര കോളനി 2 എണ്ണം 10 അമ്പലവട്ട, അക്ഷരകോളനി, ഗണപതിമുക്ക്, അക്യാമ്പാടം 2 എണ്ണം 8 നെല്ലിക്കുന്ന് 2 എണ്ണം

12. ഓണാഘോഷം വിപുലമായിനടത്തണം.

13. നെച്ചുള്ളി കോളനിയിൽ ടി.വിഹാൾ പണിയണം.

14 ആറാം വാർഡ് ഗ്രാമസഭസംസ്കാരികസംഘടന രൂപീകരിക്കണമെന്ന് ആവിശ്യപ്പെട്ടു.

15. ആറാം വാർഡിലെഎല്ലാ കോളനികളിലും റേഡിയോ പൊതുവായി വിതരണം ചെയ്യണം.

16. അഞ്ചാംവാർഡ് കളിസ്ഥലവും പൂന്തോട്ടവും വേണമെന്ന ആവശ്യമുന്നയിച്ചു.

17. നാലാം വാർഡുഗ്രാമസഭ സ്ത്രീധനം,പുരുഷമേധിവിത്വം ഇതിനെതിരെ ബോധവത്ക്കണം നടത്തണമെന്ന് ആവശ്യപ്പെട്ടു.

18. 11 ാം വാർഡ് ഗ്രാമസഭാസംസ്കാരികസെമിനാർ നടത്തണമെന്ന് അഭിപ്രായപ്പെടുന്നു.

19. മ പ്രസിദ്ധികരണത്തിനെതിരെ പ്രചരണം നടത്തണം.
ഗ്രാമസഭ 10

20. സ്ത്രീകൾക്ക് പ്രത്യേകം വായനശാലവേണം. ഗ്രാമസഭ 10

സ്ത്രീകൾക്കുള്ള വായനശാല അംഗനവാടികളൊടൊപ്പം എല്ലാവാർഡിലും പ്രാവർത്തികമാക്കണം.

21 ഗ്രാമീണകലാരൂപങ്ങൾക്കു സംരക്ഷണവും കലാകാരന്മാർക്ക് ധനസഹായവും നൽകേണ്ടത്.

22. കോളനികളിലും തറകളിലും കുട്ടികൾക്കുള്ളകളിസ്ഥലവും ചെറുപൂന്തോട്ടവും നിർമ്മിക്കേണ്ടതാണ്.

23. പഞ്ചായത്തുവകസ്റ്റേഡിയം വിപുലീകരിക്കുക. ചുറ്റുമതിൽ വെച്ച് സംരക്ഷിക്കുകയും സ്റ്റേജ്ജും പുന്തോട്ടവും നിർമ്മിക്കുകയും ചെയ്യണം.

24. കുട്ടികൾക്കുമാത്രമുള്ള ഗ്രന്ഥശാലയും വായനശാലയും പൊറ്റശ്ശേരി ഗവ.ഹൈസ്ക്കുളിനു സമീപം തുടങ്ങുക.

25. കൊറണക്കുന്ന് (kpip) ക്യാഷ്മെൻറ് ഏരിയാ, കൊറണക്കോട്, നരിയം കോട് () പുറംപോക്ക് എന്നിവടങ്ങിൽ പൊതുവായകളിസ്ഥലംപണിയുക.

26. നിലവിലുള്ള എല്ലാ ക്ലബ്ബുകൾക്കും ആവശ്യത്തിനുള്ള ഉപകരണങ്ങൾ കൊടുക്കുക.

27. മുസ്ലീം ജനവിഭാഗങ്ങളുടെ ആചാരകലാപരിപാടിയായ ദഫ്മുട്ട്, കോൽക്കളി, അർബന എന്നിവ ഇപ്പോൾ കൂടുതൽ പ്രചാരം കുടിവരുന്ന അതിന് പ്രോത്സാഹനം വേണം.

# 17. വനിതാക്ഷേമം

ഈ പഞ്ചായത്തിൽ സ്ത്രീകൾ എണ്ണത്തിൽ കൂടുതലാണ്. സ്കൂളുകളിൽ പഠിക്കുന്ന ആൺകുട്ടികളുടെയും പെൺകട്ടികളുടെയും എണ്ണം ഏകദേശതുല്യമാണ്. ഈ പഞ്ചായത്തിലെ സ്ത്രീകൾ പൊതുവെ തൊഴിലെടുക്കുന്നതിൽ തൽപരരാണ് എന്നാൽ വിദ്യാസമ്പത്തിൻെറ കാര്യത്തിൽ പിന്നോക്കമാണ് ഈ പഞ്ചായത്തിലെ സ്ത്രീകളെ പൊതുവെ തൊഴിലെടുക്കുന്നതിൽ തൽപരരാണ് എന്നാൽ വിദ്യാഭ്യാത്തിൻെറ കാര്യത്തിൽ പിന്നോക്കമാണ് ഈ പഞ്ചായത്തിലെ സ്ത്രീകൾ. ന്യൂനപക്ഷ പിന്നോക്കവിഭാഗങ്ങളിലെ സ്ത്രീകളാണ് വിദ്യാഭ്യാസകാര്യത്തിൽ പിന്നോക്ക വിഭാഗങ്ങളിലെ സ്ത്രീകളാണ് വിദ്യാഭ്യാസകാരത്തിൽ പിന്നിൽനില്ക്കുന്നത്.

തുന്നൽ, പ്ലാസ്റ്റിക്, വയറിംഗ്, ടൈപ്പ് റൈറ്റിംഗ് എന്നിവ പരിശീലിച്ചവർ കുറെയുണ്ട്. പ്രസ്സുകളിൽ പണിയെടുക്കുന്നവർ സെയിൽസ്ഗേൾസുകളായ് ജോലി ചെയ്യുന്നവർ എന്നീകൂട്ടരുമുണ്ട്. പാടത്തും പറമ്പിലും കൂലിപ്പണിക്കുപോകുന്നവർ, ചുമടേറ്റൽ കെട്ടിടംപണി എന്നിവയ്ക്കു പോകുന്നവർ എന്നീ വിഭാഗക്കാരുമുണ്ട് ഭൂരിപക്ഷം പേരും വീട്ടമ്മമാരായിക്കഴിയുന്നവരാണ്. വീട്ടുജോലിക്കൊപ്പം വാണിജ്യാടിസ്ഥാനത്തിൽ കാലി കോഴികൃഷി ചെയ്യുന്നവരും അടുക്കളത്തോട്ടം മുതലായവ വെച്ചു പിടിപ്പിക്കുന്നവരും വിരളമാണ്. സ്ത്രീകൾ കുടുംബനാഥകളായുള്ള കുടംബങ്ങളുമുണ്ട്. ജോലിയൊന്നും ചെയ്യാതെ വീട്ടിൽ കുട്ടികളെ നോക്കി കഴിയുന്ന പുരുഷനും പാടത്ത് പണിയ്ക്കു പോയി കുടുംബം പുലർത്തുന്ന സ്ത്രീയുമുള്ള കുടുംബങ്ങളുമുണ്ട്.

സമൂഹത്തിൽ സ്ത്രീകളുടെ സ്ഥാനം പിന്നിലാണ്. സാധാരണ സ്ത്രീകളനുഭവിയ്ക്കുന്ന എല്ലാ പീഡനങ്ങളും നേരിടുന്നവരാണ് ഇവിടത്തെ സ്ത്രീകളും. മദ്യപാനം മൂലമാണ് പീഡനവും കുറവല്ല. സ്ത്രീധനസമ്പ്രദായം തുടങ്ങിയ വയുടെ തിക്തഫലം അനുഭവിക്കുന്നവരും കുറവല്ല.

ജീവിക്കാനോരു വരുമാനം, അതിനൊരു തൊഴിൽ, ഒരു തൊഴിലിനുവേണ്ട വിദ്യാഭ്യാസം, ഒരു തൊഴിലിനു പോകാൻ പറ്റിയ കുടുംബസാഹചര്യം ഇവ സൃഷ്ടിച്ച് സ്ത്രീയെ സ്വന്തം കാലിൽ നിർത്തിയാൽ മാത്രമേ സമൂഹത്തിൽ അർഹിക്കുന്ന സ്ഥാനം അവർക്കു ലഭിക്കൂ അല്ലാതെ പുരുഷമേധാവിത്വത്തെ പറ്റി സംസാരിച്ചതുകൊണ്ടു കാര്യമില്ല.

കൂടുതൽ സ്ത്രീകളും വീട്, കുടുംബം, അടുക്കള, കുടുംബാംഗങ്ങൾ, കുട്ടികൾ എന്നീ നൂലാമാലയിൽ കുടുങ്ങികിടക്കുകയാണ്. അവർ കൂടുതൽ സമയവും അടുക്കളയിലാണ്. സ്ത്രീകളെ അടുക്കളയിൽ നിന്ന് പൂർണ്ണമായ മോചിപ്പിച്ചതുകൊണ്ട് പ്രശ്നം തീരില്ല. അടുക്കളകുടുംബത്തിൻെറ അവിഭാജ്യഘടകം തന്നെയാണ്. കുടുംബാംഗളെയും കുട്ടികളെയും പരിചരിക്കുന്നതിൽ നിന്നും കുടുംബിനിയ്ക്ക് വിട്ടുനിൽക്കാൻ പറ്റില്ല. എന്നാൽ ഇത്തരം പണികൾ മാത്രം കൊണ്ട് ജീവിതകാലം കഴിയുന്ന അവസ്ഥ മാറിയേ പറ്റൂ.

സാഹചര്യമുണ്ടാവുക സമയമുണ്ടാവുക ഇവരണ്ടും പരസ്പരം കൂട്ടി യോജിപ്പിച്ച് പുതിയ ഒരു തൊഴിൽസംസ്കാരം രൂപപ്പെടത്തിയെടുക്കാൻ സാധിക്കും. അതിനായ് പുതിയൊരു തൊഴിൽ സംസ്കാരം, പുതിയൊരുസംഭരണസംസ്കാരം, പുതിയൊരു ഉപഭോഗസംസ്കാരം, പുതിയൊരു വ്യവസായസംസ്കാരം എന്നിവ

രൂപപ്പെടുത്തിയെടുക്കേണ്ടതുണ്ട്.

സ്വന്തം വീട്ടിൽ ഒറ്റയ്ക്കു ചെയ്യാവുന്നത്, സ്വന്തം വീട്ടിൽ കുടിൽവ്യവസായമായ് ചെയ്യാവുന്നത്, ചെറുകിടവ്യവസായമായ് ചെയ്യാവുന്നത് എന്നിങ്ങനെ തൊഴിലുകളെ വിഭജിച്ചിരിക്കണം. മൂന്നാമത്തെ വിഭാഗത്തിന് കൂടുതൽ പ്രാമുഖ്യം കൊടുക്കണം.

തുന്നൽ, ടൈപ്പ്റൈറ്റിംഗ്, പായനെയ്ത്ത്, ഓലമെടച്ചിൽ തുടങ്ങി സാധാരണ നിലയിലുള്ള തൊഴിലുകൾ കൂടാതെ പുതിയ മേഖലകൾ കണ്ടെത്തണം.

പച്ചക്കറി പരിമിതമായി, സ്വന്തം ആവശ്യത്തിനു മാത്രമുള്ള പച്ചക്കറികൾ ഉത്പാദിപ്പിയ്ക്കാനുദ്ദേശിച്ചു കൊണ്ടുള്ള പച്ചക്കറിത്തോട്ടം (അടുക്കളത്തോട്ടം) എന്ന കാഴ്ചപ്പാടുമാറി സ്വന്തം ആവശ്യത്തിന്നും വാണിജ്യാവശ്യത്തിനും വേണ്ടി.യുള്ള പച്ചക്കറി കൃ,ഷി എന്ന കാഴ്ചപ്പാണ്ടാക്കണം ഇത് ഒരു സത്രീക്കു ചെയ്യാം., കുറെ സ്ത്രീകൾ കൂടി ചെയ്യാം ഒരു പ്രദേശത്ത് ഇത്തരം കൃഷിയിടങ്ങളെ കേന്ദ്രീകരിച്ച് ഒരു സംഭരണകേന്ദ്രം ഉണ്ടാകണം. ഉല്പന്നങ്ങൾ ചിലവുമായി ബന്ധപ്പെടുത്തിയ മാന്യമായ വിലയ്ക്ക് സംഭരിക്കപ്പെടണം അതിനോടനുബന്ധിച്ച് ഒരു സംസ്ക്കരണശാലയും. (ഇത് ഒരു പഞ്ചായത്തിൽ ഒന്നാവാം) അവിടെ അച്ചാറുകൾ, പലതരം കറികൾ (സാമ്പാർ, അവിയൽ തുടങ്ങിയവ) പച്ചക്കറികൊണ്ടുള്ള മറ്റു വിഭവങ്ങൾ എന്നിവ ഗുണം നഷ്ടപ്പെടാതെയും ശുചിയായും തയ്യാറാക്കണം. അതോടനുബന്ധിച്ചുതന്നെ പാക്കിംഗ്കേന്ദ്രവും കൂടാതെ ഇവ വിപണനം ചെയ്യുന്നതിന് ഒരു വാർഡിൽ രണ്ടോ, മൂന്നോ സ്ഥലങ്ങളിൽ വിപണനകേന്ദ്രം ഉണ്ടാവണം. അതിൻെറ കീഴിൽ വീടുകൾതോറും കൊണ്ടു വിൽക്കലുമാകാം (ഗുണമേൻമയും, ശുചിത്വവും, പ്രത്യകം നിർഷ്ക്കർഷിക്കപ്പെടണം. അതു പരിശോധിക്കുന്നതിനായി പഞ്ചായത്തുതലത്തിലോ വാർഡുതലത്തിലോ കമ്മറ്റിയുമാകാം)

കാലി, കോഴി ഇവ വളർത്തൽ, പാൽ, മുട്ട, മാംസം ഇവ സംഭരിക്കൽ, സംസ്ക്കരിക്കൽ, പാക്കിംഗ് വിപണനം എന്നിവയും ഇതുപോലെ നടത്താവുന്നതാണ്. അതുപോലെത്തന്നെ പഴവർഗ്ഗങ്ങളും പപ്പായപോലുള്ള പഴവർഗ്ഗങ്ങൾ പഴത്തിനും കറിയക്കും ഉപയോഗിക്കാം. അതിൻെറയും സംഭരണം, സംസ്ക്കരണം, വിപണനം എന്നീ യൂണിറ്റുകൾ ഉണ്ടാകണം.. മാത്രമല്ല ഔഷധകൃഷിചെയ്യൽ, സംഭരണം ഔഷധനിർമ്മാണം, വിപണനം എന്നിവയും ഇതുപോലെ ചെയ്യാൻ സാധിക്കും കൂൺകൃഷി, മത്സ്യകൃഷി എന്നിവയും അവയുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവയും നടത്താൻ സാധിക്കും.

ഇതൊക്കെ ചെയ്യുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യം ഒരു പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഇത്തരം മിക്ക ഉൽപ്പന്നങ്ങളും അതേ പഞ്ചായത്തിൽതന്നെ വിറ്റഴിക്കപ്പെടുന്നു എന്നുറപ്പുവരുന്നതിലാണ്. ഒരു പുതിയ ഉപഭോഗ സംസ്കാരം വളർത്തിയെടുത്താൽ മാത്രമേ ഇതു സാധ്യമാകൂ. അതിനായി വിപുലമായ ഒരു പ്രചരണപരിപാടി ആവിഷ്കരിക്കേണ്ടതുണ്ട്.

അതുപോലെത്തന്നെ ധാന്യങ്ങൾ പയറുവർഗ്ഗങ്ങൾ എന്നിവ പലവിഭവങ്ങൾ ഉണ്ടാക്കാൻ പാകത്തിന് കുതിർത്തും, വേവിച്ചും പൊടിച്ചും, പാക്കുചെയ്ത് വിതരണം ചെയ്യാൻ സാധിക്കും. ചപ്പാത്തി, പൂരി, ഇഡ്ഡലി, ദോശ, മുതലായ വിഭവങ്ങൾ സാമ്പാർസാദം, തൈർസാദം, മുതലായ വിഭവങ്ങൾ ശുചിയോടെയും സ്വാദോടെയും പായക്കറ്റുകളിലാക്കി വിപണനം ചെയ്യാൻ സാധിക്കണം.

തുന്നൽ, കൊട്ടനെയ്ത്ത്, പ്ലാസറ്റിക്വർക്ക്, പായനെയ്ത്ത്, ഓലമേച്ചിൽ മുതലായപണികൾ ചെയ്യുന്നവർക്ക് ഇത്തരം പാക്കിംങ്ങിനാവശ്യമായ സാധനങ്ങൾ ഉണ്ടാക്കിയെടുത്ത് വിതരണം ചെയ്യാൻ സാധിക്കും.

ഓരോ വാർഡിലും രണ്ടോ മൂന്നോ ക്രഷെ, അതിനോടനുബന്ധിച്ച് തന്നെ ബാലവാടികൾ മുതലായവ സ്ഥാപിച്ച്പ്രായമായ സത്രീകളെ അവിടത്തെ

നടത്തിപ്പുകാരാക്കാൻ സാധിക്കും. അങ്ങനെ വൃദ്ധജനങ്ങൾക്കും തണലാകുന്ന പണിചെയ്യാനും ചെറിയൊരു സമ്പാദ്യമുണ്ടാക്കാനും സാധിക്കും.

ഇതെല്ലാം ചെയ്യുന്നതു കൊണ്ട് ധാരാളം തൊഴിലവസരങ്ങൾ ഉണ്ടാകുന്നു എന്നുകൂടാതെ അടുക്കളപ്പണിക്കും, കുട്ടികളെ പരിചരിക്കുന്നതിനും സ്ത്രീകൾ ചെലവഴിക്കുന്ന വളരെയോറെ സമയം ലാഭിക്കുന്നുവെന്നതാണ്. അതുകൊണ്ടുതന്നെ അവർക്ക് മേൽവിവരിച്ച പ്രവർത്തനങ്ങളിൽ വ്യാപൃതരാവാനും അങ്ങേനെ തൊഴിലും സമ്പാദ്യവും ഉണ്ടാക്കാനും തദ്വാരസമൂഹത്തിൽ മെച്ചപ്പെട്ട പദവിനേടിയെടുക്കാനും സാധിക്കുന്നു.

ഇതിനെല്ലാം വേണ്ടത് വസ്തുനിഷ്ഠവും, യാഥാർത്ഥ്യബോധത്താടുകുടിയ തുമായ പ്ലാനിംഗ് ശക്തമായ പ്രചരണവുമാണ് ഓരോ പ്രവൃത്തിക്കും അതിൻെറതായ പരിശീലനവും നല്കേണ്ടതായതുണ്ട്. തൊഴിലൽശാലയും തൊഴിലുമായി ബന്ധപ്പെടുത്തി നടത്തുന്ന പരിശീലനത്തിനു മാത്രമേ ഗുണമുണ്ടാകു.

വസ്ത്ര നിർമ്മാണം, റബ്ബർ ഉല്പന്നങ്ങൾ ചകിരി ചിരട്ട എന്നിവ കെണ്ടുള്ള ഉല്പന്നങ്ങൾ മൺപാത്രനിർമ്മാണം തുടങ്ങി പ്ലാസ്റ്റിക് ഉല്പന്നനിർമ്മാണം, ഫർണിച്ചർ നിർമ്മാണം തുടങ്ങി ടെലിഫോൺ ബുത്തുകൾ, സീറോക്സ്, ടൈപ്പറൈറ്റിംഗ് സ്ഥാപനങ്ങൾ കമ്പ്യൂട്ടർ സ്ഥാപനങ്ങൾ മുതലായവയും സ്ത്രീകൾക്കുമാത്രം എറ്റെടുത്തു നടത്താൻസാധിക്കും. ഓട്ടോറിക്ഷഓടിക്കൽ, ടാക്സികാർ ഓടിക്കൽ, ഇരുചക്രത്രിചക്രവാഹനങ്ങളിൽ ഉല്പന്നങ്ങൾ വീടുകൾ തോറും വിതരണം ചെയ്യാൻ എന്നീ മേഖലകളിലും സ്ത്രീകൾക്കു പ്രവൃത്തി ക്കാവുന്നതാണ്.

നൃത്തവിദ്യാലങ്ങൾ, സംഗീതവിദ്യാലയങ്ങൾ എന്നിവ മറ്റു ലളിതകലാവിദ്യാ ലയങ്ങളിൽ എന്നിവ സ്ത്രീവിദ്യാഭ്യാസത്തിൻെറയും വിനോദത്തിൻേറയും ഭാഗമായി തൊഴിൽ സ്ഥാപനങ്ങളോടു ചേർന്ന് സ്ത്രീകൾക്കു നടത്താവുന്നതാണ്.

തൊഴിലെടുക്കാൻ കഴിവുള്ള ഒരു സ്ത്രീയും വെറുതെയിരിക്കുന്നില്ല. എന്ന വസ്തുത ഉറപ്പാക്കുന്നതിനോടോപ്പം തന്നെ പരിപാവനമായ കുടുംബബന്ധങ്ങളും. കുടുംബാംഗങ്ങളുടെ പിചരണവും കുഞ്ഞുങ്ങളുടെ സംരക്ഷണം നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

ഭക്ഷ്യസംസ്കരണവും, വിപണനവും നടപ്പിലാവുമ്പോൾ കൈവരിക്കാവുന്ന മറ്റോരു വലിയ നേട്ടമുണ്ട് ആരോഗ്യ പരിശോധയുടെയും മറ്റും ഫലമായി ഓരോ വിഭാഗങ്ങളുടെയും ഭക്ഷണത്തിൽ ഉൾക്കൊള്ളേണ്ട പോഷകാംശങ്ങളും, മൂലകങ്ങളും മനസ്സിലാക്കാനും, അവയെല്ലാം ഉൾക്കോള്ളുന്ന ഭക്ഷണസാധനങ്ങൾ തയ്യാറാക്കാനും സാധിക്കും അതുപോലെതന്നെ ഒരേ വിഭവം പലരുചികളിൽ ഇഷ്ടപ്പെടുന്ന വരുണ്ടാവാം. അതിനാൽ ഉപഭോക്താക്കളുടെ രുചിഭേദം തിരിച്ചറി യുകയും അവയെ എതാനും പാറ്റേണുകളായി തരം തിരിക്കുകയും അതിനനുസരിച്ച് വിവിധ തരം ഭക്ഷ്യസംസ്കരണരീതികൾ അവലംബിക്കാനും സാധിക്കും

ഇതു കൊണ്ടുസാധിക്കുന്ന മറ്റൊരു മറ്റൊരു പ്രധാനനേട്ടം ചേന, ചേമ്പ് മുതലായ തണ്ടു വർഗ്ഗങ്ങളും താള്, തകര, മുരിങ്ങ, ഇല വർഗ്ഗങ്ങളും വാഴച്ചുണ്ട്, വാഴപ്പിണ്ടി മുതലായ ഔഷധഗുണമുള്ളവസ്തുക്കളും മറ്റും ചേർത്ത്, പ്രത്യേകം പ്രത്യേകം പല വിഭവങ്ങളായും പ്രചരിപ്പിക്കാൻസാധിക്കും. ഇതെല്ലാം പൊതുജനാ രോഗ്യരംഗത്ത് വലിയനേട്ടങ്ങൾ ഉണ്ടാക്കും.

ഇത്രയും സമയം സൂചിപ്പിച്ചത് സ്ത്രീകളുടെ തൊഴിൽ പ്രശ്നങ്ങളാണ്. ഈ തൊഴിലിനോടനുബന്ധിച്ചുതന്നെ വിദ്യാഭ്യാസം ബോധവൽക്കരണം, വായന, മറ്റു വിനോദോപാധികൾ കലാപ്രവർത്തനങ്ങൾ, സാംസ്കാരിക പ്രസ്ഥാനങ്ങൾ എന്നിവ സംഘടിപ്പിക്കാൻ സാധിക്കും.

മേൽ പ്രസ്ഥാവിച്ച രീതിയിൽ തന്നെ പഞ്ചായത്തും നീങ്ങുകയാണെങ്കിൽ ഇന്ന് സ്ത്രികൾ നേരിടുന്ന ഒട്ടുമിക്ക പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ സാധിക്കും.

# 18. സഹകരണമേഖല

ഇന്ന് സഹകരണപ്രസ്ഥാനം കടന്നു ചെല്ലാത്ത ഒരു മേഖലയുമില്ല. എന്നാൽ അതിൻെറ കാര്യക്ഷമതയും പ്രവർത്തനവും ഉദ്ദേശിച്ചവിധം മെച്ചപ്പെട്ടുകാണുന്നില്ലന്നത് ഒരു യാഥാർത്ഥ്യമാണ്.

കാഞ്ഞിരപ്പുഴ പഞ്ചായത്ത് അതിർത്തിയിൽ സഹകരണവകുപ്പിൻെറ നിയന്ത്രണത്തിൽ 7 സഹകരണസംഘങ്ങളുണ്ട്. ഒന്നിൽകൂടുതൽ പഞ്ചായത്തുകൾ പ്രവർത്തനമേഖലയുള്ള രണ്ടുസംഘങ്ങളുണ്ട്. ഇതിൽ ഒരേണ്ണം ലികിഡേ ഡഷനിലാണ്. വ്യവസായ വകുപ്പിൻെറനിയന്ത്രണത്തിൽ പ്രവർത്തനരഹിതമായ ഒരു സംഘവും, ക്ഷീരവികസനവകുപ്പിൻെറ നിയന്ത്രണത്തിൽ മൂന്ന് സംഘങ്ങളുമുണ്ട്. താഴെകൊടുത്തപട്ടികയിൽനിന്ന് സംഘങ്ങളുടെ പ്രവർത്തനവിവരം ലഭ്യമാണ്.

| നമ്പ | സംഘത്തിൻെറ പേര് | പ്രവർത്തനവിവരം | റിമാർക്ക്സ്. |
|---|---|---|---|
| 1. | പൊറ്റശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് പി.ഒ പൊറ്റശ്ശേരി. | കാർഷികമേഖയിൽ പ്രവർത്തിത്തിക്കുന്നു. | 4646 അംഗങ്ങൾ സഹകരണവകുപ്പിൻെറ കീഴിൽ. |
| 2. | പൊറ്റശ്ശേരി പട്ടികജാതി സർവ്വീസ് സഹകരണസംഘം പ.ഒ വിയ്യക്കുറുശ്ശി | പട്ടികജാതിക്ഷേമം | പ്രവർത്തനം മന്ദഗതിയിൽ |
| 3. | മണ്ണാർക്കാട് ബ്ലോക്ക് പട്ടികവർഗ്ഗ സഹകരണസംഘം പി.ഒ. പൊറ്റശ്ശേരി | പട്ടികവർഗ്ഗക്ഷേമ | ബ്ലോക്കുതലപ്രവർത്തനമേഖല,പ്രവർനരഹിതം |
| 4 | വിയ്യകുറുശ്ശി ഭവനനിർമാണ സഹകരണസംഘം പി. ഒ വിയ്യക്കുറുശ്ശി | കാഞ്ഞിരപ്പുഴ,തച്ചംപാറ കാരാകുറുശി, കരിമ്പ മോഖലയിൽ പാർപ്പിടം രംഗത്തെ പ്രവർത്തനം | കാഞ്ഞിരപ്പുഴ തച്ചംപാറ, കരിമ്പ കാരാകുറുശ്ശി മേഖലയിൽ. വികസന സാധ്യതകൾ |
| 5 | കാഞ്ഞിരപ്പുഴ വനിതാസമാകരണസംഘം പീ. ഒ പൊറ്റശ്ശേരി | വനിതാവികസനം | പ്രവർത്തനരഹിതം |
| 6 | പൊറ്റശ്ശേരി ഗവ..ഹൈസ്ക്കൂൾ കൺസ്യൂമർ സ്റ്റോർ പി.ഓ പൊറ്റശ്ശേരി | യു.പി,ഹൈസ്കൂൾ പ്രവർത്തനമേഖല | ഭാഗികമായി പ്രവർത്തനം |
| 7 | കാഞ്ഞിരപ്പുഴ സഹകരണകരണ കൺസ്യൂമർസ്റ്റോർ | വിപണനമേഖല | പവർത്തനരഹിതം. |
| 8 | ഇരുമ്പകച്ചോലകൺസ്യൂമർ | വിപണന | സമാപ്തീകരണ നടപടിക |
| 9 | ചിറക്കൽപ്പടി ഗ്രാമവ്യവസായ സഹകരണസംഘം | ചെറുകിടവ്യവസായ മേഖല | വ്യവസായവകുപ്പിൻെകീഴിൽ. പ്രവർത്തനരഹിതം |
| 10 | ഇരുമ്പകച്ചോല ക്ഷീരസഹകരണസംഘം | ക്ഷീരമേഖലയിൽ | ക്ഷീരവികസന |
| 11. | വിയ്യക്കുർശ്ശിക്ഷീരോൽപാദക സഹകരണസംഘം | ക്ഷീരമേഖലയിൽ | വകുപ്പിൻെറകീഴിൽ പ്രവർത്തിക്കുന്നു |
| 12. | പൊറ്റശ്ശേരി ക്ഷീരോൽപാദക സഹകരണ സംഘം | ക്ഷീരമേഖലയിൽ | മന്ദഗതിയിൽ പ്രവർത്തനം |

## പൊറ്റശ്ശേരി സഹകരണബാങ്ക്.

മുകളിൽകൊടുത്ത 12 സഹകരണ സംഘങ്ങളിൽ പൊറ്റശ്ശേരി സർവ്വീസ് സഹകരണബാങ്കാണ് ഇപ്പോൾ കാര്യമായി പ്രവർത്തിച്ചുവരുന്നത്. 4646 അംഗങ്ങളിൽ നിന്നും പതിനാലരലക്ഷം രൂപ ഓഹരി സ്വരൂപിച്ച് കാർഷികമേഖലയിൽ ഊന്നി പ്രവർത്തിക്കുന്ന ഈ ബാങ്കിന് ഇനിയും ഉണർന്നു പ്രവർത്തിക്കാനും വികസിക്കാനുമുള്ള സാദ്ധ്യതയുണ്ട്. 1995-96 ൽ 82 ലക്ഷം രൂപ കാർഷിക വായ്പയായി കൊടുത്തു. എന്നാൽ 1993 -94 ൽ കൊടുത്ത വായ്പയേക്കാൾ 17ലക്ഷം രൂപ കമ്മിയാണ് 1995-96 ൽ കൊടുത്തത്. വായ്പയിൽ ക്രമാനുഗതമായ വളർച്ച കാണുന്നില്ല. നേരെ മറിച്ച് സ്വർണ്ണപ്പണ്ടംപണയം വർഷം തോറും വർദ്ധിച്ചു വരികയാണ്. 1993-94 ൽ മൂന്നുകോടി വായ്പകൊടുത്തപ്പോൾ 1995-96ൽ മൂന്നുകോടി 30 ലക്ഷം രൂപ വായ്പ കൊടുത്തു. കാർഷികമേഖലയിൽ ഹൃസ്വകാല ദീർഘകാല വായ്പയായി 1993-94 ൽ ഒരു കോടി രൂപ വായ്പകൊടുത്തപ്പോൾ 1995 96 ൽ 83 ലക്ഷം രൂപ മാത്രമാണ് കൊടുത്തത്. വായ്പ്പക്ക് ആവശ്യക്കാരില്ലന്ന് പറയുന്നത് ശരിയല്ല. സ്വർണ്ണപണ്ടം വായ്പയ്ക്ക് ആവശ്യകാരുടെ തള്ളികയറ്റം ഇത് വ്യക്തമാക്കുന്നു.

## കാർഷികവായ്പാ വിതരണത്തിലെ മാന്ദ്യം.

കാർഷികവായ്പാ വിതരണത്തിലുണ്ടായ ഈ തിരിച്ചടിക്ക് പ്രധാനകാരണം 2.10.89 ന് ഉണ്ടായ കാർഷികവായ്പ എഴുതിതള്ളൽ പദ്ധതിയാണ്. കാഷിക വായ്പയിൽ തുടർച്ചയായി വീഴ്ചവരുത്തിയവർക്കുമാത്രം ഗുണം ലഭിച്ച ഇതിൻെറ നേട്ടം നിയമത്തോട് ബഹുമാനവും, ദയവുമുള്ളകർഷകർക്ക് ലഭിച്ചില്ല കാരണം വിളനശിച്ചിട്ടും അവർ മറ്റുമുതലുകൾ വിറ്റും പണയപ്പെടുത്തിയും സഹകര ണബാങ്കിൻെറ വായ്പ അടച്ച് ലോൺ പുതിയതാക്കിമാറ്റിയ ഇത്തരം കർഷകർക്ക് എഴുതി തള്ളലിൻെറ ഗുണം ലഭിച്ചില്ല.

## കർഷകർക്ക് ഉത്തേജനം കൊടുക്കണം

ഒരു പുതിയകാഴ്ചപ്പാടോടുകൂടി ഒൻപതാം പദ്ധതി ആവിഷ്കരിക്കുന്നത് പരിഗണിച്ച് 1990 ലെ സഹകരണഗ്രാമീണ കാർഷിക കടാശ്വാസപദ്ധതിയിൽ നിരാശരായി കഴിയുന്ന കർഷകരെ ഉത്തേജിപ്പിക്കുന്നതിനുവേണ്ടിയും 2.10.96 ന് നിൽക്കുന്ന കാർഷികവായ്പയും അതിൻെറ പലിശയും എഴുതിതള്ളുന്നതിന് 9ാം പദ്ധതിയിൽ തുക വകയിരുത്തണം മുൻപ് കടാശ്വാസം ലഭിച്ച വ്യക്തികളെ ഈ പദ്ധതിയിൽ നിന്ന് ഒഴിവാക്കുകയും വേണം

## അംഗവും സംഘവുമായുള്ള ബന്ധം

ഇന്ന് സഹകരണ സംഘത്തിൽ അംഗമായിചേരുന്നത് ഒന്നുകിൽവായ്പ ലഭിക്കുന്നതിനോ, അല്ലെങ്കിൽ വോട്ടുചെയ്യാനുള്ള ഉദ്ദേശം മാത്രം ലക്ഷ്യം വച്ചാണ്. ഈ നിലയിൽ മാറ്റം വരുത്തണം. ഒരംഗത്തിൻെറ സർവ്വകാര്യങ്ങളും സംഘം മുഖേന നടത്തുന്നതിനുള്ള സാമ്പത്തിക സാമൂഹികപദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. കാർഷികവും കാർഷികേതരവുമായ ആവശ്യങ്ങൾ ആവിഷ്കരിച്ച് ഒരോഅംഗത്തിനും കൊടുക്കാവുന്ന പരമാവധി വായ്പനിശ്ചയിച്ച് ക്രഡിറ്റ് കാർഡ്

കൊടുക്കണം. ആവശ്യാനുസരണം മറ്റുതടസങ്ങൾകൂടാതെയും കാലവിളംബരമില്ലാതെയും ഒരു എസ്. ബി അക്കൗണ്ടിൽ നിന്നും പണം പിൻവലിക്കുന്നതുപോലെ ക്രഡിററുകാർഡ് ഉപയോഗപ്പെടുത്താൻ കഴിയണം.

## വിഭവസമാഹരണം

ഇപ്പോൾ കാർഷികാവശ്യങ്ങൾക്ക് നബാർഡ്, സ്റ്റേറ്റ് സഹകരണബാങ്കിനും, സ്റ്റേറ്റ് സഹകരണബാങ്ക് ജില്ലാ ബാങ്ക് മുഖേന പ്രാഥമികസംഘത്തിനും പ്രാഥമികസംഘം മെമ്പർമാർക്കും കടം കൊടുക്കുന്നു. ഈനടപടിക്രമത്തിൽ വ്യതിയാനം വരുത്തി നബാർഡ് നേരിട്ട് പ്രാഥമികസംഘങ്ങൾക്ക് വായ്പ അനുവദിക്കണം. ഇതുമൂലം അംഗങ്ങളുടെ പലിശയിൽ കാര്യമായ വ്യത്യാസം വരുന്നതാണ്. കാലതാമസവും ഒഴിവാകും.

കാർഷികേതരവായ്പകൾ കൊടുക്കുന്നതിന് ഗ്രാമീണവിഭവസമാഹരണം നടത്തേണ്ടതാണ്. ചെറിയ സംഖ്യകൾ സമാഹരിക്കുന്നതിൽ പ്രത്യേകപരിഗണന നൽകണം.സംഘത്തിൽ അംഗമാവുന്ന ഒരോവ്യക്തിയും ഡെപ്പോസിറ്റുമുഖേന ബാങ്കിൽ ബന്ധം പുലർത്തുകയും വേണം. ഡെപ്പോസിറ്റുമുഖേന മാത്രം അടുത്ത അഞ്ചുകൊല്ലത്തേക്ക് അംഗങ്ങളുടെ കാർഷികേതരവായ്പകൾ തൃപ്തിപ്പെടുത്തുന്നതിന് കഴിയുകയില്ല. ഈ വസ്തുത കണക്കിലെടുത്ത് ഗവൺമെൻറ് സംഘത്തിൽ ഓഹരികൾ എടുക്കണം.

## സഹകരണവിദ്യാഭ്യാസം

25അംഗങ്ങൾ അടുങ്ങുന്ന ഗ്രൂപ്പുകൾക്ക് നിരന്തരമായി സഹകരണ ബോധവൽക്കരണം നടത്താൻ ഏർപ്പാടുവേണം. അടുത്ത അഞ്ചുകൊല്ലത്തേക്ക് 5 റൗണ്ട് പഠന ക്ലാസുകൾ വിവിധ വിഷയങ്ങളിൽ നടത്തേണ്ടതാണ്. ഇത്തരം ക്ലാസുകളിൽ സംഘം ഡയറക്ടർമാരും സജ്ജീവമായി പങ്കെടുക്കണം. സഹകരണ യൂണിയൻെറ സഹകരണത്തോടെ നടത്തുന്ന ഇത്തരം ക്ലാസുകൾക്കാവശ്യമായ ഫണ്ട് തുടക്കത്തിൽ പദ്ധതിയിൽ നിന്നുതന്നെ ചിലവു ചെയ്യണം.

## സംഘത്തിൻെറ ദൈനംദിനപ്രവർത്തനം

സംഘത്തിൻെറ എതെല്ലാം പ്രവർത്തനങ്ങൾ നടക്കുന്നു എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താം എന്നുതുടങ്ങിയതിനെപ്പറ്റി ഡയറക്ടർ ബോർഡിന് നിയമപരവും സാമൂഹികവുമായ വീക്ഷണം ഉണ്ടായിരിക്കണം. പൊറ്റശ്ശേരി സഹകരണ ബാങ്കിന് 1993-94 ൽ 11 ലക്ഷം ക നഷ്ടമാണ്. സഹകരണവകുപ്പിൻെറ ഓഡിറ്റ് അതത് കൊല്ലം നടക്കുന്നില്ല. ബാങ്ക് ഓഡിറ്ററുടെ ശമ്പളം, അലവൻസ്, യാത്രാബത്ത, പെൻഷൻ, എന്നീ ആനുകൂല്യങ്ങൾ തുടങ്ങിവ വഹിച്ചുകൊണ്ട് ഒരു ഗ്രൂപ്പ് ഓഡിറ്ററേ വെച്ചിട്ടും ഓഡിറ്റ് അതതുകാലം നടത്താത്തതിൻെറ വീഴ്ച സഹകരണ വകുപ്പിനാണ്. ബാങ്കുമായി സഹകരണവകുപ്പ് എല്ലാകാര്യങ്ങളിലും സഹകരിച്ച് ബാങ്കിൻെറ കാര്യക്ഷമമായപ്രവവർത്തനത്തിന് കളമൊരുക്കണം.

## ഇൻസ്പെക്ഷൻ കം ആഡിറ്റ്സെൽ

സംഘത്തിൻെറ പ്രവർത്തികൂടുംതോറും ഒരോ വിഭാഗത്തിലും വരുന്ന പാളിച്ചകൾ എന്തെന്നുമനസ്സിലാക്കാൻ കഴിയുകയില്ല. ഇത്തരം പാളിച്ചകൾ അപ്പപ്പോൾ സംഘം ഡയറക്ടർ ബോഡിൻെറയും സെക്രട്ടറിയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിന്

സംഘത്തിൻെറതായ ഒരു പ്രത്യേക സംവിധാനമാവശ്യമാണ്. ഡിപ്പാർട്ടുമെൻറുമായി ബന്ധപ്പെട്ട് ഒരു ഇൻസ്പെക്ഷൻ കം ആഡിറ്റ്സെൽ ബാങ്ക് സ്വയം രൂപീകരിക്കേണ്ടതാണ്. ഇതിൻെറ ചിലവ് കഴിയുന്നതും ചുരുക്കേണ്ടതും ഭാവിയിൽ ഈ സെല്ല് ഒരു ബാധ്യതയായി വരാതെയിരിക്കാനും പ്രത്യേകം ശ്രദ്ധിക്കണം.

## കാർഷികഗോഡൗൺ

കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾ കീടബാധയിൽ നിന്നും സംരക്ഷിച്ച് സൂക്ഷിക്കുന്നതിന് അത്യാധുനിക രീതിയിൽ ഒരു ഗോഡൗൺ നിർമ്മിച്ച് ബാങ്കിനോ മറ്റേതെങ്കിലും സംഘങ്ങൾക്കോ കൈമാറണം. ഉൽപാദനത്തിന് പണവായ്പ കൊടുക്കുന്നതിനും ഈ ഗോഡൗൺ ഉപയോഗപ്പെടുത്താം. ചുരുങ്ങിയ വാടക മാത്രം ഈടാക്കി ഇത്തരം ഗോഡൗൺ നിർമ്മിക്കുന്നതുമൂലം കൃഷിക്കാരുടെ താഴെ പറഞ്ഞ ആവശ്യങ്ങൾ നിർവഹിക്കാം.

1. ട്രാക്ർ, പവ്വർട്രില്ലർ, തുടങ്ങിയ കാർഷികായുധങ്ങൾ വാങ്ങിസൂക്ഷിച്ച് കൃഷിക്കാർക്ക് ചുരുങ്ങിയ നിരക്കിൽ വാടകയ്ക്ക് കൊടുക്കുക.
2. വിവിധയിനം വിത്തുകൾ ശേഖരിച്ച് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.
3. രാസവളങ്ങൾ സംഭരിച്ച് വിതരണം നടത്തുക.
4. മറ്റു സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ നാമമാത്രമായവാടകയ്ക്ക് സൂക്ഷിക്കുക.
5. കൃഷിഭവനുകളുടെകൂടി സഹകരണത്തോടെ കാലാനുസൃതമായ മറ്റുകാർഷിക പ്രവർത്തനങ്ങൾക്ക് നേതൃത്വപരമായ പങ്കുവഹിക്കുക.

ഇതിനെല്ലാം ആവശ്യമായ തുക 9-ാം പദ്ധതിയിൽ പഞ്ചായത്തിനുലഭിക്കുന്ന 40% തുകയിൽനിന്ന് അനുപേക്ഷണിയമാം വിധം നീക്കിവെക്കുകയും ചെയ്യുക.

## പട്ടികജാതി സഹകരണസംഘം

പൊറ്റശ്ശേരി പട്ടികജാതി സഹകരണസംഘത്തിന് സ്വന്തമായി കെട്ടിടവും ഗോഡൗണും ഉണ്ടായിട്ടും പ്രവർത്തനം മന്ദഗതിയിലാണ്. സഹകരണ സംഘത്തിൽ മുഴുവൻ പട്ടികജാതി വ്യക്തികളെയും അംഗങ്ങളാക്കുകയും, പട്ടികജാതി സംഘത്തിൽനിന്നും നൽകുന്ന വിവിധവായ്പതുടങ്ങിയവയുടെ വിവരം ഉൾപ്പെടുന്നതും, വായ്പതുടങ്ങിയവയുടെ വിവരം ഉൾപ്പെടുന്നതുമായ ക്രഡിറ്റ് കാർഡ്സൗകര്യം ഏർപ്പെടുത്തുക. ഇപ്പോൾ നിലവിൽ സർക്കാരിൽ നിന്നും കിട്ടുന്ന നാമമാത്രമായ തുകകൾ കൊണ്ട് സംഘം അംഗങ്ങൾക്ക് വായ്പ നൽകുന്നതിനും മറ്റ് അനുബന്ധപ്രവർത്തനങ്ങൾക്കും കഴിയുന്നില്ല.

പട്ടികജാതി സംഘങ്ങളുടെ പരാജയകാരണത്തിന് പ്രധാനകാരണം അംഗങ്ങളുടെ സഹകരണവിദ്യാഭ്യാസത്തിൻെറ അഭാവവും, ആവശ്യാനുസൃതമായ സഹായങ്ങൾ ലഭിക്കാത്തതുമാണ്. അംഗങ്ങളുടെ സാമ്പത്തികമിച്ചം സംഘത്തിൽ സൂക്ഷിക്കാനും പിൻവലിക്കാനും സൗകര്യമുണ്ടാക്കുകയും,ചെറിയ സല യുള്ള ചിട്ടിനടത്തുന്നതും അംഗങ്ങൾക്കിടയിൽ സമ്പാദ്യശീലം വളർത്താൻ ഉപകരിക്കും. അംഗങ്ങളുടെ സാമ്പത്തികാവശ്യങ്ങൾ മനസിലാക്കിയുക്തമായസംഖ്യവായ്പ നൽകുന്നതിന് ഇന്ന് ഈ സംഘങ്ങൾക്കാവുന്നില്ല. അതിൽ ആ സാഹചര്യം സാധിതമാകും വിധം 9ാം പദ്ധതിയിൽ തുക വകയിരുത്തി സംഘത്തിന് നൽകുകയും തിരിച്ചടവ് കാര്യക്ഷമമാകാൻ പൊതുജനസേവകരടക്കമുള്ള ഒരു സെൽനിസ്വാർ ത്ഥസേവന

സന്നദ്ധതയോടെ നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്താൽ മുൻകാലങ്ങളെ അപേക്ഷിച്ച് അവരെ സമൂഹത്തിൻെറ മുഖ്യ ധാരയിൽ എത്തിക്കാൻ കഴിയും.

## തൊഴിൽ സൗകര്യങ്ങൾ ഉറപ്പാക്കുക

നിർമ്മാണതൊഴിലുകളിൽ താൽപര്യമുള്ള അംഗങ്ങൾക്ക് പരിശീലനം നൽകി ചെറിയ കോൺട്രാക്ടറുകൾ നടത്തുന്നതിന് സൗകര്യംചെയ്യുക. ഗ്രാമ പഞ്ചായത്തിൽ നിർമ്മിക്കുന്ന പട്ടികജാതിക്കാരുടെയും, മറ്റുള്ളവരുടെയും വീടുകൾ ഇത്തരം ഗ്രൂപ്പുകൾക്ക് ഏൽപ്പിച്ചുകൊടുക്കുക, ചകിരിയിൽനിന്നും നാരെടുക്കുകയും അതുപയോഗിച്ചുള്ള ഉൽപ്പന്ന ഉണ്ടാക്കി വിപണനം നടത്തുക, വാഴപ്പിണ്ടി മറ്റ് നാരുകൾ, വയ്ക്കോൽ ഇവ ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് വിദഗ്ദ പരിശീലനം നൽകുക, അതാതു തൊഴിലുകളിൽ ഏർപ്പെടാനും വിപണനം നടത്താനും സൗകര്യം ചെയ്തുകൊടുക്കുക സംഘം സെക്രട്ടറിക്ക് മാസം 2000 രൂപ വീതം വേതനം നല്കുന്നതിനുള്ള ഫണ്ട് പദ്ധതികാലത്ത് ലഭ്യമാക്കുക. ഡയറക്ടർബോഡ് യോഗങ്ങൾക്ക് 50 രൂപ വീതം സിറ്റിങ്ങ് ഫീസ് നൽകുക. ഇതിനുള്ള ഫണ്ടും പദ്ധതിയിൽ ഉൾപെടുത്തുക ജനറൽബോഡിക്ക് ഒരംഗത്തിന് 20 രൂപതതോതിൽ ചിലവ് ചെയ്യുന്നതിനുള്ള ഫണ്ട് ഗ്രാൻറ്റായി അനുവദിക്കുക അംഗങ്ങൾക്ക് പലിശ രഹിതമായവായ്പ നൽകുകയും ചെയ്യുക.

## പട്ടികവർഗ്ഗ സഹകരണസംഘം

മണ്ണാർക്കാട് ബ്ലോക്ക് പ്രവർത്തന പരിധിയുള്ള ഈ സംഘം ഇപ്പോൾ പ്രവർത്തനരഹിതമാണ്. ഡയറക്ടർ ബോർഡിൽ സഹകരണവകുപ്പിൽ നിന്നൊരു ഉദ്യോഗസ്ഥൻ ഉണ്ടായിട്ടുകൂടി കഴിഞ്ഞരണ്ടു കൊല്ലമായി സംഘം പ്രവർത്തനരഹിതമാണ് നിസ്സാരകാരണം പറഞ്ഞ് സംഘം സെക്രട്ടറിയേയും സംഘത്തെയും നിഷ്ക്രിയമാക്കിയ നടപടിമൂലം സഹകരണവകുപ്പ് പട്ടികവർഗ്ഗ സംഘത്തിൻെറ പ്രവർത്തനത്തെ തടസപ്പെടുത്തിയിരിക്കുകയാണ്. സ്ഥലം വാങ്ങിക്കുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും ഗ്രാൻറ്റ് തുടങ്ങിയ എല്ലാപ്രവർത്തനത്തിനും ഗവൺമെൻറ് മുഴുവൻ സംഖ്യയും വഹിക്കുമ്പോൾ അതിൻെറ പ്രവർത്തന ശൈലിയിൽ നിന്ന്, പ്രവർത്തനത്തിൽ വരുന്ന പാളിച്ചകൾക്കോ സഹകരണ വകുപ്പുതന്നെ ഉത്തരവാദികളാണ്. വരുന്ന 5 വർഷത്തേക്ക് സംഘം സെക്രട്ടറിക്ക് 2500 രൂപ നിരക്കിൽ ശമ്പളം നൽകുന്നതിനും, 2000 രൂപ ശമ്പളം ഗ്രാൻറ്റ് നൽകി ഒരു ക്ലാർക്കിനെ നിയമിക്കുന്നതിനുമുള്ള തുക 9ാം പദ്ധതിയിൽ വകയിരുത്തേണം.

## ആദിവാസികളെ പുനരധിവസിപ്പിക്കുക

സംഘത്തിൻെറ പരിധിയിൽ വരുന്ന പട്ടികവർഗ്ഗകുടുംബങ്ങളെ മുഴുവൻ സംഘത്തിൽ അംഗങ്ങളായി ചേർക്കണം ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് അഞ്ച് ഏക്കർ വനപ്രദേശത്ത് പതിച്ചുനൽകുകയും ഇത്തരം ഭുമിയിലും നിലവിലുള്ള കൈവശഭമിയിലും റബ്ബർ, കാപ്പി എന്നിവ വെച്ചുപിടിപ്പിച്ച് ആദിവാസികർക്ക് കൈമാറുകയും വേണം. റബ്ബർ കാപ്പി കൃഷികളിൽ ആദിവാസികളിൽ വിദഗ്ദ പരിശീലനം നൽകുക. സംഘത്തിൻെറ മേൽനോട്ടത്തിൽ ഭൂമി കൊണ്ടുവരണം.

## പാർപ്പിട പ്രശ്നം

അംഗങ്ങൾളുടെ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിനുള്ള ഫണ്ട് സംഘത്തെ ഏൽപ്പിക്കുകയും യഥാസമയം ഫണ്ട് വിട്ടുകൊടുക്കുകയും വേണം.
വനവിഭവങ്ങൾ ശേഖരിക്കുന്നതിന് സംഘത്തിന് യാതൊരു മുൻ ഉപാധിയും കൂടാതെ പെർമിറ്റ് കൊടുക്കുക.

## ഭവനനിർമ്മാണ സഹകരണസംഘം

വിയ്യകുർശ്ശി ആസ്ഥാനമായി പ്രവർത്തിക്കുന്ന വിയ്യകുറുശ്ശിഭവനനിർമ്മാണ സഹകരണ സംഘത്തിൻെറ പ്രവർത്തനമേഖല താഴെ പറയുന്നഗ്രാമ പഞ്ചായത്തുകളാണ്.

1. കാഞ്ഞിരപ്പുഴ 2. തച്ചംപാറ 3 കാരാകുർശ്ശി 4. കരിമ്പ

ഇപ്പോൾ സംഘത്തിൻെറ പ്രവർത്തനം മന്ദഗതിയിലാണ്. വീട് ആവശ്യക്കാരെ അംഗങ്ങളാക്കി ചേർക്കുകയോ വായ്പ അനുവദിക്കുകയോ ചെയ്യുന്നത് പരിമിതമാണ് 5.00.000 രൂപയാണ് ഇപ്പോൾ പരമാവധി ഒരംഗത്തിന് കൊടുത്തിരിക്കുന്നത്.

### 1. വായ്പയിൽ സബ്സിഡിഅനുവദിക്കണം

ദുർബലവഭാഗങ്ങൾക്ക് ഭവനനിർമ്മാണത്തിന് മൂന്നിലൊന്ന് സബ്സിഡി അനുവദിക്കുക. പലിശ 5% മായി പരിമിതപ്പെടുത്തുക ഇതിനാവിശ്യമായ ഗ്രാൻറ് 9ാം പദ്ധതിയിൽ ഉൾപ്പെടുത്തുക.

### 2. ഇടത്തരക്കാരെഉൾക്കൊള്ളണം

ഇടത്തരക്കാരുടെ നിലവിലുള്ള വീട് റിപ്പേർചെയ്യുന്നതിനും പുതിയ വീട് വെക്കുന്നതിനും ലഘൂകരിച്ച പലിശപ്രകാരം തവണവ്യവ്സഥയിൽ വായ്പകൊടുക്കണം 50,000 രൂപമുതൽ 2 ലക്ഷം രൂപവരെയുള്ള വീടുകളുടെ മാതൃകാപ്ലാനും എസ്റ്റമേറ്റും സംഘം തയ്യാറാക്കിവെക്കണം.

## കാഞ്ഞിരപ്പുഴ വനിതാ സഹകരണ സംഘം

ഈ അടുത്തകാലത്ത് രജിസ്റ്റർചെയ്ത ഈ സംഘം ഇപ്പോൾ പ്രവർത്തന രഹിതമാണ്. സംഘത്തിന് ഗവൺമെൻെറ കൊടുത്ത ഗ്രാൻറും ലോണും, പിരിച്ചെടുത്ത് സംഘം ലിക്വഡേറ്റ് ചെയ്യുകയോ പുനരുജീവിപ്പിക്കുകയോ വേണം.

## കാഞ്ഞിരപ്പുഴ സഹകരണകൺസ്യൂമർസ്റ്റോർ

കാഞ്ഞിരപ്പുഴയിൽ ആദ്യമുണ്ടായിരുന്ന കൺസ്യൂമർ സ്റ്റോർ ലിക്വഡേറ്റ് ചെയ്തു. പുതിയ കൺസ്യൂമർ സ്റ്റോർ ഒരു കൊല്ലംമുമ്പാണ് രജിസ്റ്റർ ചെയ്തത്. പ്രവർത്തനരഹിതമായ ഈ സംഘവും ഉടനടി ലിക്വഡേറ്റ് ചെയ്യണം.

## പൊറ്റശ്ശേരി ഹൈസ്ക്കൂൾ കൺസ്യൂമർസ്റ്റോർ

1. കാര്യമായ പ്രവർത്തനത്തിന് ഒരു ഫൂൾടൈം മാനേജരെ നിയമിക്കണം. അടുത്ത അഞ്ചു കൊല്ലത്തേക്ക് മാനേജർക്കുള്ള ശമ്പളം പദ്ധതിയിൽ ഉൾപ്പെടുത്തണം.

2. സ്കൂൾ പുസ്തകം, നോട്ടുബുക്ക്, സ്റ്റേഷനറി എന്നിവക്ക് പുറമേ കുട്ടികൾക്കും അദ്ധ്യാപകർക്കും അവരുടെ കുടുംബങ്ങൾക്കും ആവശ്യമായ എല്ലാസാധനങ്ങളും സ്റ്റോക്ക് ചെയ്ത് മിതമായ നിരക്കിൽ വിൽപ്പനനടത്തുക.
3. കുട്ടികൾക്കും സ്റ്റാഫിനും സഹകരണവിദ്യാഭ്യാസം നൽകുക.
4. പ്രവർത്തനഫണ്ട് ഓഹരിനിക്ഷേപമായി ഡിപ്പാർട്ടുമെൻറ് അനുവദിക്കണം

## ഇരുമ്പകച്ചോല കൺസ്യൂമർസ്റ്റോർ

ഗതാഗതസൗകര്യമില്ലാതിരുന്നകാലത്ത് രൂപികരിച്ച ഈ സംഘം ഇപ്പോൾ ലികിഡേഷനിലാണ്.

## ചിറക്കൽപടി ഗ്രാമവ്യവസായ സംഘം.

പ്രവർത്തനരഹിതമായ ഈ സംഘത്തെ പുനരുജ്ജീവിപ്പിച്ച് പ്രവർത്തനം ശക്തി പെടുത്തേണ്ടതാണ്.

പുതിയ വ്യവസായങ്ങൾ നടത്തുക പഞ്ചായത്തിന് സുലഭമായ തേങ്ങ സംഭരിച്ച് കോപ്പര ആട്ടി എണ്ണ വിൽപ്പന നടത്തുക. അത്യധുനിക യന്ത്രം ഉപയോഗിക്കുക. പിണ്ണാക്ക് ഉപയോഗിച്ച് മിശ്രിത കാലിത്തീറ്റ യുണിറ്റ് ആരംഭിക്കണം.

**2. അടക്കാസംഭരണവും സംസ്കരണവും**

ഇളം അടയ്ക്ക ഉപയോഗിച്ച് കളിയടക്കയും മറ്റും നിർമ്മിക്കുകയും, മൂത്തഅടക്ക ഉപയോഗിച്ച് സുഗന്ധവസ്തുക്കൾ ഉണ്ടാക്കുകയുമാവാം.

**3. റബ്ബർ സംസ്കരണം**

റബ്ബർപാൽ, ഒട്ടുപാൽ എന്നിവ സംഭരിച്ച് യോജിച്ച ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നതിനാവശ്യാമായ പദ്ധതികൾ ആവിഷ്കരിക്കുക.

## ക്ഷീരസഹകരണസംഘങ്ങൾ

പഞ്ചായത്തിൽ ഇപ്പോൾ 3 ക്ഷീരസഹകരണസംഘങ്ങൾ ഉണ്ട്. ഇരുമ്പകചോല, പൊറ്റശ്ശേരി, വിയ്യകുറുശ്ശി. ക്ഷീരവികസനവകുപ്പിൻെറ നിയന്ത്രണത്തിലുള്ള ഈ സംഘങ്ങളെ ആനന്ദ് മോഡലാക്കി പ്രവർത്തനം വിപുലീകരിക്കാൻ ശ്രമിച്ചത് ഒരു പരാജയമായിരുന്നു.

പാൽ സംഭരിച്ച് വിപണനം നടത്തി മിച്ചം വരുന്ന പാൽ തൈരാക്കിമാറ്റി വെണ്ണയെടുത്ത് വിപണനം നടത്തുകയും ചെയ്യണം.

ഒരു കേന്ദ്രീകൃതസംഘം പഞ്ചായത്തിൽ രൂപികരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. പാൽ സംഭരിക്കുന്നതിനും, സൂക്ഷിക്കുന്നതിനും മറ്റും ആധുനിക സംവിധാനം വേണം.

## പുതിയസംഘങ്ങൾക്കുള്ള നിർദ്ദേശം.

1. കൺസ്യൂമർ സ്റ്റോർ. ജനപങ്കാളിത്തത്തോടെ സംഘം രൂപീകരിച്ച് ആവശ്യസാധനങ്ങൾ ഉത്പാദനകേന്ദ്രത്തിൽനിന്ന് സംഭരിച്ച് വിപണനം നടത്തുക.
2. വിൽപനനികുതിയിൽ നിന്നും സംഭരണനികുതിയിൽനിന്നും സംഘത്തെഅടുത്ത 5 വർഷത്തേക്ക് ഒഴിവാക്കുക.
3. ഉദ്ദോഗസ്ഥർക്കും, തൊഴിലാളികൾക്കും, കർഷകർക്കും യുക്തം പോലെ സാധനം കടമായികൊടുക്കുക.

4. അടിസ്ഥാനസൗകര്യങ്ങൾ ഗ്രാൻറ്റ് മുഖേന ഏർപ്പെടുത്തികൊടുക്കുക.
5. പരമ്പരാഗത തൊഴിൽ മേഖലയിൽ പണിയെടുക്കുന്നവരെ സംഘടിപ്പിച്ച് സഹകരണസംഘം രൂപീകരിച്ച് തൊഴിൽ ഉറപ്പുവരുത്തുക.
6. തൊഴിലില്ലാത്ത ചെറുപ്പാക്കാരെ ഉൾപ്പെടുത്തി ഒരോ പ്രദേശത്തും ഒരോ യുണിറ്റുകളായി പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകുന്നവിധം സംഘം രൂപീകരിക്കുക.
7, ചിറക്കൽപ്പടിയിൽ സഹകരണബാങ്കിൻെറ ഒരു ശാഖ തുറക്കുക.

## വനിതാവ്യവസായസഹകരണം സംഘം

ചിറക്കൽപടി വ്യപസായ സഹകരണസംഘംത്തിൽ വനിതകളുടെ ഒരു പ്രത്യേക വിങ്ങ് രൂപീകരിച്ച് അംഗങ്ങൾക്ക് യുക്തമായ പരിശീലനം നൽകുക. അവരെ നിർമ്മാണ പ്രവർത്തനങ്ങളിൽ അധിവസിപ്പിക്കുകയും ചെയ്യാം.

# 3 ഭൂപ്രകൃതിയും വിഭവങ്ങളും

എതൊരു പ്രദേശത്തിന്റേയും വികസന സാദ്ധ്യതകൾ വിലയിരുത്തുമ്പോൾ അവിടുത്തെ ഭൂപ്രകൃതിയും കാലാവസ്ഥയും ലഭ്യമാകാവുന്ന വിഭവങ്ങളും മണ്ണിന്റെ തരവും ജലലഭ്യതയും മറ്റും വിശദമായി വിശകലനം ചെയ്യേണ്ടതുണ്ട്. ഈ പഞ്ചായത്തിലെ ഭൂപ്രകൃതിയും കാലാവസ്ഥയും മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽനിന്ന് വിഭിന്നമാണ്.

കിഴക്ക് സഹ്യപർവ്വതം മുതൽ പടിഞ്ഞാറ് നെല്ലിപ്പുഴവരെയും വടക്ക് പാമ്പൻതോട് മലയും, തെങ്കരവില്ലേജും മുതൽ തെക്ക് കാഞ്ഞിരപ്പുഴവരെയും വ്യാപിച്ച് കിഴക്കുപടിഞ്ഞാറായി കിടക്കുന്ന ഭൂപ്രദേശമാണ് കാഞ്ഞിരപ്പുഴ പഞ്ചായത്ത്. കൂനൽ മലയും മങ്കടമലയും നൊട്ടമലയും കെണ്ടക്കാമലയും കല്ലമലയും പഞ്ചായത്തിനകത്ത് സ്ഥിതിചെയ്യുന്നു. കൂടാതെ രായം തുരുത്തി കുന്ന് മുണ്ടക്കുന്ന് അക്കിയം പാടം കുന്ന് ഈയംമ്പലം കുന്ന് തോടുവഴിക്കുന്ന് ചെമ്പ്രംകുന്ന് മുതലായ കുന്നിൻ പ്രദേശങ്ങളും പഞ്ചായത്തിനകത്താണ്. അക്കാരണത്താൽ തീരസമതലവും ചെറിയ ചെരുവും കുന്നിൻമണ്ടയും കുത്തനെ ചരിവും താഴ്വരയും ഉയർന്നപീഠഭൂമിയും എല്ലാം ഒത്തിണങ്ങിയ പ്രദേശമാണ് കാഞ്ഞിരപ്പുഴ കിഴക്കുനിന്ന് പടഞ്ഞാറ് ഒഴുകുന്നപൂഞ്ചോലപുഴയും വടക്കുനിന്ന് തെക്കോട്ട് ഒഴുകി പൂഞ്ചോലപ്പുഴയിൽ ചേരുന്ന പാമ്പൻതോടുപുഴയും പഞ്ചായത്തിന്റെ വടക്കെ അറ്റത്തുള്ള 5 വാർഡിലൂടെയും ഇരുമ്പകച്ചോലയിൽ വടക്കുനിന്ന് തെക്കോട്ടും ഇഞ്ചിക്കുന്ന് ഭാഗത്തുനിന്ന് കിഴക്കുനിന്ന് പടിഞ്ഞാറോട്ടും ഒഴുകിയെത്തുന്ന നിരവധി കാട്ടാറുകളേയും വഹിച്ചുകെണ്ട് കിഴക്കുനിന്ന് പടിഞ്ഞാറോട്ട് ഒഴുകുന്നതും പഞ്ചായത്തിന്റെ തെക്കെ അതിരായി കിടക്കുന്നതുമായ കാഞ്ഞിരപ്പുഴയും ഈ പഞ്ചായത്തിലാണ് വൻകിടജലസേചന പദ്ധതികളിലൊന്നായ കാഞ്ഞിരപ്പുഴ അണക്കെട്ട് ഈനദിയിലാണ് അണക്കെട്ടിന്റെ ജലസംഭരണ തടാകവും പഞ്ചായത്തിലുൾപ്പെടുന്നു. എല്ലാമലകളുടെയും കുന്നിൻ പ്രദോശങ്ങളുടെയും ഇടയ്ക്കുള്ള സമതലങ്ങൾ മിക്കവയും വയലുകളാണ്.

മലമ്പ്രദേശങ്ങളിൽ പശിമരാശി മണ്ണും കുന്നിൻ പ്രദേശങ്ങളിൽ ചരൽ കലർന്ന മേൽമണ്ണും, വെട്ടുപാറയും സമതലങ്ങളിൽ മണൽ കലർന്ന എക്കലും , അണക്കെട്ടിന്റെ പരിസരപ്രദേശങ്ങളിൽ ഇരുമ്പകചോലഭാഗത്ത് പലേടത്തും കളിമണ്ണും കണ്ടുവരുന്നു. നരിയം കോടിന്റെയും പാലാമ്പട്ടയുടെയും ഇടയ്ക്കുള്ള ഭാഗങ്ങളിൽ മേൽമണ്ണിനുതാഴെ വെള്ളനിറമുള്ള ചെകിടിമണ്ണ് ദൃശ്യമാണ് ഇത് ചീനക്കളിമണ്ണിന്റെ ആദ്യദശയാണെന്ന് ഭൂഗർഭശാസ്ത്രജ്ഞർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

മലമ്പ്രദേശങ്ങളിലെ മണ്ണിളക്കലും വനങ്ങളുടെ അഭാവവും മൂലം മലഞ്ചെരുവുകളിൽ വൻതോതിൽ മണ്ണൊലിപ്പുണ്ടാവുകയും പലേടത്തും മേൽമണ്ണ് നീങ്ങി പാറ പ്രത്യക്ഷപ്പെടുകയും ചെയ്തിട്ടുണ്ട്. ഇരുമ്പകച്ചോലയിലെ കൊരണകുന്നിലെ ഭാഗത്തെ 1989 ൽ ശക്തമായ ഉരുൾപൊട്ടൽ ഉണ്ടായതിനെ തുടർന്ന് ജിവഹാനി സംഭവിക്കുകയും എതാനും വീടുകളും കൃഷിയിടങ്ങളും നശിച്ചുപോവുകയും ചെയ്തിട്ടുണ്ട് മങ്കട മലയുടെ തെക്കെ ചെരുവിൽ കാഞ്ഞിരത്തിനടുത്തായി ഉദ്ദേശം ഒരു കിലോമീറ്റർ നീളത്തിൽ കിഴക്കുപടിഞ്ഞാറായി

ഒരു വിള്ളൽ കാണപ്പെടുന്നുണ്ട് ഒരു മലയിടിച്ചിൽ ഭിഷണി അവിടെ നിലനിൽക്കുന്നു.

മലമ്പ്രദേശങ്ങൾ മിക്കവയും അൺ സർവേ ഭൂമിയാണ്. മുകൾ ഭാഗങ്ങൾ റിസർവ്വ് വനവും വനഭൂമിയുമാണ്. ചെരുവുസ്ഥലങ്ങളും, കുന്നിൻപുറവും, സമതല പ്രദേശങ്ങളും വിവിധയിനം കൃഷിഭൂമികളാണ്. കുന്നിൻ പുറങ്ങളും ഉയർന്ന പ്രദേശങ്ങളും ഭൂരിഭാഗവും ആൾപാർപ്പുള്ളവയാണ് അരിപ്പാനാഴി, മുണ്ടകുന്ന് കുമ്പളം ചോല, കല്ലം കുളം അക്കിയം പാടം, തോടുകഴി, നരിയാങ്ങോട് എന്നീ സ്ഥലങ്ങൾ പഞ്ചായത്തിൽ എറ്റവും കൂടതൽ ജനങ്ങൾ തിങ്ങിപാർക്കുന്ന പ്രദേശങ്ങളാണ്.

## കാലാവസ്ഥ

കാലം തെറ്റിയാണെങ്കിലും ഇടവപാതിയും തുലാവർഷവും ഇവിടെ സുലഭമായി ലഭിക്കാറുണ്ട് ഭുപ്രകൃതി വ്യത്യാസം കൊണ്ടാവാം പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ഒറ്റപ്പെട്ട മഴയും ലഭിക്കുകപതിവാണ്. ഡിസംബർ ജനുവരി മാസങ്ങളിൽ കിഴക്കുനിന്ന് പടിഞ്ഞാറോട്ട് ശക്തമായ കാറ്റടിക്കുന്നത് പഞ്ചായത്തിൻെറ എടുത്തുപറയേണ്ടകാലാവസ്ഥാ വ്യതിയാനമാണ്.

മെയ് മാസം മുതൽ സെപ്റ്റബർ കൂടിയുള്ള കാലങ്ങളിൽ കാലവർഷവും ഒക്ടോബർ, നവംബർ മാസങ്ങളിൽ തുലാവർഷവും ഇവിടെ സുലഭമാണ്. എറ്റവും കൂടുതൽ ലഭിക്കുന്നത് കാലവർഷമാണ് അതിൻെറ തുടർച്ചയായിതന്നെ ഇടവേളയില്ലാതെ തുലാംവർഷം ലഭിച്ചുവരുന്നു. എപ്രിൽ മദ്ധ്യത്തോടുകൂടി ഒറ്റപ്പെട്ടകനത്തമഴയും കാറ്റും ഇടിമിന്നലും ഉണ്ടാവുക പതിവാണ്. പഞ്ചായത്തിൻെറ കിഴക്കൻ ഭാഗങ്ങളിൽ ഇടിമിന്നൽ ശക്തമായി അനുഭവപ്പെടുകയും നാശനഷ്ടങ്ങൾ ഉണ്ടാവുകയും പതിവാണ്. ഡിസംബർ, ജനുവരി മാസങ്ങൾ തണുപ്പുകാലമാണെങ്കിലും അക്കാലത്ത് ശക്തമായ കാറ്റടിക്കുന്നതുകെണ്ട് വരണ്ട കാലാവസ്ഥ അനുഭവപ്പെടുന്നു. ഫെബ്രുവരി, മാർച്ച്, എപ്രിൽ, മാസങ്ങളിൽ കഠിനമായ ചൂട് അനുഭവപ്പെടാറുണ്ട്. അത് ചിലപ്പോൾ **40°c** ആയി ഉയരാറുണ്ട്.

## ജലലഭ്യത

കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ കഴിഞ്ഞ 5 വർഷത്തെ ശരാശരി മഴ 3200 മി മി ആണ്. വേനൽക്കാലത്ത് വരൾച്ചയും വർഷക്കാലങ്ങളിൽ വെള്ളപ്പൊക്കവും അനുഭവപ്പെടുന്നു. കുത്തനെ ചെരുവും ചെറിയ ചെരിവും കൂടുതലുള്ള പ്രദേശമായതുകൊണ്ട്. പെയ്യുന്ന മഴവെള്ളം മുഴുവനും നദിയിലേക്ക് തടസ്സം കൂടാതെ ഒഴുകിപ്പോവുകയാണ്. വനപ്രദേശങ്ങളിൽ പെയ്യുന്ന മഴവെള്ളത്തെ സ്പോഞ്ചിലെന്നുപോലെ ശേഖരിച്ച് മണ്ണിന്നടിയിലേക്ക് ഇറങ്ങാൻ സഹായിക്കുകയും അവ നീരുറവകളായി വിവിധ പ്രദേശങ്ങളിൽ പ്രത്യക്ഷപ്പെടുകയും ചെയ്തിരുന്ന പഴയ നിലമാറിയിട്ടുണ്ട്. നീരുറവകൾ മിക്കവയും വേനൽകകാലങ്ങളിൽ വരണ്ടുപോകുന്നുവയാണ്. എന്നാൽ അടുത്ത എതാനും വർഷങ്ങളായി നടന്നുവരുന്ന വനസംരക്ഷണത്തിൻെറഫലമായി വരും വർഷങ്ങളിൽ പഴയ നിലയിലേക്ക് എത്തിക്കൂടായ്കയില്ല. മകീരം ഞാറ്റുവേലയിൽ മതിമറന്നും തിരുവാതിരയിൽ തിരിമുറിയാതെയും പുണർത്തത്തിൽ പുഴ തോണി വിലങ്ങാത്ത വിധവും പെയ്തിരുന്ന മഴ ഇപ്പോൾ കാലം തെറ്റിയാണ് ഈ പ്രദേശങ്ങളിൽ പെയ്യാറുള്ളത് അതു

കൊണ്ടുതന്നെ മിക്ക നീരുറവകളും പെട്ടന്ന് അപ്രത്യക്ഷമാവുന്ന സ്ഥിതിയാണ്. കുംഭമാസത്തിലെ കാറ്റിനെ ആശ്രയിച്ച് ഓരോഞാറ്റുവേലയിലും മഴക്കുള്ള സാദ്ധ്യതകൾ കാരണവർമാർ കണക്കാക്കിയിരുന്നു. അതിൽ പല മാറ്റങ്ങളും സംഭവിച്ചു കഴിഞ്ഞിട്ടുണ്ട്.

കാഞ്ഞിരപ്പുഴ അണകെട്ടിൽ ജലസംഭരണം ആരംഭിച്ചതുമുതൽ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ തോടുകൾ വേനൽക്കാലത്തും ജലവാഹിനികളാകാറുണ്ട്. കാഞ്ഞിരപ്പുഴയുടെ വലതു കനാലിലൂടെ എക്കാലത്തും അണക്കെട്ടിലെ ജലനിരപ്പ് താഴുന്നതുവരെ ഷട്ടർ അടച്ചാലും തുറന്നാലും വെള്ളം ഒഴുകി., പാഴായി പോകുന്ന അവസ്ഥ നിലവിലുണ്ട് മനുഷ്യനിർമ്മിതമായ ഷട്ടർ ആണ് അതിനുത്തരവാദി എന്ന് പറഞ്ഞുകേൾക്കുന്നു. അതിനെ ഒന്ന് നിലക്കു നിർത്താൻ കഴിവുള്ളവരെ കണ്ടെത്തി ജലദുരുപയോഗം അവസാനിപ്പിക്കണമെന്നത്. ഈ പ്രദേശത്തെ മാത്രമല്ല പല വിദൂര ഗ്രാമങ്ങളിലേയും ജനങ്ങളുടെ ആഗ്രഹമാണെന്ന് ഇവിടെ പറയാതിരിക്കാൻ നിർവ്വാഹമില്ല. പുഴയിലോക്കുള്ള പ്രധാനഷട്ടറിനും അതേ രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ടെന്ന് അറിയുന്ന ഷട്ടറുകളെന്ന വില്ലന്മാർ കാണിക്കുന്ന വിക്രിയമൂലം അണക്കെട്ടുകൊണ്ടുള്ള പ്രയോജനം പൂർണ്ണമായും ഉപയോഗപ്പെടുത്തുവാൻ കഴിയാത്ത ഒരവസ്ഥ സംജാതമായിക്കൂടാ.

ഈ പ്രദേശങ്ങളിലെ പ്രധാനജലസ്രോതസുകൾ കിണറുകളാണ്. എന്നാൽ പഞ്ചായത്തിലെ മിക്കകുന്നിൻപ്രദോശങ്ങളിലും 16 മീറ്ററിലധികം താഴ്ത്തിയാൽ മാത്രമേ കിണറുകളിൽ ജലം ലഭിക്കുന്നുള്ളു. അവയും വേനൽക്കാലങ്ങളിൽ സുലഭമായി ജലം ലഭിക്കുന്നവയല്ല' കിണർ കുഴിച്ചാൽ വെള്ളം കിട്ടാത്ത പ്രദേശമാണ് പഞ്ചായത്തിലെ ചേലേങ്കര. അപ്രകാരം തന്നെ അക്കിയ് പാടം കല്ലമല എന്നിവയും ജലം ലഭ്യതകുറഞ്ഞപ്രദേശങ്ങളാണ്. അപൂർവ്വം ചില സ്ഥലങ്ങളിൽ നദികളെയും ആശ്രയിക്കുന്നവരുണ്ട്. കൂടാതെ ഭൂഗർഭജലസ്രോതസ്സും ഈ പ്രദേശങ്ങളിൽ ലഭ്യമാണെന്ന് പഞ്ചായത്തിനകത്തുള്ള എതാനും കുഴൽകിണറുകൾ സൂചിപ്പിക്കുന്നു. മലപ്രദേശങ്ങളിലേ വറ്റാത്ത നീരുറവകളിൽനിന്നും കുടിവെള്ളം വിതരണം നടത്താനായി ഇരുമ്പകചോലയിലെ വാരപ്പാറയിൽ ഡാനിഡ രാജീവ് ഗാന്ധി ശുദ്ധജലവിതരണപദ്ധതി പ്രവൃത്തിച്ചുവരുന്നുണ്ട്. അതിൻെറ മേൽനോട്ടത്തിനായി അറ്റകുറ്റപണികൾക്കും വേണ്ടത്ര ശ്രദ്ധപതിപ്പിച്ചു കാണുന്നില്ല. അതിൻെറ നടത്തിപ്പ് ഒരു ജനകീയകമ്മിറ്റിയിൽ നിക്ഷിപ്തമാണ്.

ഈ പഞ്ചായത്തിലെ ജലാശ്രയങ്ങളിൽ വിവിധയിനം മത്സ്യങ്ങൾ സുലഭമായി ലഭിച്ചിരുന്നു. എന്നാൽ ഇപ്പോൾ പുഴകളിലേയും, കുളങ്ങളിലേയും വരാല് അല്ലെങ്കിൽ കണ്ണൻ മൊയ്യ് (മുഷി) എന്നി മത്സ്യങ്ങൾ ദേഹം മുഴുവൻ അഴുകിദ്രവിക്കുന്ന. ഒരു പകർച്ചവ്യാധി പിടിപ്പെട്ട് നിശ്ശേഷം നശിച്ചുപോയി കഴിഞ്ഞു അണക്കെട്ടിൻെറ ജലസംഭരണിയിൽ പുതിയഇനം കട്ല, മൃഗാൽ, തുടങ്ങിയ മത്സ്യങ്ങളെ വളർത്തിവരുന്നുണ്ട്.

## മണ്ണ്

വിവിധയിനം മൺതരങ്ങൾ പഞ്ചായത്തിൽ കണ്ടുവരന്നു. കുന്നിൽ പ്രദേശങ്ങളിലും പീഠഭൂമികളിലും രണ്ടുമുതൽ നാലടിവരെ താഴ്ചയിൽ മേൽമണ്ണും അതിന് താഴെ വെട്ടുപാറയുമാണ്. മലപ്രദേശങ്ങളിൽ ഉരുളൻ കല്ലുകൾ കലർന്ന പശിമരാശി മണ്ണാണ് മിക്ക സ്ഥലത്തും കാണപ്പെടുന്നത് സമതലങ്ങൾ മിക്കവയും വയലുകളാണ്.

ാവിടെ മണൽ കലർന്ന എക്കൽമണ്ണാണ്. അണക്കെട്ടിൻെറ ജലസംഭരണിയുടെ ാമീപങ്ങളിൽ പലേടത്തും കളിമണ്ണ് സുലഭമായി കാണുന്നു. പാലാംപട്ടയ്ക്കും, ിയംകോടിനുമിടയ്ക്കുള്ള ചിലസ്ഥലങ്ങളിൽ ഭൂനിരപ്പിൽനിന്ന്, 8 10 അടി ാഴ്ത്തിയാൽ ഒരുതരം ചെകിടിമണ്ണ് കാണപ്പെടുന്നുണ്ട്. ചീനകളിമണ്ണിൻെറ ാദ്യദശയാണതെന്ന് ഭൂഗർഭശാസ്ത്രജ്ഞൻമാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

## വിനിയോഗം

പഞ്ചായത്തിലെ റിസർവ്വ് വനപ്രദേശങ്ങൾ, തോടുകൾ, പുഴകൾ, ഞ്ചായത്തുമൈതാനം, ശ്മശാനങ്ങൾ എന്നിവയോഴികെയുള്ള എല്ലാ ഭൂവിഭാഗങ്ങളു ഷിയോഗ്യമാക്കിയിട്ടുണ്ട്. തരിശുഭൂമികൾ വളരെ കുറവാണ്. 11ാം വാർഡിലെ ക്കളൂരിൽ വിതരണം ചെയ്യാത്ത കുറെ മിച്ചഭൂമി തരിശായി കിടക്കുന്നുണ്ട്. വിടത്തെ പ്രാധാനകൃഷികൾ റബ്ബർ, തെങ്ങ്, നെല്ല്, വാഴ, കവുങ്ങ്, കുരുമുളക് ഇഞ്ചി, മഞ്ഞൾ, മരച്ചീനി, മുതലായവയാണ്. നെൽ പാടങ്ങൾ ഭൂരിഭാഗവും ന്ന് വിളയിറക്കാൻ പര്യാപ്തമാണ്.

## ജൈവസമ്പത്ത്

മലപ്രദേശങ്ങളിലൊഴിച്ച് മറ്റെല്ലാം സ്ഥലങ്ങളിലും കാർഷികവിളസസ്യങ്ങളും, ങ്ങളുമാണ്. പശു, ആട് എരുമ, മുയൽ, നായ, പൂച്ച, തുടങ്ങിയ ർത്തുമൃഗങ്ങളും കോഴി, താറാവ് തുടങ്ങിയ പക്ഷികളും സമീപവനങ്ങളിൽ ലിയുംകാട്ടുപന്നിയും സുലഭമായുണ്ട്. അപൂർവ്വസസ്യങ്ങളോ, പക്ഷി തുജാലങ്ങളോ, ഇവിടെയില്ല. ചിലകാലങ്ങളിൽ അപൂർവ്വം ദേശാടനപക്ഷികൾ ിവിടെയും പ്രത്യക്ഷപ്പെടാറുണ്ട്. മിക്ക വീടുകളിലും സങ്കരയിനം പശുക്കളെയാണ് ർത്തി വരുന്നത്. ഒട്ടും മോശമല്ലാത്ത മൃഗസമ്പത്ത് ഈ പഞ്ചയത്തിലുണ്ട്.

വ്യാവസായിക പ്രാധാന്യമുള്ള റബ്ബറും തെങ്ങും സുലഭമായി ഇവിടെ ഷിചെയ്യുന്നുണ്ടെങ്കിലും അത്തരം ഉല്പന്നങ്ങളെ വ്യാവസായികമായി നിയോഗിക്കാറില്ല. തെങ്ങിൽ നിന്നു ലഭിക്കുന്ന തേങ്ങ ഒഴികെയുള്ള പാല്പന്നങ്ങളെല്ലാം പാഴായി പോകുന്ന അവസ്ഥയാണുള്ളത്.

## ുഷ്യവിഭവം

ഒരു കുടിയേറ്റ മേഖലയായ കാഞ്ഞിരപ്പുഴയിലെ ജനസംഖ്യ 26492 ആണ്. രിൽ 75% ഉം വിവിധ തൊഴിൽ എടുത്ത് ഉപജീവനം കഴിക്കുന്ന തൊഴിലാളികളും ാക്കി ഇടത്തരക്കാരുമാണ്. ഇവിടത്തെ ജനസംഖ്യാ വർദ്ധനവിൻെറ തോത് ല്ലാശരാശരിയെക്കാൾ കൂടുതലാണ്. ഈ പഞ്ചായത്ത് വിദ്യാഭ്യാസപരമായി ന്നാക്കം നിൽക്കുന്ന പ്രദേശമാണ്. വലിയോരു ശതമാനം നിരക്ഷരരെ സാക്ഷര ക്കാൻ സാക്ഷരതാ പ്രവർത്തനത്തിലൂടെ സാധിച്ചിട്ടുണ്ടെങ്കലും ർസാക്ഷരതാപ്രവർത്തനം നടക്കുകയുണ്ടായില്ല. ഭൂരിഭാഗവും പിന്നോക്കവിഭാഗ ിലും പട്ടികജാതി പട്ടികവർഗ്ഗത്തിലും പെട്ടവരാണ് ഇവിടെയുള്ളത് 75%ത്തിലധികം ും തൊഴിലാളികളാണെന്ന് മുമ്പ് സൂചിപ്പിക്കുയുണ്ടായല്ലൊ അതും വിദ്യാഭ്യാസ ന്നാക്കാവസ്ഥയ്ക്ക് കാരണമാണ്. 12% പേർ കേവലസാക്ഷരത കൈവരിച്ചിട്ടുണ്ട്. ുത്തകാലത്തായി കോളേജ് വിദ്യാഭ്യാസം ലഭിച്ച കുറെ പേർ പഞ്ചായത്തിലു ായിട്ടുണ്ട്. തൊഴിലാളികൾ ഭൂരിഭാഗവും സ്ഥിരം തൊഴിലില്ലാത്തവരാണ്

കർഷകതൊഴിലാളികളിൽ പലരും ആരംഗത്തുനിന്ന് വിട്ട് മാറി കെട്ടിടം പണിയിലേക്കും മാറ്റും മാറി പോകുന്ന ഒരവസ്ഥ സംജാതമായിരിക്കുന്നു.

പരമ്പരാഗത തൊഴിലുകളായ മൺപാത്രനിർമ്മാണം വട്ടി, കെട്ട, പരമ്പ്, എന്നിവയുടെ നിർമ്മാണം പപ്പടം തഴപ്പായ നെയ്ത്ത്, തുടങ്ങിയവയിലും മരപ്പണി, ഇരുമ്പ്പണി, സ്വർണ്ണപണി, എന്നിവയിലും വ്യാപൃതരായ 70 ഓളം കുടുംബങ്ങൾ പഞ്ചായത്തിലുണ്ട് കൂടാതെ കർഷകർ, കർഷകതെഴിലാളികൾ, ടാപ്പിങ്ങ് തൊഴിലാളികൾ, കെട്ടിടനിർമ്മാണതൊഴിലാളികൾ ചുമട്ടുതൊഴിലാളികൾ വീടുകളിൽ ചെന്ന് വിവിധസാധനങ്ങൾ വാങ്ങുകയും വില്ക്കുകയും ചെയ്യുന്ന പലതരം ചെറുകിടകച്ചവടക്കാർ എന്നിങ്ങനെ വിവിധ മേഖലകളിൽ തൊഴിലെടുക്കുന്ന നിരവധിപേരും ഒരു തൊഴിലുമില്ലാത്ത അനേകം പേരും ഇവിടെയുണ്ട്. ശരിയായ മാർഗ്ഗ നിർദ്ദേശവും തൊഴിൽ സാദ്ധ്യതകളും ഒരുക്കികൊടുത്താൽ ഈ മലയോര ഗ്രാമത്തിൻെറ മുഖഛായമാറ്റാൻ കെല്പുള്ള ഒരു വലിയ മനുഷ്യവിഭവസമ്പത്ത് പഞ്ചായത്തിൻെറ മുതൽക്കൂട്ടാണ്.

'കേരളത്തിൻെറ വിയർപ്പുമാറ്റി
ച്ചേരട്ടെ വർണ്ണശബളതകൾ
കൂറും പൊരുത്തവുമൊന്നനമ്മൾ
തുള്ളിക്കളിച്ചിട്ടേനടന്നുകൂടൂ.

146

പിറന്ന നാടിൻെറ
മക്കളാവുക

ജനിച്ച മണ്ണിൻെറ
ഉപ്പാവുക



ഒമ്പതാം പദ്ധതി നമ്മുടെ പദ്ധതി ഒമ്പതാം പദ്ധതി നമ്മുടെ പദ്ധതി

ഒമ്പതാം പദ്ധതി നമ്മുടെ പദ്ധതി ഒമ്പതാം പദ്ധതി നമ്മുടെ പദ്ധതി
ഒമ്പതാം പദ്ധതി നമ്മുടെ പദ്ധതി ഒമ്പതാം പദ്ധതി നമ്മുടെ പദ്ധതി